

# വികസനരേഖ '96

## മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത്

# മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത്



# ഉള്ളടക്കം


| | |
|---|---|
| ആശംസകൾ | 9 |
| ആമുഖം | 11 |
| പഞ്ചായത്ത് പൊതു വിവരണം | 12 |
| സാമൂഹിക സാംസ്കാരിക ചരിത്രം | 15 |
| ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി | 18 |
| കൃഷിയും ജലസേചനവും | 20 |
| മൃഗസംരക്ഷണവും മത്സ്യബന്ധനവും | 26 |
| വ്യവസായം | 31 |
| വിദ്യാഭ്യാസം | 34 |
| കുടിവെള്ളവും പൊതുജനാരോഗ്യവും | 40 |
| ഗതാഗതം ഊർജ്ജം മാർക്കറ്റ് | 46 |
| പാർപ്പിടവും സാമൂഹ്യ ക്ഷേമവും | 55 |
| സംസ്കാരം | 61 |
| വനിത | 64 |
| സഹകരണം | 68 |
| പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 72 |
| വിഭവസമാഹരണം | 76 |
| ആൽബം | 79 |
| വിശ്വസ്തതയോടെ | 82 |



| Lay-outs | Cover Design | Printed at | Photos |
|---|---|---|---|
| GRAPH-D<br>Mallappally | *Joshy* | Graphic Systems<br>Mallappally | Minerva Studio<br>Mallappally |

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

| | |
|---|---|
| കെ. എസ്. വിജയൻപിള്ള | മോളിക്കുട്ടി സെബാസ്റ്റ്യൻ |
| സി. എം. തോമസ് | റ്റി. ഐ. ജോർജ് |
| വി. എം. മത്തായി | ജോൺ മാത്യു |
| പ്രകാശ് .വി. മാത്യു | എം. സി. ചാക്കോ |
| എ. പുരുഷോത്തമൻ തമ്പി | ഏബ്രഹാം .പി. അലക്സ് |
| പി. കെ. വറുഗീസ് | പി. എ. ചെറിയാൻ |
| റജി പണിക്കമുറി | പി. ഐ. ചാക്കോ |
| എം. കെ. സുഭാഷ്കുമാർ | ഇ. വി. ജോൺ |
| ബാലചന്ദ്രൻ | റ്റി. ഇ. മാത്യു |



പ്രൊഫ. പി. ജെ. കുര്യൻ എം. പി.



ജനകീയാസൂത്രണ പ്രസ്ഥാനം രാഷ്ട്രത്തിന്റെ വികസന ചക്രവാളത്തിൽ പുതിയ ചലനങ്ങൾക്ക് കള മൊരുക്കുകയാണ്. ഏതു പുതിയ പദ്ധതിയുടെയും വിജ യം ജനപങ്കാളിത്തത്തെ ആശ്രയിച്ചിരിക്കുന്നു. മല്ലപ്പള്ളി പഞ്ചായത്തിന്റെ വികസനത്തെ ദീർഘ വീക്ഷണത്തോ ടെ കണ്ട് ഈ വികസന റിപ്പോർട്ട് പ്രവർത്തിപഥത്തിലെ ത്തിക്കുവാൻ പഞ്ചായത്തു കമ്മറ്റിക്ക് കഴിയട്ടെ എന്നാശം സിക്കുന്നു.

ആശംസയോടെ,

പി. ജെ. കുര്യൻ എം. പി.

ടി. എസ്. ജോൺ എം. എൽ. എ.



ജനങ്ങളുടെ മുൻകൈയ്യിൽ വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നതോടെ പദ്ധതി പ്രവർത്തന ങ്ങളോട് അവർക്കിടയിൽ നിലനിൽക്കുന്ന നിസംഗത മാറുക യും വികസന പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കു കയും ചെയ്യും

താലൂക്ക് ആസ്ഥാനമെന്ന നിലയിൽ മല്ലപ്പള്ളി പഞ്ചായ ത്തിന് ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്. ഈ വികസന രേഖയ്ക്ക് ഞാൻ നന്മകൾ നേരുന്നു. ഈ രേഖയിലെ പദ്ധതികൾ പ്രാവർത്തികമാക്കുവാൻ നിലവിലുള്ള കമ്മറ്റിക്ക് കഴിയട്ടെ എന്നാശംസിക്കുന്നു. മല്ലപ്പള്ളിയുടെ വകസന പ്രവർത്തനങ്ങളിൽ നിങ്ങളോടൊപ്പം എപ്പോഴും ഞാനുമു ണ്ടാകും.

വിശ്വസ്തതയോടെ,

ടി. എസ്. ജോൺ എം. എൽ. എ.



‘സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് എപ്പോൾ
ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക ’

# ആമുഖം

മൂന്നു നൂറ്റാണ്ടുകാലം നീണ്ട വൈദേശിക ഭരണത്തിന്റെ നുകം വലിച്ചെറിഞ്ഞ ചരിത്രപ്രധാനമായ മുഹൂർത്തം. 1947 ആഗസ്റ്റ് 15 അർദ്ധരാത്രി. അടിമത്തത്തിന്റെ ചങ്ങല ക്കെട്ടുകാലം പൊട്ടിച്ചെറിഞ്ഞ സ്വതന്ത്ര ഇന്ത്യയുടെ നെടു നിശ്വാസം ! അതിനുശേഷം അരനൂറ്റാണ്ടു പിന്നിട്ടിരിക്കു ന്നു. വെളുത്തു വിളറിയ കൈകളിൽ നിന്നും ഭരണം നിറം മങ്ങിയ കൈകളിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങളും സങ്കൽപ്പങ്ങളും അഭിലാഷങ്ങളുമെല്ലാം ഒരു സൂര്യതേജസ്സായി പ്രശോഭിക്കുന്നു !!

പക്ഷേ ..... ! അരനൂറ്റാണ്ടു പിന്നിട്ടിട്ടും അതിനൊരർത്ഥം കണ്ടെത്താനായില്ല. നമ്മുടെ ഭരണരംഗവും, വികസന മേഖല കളും മഞ്ഞു കട്ടകളിലെന്നപോലെ മരവിച്ചു പോയിരിക്കുന്നു ; ജീവനറ്റതു പോലെ. ഗ്രാമപഞ്ചായത്തുകാലം നടപ്പാക്കാനുള്ള നിർദ്ദേശകത്വം നടപ്പാക്കാൻ നീണ്ട 47 വർഷം നമുക്ക് കാത്തിരിക്കേണ്ടി വന്നു.

'ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ' എന്ന ജനാധിപത്യ സ്വപ്നം കേവലവും ഔപചാരികവുമായ ഒരു പ്രക്രിയയിൽ ഒതുങ്ങി നിന്നു. 'മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കി' ന്റെ പ്രഖ്യാപിത തത്വങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധത ഭരണഘടന തന്നെ നിർവീര്യമാക്കി.

ഇക്കാലമത്രയും അധികാരവും ആസൂത്രണവും മുകളിൽ നിന്നും താഴേക്കൊഴുകുകയായിരുന്നു. ഈ ഒഴുക്കിൽ നഷ്ടപ്പെട്ട തൊക്കെ ജനകീയാവശ്യങ്ങളായിരുന്നു. മാത്രമല്ല തീരുമാന മെടുക്കുന്നതിൽ നിന്ന് ജനങ്ങളെയും ജനകീയ പ്രസ്ഥാന ങ്ങളെയും അകറ്റി നിർത്തുകയും ചെയ്തിരുന്നു. ഇത് അവസാനിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജനകീയാസൂത്രണം അടിത്തട്ടിൽ നിന്നും മുകൾത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യപങ്കാളിത്തം വർഗ്ഗ വർണ്ണ ചിന്തകൾക്കതീതമായി ഉറപ്പുവരുത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ഉറപ്പാണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി യായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് വികസന പാതയിലെ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40 ശതമാനം പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതി നാൽ ജനതാല്പര്യം സംരക്ഷിക്കാൻ കഴിയുമെന്നുള്ളതിന് രണ്ടു പക്ഷമില്ല. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40%) കേരള സർക്കാരിന്റെ 60% ൽ പെട്ട ചില പദ്ധതികൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ , നികുതി വരുമാനം, ജനകീയ സംഭാവനകൾ (പണം, അദ്ധ്വാനം, വിഭവങ്ങൾ) തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ ബഹുമുഖമാണ്.

കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജനപങ്കാളിത്തം പൂർണ്ണമായ അർത്ഥത്തിൽ ഉണ്ടായാൽ നിലവിലുള്ള പദ്ധതികളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തികളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും തൃപ്തികരവുമായി നിർവ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല, അഴിമതിയുടെ എല്ലാ മേഖലകളേയും ഫലപ്രദമായി നിയന്ത്രിക്കാനും കഴിയും.

മല്ലപ്പള്ളി പഞ്ചായത്തിൽ ജനകീയാസൂത്രണപ്രവർത്തനത്തിന്റെ പ്രാരംഭനടപടികൾ തുടങ്ങിവെച്ചതേയുള്ളു. ആശാവഹമായ പ്രതികരണമാണ് ഈ സംരംഭത്തിന് ഉണ്ടായിട്ടുള്ളത്. ഒട്ടേറെ നിർദ്ദേശങ്ങളും ആവശ്യങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഇതെല്ലാം ഉടനടി പൂർത്തിയാക്കാൻ കഴിയില്ലെങ്കിലും വരുന്ന 5 വർഷത്തിനുള്ളിൽ തൃപ്തികരമായ പരിഹാരങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്ത് ആഫീസ് ആസ്ഥാനം | : | മല്ലപ്പള്ളി വെസ്റ്റ് |
| ഉൾപ്പെടുന്ന വില്ലേജ് | : | മല്ലപ്പള്ളി |
| താലൂക്ക് | : | മല്ലപ്പള്ളി |
| അസംബ്ലി മണ്ഡലം | : | കല്ലൂപ്പാറ പ്രതിനിധി : അഡ്വ. ടി. എസ്. ജോൺ |
| ലോക്സഭാ മണ്ഡലം | : | മാവേലിക്കര പ്രതിനിധി : പ്രൊഫ. പി. ജെ. കുര്യൻ |
| ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട പ്രതിനിധികൾ : ശ്രീമതി. ലീനാ ഫിലിപ്പ്<br>അഡ്വ. തോമസ് മാത്യു |
| ബ്ലോക്ക് പഞ്ചായത്ത് | : | മല്ലപ്പള്ളി പ്രതിനിധികൾ : ശ്രീ. പി. പി. കുട്ടപ്പൻ<br>പ്രൊഫ. ജേക്കബ് ജോർജ് |
| വിസ്തീർണ്ണം | : | 12.4165 ച. കി (7.71 ച. മൈൽ) |
| വാർഡ് | : | 9 |
| അതിരുകൾ | | |
| വടക്ക് | : | ആനിക്കാട് പഞ്ചായത്ത് |
| കിഴക്ക് | : | ആനിക്കാട്, കോട്ടാങ്ങൽ, എഴുമറ്റൂർ |
| തെക്ക് | : | പുറമറ്റം, കല്ലൂപ്പാറ |
| പടിഞ്ഞാറ് | : | കുറുകച്ചാൽ, കുന്നന്താനം |
| ജനസംഖ്യ | : | 17524 (1991 സെൻസസ്) |
| പുരുഷന്മാർ | : | 8419 |
| സ്ത്രീകൾ | : | 9105 |
| ജനസാന്ദ്രത | : | 1411/ ച. കി |
| ആകെ കെട്ടിടങ്ങൾ | : | 5438 |
| ഭവനങ്ങൾ | : | 4833 |
| പ്രസിഡന്റിന്റെ പേര് | : | കുഞ്ഞുകോശി പോൾ |
| വൈസ് പ്രസിഡന്റ് | : | പി. ആർ. ബാലസുന്ദരൻ പിള്ള |
| സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ | : | സാറാമ്മ ഏബ്രഹാം |

# മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിലുള്ള പ്രധാന സ്ഥാപനങ്ങൾ

1. താലൂക്ക് ആഫീസ്
2. ബ്ലോക്ക് പഞ്ചായത്ത് ആഫീസ്
3. വില്ലേജ് ആഫീസ്
4. ബ്ലോക്ക് ഡവലപ്മെന്റ് ആഫീസ്
5. സബ് ട്രഷറി
6. താലൂക്ക് ആശുപത്രി
7. താലൂക്ക് സപ്ലൈ ആഫീസ്
8. താലൂക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ ആഫീസ്
9. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്
10. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ്
11. കൃഷി ഭവൻ
12. സബ് രജിസ്ട്രാർ ആഫീസ്
13. പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ്
14. പോലീസ് സ്റ്റേഷൻ (കീഴ്വായ്പൂര്)
15. മാവേലി സ്റ്റോർ
16. P.W.D. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആഫീസ് (റോഡ്സ്)
17. P.W.D. അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസ് (ജില്ലാ പഞ്ചായത്ത് വിഭാഗം)
18. കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ യൂണിറ്റ് ഡിപ്പോ ( കീഴ്വായ്പൂര് )
19. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി ( കീഴ്വായ്പൂര് )
20. ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി ( കീഴ്വായ്പൂര് )
21. മൃഗാശുപത്രി മല്ലപ്പള്ളി
22. മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രം (R A I C)
23. അസിസ്റ്റന്റ് ലേബർ ആഫീസ്
24. ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആഫീസ്
25. 110 K.V. സബ് സ്റ്റേഷൻ
26. ലീഗൽ മെട്രോളജി ( അളവുകളും തൂക്കങ്ങളും )
27. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസ്
28. അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണം (ജനറൽ)
29. അസിസ്റ്റന്റ് രജിസ്ട്രാർ സഹകരണം ( ഓഡിറ്റ് )
30. റബ്ബർ ബോർഡ് ഫീൽഡ് ആഫീസ്
31. എക്സൈസ് റേഞ്ച് ആഫീസ്
32. ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്
33. സബ് റീജനൽ ട്രാൻസ്പോർട്ട് ആഫീസ്
34. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
35. ഡയറി എക്സ്റ്റൻഷൻ ആഫീസ്
36. സ്പെഷ്യൽ തഹസീൽദാർ ആഫീസ് (പി. എൽ. ആർ)
37. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മല്ലപ്പള്ളി
38. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കീഴ്വായ്പൂര്
39. കാത്തലിക് സിറിയൻ ബാങ്ക് മല്ലപ്പള്ളി
40. സൗത്ത് ഇൻഡ്യൻ ബാങ്ക് മല്ലപ്പള്ളി
41. കാനറാബാങ്ക് മല്ലപ്പള്ളി
42 ഫെഡറൽ ബാങ്ക് നെടുങ്ങാടപ്പള്ളി
43. ഇൻഡ്യൻ ഓവർസീസ് ബാങ്ക് മല്ലപ്പള്ളി
44. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് മല്ലപ്പള്ളി
45. തിരുവല്ലാ ഈസ്റ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക് മല്ലപ്പള്ളി
46. തിരുവല്ലാ ഈസ്റ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക് കീഴ്വായ്പൂര്
47. മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് കീഴ്വായ്പൂര്

48. മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് പാടിമൺ
49. മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് മല്ലപ്പള്ളി
50. ഭവന നിർമ്മാണ സഹകരണ സംഘം മല്ലപ്പള്ളി
51. ഭൂപണയ ബാങ്ക് മല്ലപ്പള്ളി
52. പോസ്റ്റൽ സബ് ഡിവിഷൻ ആഫീസ് മല്ലപ്പള്ളി
53. സബ് പോസ്റ്റാഫീസ് മല്ലപ്പള്ളി വെസ്റ്റ്
54. സബ് പോസ്റ്റാഫീസ് കീഴ്പായ്പൂര്
55. ബ്രാഞ്ച് പോസ്റ്റാഫീസ് പരിയാരം
56. ബ്രാഞ്ച് പോസ്റ്റാഫീസ് മല്ലപ്പള്ളി ഈസ്റ്റ്
57. ബ്രാഞ്ച് പോസ്റ്റാഫീസ് മല്ലപ്പള്ളി നോർത്ത്
58. ബ്രാഞ്ച് പോസ്റ്റാഫീസ് പാടിമൺ
59. ബ്രാഞ്ച് പോസ്റ്റാഫീസ് പെരുമ്പ്രാമാവ്
60. ബ്രാഞ്ച് പോസ്റ്റാഫീസ് നാരകത്താനി
61. ടെലിഫോൺ എക്സ്ചേഞ്ച് മല്ലപ്പള്ളി
62. ടെലികോം സെന്റർ മല്ലപ്പള്ളി
63. സബ് ഡിവിഷൻ ഓഫീസ് ടെലികോം
64. L .B .S. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി
65. ജോർജ് മാത്തൻ മിഷൻ ആശുപത്രി
66. W . A ചെറിയാൻ മെമ്മോറിയൽ മിഷൻ ആശുപത്രി

ജനകീയാസൂത്രണ പ്രസ്ഥാനം
റിസോഴ്സ് പേഴ്സൺസ്

ശ്രീ. കെ. എസ്. വിജയൻ പിള്ള, പ്രൊഫ. ജേക്കബ് എം. ഏബ്രഹാം (സംസ്ഥാനം)
ശ്രീ. പ്രകാശ് വി. മാത്യു , ശ്രീ. ടി.കെ. നരേന്ദ്രൻ നായർ , ശ്രീ. സി. എം. തോമസ്, ശ്രീ. വി. എം. മത്തായി
അഡ്വ. ഫിലിപ്പ് കോശി , ശ്രീ. റെജി പണിക്കമുറി, ശ്രീ. എം. കെ. സുഭാഷ് കുമാർ (ജില്ല)

## സാമൂഹ്യ സാംസ്കാരിക ചരിത്രം

മല്ലപ്പള്ളി - കായികാഭ്യാസികളുടെ അഥവാ മല്ലന്മാരുടെ ഗ്രാമം എന്ന അർത്ഥത്തിൽ ഈ സ്ഥലത്തിന് മല്ലപ്പള്ളിയെന്ന പേരുണ്ടായി എന്ന് പഴമക്കാർ കൈമാറിവന്ന വായ്മൊഴിയിലെ പരാമർശങ്ങളാൽ വിശ്വസിക്കപ്പെട്ടു വരുന്നു. 'മല്ല' എന്ന പദത്തിന് കായികാഭ്യാസിയെന്നും 'പള്ളി' എന്ന വാക്കിന് ഗ്രാമം എന്നും അർത്ഥമുള്ളതിനാൽ മല്ലപ്പള്ളി മല്ലന്മാരുടെ നാടുതന്നെ എന്നതിന് തെല്ലും സംശയത്തിന് അവകാശമില്ല.

ചരിത്രപരമായി നോക്കുമ്പോഴും ഈ ഭൂപ്രദേശം ഇടപ്പള്ളി രാജവംശത്തിന്റെ അധീനതയിലായിരുന്ന കല്ലൂപ്പാറ പകുതിയിൽ സ്ഥിതിചെയ്തിരുന്നു. അന്നത്തെ നാട്ടുരാജാക്കന്മാരുടെ കീഴിൽ ഓരോ പ്രദേശത്തിന്റെയും കാര്യവിചാരിപ്പുകാരായി പ്രഭുക്കന്മാർ എല്ലായിടത്തും ഉണ്ടായിരുന്നതുപോലെ മല്ലപ്പള്ളിയിൽ ഉണ്ടായിരുന്നതും കൊല്ലും കൊലയും നടത്തുന്നതിന് അധികാരം നേടിയിരുന്നതുമായ ഒരു പുരാതന പ്രഭുകുടുംബമായിരുന്നു പ്രസിദ്ധമായ 'പൂവനത്തറവാട്'. ഇപ്പോഴത്തെ മല്ലപ്പള്ളി ടൗണിന്റെ മധ്യഭാഗത്തായിട്ടാണ് പ്രസ്തുത തറവാട് സ്ഥിതിചെയ്തിരുന്നത്. ഈ പ്രഭുമന്ദിരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ ഇന്നും ടൗണിന്റെ മുക്കിലും മൂലയിലും ഒളിമങ്ങിക്കിടക്കുന്നത് കാണാം. പൂവനത്തറവാട്ടിലെ കാരണവന്മാരേ 'യജമാനൻ' എന്ന് നാട്ടുകാർ ഭയഭക്തി ബഹുമാനങ്ങളോടെ വിളിച്ചാദരിച്ചിരുന്നു. ഏതാണ്ട് നാല്പത് വയസ്സിനു മുകളിലുള്ള സ്ഥലവാസികൾക്ക് ഏറ്റവും ഒടുവിലത്തെ യജമാനനെ നന്നേ പരിചിതമായിരുന്നു. മല്ലപ്പള്ളി ടൗണിന്റെ ഓരം ചേർന്ന് ഒഴുകുന്ന മണിമലയാറ്റിലേക്ക് വഴിചെന്നവസാനിക്കുന്നിടം പൂവനക്കടവ് എന്നാണറിയപ്പെട്ടിരുന്നത്. അവിടെ 1955-ൽ പാലം ഉയരുന്നതു വരെ വിളക്കുമാടം, കാവൽപ്പുര എന്നിവയും സ്ഥിതിചെയ്തിരുന്നു.

മല്ലപ്പള്ളിയും പരിസരപ്രദേശങ്ങളും നിബിഡമായ വൃക്ഷക്കൂട്ടങ്ങളാലും വള്ളിപ്പടർപ്പുകളാലും ഒരു ഘോരമായ വനത്തിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു. ഇതിന്റെ പരിസരങ്ങളിൽ ആന, കടുവ, പുലി, മാൻ, കാടൻ മുതലായ വന്യമൃഗങ്ങളുടെ സങ്കേതങ്ങളായിരുന്നുവെന്ന് ഇന്നും പറയപ്പെടുന്ന സ്ഥലനാമങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു. ആനക്കുഴി, ആനക്കാട് (ഇന്നത്തെ ആനിക്കാട്) കടുവാക്കുഴി, പുലിക്കല്ലുംപുറം, പന്നിക്കുഴി, കടമാൻകുളം എന്നിവ ഉദാഹരണങ്ങളാണ്. കുന്നുകളുടെ താഴ്വരകളെ തഴുകിയൊഴുകുന്ന മണിമലയാറും, ആറിന്റെ ഇരുപാർശ്വങ്ങളിലുമായി പരന്നുകിടക്കുന്ന വയലേലകളും, നിമ്നോന്നതങ്ങളായിക്കിടക്കുന്ന പുരയിടങ്ങളിലെ മാമരക്കൂട്ടങ്ങളും, പീലിവിടർത്തിയാടുന്ന തെങ്ങിൻ തോപ്പുകളും കമുകിൻ നിരകളും എല്ലാം നമ്മുടെ നാടിനെ പ്രകൃതിസൗന്ദര്യത്തിൽ അഗ്രഗണ്യമാക്കിത്തീർത്തിരുന്നു. മല്ല, പള്ളി എന്നീ രണ്ടു വാക്കുകളുടെ അർത്ഥം കൂട്ടിച്ചേർത്താൽ ഭംഗിയുള്ള ഗ്രാമം എന്നും അർത്ഥം സിദ്ധിക്കുന്നു. ആ നിലയിലും സ്ഥലനാമത്തിന്റെ അർത്ഥത്തിനു കോട്ടം തട്ടാത്തവിധം മല്ലപ്പള്ളി പ്രദേശം പ്രകൃതിസൗന്ദര്യത്താൽ അനവർത്ഥമായിത്തന്നെ പരിലസിച്ചിരുന്നു.

പുരാതനകാലം മുതൽക്കേ ഇവിടെ സ്ഥിരതാമസമുറപ്പിച്ചിരുന്ന ആളുകളുടെക്കൂടാതെ ഏറ്റുമാനൂർ, അതിരമ്പുഴ, കുറവിലങ്ങാട്, വൈക്കം മുതലായ വടക്കൻ പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവർ ഇവിടെ വളരെയധികമാണ്. കാടിനെ നാടാക്കിമാറ്റാനുള്ള അവരുടെ തീവ്രയത്നം നമ്മുടെ നാടിനെ ഐശ്വര്യ സമൃദ്ധമാക്കിത്തീർത്തു.

ഒരു കാലത്ത് മരച്ചീനിയുടെ നാട് എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന മല്ലപ്പള്ളി ഇന്ന് റബ്ബർ കാർഷിക വൃത്തിയുടെ കേദാരമാണ്. കാലചക്രത്തെ മുന്നോട്ടുതള്ളിയ നമ്മുടെ പൂർവ്വികർ വിദ്യാഭ്യാസരംഗങ്ങളിൽ ശ്രദ്ധപതിപ്പിക്കുകയും താമസം വിനാതിരുവിതാംകൂറിൽ ബി.എ ക്കാരുടെ നാട് എന്ന യശ്ശസ് സമ്പാദിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ ആദ്യത്തെ ബിരുദധാരിയും മല്ലപ്പള്ളിക്കാരനായിരുന്നു. അങ്ങനെ നിസ്തുലമായ വിദ്യാഭ്യാസ സപര്യകളിലൂടെ അതിവിശിഷ്ടമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ വക്താക്കളായി മാറുവാനുള്ള സുദുർഭലായ സൗഭാഗ്യവും നമ്മുടെ നാട്ടിലെ പോയ തലമുറയ്ക്കുണ്ടായി. അച്ചടിഭാഷതന്നെ സംസാര ഭാഷയാക്കിയവർ എന്ന വിശേഷണവും തദ്ദേശവാസികൾക്കുണ്ട്. ഉച്ചനീചത്വം തൊട്ടുകൂടായ്മ, അയിത്തം തുടങ്ങിയ അനാചാരങ്ങൾ കേരളത്തിൽ കൊടികുത്തിവാണിരുന്ന കാലഘട്ടങ്ങളിൽ പോലും അതിന്റെ വിഷലിപ്തമായ തീവ്രതയിൽ നിന്നും താരതമ്യേന രക്ഷപെട്ടവരാണ് ഇവിടെയുള്ള അവർണ്ണർ. എങ്കിലും ഈ ദുരാചാരങ്ങളുടെ തീനാളങ്ങൾ ഇവിടെ മാത്സര്യകാപരമായ ഒരു മതസൗഹാർദ്ദവും, സഹിഷ്ണതയും ഇവിടെ പണ്ടു മുതലേ വേരൂന്നിയിരുന്നുവെന്നത് നിസ്തർക്കമാണ്.

മല്ലപ്പള്ളി ഗ്രാമത്തിന്റെ കുലദേവതയായി ഈ മണ്ണിൽ സ്വയം കുടികൊണ്ട തിരുമാലിട മഹാദേവനെ കണ്ടെത്തിയ തിരുമാലി എന്ന ഹരിജൻ സ്ത്രീയെ ദേവീസങ്കല്പത്തിൽ ആരാധിക്കുകയും പൂജിക്കുകയും ചെയ്യുന്ന ഉദാത്തമായൊരു സാംസ്കാരിക ബോധം അനന്യദൃശ്യം തന്നെയാണ്. അതുപോലെ അവർണ്ണനും പിൽക്കാലത്ത് ഹാബേലുമായി മാറിയ ദൈവത്താനെ കൃതഹസ്തതയോടെ അംഗീകരിക്കുവാനും നമുക്കു കഴിഞ്ഞു.

ഏകൃമനിസം അഥവാ സൈക്യേ പ്രസ്ഥാനം പാശ്ചാത്യർ സ്വപ്നം കാണുന്നതിനു മുമ്പുതന്നെ - 1922 ൽ മർത്തോമാ, സി.എസ്.ഐ. ഓർത്തഡോക്സ് സഭാംഗങ്ങൾ, മല്ലപ്പള്ളിയിൽ കൺവൻഷൻ ആരംഭിച്ചിരുന്നു. മർത്തോമാ സഭയ്ക്കും, ഓർത്തഡോക്സ് സഭയ്ക്കും തുല്യാവകാശമുള്ള ഏതാനും പള്ളികളിൽ ഒന്നാണ് കൊ. വർഷം 1009-ാമാണ്ട് (എ.ഡി. 1834) സ്ഥാപിതമായ വെങ്ങലശ്ശേരി പള്ളി.

മല്ലപ്പള്ളി പാലത്തിനു തൊട്ടുതാഴെയായി ദശാബ്ദങ്ങളായി നടത്തിവരാറുള്ള, യൂണിയൻ ക്രിസ്ത്യൻ കൺവൻഷനും പാലത്തിനു മുകൾഭാഗത്തായി നടത്തുന്ന ശിവരാത്രി മഹോത്സവവും ഒരേസമയത്തു തന്നെയാണ് നടത്തിപോരുന്നത്. ഈ ശിവരാത്രി മഹോത്സവം ആലുവാ ശിവരാത്രി പോലെ തന്നെ മണിമലയാറിന്റെ വിശാലമായ മണൽപ്പുറത്താണ് നടത്തപ്പെടുന്നത്. ഇതിൽ പങ്കെടുക്കുന്ന ജനസഞ്ചയത്തിന്റെ കണക്കുവെച്ച് ശിവരാത്രി ഉത്സവങ്ങളിൽ ആലുവാ കഴിഞ്ഞാൽ അടുത്ത സ്ഥാനം മല്ലപ്പള്ളി ശിവരാത്രിയ്ക്കു തന്നെ. അക്ഷരാർത്ഥത്തിൽ മതസഹിഷ്ണുതയോടും, സഹവർത്തിത്തത്തോടും കൂടിയാണ് ഇക്കാലമത്രയും മേല്പറഞ്ഞ രണ്ടു പരിപാടികളും അംഗുരം തുടർന്നു പോരുന്നത് എന്നുള്ളതിൽ നിന്നും ഇവിടെ കൈകോർത്തു നില്ക്കുന്ന മതസൗഹാർദ്ദം എത്രമാത്രം ഉദാത്തമാണെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. ദേവാലയ രേണകാര്യങ്ങൾ ഒഴിച്ച്, ഹിന്ദു-ക്രിസ്ത്യൻ മതവിഭാഗങ്ങൾ ആചരിച്ചു വരുന്ന ഉത്സവ, പെരുനാൾ, കൺവൻഷൻ പരിപാടികളിൽ പ്രകടമാകുന്ന പരസ്പര ബന്ധപ്പെടലുകളും ആത്മാർത്ഥമായ സഹകരണവും മാനവമൈത്രിയുടെ മകുടോദാഹരണവും ഒരു പക്ഷേ ഇതരപ്രദേശങ്ങളേയും, നാടുകളേയും അപേക്ഷിച്ച് തികച്ചും ഒറ്റപ്പെട്ടതുമാകുന്നു.

കേരളത്തിലേക്ക് ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടുകൂടി മല്ലപ്പള്ളി പ്രദേശത്ത് പ്രാഥമിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. കോട്ടയത്തും മാവേലിക്കരയിലും മിഷ്യനറിമാരുടെ ശ്രമഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ഇതേകാലത്തു തന്നെ ആരംഭിച്ചു. മല്ലപ്പള്ളിയിലാദ്യം തുടങ്ങിയ ഗ്രാമർ സ്കൂൾ 1854-ൽ ഒരു മിഡിൽ സ്കൂൾ ആയും പിന്നീടത് 1920-ൽ ഹൈസ്കൂൾ ആയും ഉയർത്തപ്പെട്ടു. മദ്ധ്യകേരളത്തിൽ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിയ്ക്ക് അടിത്തറ പാകിയത് ഇന്നത്തെ സി.എം.എസ് ഹൈസ്കൂളാണെന്നുള്ളത് നിസ്തർക്കമാണ്. 'അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ' എന്നു പറഞ്ഞപോലെ ഈ സരസ്വതീക്ഷേത്രത്തിന്റെ പടികയറാത്തവർ മല്ലപ്പള്ളിയിലും സമീപപ്രദേശങ്ങളിലും ആരും തന്നെയില്ല.

മല്ലപ്പള്ളി ഗ്രാമത്തിന്റെ നാഡീസ്പന്ദനങ്ങളിൽ അഗ്രഗണ്യമായ സ്ഥാനം 'പുരുഷത്തിലു' എന്ന പ്രസിദ്ധമായ ബ്രാഹ്മണ ഇല്ലത്തിനു തന്നെയാണ്. ഹസ്ത്യായുർവ്വേദ ചികിത്സയ്ക്കു പുകഴ്പെറ്റ വൈദ്യരത്നങ്ങൾ ഈ ഖനിയിൽ വിളങ്ങിക്കിടന്നിരുന്നു. തിരുവിതാംകൂർ മഹാരാജാക്കന്മാർ കൊട്ടാരത്തിലെ ആനപ്പന്തിയിലേക്കു പുതിയ ആനകളെ വാങ്ങിയിരുന്നത് ഐരടത്തില്ലത്തെ നമ്പൂതിരിമാരുടെ നിരീക്ഷണത്തിനു ശേഷമുള്ള ഉപദേശത്തോടുകൂടി ആയിരുന്നു. മദയാനകളെ കൊമ്പുകുത്തിയ്ക്കുവാനും വരുതിയിൽ നിർത്തിക്കുവാനും ഇവിടുത്തെ അന്തർജനങ്ങൾക്കുപോലും പ്രാപ്തിയുണ്ടായിരുന്നവെന്നു പറഞ്ഞുകേൾക്കുന്നു. ഭ്രാന്തിളകിയ ആനകളടക്കം മറ്റേതുരോഗത്തിനും ചികിത്സയ്ക്കായി കൊണ്ടുവരുന്ന കരിവീരന്മാരെ ഇല്ലത്തെ പുരയിടത്തിൽ തളയ്ക്കുക പതിവായിരുന്നു. അവ യാതൊരു ശല്യവും കൂടാതെ അവിടെ ശാന്തതയോടെ നടക്കുന്നത് കാണാത്തവർ ഈ ഗ്രാമത്തിൽ ചുരുക്കം. ഗുരുവായൂർ ക്ഷേത്രത്തിലെ ആനകൾക്ക് ചികിത്സ നടത്തിയിരുന്നത് ഐരടത്തില്ലത്തെ ബ്രഹ്മശ്രീ. ഐ. എൻ. നാരായണർ അവർകളാണ്. ഇദ്ദേഹം വിഖ്യാതനായ ഒരു വേദപണ്ഡിതനും, മതപ്രഭാഷകനും, ബഹുഭാഷാപണ്ഡിതനും ആയിരുന്നു.

കായികകേരളത്തിലെ അതികായന്മാർക്കു ജന്മം നല്കുവാനും ഈ പ്രദേശത്തിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമായ മറ്റൊരു കാര്യമാണ്. വോളിബോളിന്റെ ഈറ്റില്ലമായ മല്ലപ്പള്ളിയുടെ അമൂല്യമായ സംഭാവനയാണ് ഇന്നും ആയുരാരോഗ്യത്തോടു കൂടിയിരിക്കുന്ന ശ്രീമാൻ . പി. ഒ. വർക്കി. വോളിബോൾ കളിയുടെ മുഴുവൻ മാസ്മരവിദ്യകളും, തന്ത്രങ്ങളും സ്വന്തം കൈക്കുടുന്നയിലാക്കി, ഇന്ത്യൻ ടീമിന്റെ ഉപനായകനായി, 'ഒളിമ്പ്യൻ വർക്കി' എന്ന പ്രശസ്തിയും കീർത്തിമുദ്രയും ചാർത്തിയ ഇദ്ദേഹം ഭൂതകാലങ്ങളിലെ കളിക്കളങ്ങളിൽ ഇടിയും മിന്നലും ഒരുപോലെ വർഷിച്ച്, കായികതാരങ്ങൾക്കൊരാചാര്യനായി മല്ലപ്പള്ളിയുടെ ഒരഭിമാനസ്തംഭമായി, വോളിബോൾ രംഗത്തെ തേജസ്സുറ്റ ശുക്രനക്ഷത്രമായി ഇന്നും ഇവിടെ പ്രശോഭിക്കുന്നു. ഈ ഗുരുനാഥന്റെ അംഗുലീസ്പർശമേറ്റ് പുളകിതയായി വോളിബോൾ രംഗത്ത് വീറും കരുത്തും കാട്ടി പേരും പെരുമയും ആർജ്ജിച്ച കായികതാരങ്ങളുടെ ഒരു ശൃംഖല തന്നെ മല്ലപ്പള്ളിയുടെ ബോർഡിൽ കാലത്തിനു പോലും തുടച്ചു മായ്ക്കാനാവാത്തവണ്ണം തെളിഞ്ഞു കിടക്കുന്നു.

# ഗ്രാമപഞ്ചായത്ത് ഭരണം

ഗ്രാമപഞ്ചായത്തു ഭരണം ഈ പ്രദേശത്ത് നിലവിൽ വന്നത് 1947 ലായിരുന്നു. കീഴ്വായ്പൂര് കേന്ദ്രമാക്കി വില്ലേജ്യൂണിയൻ നിലവിൽ വന്നു. ഈ കരയുടെ നന്മയും വികസനവും ലക്ഷ്യമിട്ട് സർക്കാർ നോമിനേറ്റ് ചെയ്ത് കമ്മറ്റി രൂപീകരിച്ച് സാമൂഹ്യരംഗത്തെ പ്രമാണിമാർക്ക് വില്ലേജ് യൂണിയന്റെ ഭരണചുമതല നൽകിയിരുന്നു. W.O ജേക്കബ് ആയിരുന്നു വില്ലേജ്യൂണിയൻ പ്രസിഡന്റ്, കീഴ്വായ്പൂര് മഠത്തിൽ മാധവൻ പിള്ള M.L.C യായി സേവനമനുഷ്ഠിച്ചു. 1951 ആഗസ്റ്റ് 15 ന് മല്ലപ്പള്ളി പഞ്ചായത്ത് രൂപീകരിച്ചു. ഇതിൽ മല്ലപ്പള്ളി , പുതുശ്ശേരി, പരിയാരം, കൊടുമുടിശ്ശേരി എന്നീ കരകളും കൂടി ഉൾപ്പെട്ടിരുന്നു. തിരുകൊച്ചി സംസ്ഥാനത്തു നടന്ന ആദ്യത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ (1953 ജൂലൈ 20) ശ്രീ. എൻ. വി. സോമശേഖര പിള്ള പ്രസിഡന്റും, ശ്രീ. എസി. ജോർജ് അപ്പക്കോട്ട് വൈസ് പ്രസിഡന്റും, ശ്രീ. കെ. എൻ. പരമേശ്വരൻ പിള്ള കാരുവേലിൽ, ശ്രീ. എം. പി. മാണി മോടയിൽ, ശ്രീ. എ. ജെ. ജോൺ എക്കളത്തിൽ ശ്രീ. കുട്ടപ്പൻ കുഴിപ്പുഴ, ശ്രീ. കൊച്ചുചെറുക്കൻ എന്നിവർ അംഗങ്ങളുമായുള്ള കമ്മറ്റി നിലവിൽ വന്നു. ശ്രീ എം. പി. മാണി രാജിവച്ചതിനെ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ ശ്രീ. കെ.പി. പോത്തൻ കൈയ്യാലാത്ത് അംഗമായി. 1962 ലെ വില്ലേജ് പുനർ നിർണ്ണയത്തോടെ മല്ലപ്പള്ളി വില്ലേജ് ഉൾപ്പെടുന്ന ഇന്നത്തെ മല്ലപ്പള്ളി പഞ്ചായത്ത് രൂപം പ്രാപിച്ചു. ഈ വിഭജനത്തോടെ മൂശാരികവല - മടുക്കോലി റോഡ്, മടുക്കോലി കവല -കുറ്റിപ്പൂവം റോഡ്, കുറ്റിപ്പൂവം - വീരമലപ്പടി റോഡ്, തുണ്ടിയംകുളം- കാവിൻ പുറം റോഡ് ഇവയുടെ ഇടയിലുള്ള ഭാഗവും തുണ്ടിയംകുളം കവലയ്ക്ക് തെക്കു ഭാഗത്തുള്ള മണ്ണിൽതോടിനും കാവിൻ പുറം കവലയ്ക്കും ഇടയിലുള്ള ഭാഗവും മല്ലപ്പള്ളി പഞ്ചായത്തിൽ നിന്നും മാറ്റി കല്ലൂപ്പാറ പഞ്ചായത്തിനോടു ചേർക്കപ്പെട്ടു.

തുടർന്ന് 1963 ൽ നടന്ന തെരെഞ്ഞെടുപ്പിൽ എബ്രഹാം കോശി( പ്രസിഡന്റ്) കെ.എൻ. രാഘവൻ പിള്ള കാലായിൽ( വൈസ്പ്രസിഡന്റ്) W.A ജോൺ വെള്ളിയംപള്ളിൽ, എ.എ. എബ്രഹാം അക്കരപ്പറമ്പിൽ, ബ്രഹ്മശ്രീ ഐ. എൻ .നാരായണര് ഐരടത്ത്, സി.കെ. സഖറിയ ചേന്ദമല, കെ.ജെ. ജോൺ കുന്നുതറ, എം. കെ. കൃഷ്ണൻകുട്ടി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. എ.എ. എബ്രഹാം രാജിവെച്ച ഒഴിവിൽ പി. വി. ഫിലിപ്പ് പൗവ്വത്തിക്കുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു. അന്നമ്മ ജോസഫ്, അമ്മിണി ഈപ്പൻ , ഏലിയാമ്മ കോരുത് എന്നിവർ വിവിധ സമയങ്ങളിൽ ഈ കമ്മറ്റിയിൽ നോമിനേറ്റഡ് അംഗങ്ങളായി. ഈ കമ്മറ്റിയുടെ കാലാവധി നീട്ടിയതിനെ തുടർന്ന് 16 വർഷക്കാലം അധികാരത്തിലിരുന്നു. ഇടക്കാലത്തുള്ള ഉദ്യോഗസ്ഥ ഭരണത്തിനുശേഷം 1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ റ്റി.ഐ .ജോർജ് തെക്കേമെണ്ണിൽ (പ്രസിഡന്റ്) പി.എം. തങ്കമ്മ(വൈസ് പ്രസിഡന്റ്) രാജച്ചൻ പുത്തൻപുരയ്ക്കൽ, പി.ആർ. ബാലസുന്ദരൻ പിള്ള, സി.എ.എബ്രഹാം(അന്നിയൻ) കിഴക്കയിൽ, ഇ.റ്റി.മത്തായി(ജോയി ഇടത്തുണ്ടിയിൽ), ക്യാപ്റ്റൻ പി.ജെ. തോമസ് , അഡ്വ. തോമസ് മാത്യു, പി.കെ. ഗോപാലൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റി 1985 വരെ അധികാരത്തിലിരുന്നു. പിന്നീട് 1988 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കെ. തോമസ് കുഴിവേലിൽ (പ്രസിഡന്റ്) കുഞ്ഞുകോശിപോത്തം (വൈസ് പ്രസിഡന്റ്) സി.എം. തോമസ് പാലമൂട്ടിൽ, രാജച്ചൻ പുത്തൻപുരയ്ക്കൽ, റ്റി.ഐ. ജോർജ് തെക്കേമെണ്ണിൽ, സരോജനി തോമസ്, റ്റി.ഐ. ജോർജ് തെക്കേമുറിയിൽ , സാറാമ്മ എബ്രഹാം പാറയിൽ, രാജപ്പൻ ചന്ദ്രൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 1995 വരെ ഈ കമ്മറ്റി അധികാരത്തിലിരുന്നു. 1995 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ കുഞ്ഞു കോശിപോത്തം (പ്രസിഡന്റ്) പി. ആർ. ബാലസുന്ദരൻ പിള്ള (വൈസ്പ്രസിഡന്റ്) സാറാമ്മ എബ്രഹാം (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ) മറിയാമ്മ രാജൻ തേരടിയിൽ, മേരിക്കുട്ടി ജോസഫ് പൗവ്വോത്തിക്കുന്നേൽ, ഉണ്ണികൃഷ്ണൻ നടുവിലേമുറി, കീഴ്വായ്പൂര് ശിവരാജൻ, പി. കെ. കേശവൻ, കുരുവിള ജോർജ് നെയ്തേലിൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മറ്റിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

## ഭൂപ്രകൃതി

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിതാലൂക്കിൽ താലൂക്ക് ആസ്ഥാനമായി മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 1982 വരെ ആലപ്പുഴ ജില്ലയുടെ ഭാഗമായിരുന്ന തിരുവല്ലാ താലൂക്കിൽ 1951 വർഷമാണ് മല്ലപ്പള്ളി പഞ്ചായത്ത് രൂപീകൃതമായത്. സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഈ പഞ്ചായത്ത് ഗ്രാമത്തിന്റെ സ്വഭാവത്തിൽ നിന്ന് ത്വരിത പുരോഗമനത്തിന്റെ പാതയിലാണ്.

ആനിക്കാട്, കോട്ടാങ്ങൽ, എഴുമറ്റൂർ, പുറമറ്റം, കല്ലൂപ്പാറ, കുന്നന്താനം എന്നീ പഞ്ചായത്തുകൾക്കു പുറമേ കോട്ടയം ജില്ലയിൽപെട്ട കറുകച്ചാൽ പഞ്ചായത്തും ഈ ഗ്രാമത്തിൽ അതിരുകൾ സൃഷ്ടിച്ചു സ്ഥിതിചെയ്യുന്നു. പ്രകൃതി രമണീയമായ ഈ ഗ്രാമത്തിൽക്കൂടി ഇരുകരകളേയും ആശ്ലേഷിച്ചുകൊണ്ട് 5 കി. മി ദൂരം വടക്കു തെക്കായി മണിമലയാർ ഒഴുകുന്നുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് മല്ലപ്പള്ളി പഞ്ചായത്തിനെ 7 മേഖലകളായി തിരിക്കാം.

| നമ്പർ | മേഖല | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|---|
| 1 | കുന്നുകൾ | 692.203 | 34.75 |
| 2 | വലിയ ചരിവുള്ള പ്രദേശം | 407.553 | 20.46 |
| 3 | ചെറിയ ചരിവുതലങ്ങൾ | 320.306 | 16.08 |
| 4 | നദീതീരം | 141.628 | 7.11 |
| 5 | പാടങ്ങൾ | 129.476 | 6.50 |
| 6 | പാറക്കെട്ടുകൾ | 175.292 | 8.80 |
| 7 | സമതലം | 125.492 | 6.30 |

സാമാന്യം ഉയർന്ന പ്രദേശങ്ങളാണ് ഇവിടെയുള്ളത്. ഇടത്തരം കുന്നുകളും ചരിവു പ്രദേശങ്ങളും പാറക്കെട്ടുകളും ഒപ്പം സമതല പ്രദേശങ്ങളും വെള്ളം കയറുന്ന വയലുകളും ഉണ്ട്.

പ്രധാനമായി മൂന്നുതരം മണ്ണുകൾ ഈ പഞ്ചായത്തിൽ കണ്ടുവരുന്നു. നദീതീരങ്ങളിലുള്ള എക്കൽമണ്ണ്, പാടങ്ങളിലുള്ള പശിമരാശിമണ്ണ്, കുന്നുകളിലും ചരിവുകളിലും കാണുന്ന ചെമ്മണ്ണ് എന്നിവയാണ്. ഏതാണ്ട് 2 മുതൽ 20 വരെ ആഴത്തിൽ വെട്ടുകല്ലും ചിലയിടങ്ങളിൽ പാറക്കെട്ടും ഉണ്ട്. പ്രധാന വിളകൾ റബ്ബർ, തെങ്ങ്, കുരുമുളക്, നെല്ല് ഇവയാണ്. പ്രധാന മൺതരങ്ങൾ താഴെ പട്ടികയിൽ പറയുന്നു.

| മൺതരങ്ങൾ | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|
| എക്കൽമണ്ണ് | 164.336 | 8.25 |
| പശിമരാശിമണ്ണ് | 148.400 | 7.45 |
| ചരൽ കലർന്ന ചെമ്മണ്ണ് | 1503.922 | 75.50 |
| പാറക്കെട്ട് | 175.292 | 8.80 |

വർഷകാലത്ത് ആറ്റുതീരങ്ങളിൽ വെള്ളപ്പൊക്കകെടുതികളം സാധാരണയാണ്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളം താഴെ പറയുന്നു

### കാലാവസ്ഥയും കാലവും

| | |
|---|---|
| 1. കാലവർഷം | ജൂൺ-ആഗസ്റ്റ് |
| 2. തുലാവർഷം | സെപ്തംബർ - നവംബർ |
| 3. വരണ്ടകാലം | ഡിസംബർ- ഫെബ്രുവരി |
| 4. ഉഷ്ണകാലം | മാർച്ച് - മെയ് |

### ജലപ്രകൃതി

ഒരു വർഷത്തിൽ ഈ പഞ്ചായത്തിലെ ശരാശരി വർഷപാതം 3000 മി: മീറ്റർ ആണെന്നു കണക്കാക്കപ്പെടുന്നു. ജൂൺ ജൂലായ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷകാലത്താണ് ഇതിൽ കൂടുതൽ അളവും ലഭിക്കുന്നത്. തുലാവർഷക്കാലത്തും സാമാന്യം നല്ല മഴ ലഭിക്കുന്നു. കുന്നുകളും താഴ്വരകളുമായുള്ള ഭൂപ്രകൃതി മൂലം ഈ കാലയളവിൽ ലഭിക്കുന്ന വെള്ളം ദിവസങ്ങംക്കുള്ളിൽ സമുദ്രത്തിൽ പതിക്കുകയാണ്. ഈ വെള്ളം വേനൽക്കാലത്ത് ഉപയോഗിക്കത്തക്കവെണ്ണം തടഞ്ഞുനിർത്തുന്നതിനുള്ള സൗകര്യങ്ങളം ഇപ്പോഴില്ല. തന്മൂലം വേനൽകാലത്ത് ജലക്ഷാമം അതിരൂക്ഷമാണ്. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടിയിരിക്കുന്നു. വർഷപാതങ്ങളം മുൻകാലങ്ങളിലെപ്പോലെ കൃത്യസമയത്ത് ലഭിക്കുന്നുമില്ല. ഒറ്റപ്പെട്ട മഴക്കാലങ്ങളം ഉണ്ടാകുന്നത് കാർഷിക വൃത്തിക്കും മറ്റും അസൗകര്യങ്ങളം ഉണ്ടാക്കുന്നു. ഏതാണ്ട് 5 കി. മീറ്റർ നീളത്തിൽ നദി ഒഴുകുന്നുവെങ്കിലും മണൽവാരൽ മൂലം നദിയിലെ വെള്ളം വേനൽക്കാലത്ത് കുറയുകയും ഇത് സമീപത്തുള്ള കിണറുകളിലെ ജലവിതാനം കുറയ്ക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ജലത്തിനു വേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ പയറ്റുകാലാകുന്ന്- പരിയാരം- പുതുക്കുളം - പെരുമ്പ്രാമാവ് മുള്ളൻകുഴി, മുണ്ടഴി,പനവേലികുന്ന്, പൈക്കുന്ന്, ചീരകുന്ന്, കാട്ടാമല, കോലറകുന്ന്, മൂക്കനോലി, നെല്ലിമൂട്, വെട്ടോലി, കരിമ്പിൻകുഴി, പരക്കത്താനം, ഊത്തുകുഴി മല തുടങ്ങിയ കുന്നിൻ പ്രദേശങ്ങളിലെ കിണറുകളിൽ 6 മാസത്തിൽ കൂടുതൽ കൂടിവെള്ളം ലഭിക്കാറില്ല. മണിമലയാറിന്റെ തീരത്തുള്ള കിണറുകളിൽ പോലും വെള്ളം വറ്റിപ്പോകുന്നു. ശുദ്ധ ജലത്തിനുള്ള വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇത് ആവശ്യത്തിനു പര്യാപ്തമല്ല. ഈ പ്രശ്നത്തിനും പരിഹാരം കാണേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 കുഴൽ കിണറു കളം സ്ഥാപിച്ചിട്ടുണ്ട്.

കൃഷിക്ക് ജലം ലഭിക്കാത്തത് ഉല്പാദനത്തെ ബാധിക്കുന്നു. വൻകിട ജലസേചന പദ്ധതികളം ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. മണിമലയാറിന്റെ തീരത്തു പ്രവർത്തിക്കുന്ന 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളം ഉണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികളം നടത്താത്തതും നദിയിലെ ജലനിരപ്പ് താഴ്ന്നതുമാണ് ഇതിനു കാരണം. കീഴ്വായ്പൂര് പുഞ്ചയിലുള്ള ചാല്, മഞ്ഞത്താനം പുഞ്ചയിലുള്ള ചാൽ, കപ്പക്കുളം ചാലുങ്കൽ പാടം, ആറ്റുകുഴി മറ്റ് ചെറിയ കുളങ്ങളം ഇവ പുനരുദ്ധരിച്ചാൽ ജലസ്രോതസ്സുകളാക്കി മാറ്റാവുന്നതാണ്.

### പ്രധാന നീരൊഴുക്കു തോടുകളം

| നമ്പർ | പ്രധാന നീരൊഴുക്ക് തോട് | വാർഡ് | നീളം |
|---|---|---|---|
| 1 | പാറത്തോട് | 8,9 | 4.5 കി.മി |
| 2 | വലിയതോട് | 4 | 1.25 '' |
| 3 | പാറത്തോട് | 1 | 2.00 '' |
| 4 | വാക്കനോലിതോട് | 1 | 1.00 '' |
| 5 | പനയമ്പാലത്തോട് | 3, 4 | 3.00 '' |

മല്ലപ്പള്ളിയെ ഫലഭൂയിഷ്ഠമാക്കിക്കൊണ്ട് ഹൃദയ ഭാഗത്തുകൂടി മണിമലയാർ ഒഴുകുന്നു. ഒരു കാലത്ത് കൃഷിക്കാരുടെ നാടായിരുന്ന മല്ലപ്പള്ളി, ഇവിടെ ആവശ്യമായിരുന്ന ഒട്ടു മിക്ക കാർഷിക ഉല്പന്നങ്ങളും ഇവിടെത്തന്നെ ഉല്പാദിപ്പിച്ചിരുന്നു. കുന്നുകളും താഴ്വരകളും നെൽവയലുകളും ഒക്കെ ചേർന്ന ഭൂപ്രദേശമാണ് ഈ ഗ്രാമം. കരയിലെ പ്രധാന കൃഷികൾ തെങ്ങ്, വാഴ, മരച്ചീനി, നെല്ല്, കരിമ്പ് , റബ്ബർ, പച്ചക്കറികൾ, ചേന, ചേമ്പ് മുതലായ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയായിരുന്നു. ഭൂരിപക്ഷം ആളുകളും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നു. പൊതുവേ ഫലഭൂയിഷ്ഠമായിരുന്നു ഈ പ്രദേശം. ആഴ്ചയിൽ രണ്ടു ദിവസം പ്രവർത്തിക്കുന്ന മല്ലപ്പള്ളി സസ്യമാർക്കറ്റ് ഈ പ്രദേശത്തെ കാർഷിക വിളകളുടെ മുഖ്യ വിപണന കേന്ദ്രവും കൂടിയാണ്. ജലസേചനത്തിനു വേണ്ടി പ്രധാനമായും മണിമലയാറിനെ ഉപയോഗപ്പെടുത്തിവരുന്നു എങ്കിലും ഇതും അപര്യാപ്തമായിരിക്കുകയാണ്.

ഭൂഉടമകളും ഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരാണ്. ഇവരിൽ കൂടുതൽ പേരും ഒരേക്കറിൽ താഴെ ഭൂമി മാത്രം ഉള്ളവരാണ്. ഭൂഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| നമ്പർ | ഭൂപരിധി | ഭൂഉടമകളുടെഎണ്ണം | ശതമാനം |
|---|---|---|---|
| 1 | 1 സെന്റ് മുതൽ 10 സെന്റ് വരെ | 1433 | 17.48 |
| 2 | 10 '' 25 '' | 1288 | 15.70 |
| 3 | 25 '' 50 '' | 1144 | 13.95 |
| 4 | 50 '' 100 '' | 2039 | 24.89 |
| 5 | 1 ഏക്കർ '' 2 ഏക്കർ '' | 1619 | 19.75 |
| 6 | 2 '' 5 '' | 643 | 7.85 |
| 7 | 5 ഏക്കറിനു മേൽ | 32 | 0.39 |

അവലംബം. A രജിസ്റ്റർ, BT രജിസ്റ്റർ, താലൂക്ക് ഓഫീസ്



പൊതു വഴികൾ, പാറക്കെട്ടുകൾ, നീർതോടുകൾ, തുടങ്ങിയവ ഒഴിവാക്കിയാൽ 90% ഭൂമിയും കൃഷിക്ക് ഉപയുക്തമാണ്. ഇതിൽ വീടുകൾ, ദേവാലയങ്ങൾ, സ്കൂൾ, ആശുപത്രി, സർക്കാർ ആഫീസുകൾ, മാർക്കറ്റ്, കാവുകൾ എന്നീയിനങ്ങളിലായി 9% ഭൂമികൂടി ഒഴിവാക്കിയാൽ 81%ൽ അധികം ഭൂമിയിലും കൃഷി ചെയ്തു വരുന്നു.

നമ്മുടെ ഗ്രാമത്തിൽ നെൽകൃഷിക്ക് ഉപയോഗിച്ചിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞു കാണുന്നു. തന്മൂലം നെല്ലുൽപ്പാദനത്തിൽ കുറവ് അനുഭവപ്പെടുന്നു. നെൽകൃഷി ലാഭകരമല്ലാത്തതായി തീർന്നതുമൂലം വയലുകളം നെല്ലിനു പകരം തെങ്ങ്, വാഴ, മരച്ചീനി, ഇവ കൈയ്യടക്കി കഴിഞ്ഞു. വിത്ത്, വളം ഇവയുടെ വിലക്കൂടുതൽ കീടരോഗബാധ, പ്രകൃതിക്ഷോഭം, തൊഴിലാളികളുടെ ക്ഷാമം,കൂലികൂടുതൽ, നെല്ലിന്റെ വിലക്കുറവ്, ജലസേചനം, ജലനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത എന്നീ കാരണങ്ങളം മൂലം ഇന്നും കർഷകരെ നിലങ്ങളിൽ മറ്റു വിളകളം കൃഷിചെയ്യിക്കുന്നതിലേക്കു നയിക്കുന്നു. നാടൻ വിത്തിനങ്ങൾക്കു പകരം അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളം ഉപയോഗിക്കുന്നതിലാണു കർഷകർക്കു കൂടുതൽ താല്പര്യം. ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വർഷങ്ങളായി തരിശിട്ടിരിക്കുന്ന നിലങ്ങളും ഉണ്ട്. നിലങ്ങളിൽ ചുരുങ്ങിയ തോതിൽ പച്ചക്കറികളം വേനൽക്കാലത്തു കൃഷി ചെയ്യുന്നുണ്ട്.

കരയിലെ പ്രധാന വിള തെങ്ങായിരുന്നു. തെങ്ങിനുണ്ടാകുന്ന രോഗങ്ങളം നാളികേരത്തിന്റെ വിലക്കുറവ്, എന്നീ കാരണങ്ങളാൽ തെങ്ങുകൃഷി വളരെ കുറഞ്ഞു വരുന്നു. തെങ്ങുകൃഷിയെ വ്യാപകമായി ബാധിച്ചിട്ടുള്ള കാറ്റു വീഴ്ച രോഗം ആദ്യമായി കണ്ടത് മണിമലയാറിന്റെ തീരത്തുള്ള തെങ്ങിൻ തോട്ടങ്ങളിലാണെന്ന് കാണുന്നു. ഇന്നും കാരണം കണ്ടുപിടിച്ചിട്ടില്ലാത്ത ഈ രോഗം പഞ്ചായത്തിൽ വ്യാപകമായി കാണുന്നു. പുറമേ കീടബാധയും തെങ്ങുകൃഷിയെ നശിപ്പിക്കുന്നു. തന്മൂലം നാളികേര ഉല്പാദനം ഗണ്യമായി കുറഞ്ഞു കാണുന്നു.

മുഖ്യവിളയായിരുന്ന തെങ്ങിന്റെ ഈ ശോച്യാവസ്ഥ മുതലെടുത്ത് തെങ്ങുകൃഷി ചെയ്തു വന്നിരുന്ന സ്ഥലത്തിന്റെ ഭൂരിഭാഗവും നാണ്യവിളയായ റബ്ബർ കയ്യടക്കിക്കഴിഞ്ഞു. ആദ്യം കുന്നിൻ പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന റബ്ബർ കൃഷി ഇപ്പോഴം താഴ്ന്ന പ്രദേശങ്ങളിലും വ്യാപിച്ചു വരുന്നു. ഇത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. റബ്ബറിന്റെ വളർച്ച മറ്റ് കൃഷികളെ എല്ലാം തന്നെ പിന്നോട്ടടിച്ചിരിക്കുകയാണ്. ആദായകരമായ നാണ്യവിളയായി റബ്ബറിനെ കർഷകർ അംഗീകരിച്ചു.

ഒരു കാലത്ത് വ്യാപകമായി മരച്ചീനി കൃഷി ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ കുറേ നാളുകളായി ഇതിനു ഗണ്യമായ കുറവു സംഭവിച്ചു. എലിശല്യം, മരച്ചീനിയുടെ ഇടക്കാലത്തുണ്ടായ വിലക്കുറവ് ഇവ കർഷകരെ മരച്ചീനി കൃഷിയിൽ നിന്നും പിൻതിരിപ്പിച്ചു. പുറമേ റബ്ബർ കൃഷിയുടെ വ്യാപനം മരച്ചീനികൃഷിക്കുള്ള സ്ഥലദൗർലഭ്യവും സൃഷ്ടിച്ചു. വൻതോതിൽ ലോറികളിൽ കപ്പകയറ്റി അയച്ചു കർഷകർ ആദായം ഉണ്ടാക്കിയിരുന്ന ഒരു കാലം അസ്തമിച്ചിരിക്കുന്നു.

വാഴകൃഷി ഒരു പരിധി വരെ ഇപ്പോഴും നിലനില്ക്കുന്നു. ലാഭകരമായ കൃഷിയായി കർഷകർ പറയുമ്പോഴും പ്രകൃതിക്ഷോഭം , കീടരോഗബാധകളം ഇവ വാഴകൃഷിക്കു ഭീഷണിയായിത്തന്നെ നിലനിൽക്കുന്നു. കരപുരയിടങ്ങളിൽ ഏത്തവാഴയ്ക്കു പുറമേ കുടിവാഴകളും ആറ്റുതീരങ്ങളിൽ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും വാഴകൃഷി ചെയ്യുന്നു.

എന്നിരുന്നാലും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഴക്കുലകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. തികച്ചും കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള വാഴകൃഷിയാണിതിനു കാരണം. ചേന, കാച്ചിൽ, ചെറുകിഴങ്ങ്, ചേമ്പ് മുതലായ കിഴങ്ങുവർഗ്ഗങ്ങം ഒരു കാലത്ത് മല്ലപ്പള്ളി ചന്തയിൽ സുലഭമായിരുന്നെങ്കിൽ ഇന്ന് അവസ്ഥയതല്ല. വർഷത്തിൽ ചില സമയങ്ങളിലെങ്കിലും ഇവയ്ക്ക് അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

പച്ചക്കറികൃഷിയുടെ അളവുകുറഞ്ഞത് ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്. ഒരു കാലത്ത് ഈ ഗ്രാമത്തിൽ കരപുരയിടങ്ങളിലും വേനൽക്കാലത്ത് വയലുകളിലും പാവൽ, പയർ, വെണ്ട, പടവലം, ചീര, വഴുതന, തുടങ്ങിയ പച്ചക്കറികം എല്ലാം തന്നെ കൃഷി ചെയ്തു വന്നിരുന്നു. എന്നാൽ വർദ്ധിച്ചു വന്ന കീടരോഗശല്യങ്ങളും ഉല്പന്നത്തിന്റെ വിലക്കുറവും, സ്ഥലത്തിന്റെ ദൗർബല്യവും ജലക്ഷാമവും ഈ കൃഷിയെ മന്ദീഭവിപ്പിച്ചു. ഉല്പാദനം കുറഞ്ഞതിന്റെ ഫലമായി ഇന്നാട്ടുകാരുടെ ആവശ്യം നിലനിറവേറ്റുന്നതിന് തീർത്തും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. ജലസേചന സൗകര്യം ലഭ്യമാകുമെങ്കിൽ വേനൽക്കാല പച്ചക്കറി കൃഷിക്ക് ഇനിയും സാദ്ധ്യതകം ഉണ്ട്.

കശുമാവ്, പ്ലാവ്, ഓമ തുടങ്ങിയ ഫലവൃക്ഷങ്ങളം ഒന്നും തന്നെ മുൻകാലങ്ങളിലെപ്പോലെ കർഷകർ കൃഷി ചെയ്യുന്നില്ല. നല്ലയിനം മാവുകളം കൃഷിചെയ്തിരുന്ന കാലം ഓർമ്മകളിൽ മാത്രമാണ്. കശുമാവുകൃഷി ആദായമെങ്കിലും റബ്ബർ കൃഷിയുടെ വ്യാപനം ഈ കൃഷികളെയെല്ലാം കാര്യമായി ബാധിച്ചിട്ടുണ്ട്.

ലാഭകരമായി ചെയ്യാവുന്ന കൃഷികളാണ് കൊക്കോ, ജാതി, ഗ്രാമ്പൂ തുടങ്ങിയ നാണ്യവിളകളം. എന്നാൽ കൃഷിക്കാർ ഇതിലും വലിയ താല്പര്യം കാണിക്കുന്നില്ല. താരതമ്യേന കുറഞ്ഞ ചെലവിൽ കൃഷി ചെയ്യാവുന്ന കൊക്കോ പോലും എലി, അണ്ണാൻ ഇവയുടെ ഉപദ്രവം മൂലം കർഷകർ കൈയ്യൊഴിഞ്ഞ മട്ടാണ്. കുറഞ്ഞ സംരക്ഷണം മതിയെന്നുള്ളതായിരിക്കാം ചില കർഷകർ തേക്ക്, മാഞ്ചിയം തുടങ്ങിയ വൃക്ഷവിളകളിൽ ശ്രദ്ധിച്ചു കാണുന്നു. മഹാഗണി, ആഞ്ഞിലി ഇവയും ഈ പട്ടികയിൽ പെടും.

ഒരു കാലത്ത് ഈ ഗ്രാമത്തിലെ കർഷകരുടെ പ്രധാന വരുമാനം ആയിരുന്ന കുരുമുളക് കൃഷി ഇന്ന് അപ്രത്യക്ഷമായി വരുന്നു. ദ്രുതവാട്ട രോഗം മൂലവും വേനൽമൂലവും മിക്ക കൃഷിയിടങ്ങളിലേയും കുരുമുളകു കൃഷി വർഷംതോറും അപ്രത്യക്ഷമായി വരുന്നു. രോഗ നിയന്ത്രണം സാദ്ധ്യമാണെങ്കിലും കീടകുമിളം നാശിനികളം, സസ്യസംരക്ഷണ ഉപകരണങ്ങളം ഇവയുടെ വിലക്കൂടുതലും തൊഴിലാളികളുടെ അഭാവവും ഇന്നും കുരുമുളകു കർഷകരുടെ നേരെ ചോദ്യചിഹ്നമായി നില്ക്കുന്നു. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളും ലഭ്യമല്ല.

## കൃഷി വിളകളുടെ ഭൂവിനിയോഗം

| ക്രമ നമ്പർ | വിളകൾ | കൃഷിയിടം (ഹെക്ടർ) | ഭൂമിയുടെ ശതമാനം (ഹെക്ടറിൽ) | ഉല്പാദന ക്ഷമത |
|---|---|---|---|---|
| 1 | നെല്ല്(ഒന്നാംവിള) | 8.00 | 0.50 | 2900Kg. |
| 2 | നെല്ല്(രണ്ടാംവിള) | 40.00 | 2.50 | 3200 Kg |
| 3 | നെല്ല്(മൂന്നാംവിള) | 20.00 | 1.25 | 3500Kg. |
| 4 | പച്ചക്കറികൾ | 8.00 | .50 | |
| 5 | തെങ്ങ് | 350.00 | 21.96 | |
| 6 | വാഴ | 117.00 | 7.34 | 10080Kg. |
| 7 | മരച്ചീനി | 165.00 | 10.35 | 26MT. |
| 8 | കുരുമുളക് | 100.00 | 6.30 | 250Kg. |
| 9 | പ്ലാവ് | 4.00 | 0.25 | |
| 10 | കശുമാവ് | 2.50 | 0.16 | 800 '' |
| 11 | റബ്ബർ | 600.00 | 37.66 | 1250 '' |
| 12 | കൊക്കോ | 85.00 | 5.34 | 700 '' |
| 13 | ഇഞ്ചി | 4.00 | 0.25 | 3400 '' |
| 14 | മിശ്രവിളകൾ | 90.00 | 5.64 | 800 '' |
| | ആകെ | 1593.5 | 100.00 | |

## വളപ്രയോഗം - സസ്യ സംരക്ഷണം

ഈ പഞ്ചായത്തിലെ കർഷകർ വ്യാപകമായി രാസ വളങ്ങളും ജൈവവളങ്ങളും ഉപയോഗിച്ചു വരുന്നു. കോംപ്ലക്സ് വളങ്ങൾ, പൊട്ടാഷ്, യൂറിയ, മിക്സറുകൾ തുടങ്ങിയ രാസവളങ്ങൾ സ്വകാര്യ ഏജൻസികൾ വഴിയും സഹകരണ സംഘങ്ങൾ വഴിയും വിവിധ വാർഡുകളിൽ വില്പന നടത്തുന്നു. എല്ലു പൊടി, കൊഞ്ചുപൊടി തുടങ്ങിയ ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞു വരുന്നു. ചാണകവും ചാരവും ഉപയോഗിക്കുന്നുണ്ടെങ്കിലും പച്ചില വളത്തിന്റെ കാര്യത്തിൽ പരിമിതികൾ നിലനില് ക്കുന്നു. രാസവളത്തിന്റെ അമിതമായ വിലവർദ്ധനവ് അ തിന്റെ ഉപയോഗത്തെ കുറച്ചിട്ടുണ്ട്.

വിത്തിൽ തുടങ്ങി വിളയിൽ വരെ എല്ലാ കൃഷികൾ ക്കും കീടരോഗബാധ അനുഭവപ്പെടുന്നു. കീടനാശിനിക ളുടെ വില വർദ്ധനവു മൂലം മിക്ക കൃഷികൾക്കുമുള്ള സസ്യ സംരക്ഷണത്തിൽ കൃഷിക്കാർ വിമുഖത കാണിക്കുന്നു. മിക്ക കൃഷികളും ഉപേക്ഷിക്കുവാനുള്ള കാരണവും ഇതു തന്നെ. നെല്ല്, വാഴ, പച്ചക്കറി കൃഷി ഇവയിലാണ് കൂടുതലായി കീടരോഗ ബാധ അനുഭവപ്പെടുന്നത്. കീടനാശിനികളുടെ ശരിയായ ഉപയോഗത്തിൽ കർഷകർ നിഷ്കർഷ കാണി ക്കാറില്ല. തന്മൂലം പരിസ്ഥിതി പ്രശ്നം മാത്രമല്ല കാർഷിക ഉല്പന്നങ്ങളുടെ ഗുണനിലവാരത്തിലും പ്രകൃതിയിൽത്ത ന്നെയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഭക്ഷ്യ വസ്തുക്ക ളിലെ വിഷാംശം ആരോഗ്യരംഗത്ത് കടുത്ത ഭീഷണയായി തീർന്നിട്ടുണ്ട്.

പട്ടിക 3

### രാസവള കീടനാശിനി വിതരണ വിവരം

| ക്രമ നമ്പർ | ഏജൻസി | രാസവളം ഡിപ്പോ | കീടനാശിനി ഡിപ്പോ |
|---|---|---|---|
| 1 | സഹകരണ സംഘം | 4 | ഇല്ല |
| 2 | സ്വകാര്യ ഏജൻസി | 9 | 2 |
| | ആകെ | 13 | 2 |

### വിളകളും അവയുടെ രോഗങ്ങളും കീടങ്ങളും

| ക്രമ നമ്പർ | വിള | രോഗങ്ങളും കീടങ്ങളും |
|---|---|---|
| 1 | നെല്ല് | പോള ചീയൽ, കുലവാട്ടം, തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപുഴു, മുഞ്ഞ |
| 2 | തെങ്ങ് | കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലമഞ്ഞ ളിപ്പ്, ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി |
| 3 | വാഴ | കുറുനാമ്പ്, കോക്കാൻ, ചെല്ലി |
| 4 | പച്ചക്കറി | തണ്ടുചീയൽ, കായീച്ച, ഇലതീനിപ്പുഴു |
| 5 | ഇഞ്ചി | മൂടു ചീയൽ |
| 6 | റബ്ബർ | പട്ടമരപ്പ്, ചീക്ക, പൊടികുമിൾ |

## കൃഷിഭവൻ

1987 അവസാനത്തിൽ ഈ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിച്ചു. ഒരു കൃഷി ആഫീസറും 2 കൃഷി അസിസ്റ്റന്റുമാരും മാത്രമുള്ള സാഹചര്യത്തിൽ കാർഷികമേഖലയിൽ കൂടുതൽ പ്രവർത്തിക്കുന്നതിന് കൃഷിഭവന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടിയിരിക്കുന്നു. സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുകയെന്ന യാന്ത്രികമായ ജോലിയാണ് ഇന്ന് കൃഷിഭവൻ വഴി നടക്കുന്നത്. 1987-90 കാലത്ത് നടപ്പിലാക്കിയ ഗ്രൂപ്പ് ഫാമിംഗ് കാർഷിക രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കിയിരുന്നു. പിന്നീട് ഈ പരിപാടി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കർഷക പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന കാർഷികവികസന സമിതി കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കർഷകർ പരമാവധി കൃഷിഭവന്റെ സേവനം പ്രയോജന പ്പെടുത്തുന്നു. കൃഷി അസി:ഡയറക്ടറുടെ ആഫീസ് പ്രവർത്തിക്കുന്നതും ഈ പഞ്ചായത്തിലാണ്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ രണ്ടു സ്ഥാപനങ്ങൾക്കും സ്വന്തം കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു.

## തൊഴിൽ ലഭ്യത

കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞുകാണുന്നു. തൊഴിലവസരങ്ങളുടെ കുറവല്ല, മറിച്ച് കൂടുതൽ ആദായകരമായ മറ്റു തൊഴിലുകളുടെ ലഭ്യതയാണിതിനു കാരണം. പരമ്പരാഗതമായി പാടത്തും പറമ്പിലും പണിയെടുത്തു വന്നിരുന്നവരുടെ പുതിയ തലമുറ കാർഷിക തൊഴിലാളിയാകുവാൻ വിമുഖരാണ്. ഇതു കൃഷിപണിയെ സാരമായി ബാധിക്കുന്നു. ഈ കുറവു പരിഹരിക്കുവാൻ യന്ത്രവൽക്കരണത്തിലേക്കു ശ്രദ്ധിക്കേണ്ടതുണ്ട്. ട്രാക്ടർ, ട്രില്ലർ, സസ്യ സംരക്ഷണ ഉപകരണങ്ങൾ ഇവയൊക്കെ കുറഞ്ഞ ചെലവിൽ കർഷകർക്കു ലഭ്യമാക്കണം. ട്രാക്ടർ, ട്രില്ലർ ഇവ വാങ്ങാൻ കൃഷിഭവൻ വഴി സഹായം നൽകുന്നുണ്ടെങ്കിലും അതു പ്രയോജന പ്പെടുത്താൻ ഭൂരി പക്ഷം കർഷകരും തയ്യാറാകുന്നില്ല.

## പാടശേഖര - കേരകർഷക സമിതികൾ

കൃഷിഭവന്റെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിൽ 4 പാടശേഖര നെല്ലുൽപാദക സമിതികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു.

നെൽകൃഷിമേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി കൈകാര്യം ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ഇവയുടെ ലക്ഷ്യം. എന്നാൽ ഇവയുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമായി ഇപ്പോൾ കാണുന്നില്ല.

ഇതിനു പുറമേ കേരവികസനം ലക്ഷ്യം വച്ചുകൊണ്ട് വാർഡുതലത്തിൽ പ്രവർത്തിക്കുന്ന 7 കേരസംരക്ഷണ സമിതികളും പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന ഒരു കേരവികസന സമിതിയും നിലവിലുണ്ട്. പഞ്ചായത്തു തല സമിതിയുടെ രൂപീകരണത്തോടെ വാർഡുതല സമിതികളുടെ പ്രവർത്തനം നിലച്ചു. കേര കർഷകർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കേരകൃഷി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും ഈ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## ഉരുക്കളും ഉപകരണങ്ങളും

| ഉഴവുമാട്/ പോത്ത് | ട്രാക്ടർ | ട്രില്ലർ | സ്പെയർ | പോർട്ട ബിൾ പമ്പ് സെറ്റ് | തെങ്ങ് കയറ്റ യന്ത്രം |
|---|---|---|---|---|---|
| 36 | ഇല്ല | 4 | 85 | 17 | 5 |

## നേഴ്സറികൾ

സ്വകാര്യ മേഖലയിൽ 7 നേഴ്സറികൾ നിലവിലുണ്ട്. ഇവിടെ നിന്നും നടീൽ വസ്തുക്കൾ വിതരണം നടത്തുന്നു.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചു കൃഷി നടത്തുന്ന പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾ

## പണി പൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതിയുടെ വിവരണം

| പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1. ജലധാരാ പദ്ധതി - ചാക്കമറ്റം ഏലായുടെ വികസനജോലികൾ | 93-94 | 93-94 | 4 ലക്ഷം |
| 2. പമ്പഴ തോടിന്റെ സംരക്ഷണവും ക്രോസ്ബാറിന്റെ നിർമാണവും | 93-94 | 93-94 | 0.96 ലക്ഷം |
| 3. വെള്ളപ്പൊക്ക ദുരിതാശ്വാസം പാറത്തോടിന്റെ മടവീണ ഭാഗത്തെ സംരക്ഷണജോലികൾ | 94-95 | 94-95 | 0.39 ലക്ഷം |

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| | |
|---|---|
| 1. നടുതോടിന്റെ പുനരുദ്ധാരണ ജോലികൾ മഞ്ഞത്താനം ഭാഗത്തെ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുന്ന ജോലികൾ | 4.00 ലക്ഷം |
| 2. പാറത്തോടിന്റെ സംരക്ഷണവും നിലവിലുള്ള ക്രോസ് ബാറിന്റെ സംരക്ഷണവും (ചാക്കമറ്റം ഏലയിൽ) | 4.00 ലക്ഷം |
| 3. കപ്പക്കുളത്തിന്റെ പുനരുദ്ധാരണ ജോലികൾ | 1.25 ലക്ഷം |
| 4. മണിമലയാറ്റിൽ കാവനാൽ കടവിൽ ചെക്ക് ഡാം നിർമ്മാണം | 55 ലക്ഷം |

പാടശേഖര പദ്ധതികളുടെ വിവരം

| നമ്പർ | പാടശേഖരസമിതിയുടെ പേര് | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | നിലവിലുള്ള കൃഷിരീതി |
|---|---|---|---|---|
| 1 | ചാക്കമറ്റംപാടം നെല്ലുൽപാദക സമിതി | 10 ഹെ | 27 | നെല്ല്/നെല്ല്/പയർ |
| 2 | കീഴ്വായ്പൂർപാടം നെല്ലുൽപാദക സമിതി | 15 ഹെ | 36 | നെല്ല്/നെല്ല്/പയർ |
| 3 | പരുത്തിപാലം പാടം നെല്ലുൽപാദക സമിതി | 10 ഹെ | 24 | നെല്ല്/നെല്ല്/പയർ |
| 4 | [illegible] പാടം നെല്ലുൽപാദക സമിതി | 20 ഹെ | 45 | നെല്ല്/പച്ചക്കറി |

പരിമിതങ്ങളാണ്. മൈനർ ഇറിഗേഷൻ വകുപ്പിന്റെ 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഉണ്ടെങ്കിലും ഇത് നെൽകൃഷിക്കുപോലും അപര്യാപ്തമാണ്.

## ജലസേചന പദ്ധതികളുടെ വിവരം

| നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | ദേവൻകര |
| 2 | കീഴ്വായ്പൂർ-1 |
| 3 | കീഴ്വായ്പൂർ-2 |

ഈ 3 ലിഫ്റ്റ് ഇറിഗേഷന്റെയും പ്രവർത്തനങ്ങൾ കുറെക്കൂടി ഫലവത്താക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നെൽകൃഷിക്കു മാത്രമാണ് ഇവ പ്രയോജനപ്പെടുന്നത്. ഇവയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചാൽ തെങ്ങ് തുടങ്ങിയ മറ്റ് വിളകൾക്കും ജലസേചനം സാദ്ധ്യമാകും.

## നിർദ്ദേശങ്ങൾ

1. കനാലുകളുടെ മെയിന്റനൻസ് കർഷക സമിതികളെ ഏൽപ്പിക്കുക.
2. കനാലുകളുടെ നീളം കൂട്ടുക
3. കൂടുതൽ ശക്തിയേറിയ പമ്പുസെറ്റുകൾ സ്ഥാപിക്കുക
4. ആറ്റിൽ നിന്നും എല്ലാ സമയവും ആവശ്യമായ ജലം ലഭിക്കുവാൻ പമ്പ് ഹൗസിന് താഴെയായി തടയണകൾ നിർമ്മിക്കുകയോ, ചെറിയ കിണറുകൾ നിർമ്മിക്കുകയോ ചെയ്യുക.
5. പമ്പ് സെറ്റ് മെയിന്റനൻസ് നടത്തുവാൻ മല്ലപ്പള്ളി ഓഫീസിൽ ജീവനക്കാരെ നിയമിക്കുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.

## ജലം മണ്ണ് സംരക്ഷണം

കുന്നുകളും ചരിവുകളും ഉള്ള ഈ ഗ്രാമപ്രദേശത്ത് വർഷകാലത്ത് ലഭിക്കുന്ന വെള്ളം ഒഴുകി പോവുകയും അതുവഴി മണ്ണൊലിപ്പ് ഉണ്ടാവുകയും ചെയ്യുന്നു. ജലാശയങ്ങൾ നികന്നു പോകുന്നതിന് ഇതു കാരണമാകുന്നു. ചരിവുസ്ഥലങ്ങളിൽ തടയണകൾ കെട്ടി വെള്ളം തടയുകയും കയ്യാലകൾ നിർമ്മിച്ച് നീരൊഴുക്കു നിയന്ത്രിക്കുകയും വേണം.

## കാർഷിക വായ്പകൾ

മൂന്ന് സഹകരണ ബാങ്കുകൾ ഉൾപ്പെടെ 9 ബാങ്കുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവ വഴിയായി ഉദാര പലിശയ്ക്ക് കാർഷിക വായ്പകൾ ലഭ്യമാക്കണം.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ പര്യാപ്തമല്ല.
2. തൊഴിൽ മേഖലയിൽ കൂടുതൽ വരുമാനമുള്ള ജോലികൾ തേടി കർഷകതൊഴിലാളികൾ പോകുന്നതുമൂലം കൃഷിപണിക്ക് തൊഴിലാളികളെ ലഭ്യമല്ല.
3. വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ ഇവയുടെ വിലക്കൂടുതൽ
4. മണ്ണൊലിപ്പു മൂലം മേൽമണ്ണ് നഷ്ടപ്പെടുന്നു
5. അത്യുല്പാദന ശേഷിയുള്ള വിവിധ വിളകൾക്കുള്ള നടീൽ വസ്തുക്കളുടെ അഭാവം
6. നാമമാത്രമായിട്ടെങ്കിലും ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് അർഹമായ വില കർഷകർക്കു ലഭിക്കുന്നില്ല.
7. മണ്ണുപരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടത്തുവാൻ സാധിക്കുന്നില്ല. അശാസ്ത്രീയമായ വളപ്രയോഗം മണ്ണിന്റെ ഗുണത്തെ പ്രതികൂലമായി ബാധിക്കുന്നു
8. ഭക്ഷ്യവിളകൾ കൃഷിചെയ്തിരുന്ന ഭൂമി നാണ്യവിളകൾ കൈയ്യടക്കിയതിനാൽ ഭക്ഷ്യോല്പാദനം കുറയുന്നു.
9. തുണ്ടുതുണ്ടായിട്ടുള്ള ഭൂമിയും സാമ്പത്തിക ബുദ്ധിമുട്ടും യന്ത്രവൽക്കരണത്തെ ബാധിക്കുന്നു.
10. ശാസ്ത്രീയ കൃഷി മുറകളുടെ അഭാവം
11. തെങ്ങിനും നെല്ലിനും മറ്റും ഉണ്ടാകുന്ന കീടരോഗബാധ
12. നെൽപാടങ്ങൾ മറ്റു കൃഷിക്കുപയോഗിക്കുന്ന പ്രവണത.

## നിർദ്ദേശങ്ങൾ

1. മണിമലയാറ്റിൽ ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക്ഡാം നിർമ്മിച്ച് ജലം സംഭരിക്കുകയും അതു വഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കാര്യക്ഷമമാക്കുകയും ചെയ്യുക.
2. മല്ലപ്പള്ളി പുഞ്ചയിൽ നിന്ന് 1100 മീറ്റർ നീളം വരുന്ന ജലനിർഗ്ഗമനത്തോട് (മണിമലയാറ്റിലേക്കുള്ളത്) 2 മീറ്റർ ആഴത്തിൽ കുഴിച്ച് വശങ്ങൾ കെട്ടി നീരൊഴുക്ക് സുഗമമാക്കുക. ഇതുമൂലം ഉദ്ദേശം 45 ഏക്കർ പുഞ്ച കൃഷി നടത്തുവാൻ കഴിയും. കൂടുതൽ നിലത്തിൽ ഇരുപ്പുകൃഷി നടത്തുകയും ചെയ്യാം
3. 4-ാം വാർഡിൽ മഞ്ഞത്താനം പാടത്ത് നിലവിലുള്ള കപ്പക്കുളം വലിപ്പപ്പെടുത്തുകയും ആഴം കൂട്ടുകയും ചെയ്ത് വെള്ളം സംഭരിക്കുക. ഇതു മൂലം ചുറ്റുപാടുമുള്ള മുണ്ടകൻ നെൽകൃഷിക്ക് ജലസേചനം സമയത്തു നടത്തുവാൻ കഴിയും.
4. പെരുമ്പ്രാമാവ് പാറത്തോട്ടിൽ ചെറുതും വലുതുമായ ചെക്കു ഡാമുകൾ നിർമ്മിച്ച് സമീപപ്രദേശങ്ങളിലെ നിലത്തിനും കരപുരയിടത്തിലും ജലസേചനത്തിനുപയോഗിക്കുക. ഇതു മൂലം കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിക്കും. ചെറിയ അളവിലെങ്കിലും വൈദ്യുതി ഉല്പാദന സാദ്ധ്യത യെക്കുറിച്ച് ആരായുകയും ചെയ്യണം.
5. കർഷകരുടെ കാർഷിക ഉപകരണങ്ങളുടെ കേടുപാടുകൾ പോക്കുക, കാർഷിക ഉപകരണങ്ങൾ വാടകയ്ക്കു ലഭ്യമാക്കുക ഇവ നടത്തുന്നതിനു വേണ്ടി ഒരു അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുക.
6. കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക. ഇതിലേക്ക് വാർഡ് തലത്തിൽ പ്രവർത്തിക്കുവാൻ ഓരോ കൃഷി അസിസ്റ്റന്റിനെ നിയമിക്കുക. വിജ്ഞാന വ്യാപനത്തിനു വേണ്ടി ഒരു കൃഷി ഓഫീസറെ നിയമിക്കുക. പെട്ടെന്നു കൃഷിഭവനുമായി ബന്ധപ്പെടുന്നതിന് കൃഷി ഭവനിൽ ടെലിഫോൺ സൗകര്യം ഉണ്ടാക്കുക. നല്ല രീതിയിൽ പ്രവർത്തിക്കുന്ന കൃഷി ഉദ്യോഗസ്ഥരെ ആദരിക്കുക.
7. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കാർഷിക ക്ലബുകൾ തുടങ്ങുക. ഇതുമൂലം വിവിധ കർഷകർ തമ്മിൽ കൂട്ടായ ചർച്ചയും ആശയവിനിമയവും ലഭിക്കും.
8. കാറ്റുമൂലം റബ്ബർ പിടർന്നു പോകുന്നതു തടയാൻ ആഴമുള്ള കുഴികളിൽ റബ്ബർ നടുന്നതു നന്നായിരിക്കും. ഇത്തരം കുഴികൾ വേഗത്തിൽ നിർമ്മിക്കുന്നതിനുള്ള മെഷീൻ ലഭ്യമാക്കുക.
9. ഓരോ വാർഡിലും റബ്ബർ പാൽ സംഭരണ കേന്ദ്രങ്ങൾ തുറക്കുക.
10. പഞ്ചായത്തിന്റെ ചുമതലയിൽ പച്ചക്കറി സംഭരണ വിപണന കേന്ദ്രം ആരംഭിക്കുക. ഇതുമൂലം മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും കർഷകർ രക്ഷപെടുന്നു.
11. മല്ലപ്പള്ളി പഞ്ചായത്തിൽ അവശേഷിക്കുന്ന ആറ്റുമട്ടയും കരിങ്കൽ കെട്ടി കൃഷി സ്ഥലം സംരക്ഷിക്കുക.
12. 5-ാം വാർഡിൽ മണിമലയാറ്റിൽ ചീരാക്കുന്ന് അമ്പുങ്കയത്തിലും, 1-ാം വാർഡിൽ വടക്കൻകടവിനു താഴെയും പുതിയതായി ഓരോ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. ഇതു മൂലം ആറ്റുതീരത്തെ ജലസേചനം സാധിക്കുകയും നാളികേര ഉല്പാദനം കൂടുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുകയും ചെയ്യും.
13. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്ക് സോയിൽ കൺസർവേഷൻ ഓഫീസ് മല്ലപ്പള്ളിയിൽ സ്ഥാപിക്കുക.
14. പരുത്തിപ്പാലം പാടത്തുകൂടി ലിഫ്റ്റ് ഇറിഗേഷൻ വ്യാപിപ്പിക്കുക. ഇതു സാദ്ധ്യമാകാത്തപക്ഷം പരുത്തിപാലം പാടത്തുതന്നെ കുളം നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക. ഒപ്പം പനവേലിക്കുന്ന് കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക.
15. തേനീച്ച വളർത്തൽ ആദായകരമായ കൃഷി ആയതിനാൽ കർഷകർക്ക് തേനീച്ച വളർത്തലിൽ പരിശീലനവും പെട്ടികളും ഈച്ചകളേയും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
16. ആധുനിക ശാസ്ത്രീയ കൃഷിമുറകൾ കർഷകർക്കു യഥാസമയം ലഭ്യമാക്കുക. ഇതിലേക്ക് പഞ്ചായത്തുതലത്തിൽ പരിശീലന സൗകര്യങ്ങൾ ഉണ്ടാക്കുക.
17. രാസവളങ്ങളും രാസകീടനാശിനികളും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ ജീവാണുവളം, ജൈവകീടനാശിനികൾ ഇവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുക.
18. വിള ഇൻഷ്വറൻസ് പദ്ധതി സൗജന്യമായി നടപ്പാക്കുക.
19. എലിനശീകരണത്തിന് സമഗ്രമായ ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക. ഇതിലേക്ക് സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കുക.
20. സസ്യസംരക്ഷണ ഉപകരണങ്ങൾ മറ്റു കാർഷിക മെഷിനറികൾ ഇവ സൗജന്യ നിരക്കിൽ ലഭ്യമാക്കുകയും ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്യുക.
21. റബ്ബർ കൃഷിയിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം റബ്ബർ കർഷകർക്ക് പ്രശ്നം സൃഷ്ടിക്കുന്നു. ഇതിലേക്ക് തദ്ദേശിയരായ യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുക.
22. ദേവൽകര പമ്പ് ഹൗസിലേക്കുള്ള വഴി കഴിഞ്ഞ 6 വർഷമായി മെയിന്റനൻസ് നടത്തുന്നില്ല. അടിയന്തിരമായി വഴി മണ്ണിട്ടു നികത്തി നന്നാക്കുകയും ആറ്റുതീരത്ത് ഒരു കുളിക്കടവ് കെട്ടുകയും ചെയ്യുക.
23. കർഷകന് സമൂഹത്തിൽ മാന്യത ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത് പ്രദേശത്തെ കർഷക പ്രതിനിധികളെ ആദരിക്കുക. ഇതിനോടനുബന്ധിച്ച് കർഷകമേള, വിള മത്സരം, കാർഷിക പ്രദർശനം, മുതലായവ പഞ്ചായത്തു തലത്തിൽ നടത്തുക.
24. സാദ്ധ്യമായ മുഴുവൻ സ്ഥലങ്ങളിലും പച്ചക്കറികൃഷി നടത്തുക. മുണ്ടകൻ നെൽകൃഷി കഴിഞ്ഞ് പാടത്ത് പച്ചക്കറി കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
25. ആവശ്യമായ നടീൽ വസ്തുക്കൾ എല്ലാം തന്നെ തദ്ദേശിയമായി ഉണ്ടാക്കി വിതരണം നടത്തുക. ഇതിലേക്ക് കൂടുതൽ നേഴ്സറികൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും പ്രോത്സാഹനങ്ങൾ നൽകുക. ഇതു വഴി തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നു.
26. കേരവികസന സമിതി കൂടുതൽ കേരകർഷകരെ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കുക. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു യഥാസമയം നടപ്പിലാക്കുക.
27. കാർഷിക വായ്പ നൽകുന്ന കാര്യത്തിൽ ധനകാര്യസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു. ഉദാരമായ വ്യവസ്ഥയിൽ കർഷകർക്ക് യഥാസമയം കാർഷിക വായ്പകൾ ലഭ്യമാക്കണം.

# മൃഗസംരക്ഷണം



മല്ലപ്പള്ളി പഞ്ചായത്തിന്റെ സമഗ്രവികസന പദ്ധതിയിൽ മൃഗസംരക്ഷണ മേഖലയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. മുൻകാലങ്ങളിൽ നിരവധി കുടുംബങ്ങൾ കൃഷിയും കന്നുകാലി വളർത്തലും, ആടുവളർത്തലും മുഖ്യ തൊഴിലായി സ്വീകരിച്ചു പോന്നിരുന്നു. ആദായകരമായി കന്നുകാലി വളർത്തലിൽ ഏർപ്പെടുവാൻ പല വൈഷമ്യങ്ങളും നേരിടുന്നതിനാൽ കർഷകർ ഇപ്പോൾ കന്നുകാലിവളർത്തലിൽ കൂടുതൽ താൽപര്യം കാണിക്കുന്നില്ല. ഈ വൈഷമ്യങ്ങളെ തരണം ചെയ്യുന്നതിന് ആസൂത്രിതമായി ഈ മേഖലയിൽ മൃഗസംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചാൽ കർഷകർ ഈ മേഖലയിലേക്ക് കൂടുതലായി ആകർഷിക്കപ്പെടുമെന്നുള്ളതിന് സംശയമില്ല.

പശു, ആട്, എരുമ എന്നിവയാണ് കൂടുതലായി വളർത്തുന്നത്. മുൻകാലങ്ങളിൽ കാളകളെയും പോത്തുകളെയും കർഷകർ ധാരാളമായി വളർത്തിയിരുന്നു. കാർഷിക രംഗത്ത് യന്ത്രവത്ക്കരണം വന്നതോടുകൂടി ഉഴവുകാളകളുടെയും പോത്തുകളുടേയും എണ്ണത്തിൽ ഗണ്യമായ കുറവു വന്നു. വളർത്തു മൃഗങ്ങളിൽ ഭൂരിഭാഗവും അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളാണ്. ആടുവളർത്തലിൽ കർഷകർക്ക് താൽപര്യമുണ്ടെങ്കിലും വിപുലമായ തോതിൽ വളർത്തുന്നില്ല.

## മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

മല്ലപ്പള്ളി ബ്ലോക്കിന്റെ കീഴിൽ വെറ്റിനറി ഡിസ്പെൻസറി കം എ. ഐ. സെന്ററായി 19/10/1959 ൽ പ്രവർത്തനം ആരംഭിച്ചു. ഈ കാലയളവിൽ സങ്കരയിനം വിത്തു കാളകളെയും പോത്തുകളെയും ആശുപത്രിയിൽ വളർത്തുകയും ബീജം ശേഖരിച്ച് മല്ലപ്പള്ളി താലൂക്കിലുള്ള ബീജസങ്കലന ഉപകേന്ദ്രങ്ങളിൽ ബീജസങ്കലനത്തിന് ഉപയോഗിച്ചു വന്നു. ശീതീകരിച്ച സെമന്റെ ആവിർഭാവത്തോടുകൂടി ഈ വിത്തു കാളകളെയും പോത്തുകളെയും ഇവിടെ നിന്നു മാറ്റുകയും ചെയ്തു. 9-7-1987 മുതൽ സ്ഥാപനം മൃഗാശുപത്രിയായി ഉയർത്തി. 17-8-1987 മുതൽ മൃഗാശുപത്രിയിൽ സീനിയർ വെറ്റിനറി സർജന്റെ തസ്തിക അനുവദിച്ച് പ്രവർത്തനം തുടരുകയാണ്. മൃഗാശുപത്രി സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രിക്ക് സ്വന്തമായി 30 7/8 സെന്റ് സ്ഥലം കൈവശമുണ്ട്. മൃഗാശുപത്രിയിൽ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡർ, ഒരു സ്വീപ്പർ ജോലിനോക്കുന്നു. മല്ലപ്പള്ളിയിൽ RAIC ഓഫീസും ക്ഷീരവികസന ആഫീസും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഉള്ള കർഷകർ മൃഗചികിത്സക്കായി മൃഗാശുപത്രിയിലെത്തുന്നു. മല്ലപ്പള്ളി പഞ്ചായത്തിൽ കീഴ്വായ്പൂര് മണ്ണുംപുറം എന്ന സ്ഥലത്ത് പ്രാദേശിക ബീജസങ്കലന ആഫീസിന്റെ കീഴിൽ ഒരു കൃത്രിമ ബീജസങ്കലന ഉപകേന്ദ്രം കൂടി പ്രവർത്തിക്കുന്നുണ്ട്. ഉപകേന്ദ്രത്തിനു സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്ന പരിപാടി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

1995-96 സാമ്പത്തിക വർഷം മൃഗാശുപത്രിയിൽ 928 പശുക്കൾക്ക് ബീജസങ്കലനം നടത്തിയിട്ടുണ്ട്. പേവിഷ നിർമാർജ്ജന പദ്ധതിപ്രകാരം 250 നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പു നടത്തി. ഈ പഞ്ചായത്ത് പ്രദേശത്ത് കാലികളിൽ പ്രധാനമായി കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പു രോഗം, ഉദരരോഗം എന്നിവയാണ്. മൃഗസംരക്ഷണ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്വകാര്യ മേഖലയിൽ ഒരു എഗ്ഗർ നേഴ്സറി പ്രവർത്തിച്ചു വരുന്നു. എല്ലാ വീടുകളിലും കോഴിവളർത്തലുണ്ടെങ്കിലും പഞ്ചായത്തിന്റെ ആഭ്യന്തര ഉപയോഗത്തിനുള്ള മുട്ട ഉൽപാദനം നടക്കുന്നില്ല. അതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്നും സ്വകാര്യ ഏജൻസികൾ വഴി വരുന്ന മുട്ടകളെ ആശ്രയിക്കേണ്ടിവരുന്നു. മുട്ടയുൽപാദനത്തിനും മാംസോൽപാദനത്തിനും സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി മുട്ടക്കോഴിവളർത്തൽ, ബ്രോയിലർ കോഴി വളർത്തൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.മുയൽ വളർത്തൽ, കാട വളർത്തൽ, പന്നിവളർത്തൽ ഇവയിൽ കർഷകർ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

## ക്ഷീരവികസന പ്രവർത്തനങ്ങൾ

പ്രകൃതിയിൽ ഇന്ന് ലഭ്യമായ ഏക സമ്പൂർണ്ണാഹാരമായ പാൽ യഥേഷ്ടം ഉല്പാദിപ്പിക്കേണ്ടതും ഓരോ പൗരനും ആവശ്യാനുസരണം എത്തിച്ചുകൊടുക്കേണ്ടതും ഒരു ക്ഷേമരാഷ്ട്രത്തിന്റെ കർത്തവ്യമാണ്. കാർഷിക മേഖലയുടെ പുരോഗതിക്കും, വരും തലമുറയുടെ ആരോഗ്യസംരക്ഷണത്തിനും, സാധാരണക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും പാലുല്പാദനം ആദായകരമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടിയിരിക്കുന്നു. അല്പാത്തപക്ഷം കേരളം കഠിനമായ പാൽക്ഷാമത്തിനിരയാവുകയും അന്യസംസ്ഥാനങ്ങളിൽ നിന്നും അമിതവിലയ്ക്കിറക്കുമതി ചെയ്യുന്ന പാൽ വരേണ്യവർഗ്ഗത്തിനു മാത്രമ പ്രാപ്യമായ അമൂല്യ വസ്തുവായി മാറുകയും ചെയ്യും.

### വിവിധ പദ്ധതികൾ

1. തീറ്റപ്പുൽകൃഷി

ആദായകരമായ ക്ഷീരോല്പാദനത്തിന് തീറ്റപ്പുൽ കൃഷി ചെയ്യുക എന്നതല്ലാതെ മറ്റു ചെപ്പടി വിദ്യകൾ ഒന്നും തന്നെയില്ല. പുൽക്കൃഷി തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി കോംഗോസിഗ്നൽ, ഗിനി, പുൽ - പയർ മിശ്രിതം എന്നിവയുടെ വിത്തുകൾ, ഈ പുല്ലുകളുടെയും ഹൈബ്രിഡ് നേപ്പിയറിന്റെയും കടകൾ, സ്റ്റൈലോ സാന്തസ്, വൻപയർ, മക്കച്ചോളം ഇവയുടെ വിത്തുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും കൃഷിക്കാവശ്യമായ രാസവളം നല്കുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

എന്നാൽ റബ്ബറും മറ്റ് നാണ്യവിളകളും മാത്രം കൃഷി ചെയ്യുന്നതിൽ താല്പര്യം കാണിക്കുന്ന കർഷകർക്ക് മേൽ കൃഷികളോടൊപ്പം തന്നെ ചെയ്യാവുന്ന രീതിയിൽ പുൽക്കൃഷി പദ്ധതികൾക്ക് വ്യത്യാസം വരുത്തി നടപ്പാക്കാം.

റബ്ബർ കൃഷിയുടെ ആദ്യത്തെ 3 വർഷം റബ്ബറിനിടയിൽ പുൽക്കൃഷി ചെയ്യുന്നതിന് സബ്സിഡി അനുവദിക്കുക, റബ്ബർ ബോർഡ് അംഗീകരിക്കുന്ന ആവരണ വിളകളായ പ്യൂറേറിയ, കൽപ്പഗോണിയം, സെൻട്രോസീമ ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക, കയ്യാലകളിലും പറമ്പിന്റെ അതിരുകളിലും പുൽക്കൃഷി ചെയ്ത് അത് മീറ്റർ കണക്കിൽ അളന്ന് ധനസഹായം കൊടുക്കുക എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്ലോട്ടുകളായുള്ള പുൽക്കൃഷിക്കു പുറമേ മേൽ പുൽക്കൃഷി രീതികൾക്കും ധനസഹായം നല്കേണ്ടിയിരിക്കുന്നു.

2. കാലിവളർത്തൽ

കാലിവളർത്തൽ ഇന്ന് നഷ്ടത്തിൽ നിന്നും നഷ്ടത്തിലേയ്ക്ക് പോവുന്നത് കാലിത്തീറ്റയായി ലഭിക്കുന്ന സാന്ദ്രിതാഹാരത്തിന്റെ അനിയന്ത്രിതമായ വില വർദ്ധനമൂലമാണ്. കർഷകർ ഈ രംഗത്തു നിന്നും കൂട്ടത്തോടെ പിൻമാറിക്കൊണ്ടിരിക്കുന്നു. കാലിത്തീറ്റയ്ക്ക് റേഷൻ സമ്പ്രദായം ഏർപ്പെടുത്തുകയോ സംഘം മുഖേന പാലളക്കുന്ന കർഷകന് ഉല്പാദിപ്പിക്കുന്ന പാലിന്റെ തോതനുസരിച്ച് സബ്സിഡി അനുവദിക്കുകയോ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്.

3. കന്നുകുട്ടി വളർത്തൽ കേന്ദ്രം

ഓരോ പഞ്ചായത്തിലും പശുക്കുട്ടികളെ വളർത്തിയെടുക്കുന്ന ഒരു യൂണിറ്റ് എങ്കിലും സ്ഥാപിച്ചാൽ നല്ല വർഗ്ഗ ഗുണമുള്ള പശുക്കളെ കിട്ടാനില്ലാത്തതിന്റെ കുറവു പരിഹരിക്കാം. ഇതിനായി നല്ല വർഗ്ഗ ഗുണമുള്ള തള്ളപശുക്കളെ ഗർഭാവസ്ഥയിലേക്ക് തെരഞ്ഞെടുത്ത് അവയുടെ കിടാക്കളെ ദത്തെടുക്കേണ്ടിയിരിക്കുന്നു. അങ്ങനെ 5 കിടാക്കളടുങ്ങുന്ന 1 യൂണിറ്റിന് ധനസഹായം അനുവദിക്കുകയും ഈ യൂണിറ്റിലെ കിടാങ്ങൾക്ക് നിർബന്ധ ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും കാലിത്തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ ഇവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും വേണം.

4. പശുക്കറവയ്ക്ക് പരിശീലനം

ഓരോ ക്ഷീരസംഘത്തിന്റെയും ആവശ്യമനുസരിച്ച് ഒന്നോ അതിലധികമോ യുവാക്കളെ തെരഞ്ഞെടുത്ത് ക്ഷീരവികസന വകുപ്പ് മുഖാന്തിരം ശാസ്ത്രീയമായ പശുക്കറവയിൽ ട്രെയിനിംഗ് കൊടുത്ത് വീടുകളിലെത്തി പശുക്കളെ കറന്നു കൊടുക്കുന്നതിനായി നിയോഗിക്കുന്ന ഒരു പദ്ധതിയാണിത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സൈക്കിൾ വാങ്ങുന്നതിന് സബ്സിഡി നല്കാവുന്നതാണ്.

5. സഞ്ചരിക്കുന്ന വർഗ്ഗോദ്ധാരണ കേന്ദ്രങ്ങൾ

കൃത്രിമ ബീജധാന സൗകര്യമില്ലാത്ത സ്ഥലങ്ങളിലെ ക്ഷീരസംഘങ്ങൾ മുഖേന സംഘം സ്റ്റാഫിനോ അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട ഒരാളിനോ പരിശീലനം നല്കി വീടുകളിൽ ചെന്ന് പശുക്കളെ കുത്തിവയ്ക്കുന്നതിനായി നിയോഗിക്കുക. പശുക്കളെ നടത്തിക്കൊണ്ടു പോവുന്നതിനുള്ള ബുദ്ധിമുട്ടു പരിഹരിക്കുന്നതിനോടൊപ്പം സമയത്തി

ന് പശുക്കൾക്ക് കൃത്രിമബീജധാനം നടത്താൻ പറ്റുന്നു എന്ന നേട്ടവും ഉണ്ട്.

6. ഡയറി യൂണിറ്റിലൂടെ സ്വയം തൊഴിൽ

2 കറവപ്പശുക്കളടങ്ങുന്ന ഒരു യൂണിറ്റ് നടത്താൻ 30,000 രൂപ ബാങ്കു വായ്പയോടുകൂടി അതിന്റെ പലിശ സബ്സിഡിയായി കൊടുക്കുന്ന ഒരു പദ്ധതി

7. മാതൃകാ കാലിത്തൊഴുത്ത്

ശാസ്ത്രീയ സംവിധാനങ്ങളോടെ കാലിത്തൊഴുത്ത് പണിയുന്നതിന് 3000 രൂപ വീതം ധനസഹായം അനുവദിക്കുന്ന ഒരു പദ്ധതി.

8. മാതൃകാ ഡയറി യൂണിറ്റ്

3 കറവപ്പശു, മാതൃകാതൊഴുത്ത്, പുൽക്കൃഷി, ജല സേചന സൗകര്യം ഇവയുള്ള യൂണിറ്റ് നടത്തുന്നയാൾക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി.

9. വൈക്കോൽ സംഭരണ വിതരണം - ക്ഷീരസംഘം മുഖേന

വൈക്കോൽ ധാരാളമുള്ള സമയത്ത് ക്ഷീരസംഘം വൈക്കോൽ വാങ്ങി ശേഖരിച്ചു വച്ച് ക്ഷീരകർഷകർക്ക് എല്ലാ സമയത്തും ആവശ്യാനുസരണം ലഭ്യമാക്കണം. സംഘം സ്വന്തം ചെലവിൽ സംഭരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിയാൽ വൈക്കോൽ വാങ്ങുന്നതിന് വർക്കിംഗ് ക്യാപ്പിറ്റലായി 10000 രൂപ വരെ അനുവദിക്കാവുന്നതാണ്.

10. ധാതുലവണ മിശ്രിതം

ഒരു ക്ഷീരകർഷകന് 10kg വീതം 50% നിരക്കിൽ 200-300 കർഷകർക്ക് സംഘം മുഖേന വിതരണം ചെയ്യുക.

11. വിറ്റാമിൻ സപ്ലിമെന്റ് വിതരണം

1 കർഷകന് 1 ലിറ്റർ വീതം പാൽ പകുതി വിലയ്ക്ക് ഒരു വർഷം 200-300 കർഷകർക്ക് വിതരണം ചെയ്യുക.

12. കർഷക സമ്പർക്ക പരിപാടി

ലാകേരമായ ക്ഷീരോല്പാദനം ഉൾപ്പെടെ പശുവളർത്തലിന്റെ വിവിധ വശങ്ങളെക്കുറിച്ച് കർഷകർക്ക് വേണ്ട അറിവു നല്കുന്നതിനായി കർഷക സമ്പർക്ക പരിപാടി ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

13. ക്ഷീരോല്പന്ന നിർമ്മാണ പരിശീലന ക്ലാസ്

പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുക വഴി സ്ത്രീകൾക്ക് സ്വയം തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും സഹായകമാകത്തക്ക വിധത്തിൽ ക്ഷീരോല്പന്ന നിർമ്മാണ കർഷകർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് പരിശീലനം നല്കുന്നതിനായി ക്ലാസുകൾ സംഘടിപ്പിക്കുക.

14. കന്നുകാലി പ്രദർശനം

നല്ലയിനം പശുക്കളെ ശാസ്ത്രീയമായി വളർത്തി മികവു തെളിയിക്കുന്ന കർഷകർക്ക് ഒരംഗീകാരം നല്കുന്നതിനോടൊപ്പം മികച്ച, വർഗ്ഗഗുണമുള്ള, ഉല്പാദന ശേഷി കൂടിയ പശുക്കളെ കാണുന്നതിനുള്ള ഒരവസരം കൂടി പ്രദാനം ചെയ്യാൻ കന്നുകാലി പ്രദർശന മത്സരത്തിനു സാധിക്കുന്നു.

15. ശുദ്ധമായ പാലുല്പാദന കിറ്റുകളുടെയും പാത്രങ്ങളുടെയും വിതരണം.

വൃത്തിയില്ലാത്ത തൊഴുത്തുകളും കറവക്കാരന്റെ വൃത്തിഹീനമായ കൈകളും പശുക്കളിൽ അകിടുവീക്കം, കുളമ്പു രോഗം തുടങ്ങിയ രോഗങ്ങൾ പരത്തുന്നു. ഇതിനൊരു പരിഹാരമായി തൊഴുത്തു കഴുകുന്നതിനുള്ള ലോഷൻ, അകിടും കറവക്കാരന്റെ കൈകളും വൃത്തിയാക്കുന്നതിനുള്ള പൊട്ടാസ്യം പെർമാൻഗനേറ്റ് ഇവയടങ്ങിയ കിറ്റുകളും കറവയ്ക്കുപയോഗിക്കാനുള്ള പാത്രങ്ങളും സംഘങ്ങൾ വഴി കർഷകന് സൗജന്യ നിരക്കിൽ വിതരണം ചെയ്യാവുന്നതാണ്.

16. ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകൾ

ഗ്രാമീണ വനിതകൾക്ക് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നല്കിയശേഷം 4 പേർ വീതമുള്ള ഗ്രൂപ്പിന് ഓരോ യൂണിറ്റ് അനുവദിക്കുക. തൈര്, പോക്കലേറ്റ്, പേഡ, സിപ്പ് അപ്പ്, ഗുലാബ് ജമുൻ, രസഗുള, സമോസ, പാലച്ചാർ തുടങ്ങിയ [illegible] ഉല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുക വഴി നല്ലൊരു വരുമാനം ലഭിക്കുന്ന തൊഴിൽ ഈ വനിതകൾക്ക് ലഭിക്കുന്നു എന്നതു കൂടാതെ പോഷക സമ്പുഷ്ടമായ ആഹാര പദാർത്ഥങ്ങൾ (പാലുല്പന്നങ്ങൾ) ലഭ്യമാക്കാം എന്നതും ഈ പദ്ധതിയുടെ നേട്ടമാണ്.

17. അംഗൻവാടി, പ്രൈമറിതലത്തിലുള്ള വിദ്യാർത്ഥികൾക്ക് പാലുല്പന്നങ്ങൾ വിതരണം ചെയ്യുക.

വളരുന്ന തലമുറയുടെ, പ്രത്യേകിച്ചും സാധാരണക്കാരായ കുട്ടികളുടെ ആരോഗ്യപരിപാലനം മുൻ നിർത്തി അംഗൻവാടി, പ്രൈമറി തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകളുടെ ചുമതലയിൽ പാലും പാലുല്പന്നങ്ങളും വിതരണം ചെയ്യുക. അതിനുള്ള ധനസഹായം നല്കുക.

18. പുറമ്പോക്ക് സ്ഥലത്ത് പുൽക്കൃഷി

കൃഷിഭൂമിയുടെ ദൗർലഭ്യവും പോഷകസമ്പുഷ്ടമായ തീറ്റപ്പുല്ലിന്റെ ആവശ്യകതയും പരിഗണിച്ച് ഓരോ പഞ്ചായത്തിലേയും പുറമ്പോക്കു സ്ഥലങ്ങളിൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് അതാതു പ്രദേശത്തെ ക്ഷീരസംഘത്തെയോ തൽപരരായ കർഷകരെയോ ചുമതലപ്പെടുത്തുക. അവിടെ നിന്നും വെട്ടിവിൽക്കുന്ന പുല്ലിന്റെ വിലയുടെ 10% പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

19. ക്ഷീരസംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം നൽകുക

ക്ഷീരസംഘങ്ങൾക്ക് കെട്ടിടം വയ്ക്കുന്നതിന് മുഖ്യ പരിഗണന നൽകുക.

20. പാരമ്പര്യേതര ഊർജ്ജോൽപാദനം

ഇന്ധനക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

21. പ്രത്യേക പുൽക്കൃഷി പദ്ധതി

തെങ്ങിൻ തോപ്പുകളിലോ അല്ലാതെയോ ഒരു ഹെക്ടർ സ്ഥലത്ത് തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 15,000 രൂപ വീതം (സ്ഥലം ഒരുക്കൽ, കൂലിചെലവ്, വിത്ത്, വളം, ജലസേചന സൗകര്യം ഒരുക്കൽ) ക്ഷീരസംഘങ്ങൾക്കോ വ്യക്തികൾക്കോ ധനസഹായം അനുവദിക്കുക.

22. യൂറിയാ ചേർത്ത് വൈക്കോൽ സമ്പുഷ്ടീകരണം

പോഷകരഹിതമായ വൈക്കോൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

23. പശുക്കളുടെ ഇൻഷ്വറൻസ്

ഒരു നിശ്ചിത പ്രായം മുതൽ പ്രത്യേകിച്ച് കറവപ്പശുക്കൾക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി നേരിട്ട് ബന്ധപ്പെട്ട് കുറഞ്ഞ നിരക്ക് അനുവദിക്കുന്നതിന് ധനസഹായം അനുവദിക്കുക.

24. പാൽ വില്പന തൊഴിലായി സ്വീകരിക്കാൻ ധനസഹായം

ഓരോ വാർഡിലും 1 വീതം എങ്കിലും പാൽ വില്പന തൊഴിലായി സ്വീകരിക്കുന്നതിന് സൈക്കിൾ, ക്യാൻ, ലിറ്റർ സെറ്റ് എന്നിവ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുക.

25. പഠനയാത്രകൾ

ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് നല്ല ഫാമുകൾ, പുൽമേടുകൾ, കാലിത്തീറ്റ ഫാക്ടറി എന്നിവ സന്ദർശിക്കുന്നതിനായി പഠനയാത്ര സംഘടിപ്പിക്കുക. ഇതുവഴി ശാസ്ത്രീയമായ കന്നുകാലി വളർത്തൽ രീതികൾ മനസ്സിലാക്കുന്നതിനു സാധിക്കും.

26. ക്ഷീരസംഘങ്ങൾക്ക് ധനസഹായം

ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന്, ഫർണിച്ചർ വാങ്ങുന്നതിന്, പാൽപരിശോധന ഉപകരണങ്ങൾ, ടെസ്റ്റിംഗിനുള്ള രാസവസ്തുക്കൾ, ഫ്രിഡ്ജ്, ഫ്രീസർ, കൂളർ, ക്രീം സെപ്പറേറ്റർ എന്നിവ വാങ്ങുന്നതിനുള്ള ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി എന്നിവയ്ക്ക് നിലവിലുള്ള നിരക്കിൽ സബ്സിഡി അനുവദിക്കുക.

27. ചില്ലിംഗ് പ്ലാന്റ്

മല്ലപ്പള്ളി ബ്ലോക്കിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാല് നിലവിൽ പത്തനംതിട്ടയിലുള്ള ചില്ലിംഗ് പ്ലാന്റിലാണ്. ഇതിനാൽ ക്ഷീരസംഘങ്ങൾക്ക് പല വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകുന്നു. മല്ലപ്പള്ളി ബ്ലോക്കിൽ തന്നെ 25 ക്ഷീരസംഘങ്ങൾ ഉണ്ട്. ഇവ വഴി പ്രതിദിനം 7000 ലിറ്ററിലധികം പാൽ ശേഖരിച്ചു വരുന്നു. അതിനാൽ 10000 ലിറ്ററെങ്കിലും കപ്പാസിറ്റിയുള്ള ഒരു ചില്ലിംഗ് പ്ലാന്റ് മല്ലപ്പള്ളി ആസ്ഥാനമായി സ്ഥാപിക്കേണ്ടിയിരിക്കുന്നു.

28. ചെറിയ പശുക്കളുടെ വളർത്തൽ

ഉല്പാദന ശേഷി കൂടിയ വലിയ പശുക്കളെ വളർത്തുന്നതിനുള്ള ബാധ്യത ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടുള്ള കർഷകരെ ക്ഷീരോല്പാദന രംഗത്തു പിടിച്ചു നിർത്താൻ തീറ്റച്ചെലവു കുറഞ്ഞ സാമാന്യം പാലുല്പാദന ശേഷിയുള്ള വെല്ലൂർ പശുക്കളെ കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് വിതരണം ചെയ്യുക.

## മൃഗസംരക്ഷണ മേഖലയിൽ കാണുന്ന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യം, അനിയന്ത്രിതമായ വില, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം
2. ക്ഷീരകർഷകന് കിട്ടുന്ന പാൽ വില ഉൽപാദന ചിലവിന് അനുസൃതമല്ല.
3. നല്ല പശുക്കളെ വാങ്ങുന്നതിനുള്ള സാമ്പത്തിക പരാധീനത.
4. ക്ഷീര വിപണനത്തിനുള്ള സൗകര്യം പല വാർഡുകളിലും ലഭ്യമല്ല.
5. പഞ്ചായത്തു തലത്തിൽ സമഗ്ര പേ വിഷ ബാധാ നിയന്ത്രണത്തിന്റെ ആസൂത്രിതമായ തുടർപരിപാടിയുടെ അഭാവം.
6. അശാസ്ത്രീയമായ മാംസോൽപാദന വിപണന രീതികൾ
7. മൃഗസംരക്ഷണ മേഖലയിൽ കുറഞ്ഞ വനിതാ പങ്കാളിത്തം.
8. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ / സാധ്യതകൾ

1. മൃഗാശുപത്രിയുടെ സേവനം വിപുലപ്പെടുത്തുക. മല്ലപ്പള്ളി താലൂക്കിൽ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രി ഒരു വെറ്റിനറി പോളി ക്ലിനിക്ക് ആക്കി കൂടുതൽ മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. കൂടാതെ കർഷകരുടെ വീട്ടിൽ മൃഗാശുപത്രിയുടെ സേവനങ്ങൾ ലഭിക്കുന്നതിനു വേണ്ടി മൃഗാശുപത്രിയിൽ വാഹനസൗകര്യം ഏർപ്പെടുത്തുക. ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
2. വർഗ്ഗോദ്ധാരണത്തിനു വേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ വിവിധ വാർഡുകളിൽ ആരംഭിക്കുക.
3. ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ കർഷകർക്കു പ്രാപ്യമായ രീതിയിൽ പുനർ ആസൂത്രണം ചെയ്യുക. പാലിന് അർഹമായ വില കർഷകന് ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
4. പഞ്ചായത്ത് വക പുറമ്പോക്കു സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കു വേണ്ടി ലേല വ്യവസ്ഥകൾ ഉപയോഗിക്കുക.
5. സമഗ്ര പേവിഷ നിയന്ത്രണം പഞ്ചായത്തിൽ ഏർപ്പെടുത്തുക. പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പ് നല്കുകയും ലൈസൻസിങ് സമ്പ്രദായം നടപ്പിൽ വരുത്തുകയും ചെയ്യുക.
6. കറവ മാടകൾക്കുണ്ടാകുന്ന അകിടുവീക്കത്തിനുള്ള ചികിത്സാ മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രത്യേകം പദ്ധതി നടപ്പിലാക്കുക.
7. പഞ്ചായത്തിലേക്ക് ആവശ്യമുള്ള മുട്ട, മാംസം ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
8. പഞ്ചായത്തിൽ അംഗീകൃത അറവുശാല സ്ഥാപിക്കുക.
9. കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
10. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
11. കാലി വളർത്തലിനും കോഴിവളർത്തലിനും കൂടുതൽ ഉദാരമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

നടപ്പു പദ്ധതികൾ - പോരായ്മകൾ - വേണ്ടമാറ്റങ്ങൾ

1. പ്രത്യേക കന്നു കുട്ടി പരിപാലന പദ്ധതി

ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്കു

## മല്ലപ്പള്ളി ബ്ലോക്കിലെ പഞ്ചായത്തു തിരിച്ചുള്ള പാലിന്റെ കണക്ക്

| പഞ്ചായത്ത് | സംഘം | പ്രവർത്തന മേഖല | സംഘം പ്രതിദിനം സംഭരിച്ച പാൽ | പ്രാദേശിക വില്പന | ഡയറി വില്പന | പഞ്ചായത്തിലെ ആകെ പാൽ ഉല്പാദനം |
|---|---|---|---|---|---|---|
| മല്ലപ്പള്ളി | കൊറ്റൻകുടി | 6,7 വാർഡുകൾ | 262 | 10 | 252 | |
| | നാരകത്താനി | 8,9 | 220 | 18 | 202 | |
| | മല്ലപ്പള്ളി ഈസ്റ്റ് | 4,5 | 131 | 36 | 95 | |
| | മല്ലപ്പള്ളി പടിയാരം | 1,2 | 126 | 11 | 105 | |
| | സംഘം ഇല്ലാത്ത വാർഡ് | 3 | | | | |
| | | | 739 | 75 | 654 | 6718 |

മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ ഇനം സങ്കരയിനം പശുക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിത്തീറ്റയുടെ വിലവർദ്ധനയനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. പേവിഷ നിർമ്മാർജ്ജന പദ്ധതി

പ്രതിരോധ കുത്തിവെയ്പ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലുള്ള എല്ലാ നായ്ക്കളെയും നിർബന്ധ കുത്തിവെയ്പിന് വിധേയമാക്കണം. കൂടാതെ ലൈസൻസ് സമ്പ്രദായം കർശനമായി നടപ്പിൽ വരുത്തുകയും വേണം. ലൈസൻസ് ഇല്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. കുത്തിവെയ്പിനുള്ള വാക്സിൻ പകുതി വിലക്കോ സൗജന്യമായോ നൽകുക.

3. ആടുവളർത്തൽ പദ്ധതി

നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക. സോഷ്യൽ ഫോറസ്ട്രി പദ്ധതി പ്രകാരം നല്ല തീറ്റക്കു വേണ്ട പ്ലാവില, സുബാബുൾ, മുതലായവ കൂടുതൽ കൃഷിചെയ്യുന്നതിന് വേണ്ട പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

4. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

തീറ്റയുടെയും കോഴിക്കുഞ്ഞുങ്ങളുടെയും അമിതമായ വിലയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. നല്ലയിനം കോഴികുഞ്ഞുങ്ങളെയും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്തു തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണസംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

5. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. ചെറുകിട നാമമാത്രകർഷകരെയും, കർഷകതൊഴിലാളികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. മൂന്നു പശുക്കൾ അടങ്ങുന്ന ഒരു യൂണിറ്റ് വീതം ആരംഭിക്കുന്നതിന് സാമ്പത്തികസഹായം കൂടി നൽകാവുന്നതാണ്. വനിത സംരംഭകർക്കുള്ള പശുവളർത്തൽ മഹിളാ സംഘങ്ങൾ വഴി നടത്താവുന്നതാണ്. കൂടാതെ, ഇറച്ചി കോഴി വളർത്തൽ യൂണിറ്റ് വിപണന കേന്ദ്രങ്ങൾ വനിതകളുടെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

മൃഗസംരക്ഷണമേഖലയിൽ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ വനിതകളെ ഈ രംഗത്തേയ്ക്കു കൊണ്ടു വരിക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉല്പാദിപ്പിക്കുക, പേവിഷ നിയന്ത്രണ പദ്ധതി ജനപങ്കാളിത്തത്തോടു നടപ്പിലാക്കുക എന്നിവയായിരിക്കണം മൃഗസംരക്ഷണ മേഖലയിൽ ഊന്നൽ നൽകേണ്ട പദ്ധതികൾ, 2000 ആണ്ടിൽ പാൽ, മാംസം, മുട്ട, എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തിച്ചേരുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നുള്ളതായിരിക്കണം ലക്ഷ്യം.

# മത്സ്യബന്ധനം

## സാദ്ധ്യതകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കപ്പക്കുളത്തിലും (4-ാം വാർഡ്) എഴുവള്ളിചാൽ (5-ാം വാർഡ്) ചാലുങ്കൽ ചാലിലും (6-ാം വാർഡ് ) നെയ്തേലിൽ ചാലിലും (വാർഡ് 8) എന്നിവിടങ്ങളിൽ മത്സ്യ കൃഷിയ്ക്ക് ആവശ്യമായ ഒരു സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കുക.

പഞ്ചായത്തിന്റെ 8,9 വാർഡുകളിൽ കൂടി കടന്നു പോകുന്ന പാറത്തോടിൻ ചെക്കു ഡാം നിർമ്മിച്ചാൽ മത്സ്യ വളർത്തു കേന്ദ്രം ഉണ്ടാക്കാവുന്നതാണ്.

മണിമലയാറ്റിലും തോടുകളിലും തോട്ടാ ഉപയോഗിച്ചും മറ്റു വിഷ വസ്തുക്കളുപയോഗിച്ചും മത്സ്യം പിടിക്കുന്നതും മത്സ്യ സമ്പത്ത് നശിപ്പിക്കുന്നതും നിരോധിക്കണം.

പദ്ധതികളും കഴിയുന്തോറും തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നതായാണു കാണുന്നത്. തൊഴിലില്ലാത്തവരിൽ തന്നെ നാൽപതു ശതമാനം അഭ്യസ്തവിദ്യരാണ്. എല്ലാവർക്കും സർക്കാർ ജോലി എന്ന സങ്കൽപം കാലഹരണപ്പെട്ടു കഴിഞ്ഞു.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് മല്ലപ്പള്ളി. പൊതുമേഖലയിലും സഹകാര്യ മേഖലയിലും വൻകിട വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. 1980 ൽ വ്യവസായ വകുപ്പ് ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടക്കത്തിൽ വിജയമായിരുന്നുവെങ്കിലും ഇന്ന് അടഞ്ഞു കിടക്കുന്ന വാതിലുകളാണ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കൂടുതലുള്ളത്.

ഇവിടെ താഴെ പറയുന്ന യൂണിറ്റുകളാണ് ആരംഭിച്ചത്.

1. മിനോലാക് പെയ്ന്റ്സ്
2. പാറയിൽ ഓയിൽ മിൽ
3. ഫ്രണ്ട്സ് എഞ്ചിനിയറിംങ് വർക്സ്
4. യുണൈറ്റഡ് റബ്ബർ വർക്സ്
5. രമാ ഷീറ്റ് പ്രിന്റിംങ്ങ്
6. ദീപാ റബ്ബർ പ്രൊഡക്ട്സ്
7. മിനി മെറ്റൽ ഇൻഡസ്ട്രീസ്

ഇതിൽ മൂന്നു യൂണിറ്റുകളും മാത്രം പ്രവർത്തിക്കുന്നു. ബാക്കി നാലും അടച്ചു പൂട്ടി.

പൂട്ടിക്കിടക്കുന്ന ഷെഡുകളും ഒഴിപ്പിച്ച് പുതിയ വ്യവസായ സംരംഭങ്ങളും ആരംഭിക്കേണ്ടിയിരിക്കുന്നു.

കൈത്തറി മേഖലയിൽ, വളരെ നൂതനമായ പദ്ധതികളോടു കൂടി ആരംഭിച്ചതാണ് ഹാൻഡ്ലൂം കൈത്തറി സൊസൈറ്റി, മുരണി. 110 പട്ടികജാതിക്കാർക്ക് പ്രകടമായ തൊഴിൽ ലക്ഷ്യമാക്കി ആരംഭിച്ച ഈ വ്യവസായ യൂണിറ്റ് പ്രവർത്തനരഹിതമായി കിടക്കുകയാണ്. സർക്കാരിന്റെ ഭാഗത്തു നിന്നും, സംഘത്തിന്റെ ഭാഗത്തുനിന്നും ഉള്ള വീഴ്ചകളും, പാളിച്ചകളും മനസ്സിലാക്കി പ്രവർത്തിച്ചാൽ, ധാരാളം പേർക്ക് തൊഴിൽ നൽകുന്ന ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റിയെടുക്കുവാൻ കഴിയും.

## വ്യവസായം



സഹകാര്യമേഖലയിൽ ഒന്നാം വാർഡിൽ 20 ലക്ഷം രൂപാ മുടക്കു മുതലിൽ 1985 ൽ പാരസറ്റാമോൾ ഉൽപ്പാദിപ്പിക്കുവാൻ ആരംഭിച്ച Alex Bros Chemical Corporation ഇന്ന് അടച്ചു പൂട്ടിയിരിക്കുകയാണ്. ഇത് പുനർജ്ജീവിക്കുവാൻ ബന്ധപ്പെട്ടവരിൽ നിന്നും നടപടികളും ഉണ്ടായാൽ ധാരാളം പേർക്ക് തൊഴിൽ നൽകുവാൻ കഴിയും.

ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്ന റബ്ബർ ബാൻഡ് നിർമ്മാണ യൂണിറ്റ്, IV-ാം വാർഡിൽ മഞ്ഞത്താനത്ത് 'സങ്കേതം' എന്ന പേരിൽ പ്രവർത്തിക്കുന്നു. സ്ത്രീകളാണ് നടത്തുന്ന ഈ യൂണിറ്റിൽ 10 സ്ത്രീകളാണ് ജോലി ചെയ്യുന്നു. ജില്ലാ വ്യവസായ കേന്ദ്രം ഇതിന് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നു.

P.V.C പൈപ്പ് നിർമ്മിക്കുന്ന അമൽ പ്ലാസ്റ്റിക്ക്

ഇൻഡസ്ട്രീസ് എന്ന സ്ഥാപനം IV-ാം വാർഡിൽ പ്രവർത്തിക്കുന്നു.

വനിതകളുടെ മേൽനോട്ടത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങം നിർമ്മിക്കുന്ന ധാരാളം യൂണിറ്റുകം ഉണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സും ഇവിടെയുണ്ട്.

### ചെറുകിട വ്യവസായങ്ങം ഒറ്റനോട്ടത്തിൽ

| വ്യവസായം | എണ്ണം |
|---|---|
| റബ്ബർ അധിഷ്ഠിതം | 6 |
| നെല്ല് പുഴുക്കിക്കുത്ത് | 1 |
| റൈസ് മില്ല് | 2 |
| എഞ്ചിനിയറിങ്ങ് | 4 |
| അലുമിനിയം ഫേബ്രിക്കേഷൻ | 1 |
| മൊസേക്ക് ടൈൽസ് | 2 |
| പ്രിന്റിങ്ങ് പ്രസ് | 4 |
| ഓഫ്സെറ്റ് പ്രിന്റിങ്ങ് | 2 |
| തടി വ്യവസായം | 12 |
| സോഡാ നിർമ്മാണം | 2 |
| ബേക്കറി യൂണിറ്റ് | 4 |
| P.V.C പൈപ്പ് നിർമ്മാണം | 1 |
| ഗാർമെന്റ് നിർമ്മാണം | 16 |
| ടയർ റീട്രേഡിംഗ് | 2 |

### പ്രശ്നങ്ങം

പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ല ഒരു വിപണി ഉണ്ടായിട്ടും വിപണനത്തിനാവശ്യമായ ഉൽപ്പന്നങ്ങളിൽ ഒരു ചെറിയ പങ്കെങ്കിലും ഉല്പാദിപ്പിക്കുവാൻ നമുക്ക് കഴിയുന്നില്ല. വ്യവസായ വളർച്ചയ്ക്കാവശ്യമായ അനുകൂല ഘടകങ്ങളായ, സാക്ഷകത, വാർത്താവിനിമയ സൗകര്യങ്ങം, ഗതാഗത സൗകര്യങ്ങം , ഉയർന്ന ഉപയോഗ നിലവാരം, സാമ്പത്തിക ശേഷി എന്നിവയെല്ലാം ഇവിടെയുണ്ട്. വിദേശമലയാളികം ഏറ്റവും കൂടുതൽ താമസിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണിത്. അവരെ വ്യവസായ മേഖലയിലേക്ക് കൊണ്ടു വരാനുള്ള ധാരാളം പദ്ധതികം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതൊക്കെയുണ്ടെങ്കിലും വ്യവസായ രംഗത്ത് വളർച്ച നേടാൻ കഴിയാതിരുന്നത് താഴെ പറയുന്ന കാരണങ്ങളാണ്.

1. വൈദ്യുതി ക്ഷാമവും, വോംട്ടേജ് കുറവും
2. വ്യവസായം തുടങ്ങാനാവശ്യമായ ഭൂമിയുടെ അമിതമായ വില
3. നിക്ഷേപങ്ങം ഏറെയുണ്ടെങ്കിലും വായ്പ നൽകുന്ന കാര്യത്തിൽ ബാങ്കുകം കാണിക്കുന്ന വിമുഖത
4. സാങ്കേതിക പരിജ്ഞാനകുറവ്
5. പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ പരിചയസമ്പന്നരുണ്ടെങ്കിലും അസംസ്കൃത വസ്തുക്കളുടെ കുറവ്
6. പുതിയ യൂണിറ്റുകം ആരംഭിക്കുവാൻ വേണ്ടി വരുന്ന നിയമനടപടി ക്രമങ്ങളുടെ ഊരാക്കുടുക്ക്.
7. ഉയർന്ന കൂലി നിരക്ക്

### കമ്പോള സാദ്ധ്യതയുള്ള ചെറുകിട വ്യവസായങ്ങം

1. ശാസ്ത്രീയമായ കോഴിവളർത്തൽ
2. മരം ഫർണിച്ചർ
3. പ്ലാസ്റ്റിക് പാത്രങ്ങം
4. ഫാൻസി ലതർ ഗുഡ്സ്, ലതർ പ്രോസസിംഗ്
5. സ്കൂം ബാഗുകം
6. പ്ലാസ്റ്റിക് ബട്ടൺസ്
7. അലങ്കാരപണി ചെയ്ത മരം കൊണ്ടുള്ള വീട്ടുപകരണങ്ങം
8. പേപ്പർ കവർ നിർമ്മാണം
9. ചിപ്സ് നിർമ്മാണം
10. ക്ലീനിംഗ് പൗഡർ

### പഞ്ചായത്തിൽ സാദ്ധ്യതയുള്ള റബ്ബർ അധിഷ്ഠിത വ്യവസായം

1. ത്രഡ് റബ്ബർ
2. റബ്ബർ പാൽ സംസ്കരണം
3. റബ്ബർ ഫോം മെത്തകം
4. റബ്ബർ ബാൻഡ്സ്
5. റബ്ബർ മാറ്റ്സ്
6. റബ്ബർ തടി സംസ്കരണം
7. റബ്ബർ തടി ഫർണിച്ചറുകം

### എഞ്ചിനിയറിംഗ് വ്യവസായത്തിലെ സാദ്ധ്യതകം

1. എഞ്ചിനിയറിംഗ് ലെയ്ത്ത്
2. ആണി നിർമ്മാണം
3. മുള്ളുകമ്പി നിർമ്മാണം
4. ഇരുമ്പു തൊട്ടികം
5. നട്ട് ബോംട്ട് നിർമ്മാണം

### ഖാദി മേഖല

ഖാദി മേഖലയിൽ നിരവധി ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങംക്ക് സാദ്ധ്യതയുണ്ട്. ഖാദി മേഖലയിലാരംഭിച്ച മല്ലപ്പള്ളി കാനിംഗ് സഹകരണ സംഘത്തിന്റെ മുശാരിക്കവലയിലുള്ള 25 സെന്റ് സ്ഥലം ഈ മേഖലയിലുള്ള ഏതെങ്കിലും വ്യവസായം തുടങ്ങുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

കെട്ടിട നിർമ്മാണത്തിന് പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന മരങ്ങളുടെ അമിതമായ വില വർദ്ധനയ്ക്ക് പരിഹാരം കാണാൻ കോൺക്രീറ്റിൽ തീർത്ത കെട്ടിട നിർമ്മാണ സാമഗ്രികം ഉപയോഗിക്കാവുന്നതാണ്. ഈ രംഗത്തുള്ള സാദ്ധ്യതകം കണക്കിലെടുത്ത് ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഒരു വ്യവസായം ആരംഭിക്കണം. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന മണലും പാറപ്പൊടിയും ഇതിനു വേണ്ടി പ്രയോജനപ്പെടുത്തുവാൻ കഴിയും.

## ഖാദി മേഖലയിൽ ആരംഭിക്കാവുന്ന ചില യൂണിറ്റുകൾ

1. കൊപ്രാ സംഭരണം
2. വെളിച്ചെണ്ണ നിർമ്മാണം
3. കന്നുകാലി തീറ്റ
4. ചിപ്സ്, അച്ചാർ, കറിപൗഡർ
5. പാക്കിംഗ് കേസ്
6. റബ്ബർ ഫോം മെത്തകൾ
7. കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാധനങ്ങൾ
8. പഴങ്ങൾ കൊണ്ടുള്ള ജാമുകൾ

## സഹകരണ മേഖലയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിതാ സഹകരണ സംഘം | 1. | പൂക്കളുടെ വ്യവസായം |
| | 2. | തയ്യൽ, ഗാർമെന്റ്സ് |
| | 3. | കറിപൗഡർ, അച്ചാർ |
| | 4. | ബാഗ് റെയിൻകോട്ട് നിർമ്മാണം |
| | 5. | കുടി നിർമ്മാണം |
| ജനറൽ | 1. | സിമന്റുകൊണ്ടുള്ള വാതിൽ ജനൽ നിർമ്മാണം |
| | 2. | ഇഷ്ടിക നിർമ്മാണം |
| | 3. | കോഴിവളർത്തൽ |
| | 4. | കന്നുകാലി ഫാം |
| | 5. | തേനീച്ച വളർത്തൽ |
| | 6. | സോളാർ ലൈറ്റുകളുടെ പ്ലേറ്റുകളും അനുബന്ധ ഉപകരണങ്ങളും |
| | 7. | കൂടത്തൈ ഉല്പാദനം |
| | 8. | ഡി. റ്റി. പി. |
| | 9. | കംപ്യൂട്ടർ സോഫ്റ്റ് വെയർ യൂണിറ്റ്. |
| പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം | 1. | പായ് നെയ്ത്ത് |
| | 2. | കുട്ട, പനമ്പ് നിർമ്മാണം |
| | 3. | ചൂരൽ ഉല്പന്നങ്ങൾ |
| | 4. | പാറമട (മെറ്റൽ, കല്ല്) |
| | 5. | മണൽ വാരൽ |

## വൈദ്യുതി

വ്യവസായ വളർച്ചയ്ക്ക് ഏറ്റവും വിഘാതമായി നിൽക്കുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ മല്ലപ്പള്ളി 110 K.V സബ് സ്റ്റേഷൻ എത്രയും വേഗം പണി പൂർത്തിയാക്കണം

## ടൂറിസം

ടൂറിസത്തെ ഒരു വ്യവസായമായി സർക്കാർ അംഗീകരിച്ചിട്ടുണ്ടല്ലോ. ടൂറിസം വികസനത്തിന് താഴെപറയുന്ന പദ്ധതികൾക്ക് സാദ്ധ്യതയുണ്ട്.

1. 7,8,9 എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്ന പാറത്തോട്ടിൽ ചെറുതും വലുതുമായ ചെക്കുഡാമുകൾ നിർമ്മിച്ച് ടൂറിസത്തിനും വൈദ്യുതി ഉൽപാദനത്തിനും ഉതകുന്ന സ്കീം ആവിഷ്കരിക്കുക.
2. മല്ലപ്പള്ളി പുഞ്ചയിൽ ബോട്ടിംഗ് സൗകര്യം ഉണ്ടാക്കുക
3. 6-ാം വാർഡിൽ ചാലുങ്കലിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുക
4. 8-ാം വാർഡിൽ കീഴ്വായ്പൂര് പുഞ്ചയിൽ കളിപൊയ്ക നിർമ്മിക്കുക
5. കേരളത്തിലെ ശിവരാത്രി മഹോത്സവങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്ന മല്ലപ്പള്ളി ശിവരാത്രി മഹോത്സവം ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക വിധം വിപുലമായ പ്രചാരണം നല്കുക, ടൂറിസ്റ്റു മാപ്പിൽ ഇത് ഉൾപ്പെടുത്തുക
6. K.T.D.C. യുടെ വിശ്രമകേന്ദ്രം ആരംഭിക്കുക
7. മല്ലപ്പള്ളിയിൽ ഒരു ഗസ്റ്റ് ഹൗസ് ആരംഭിക്കുക

# വിദ്യാഭ്യാസം



ഒരു പ്രദേശത്തിന്റെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയിൽ വിദ്യാഭ്യാസത്തിന് നിർണ്ണായകമായ പങ്കാണുള്ളത്. വ്യക്തി വികസനത്തോടൊപ്പം തന്നെ സമൂഹത്തിന്റെ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി രൂപപ്പെടുത്തേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. എഴുത്തച്ഛന്മാർ എഴുത്തും വായനയും പഠിപ്പിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങളും പയ്യന്മുറകളും അഭ്യസിച്ചിരുന്ന കളരികളും ഉണ്ടായിരുന്ന കേരളത്തിൽ ആധുനിക വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത് ഇംഗ്ലീഷ് മിഷ്യനറിമാരുടെ വരവോടുകൂടിയാണ്.

1836 ലാണ് സി. എം. എസ്. മിഷ്യനറിമാർ ആദ്യമായി മല്ലപ്പള്ളിയിലെത്തിയത്. 1842-ൽ ആദ്യത്തെ ആംഗ്ലിക്കൻ ദേവാലയം മല്ലപ്പള്ളിയിൽ സ്ഥാപിതമായി. തദ്ദേശിയരിൽ നിന്നും ഒന്നാമത്തെ ആംഗ്ലേയ സഭോപട്ടക്കാരനായി തീർന്ന റവ. ജോർജ് മാത്തൻ മല്ലപ്പള്ളി സി. എം. എസ് പള്ളിയുടെ പട്ടക്കാരനായി 1847 ൽ ചാർജെടുത്തു . പിൽക്കാലത്ത് മല്ലപ്പള്ളിലച്ചൻ എന്ന പേരിൽ പ്രസിദ്ധനായി തീർന്ന ജോർജ് മാത്തൻ അച്ചന്റെ കാലത്താണ് ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. അച്ചന്റെ ബംഗ്ലാവിന്റെ വരാന്തയിലാണ് ആദ്യം നാല് കുട്ടികൾക്കായി ഇംഗ്ലീഷ് പഠനം ആരംഭിച്ചത്.

മല്ലപ്പള്ളിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിക്കുന്നതിന് മുമ്പു തന്നെ മറ്റു സ്ഥലങ്ങളിൽ പോയി ഇംഗ്ലീഷ് പഠനം നടത്തുന്നതിന് നമ്മുടെ പൂർവ്വികർ ശ്രമിച്ചിരുന്നു. വൈദികവൃത്തി ഉദ്ദേശിച്ച് കോട്ടയത്തെ സിറിയൻ സെമിനാരിയിൽ പഠനത്തിനെത്തിയ ഏതാനും യുവാക്കളാണ് മല്ലപ്പള്ളിയിൽ ആദ്യമായി ഇംഗ്ലീഷ് പഠനം നടത്തിയവർ. വാഴയിൽ ഇസഹാക്ക് ഇസഹാക്ക്, പയ്യമ്പള്ളിൽ ഇസഹാക്ക് വറുഗീസ്, വലിയ വീട്ടിൽ കുര്യൻ കുര്യൻ , പുത്തൂത്തറ ലൂക്കോസ് , പാലമിറ്റത്തു കുരുവിള, മാവേലിക്കരയിലെ പീറ്റ് സായിപ്പിന്റെ സ്കൂളിൽ പഠനം നടത്തിയ മുതുതോട്ടത്തു ചാക്കോ ചെറിയാൻ എന്നിവർ ആദ്യകാലത്തുതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച മല്ലപ്പള്ളിക്കാരിൽ ചിലരാണ്.

തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ച് അധികം താമസിയാതെ തന്നെ മല്ലപ്പള്ളിയിലും ഇംഗ്ലീഷ് പഠനം ആരംഭിച്ചു. 1854-ലാണ് മല്ലപ്പള്ളിയിലെ ആദ്യത്തെ സ്കൂളായ സി. എം. എസ്. മിഡിൽ സ്കൂൾ സ്ഥാപിതമായത്. തിരുവല്ലാതാലൂക്കിന്റെ കിഴക്കൻ മേഖലയിൽ പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ സ്ഥാപിതമായ ഏക ഇംഗ്ലീഷ് മിഡിൽ സ്കൂളായിരുന്നു ഇത്. മല്ലപ്പള്ളിയുടെ വിദ്യാഭ്യാസ പാരമ്പര്യത്തിന് അടിസ്ഥാനമിട്ടത് ഈ സ്കൂളാണ്. വട്ടശ്ശേരിൽ വല്യാശാൻ, ഈഴോംമുറിയിൽ ഇട്ട്യേരാ, മാറിള നൈനാൻ എന്നിവരുടെ നേതൃത്വത്തിൽ 1868 -ൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ചു. 1920-ൽ ഈ സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി.

ആദ്യകാലം മുതൽ തന്നെ ഇംഗ്ലീഷ് പഠനം നടത്തുന്നതിനും ഡിഗ്രി എടുക്കുന്നതിനും മല്ലപ്പള്ളിക്കാർ മുൻപന്തിയിലായിരുന്നു. ഡിഗ്രി എടുത്ത ധാരാളം നാട്ടുകാർ ഉണ്ടായിരുന്നതിനാൽ ബി. എ. ക്കാരുടെ നാട് എന്ന് മല്ലപ്പള്ളിക്ക് പേരുണ്ടായി. മല്ലപ്പള്ളിയിലെ ഒന്നാമത്തെ മെട്രിക്കുലേറ്റായ ഈഴോംമുറിയിൽ ഇട്ട്യേരാ, തിരുവിതാംകൂറിനു വെളിയിൽ ഉദ്യോഗം വഹിച്ച ആദ്യത്തെ മല്ലപ്പള്ളിക്കാരനായ പാലമിറ്റത്ത് കുരുവിള, ദീർഘ

കാലം തിരുവല്ല എസ്. സി. എസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ച പൗവ്വത്തിക്കുന്നേൽ പി. വി. വറുഗീസ് തുടങ്ങിയവർ ഇവിടുത്തെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകരിൽ ചിലരാണ്. മല്ലപ്പള്ളി പഞ്ചായത്തിലെ ആദ്യത്തെ എം.എ ക്കാരൻ പ്രൊ. ടൈറ്റസ് വർഗീസ്, വെള്ളിയാംപള്ളിൽ.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി 13 പ്രൈമറി വിദ്യാലയങ്ങളും കൂടി ഇവിടെ സ്ഥാപിതമായി. ഏതാണ്ട് ഒരു നൂറ്റാണ്ടിനടുത്ത് പഴക്കവും പാരമ്പര്യവും ഉള്ളവയാണ് നമ്മുടെ പ്രൈമറി വിദ്യാലയങ്ങൾ. കേരളത്തിലെ മറ്റേതെങ്കിലും ഒരു പഞ്ചായത്തിന് വിദ്യാഭ്യാസ രംഗത്ത് ഇത്രയും അഭിമാനാർഹമായ ഒരു പാരമ്പര്യമുണ്ടെന്ന് തോന്നുന്നില്ല.

സ്കൂളുകൾ ആരംഭിക്കുന്നതിന് ആദ്യകാലത്ത് നാം പ്രകടിപ്പിച്ച ശുഷ്കാന്തി കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാവുന്ന തരത്തിൽ നിലനിർത്താൻ നമുക്ക് സാധിച്ചില്ല എന്നതിന്റെ വ്യക്തമായ തെളിവാണ് 20-ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിലും പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ 14 സ്കൂളുകളായി ചുരുങ്ങിയിരിക്കുന്നത്.

മല്ലപ്പള്ളി പഞ്ചായത്തിൽ ഇപ്പോഴുള്ള 14 സ്കൂളുകളിൽ 2 എണ്ണം സർക്കാർ മേഖലയിലും 12 എണ്ണം സ്വകാര്യ എയ്ഡഡ് മേഖലയിലുമാണ്. ഒരു അംഗീകൃത അൺ എയ്ഡഡ് സ്കൂളും 5 നേഴ്സറി സ്കൂളുകളും ഒരു ഡേ കെയർ സെന്ററും ഇവിടെ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് അതിർത്തികൾക്കടുത്തു തന്നെ സമീപ പഞ്ചായത്തുകളുടെ സ്കൂളുകൾ പ്രവർത്തിക്കുന്നതിനാൽ പ്രൈമറി വിദ്യാഭ്യാസത്തിനായി ഇവിടത്തെ കുട്ടികൾക്ക്

## പട്ടിക 1

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | സ്ഥാപിച്ച വർഷം |
|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | 1854 |
| 2 | മുരണി .U.P.S. | 1890 |
| 3 | C.M.S.L.P.Sകീഴ്വായ്പൂർ -3 | 1897 |
| 4 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | 1904 |
| 5 | M.T.L.P.S. പരിയാരം | 1905 |
| 6 | Govt V..H.S.S കീഴ്വായ്പൂർ | 1911 |
| 7 | Govt U.P.S പരിയാരം | 1917 |
| 8 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | 1917 |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | 1917 |
| 10 | St. മേരീസ് L.P.S മല്ലപ്പള്ളി | 1920 |
| 11 | St. തോമസ് L.P.S പുതുശ്ശേരി | 1923 |
| 12 | C.M.S.L.P.S കിഴക്കേക്കര | 1923 |
| 13 | M.T.L.P.S കീഴ്വായ്പൂർ | 1924 |
| 14 | M.T.L.P.S ഈന്തനോലി | 1934 |

ഇത് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യ ലഭ്യതയുടെ സൂചിക യാണ്. കേരളം സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പു തന്നെ സമ്പൂർണ്ണ സാക്ഷരത കൈ വരിച്ച പഞ്ചായത്തുകളിലൊന്നാണ് മല്ലപ്പള്ളി. കീഴ്വായ്പൂരിൽ ഉണ്ടായിരുന്ന ഗവൺമെന്റ് യു. പി സ്കൂൾ 1967 ൽ ഹൈസ്കൂളായി ഉയർത്തുകയും 1990-ൽ ഇവിടെ വൊക്കേഷണൽ ഹയർ സെക്കൻഡറി ആരംഭിക്കുകയും ചെയ്തു.

ഈ പഞ്ചായത്തിലെ 700 ൽ പരം കുട്ടികൾ സമീപ പഞ്ചായത്തുകളിലെ സ്കൂളുകളിൽ പഠനം നടത്തുന്നുണ്ട്. ഏതാണ്ട് അത്രയും തന്നെ കുട്ടികൾ ഇവിടെയുള്ള അംഗീകൃതവും അംഗീകാരമില്ലാത്തതുമായ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വെണ്ണിക്കുളം തുടങ്ങിയ സ്ഥലങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠനം നടത്തുന്നുണ്ട്.

സാധാരണ സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്തതും പൊതു വിദ്യാലയങ്ങളുടെ നിലവാരത്തെപ്പറ്റിയുള്ള വിലയിരുത്തലുകളും ഇംഗ്ലീഷ് മീഡിയത്തോടു ള്ള രക്ഷകർത്താക്കളുടെ അമിതമായ അഭിനിവേശവും വാഹന സൗകര്യങ്ങളുടെ ലഭ്യതയുമൊക്കെയാകാം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ വിടാനുള്ള പ്രവണത വർദ്ധിക്കാൻ കാരണം.

96-97- ൽ നമ്മുടെ പഞ്ചായത്തിൽ പെട്ട സ്കൂളുകളിൽ 2438 കുട്ടികൾ പഠനം നടത്തുന്നുണ്ട്. ആകെ ആൺകുട്ടികളുടെ യും പെൺകുട്ടികളുടെയും എണ്ണത്തിൽ വലിയ അന്തരമില്ല. പട്ടികജാതി, പട്ടികവർഗ്ഗം, ദളിത് ക്രിസ്ത്യൻ എന്നീ വിഭാഗങ്ങളിൽ പെട്ട 500 ൽ പരം കുട്ടികളുണ്ട്. പഞ്ചായത്തിലെ മുഴുവൻ കുട്ടികളെയും സ്കൂളുകളിലെത്തിക്കുന്നതിനും, പ്രൈമറി തലത്തിൽ നിലനിർത്തുന്നതിനും കഴിയുന്നുണ്ട്. ഹൈസ്കൂൾ തലത്തിൽ 19 കുട്ടികൾ 95-96 ൽ പഠനം നിർത്തിയിട്ടുണ്ട്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികൾ കൂടുതലായി പോകാൻ തുടങ്ങിയതിനാൽ കുറച്ചു വർങ്ങളായി സാധാരണ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ 6 വർഷം കൊണ്ട് കുട്ടികളുടെ എണ്ണത്തിൽ 5% കുറവ് അനുഭവപ്പെട്ടു. സർക്കാർ കണക്കനുസരിച്ച് നമ്മുടെ പല സ്കൂളുകളും ആദായകരമല്ലാത്ത പട്ടികയിലേക്ക് താണു പോയിട്ടുണ്ട്. പൊതു വിദ്യാലയത്തിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

പാദ വാർഷിക പരീക്ഷയിലെ പൊതുനിലവാരം പരിശോധിച്ചാൽ എതാണ്ട് പകുതിയിലധികം കുട്ടികൾക്ക് 40% -ൽ താഴെ മാർക്കുകളാണ് ലഭിക്കുന്നതെന്നു കാണാം. സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്നവരുടെ എണ്ണവും പരിമിതമാണ്. പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കയും പഠന ബോധന തന്ത്രങ്ങളിൽ അനുയോജ്യമായ മാറ്റം വരുത്തി മെച്ചപ്പെട്ട പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

കഴിഞ്ഞ 4 വർഷങ്ങളിലെ S.S.L.C വിജയശതമാനം പരിശോധിച്ചാൽ പഠനനിലവാരം മെച്ചപ്പെട്ടുവരുന്ന തിന്റെ ചെറിയ സൂചനകൾ കാണാൻ കഴിയും. എന്നാൽ V.H.S..S ലെ വിജയ ശതമാനം 54-ൽ നിന്നും 95-96-ൽ 20.3% മായി കുത്തനെ താണു പോയതെന്താണെന്ന് പരിശോധിക്കേണ്ട താണ്. പഞ്ചായത്തിലെ 2 ഹൈസ്കൂളുകളിൽ നിന്നും 95-96 ൽ പരീക്ഷയെഴുതിയ 60% പരാജയപ്പെട്ടു.

അക്കാദമിക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ ഒരു വിദ്യാലയത്തിന്റെ നിലവാരം സൂചിപ്പിക്കുന്ന ഘടകങ്ങളാണ്.

95-96 ൽ ശരാശരി 193 അദ്ധ്യയനദിവസങ്ങളാണ് സ്കൂളുകൾക്ക് ലഭിച്ചത്. സാദ്ധ്യായ ദിവസങ്ങൾ വൻതോതിൽ ലഭ്യമായതുകൊണ്ടു മാത്രം പഠനനിലവാരം ഉയരില്ലെന്നും അതിനു ഒട്ടേറെ മറ്റു ഘടകങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നുമാണ് സാദ്ധ്യയ വർദ്ധന വിജയശതമാനത്തിൽ പ്രതിഫലിക്കാതിരുന്നതിൽ നിന്നും വ്യക്തമാകുന്നത്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാലയങ്ങളുടെ ഏറ്റവും വലിയ പോരായ്മയാണ്. ഏതാണ്ട് നൂറുവർഷത്തിനോടടുത്ത് പഴക്കമുള്ളതാണ് പല സ്കൂൾ കെട്ടിടങ്ങളും. ഇവ ആവശ്യമായ അറ്റകുറ്റപണികൾ യഥാസമയം നടത്തി സംരക്ഷിക്കപ്പെടുന്നില്ല. കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവ ഭൂരിപക്ഷം പ്രൈമറി സ്കൂളുകളിലും വേണ്ട വിധത്തിൽ ലഭ്യമല്ല. St..ഫിലോമിനാസ് സ്കൂളൊഴികെ മറ്റൊന്നിനും ചുറ്റുമതിലില്ല.

സ്കൂൾ വിദ്യാഭ്യാസത്തിനാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തന്നെ നമുക്കു ലഭിച്ചു കഴിഞ്ഞിരുന്നു. എന്നാൽ ഉന്നതവിദ്യാഭ്യാസവും പ്രൊഫഷണൽ വിദ്യാഭ്യാസവും നല്കുന്നതിനാവശ്യമായ സ്ഥാപനങ്ങളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിന് വേണ്ട വിധത്തിൽ മുന്നേറാൻ സാധിച്ചിട്ടില്ല. ഇത്രയും വിദ്യാഭ്യാസ പാരമ്പര്യമുള്ള മല്ലപ്പള്ളിയിൽ ഉപരിപഠനത്തിനായി ഒരു കോളജ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി, തിരുവല്ല, കോട്ടയം, കോഴഞ്ചേരി, തുരുത്തിക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് ഉപരിപഠനത്തിനായി പോകുന്നത്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമേ ഇവിടെയുള്ളു. 1990-ൽ കീഴ്വായ്പൂരിൽ ആരംഭിച്ച വൊക്കേഷനൽ ഹയർ സെക്കൻഡറിയും കമ്പ്യൂട്ടർ പഠനത്തിനായി അടുത്ത കാലത്ത് തുടങ്ങിയ ലാൽ ബഹാദൂർ ശാസ്ത്രി സെന്ററുമാണ് സർക്കാർ മേഖലയിൽ ഇവിടെയുള്ള സ്ഥാപനങ്ങൾ. 3 ടെക്നിക്കൽ സ്കൂളുകൾ (I.T.C) 3 ഡ്രൈവിംഗ് സ്കൂളുകൾ, 5 കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,ഒരു ചെയിൻ സർവേ സ്കൂൾ കുറച്ച് ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയാണ് സ്വകാര്യ മേഖലയിൽ ഇവിടെയുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങൾ. 3 അംഗനവാടികളും ഇവിടെ പ്രവർത്തിച്ചു വരുന്നു. താലൂക്ക് കേന്ദ്രം കൂടിയായ മല്ലപ്പള്ളിയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനുമായി കൂടുതൽ സ്ഥാപനങ്ങൾ അടിയന്തിരമായി തുടങ്ങേണ്ട താവശ്യമാണ്.

## 96-97 ലെ വിദ്യാർത്ഥികൾ അദ്ധ്യാപകർ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉടമ സ്ഥത | വിദ്യാർത്ഥികളുടെ എണ്ണം | | | പട്ടികജാതി പട്ടികവർഗ്ഗം ക്രിസ്ത്യൻ പേരുമർ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1 | C.M.S.H.S മല്ലപ്പള്ളി | സ്വകാര്യ എയ്ഡഡ് | 373 | 284 | 657 | 97 | 24 |
| 2 | Govt V..H.S.S കീഴ്വായ്പൂർ | Govt · | 210 | 216 | 426 | 119 | 21 |
| 3 | മുരണി .U.P.S. | സ്വകാര്യ എയ്ഡഡ് | | | 154 | | |
| 4 | Govt U.P.S പരിയാരം | Govt · | 34 | 32 | 66 | 10 | 4 |
| 5 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | സ്വകാര്യ എയ്ഡഡ് | 169 | 214 | 383 | 84 | 9 |
| 6 | St. തോമസ് L.P.S പുതുശ്ശേരി | '' | 23 | 43 | 66 | 10 | 4 |
| 7 | C.M.S.L.P.S കിഴക്കേക്കര | '' | 43 | 38 | 81 | 43 | 3 |
| 8 | M.T.L.P.S കീഴ്വായ്പൂർ | '' | 22 | 20 | 42 | 9 | 3 |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | '' | 41 | 30 | 71 | 14 | 3 |
| 10 | M.T.L.P.S ഈന്തനോലി | '' | 52 | 61 | 113 | 33 | 3 |
| 11 | M.T.L.P.S. പരിയാരം | '' | 52 | 41 | 93 | 20 | 4 |
| 12 | C.M.S.L.P.Sകീഴ്വായ്പൂർ -S | '' | 41 | 45 | 86 | 12 | 3 |
| 13 | St. മേരീസ് L.P.S മല്ലപ്പള്ളി | '' | 40 | 42 | 82 | 4 | 4 |
| 14 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | '' | | | 118 | 40 | 4 |
| | ആകെ | | | | 2438 | | |

കലാകായിക രംഗങ്ങളിൽ നമ്മുടെ വിദ്യാലയങ്ങൾ വേണ്ടത്ര നിലവാരം പുലർത്തുന്നതായി കാണുന്നില്ല. സബ് ജില്ലാത ലത്തിലും ജില്ലാതലത്തിലും അപൂർവ്വമായി ലഭിക്കുന്ന ചില സ്ഥാനങ്ങൾ മാത്രമാണ് കലാരംഗത്തെ നമ്മുടെ നേട്ടം. കായികരംഗത്തും നമ്മുടെ നേട്ടങ്ങൾ പരിമിതപ്പെട്ടു കൊണ്ടിരിക്കയാണ്. വോളിബോളിന്റെ ഈറ്റില്ലമായി ഒരു കാലത്ത് അറിയപ്പെട്ടിരുന്ന മല്ലപ്പള്ളി വോളിബോൾ രംഗത്ത് നേടിയെടുത്ത പ്രശസ്തിയും പാരമ്പര്യവും ഇന്ന് നമുക്ക് അന്യമായിക്കൊണ്ടിരിക്കയാണ്. വോളിബോളിൽ സംസ്ഥാന സ്കൂൾസ് ചാമ്പ്യൻഷിപ്പ് വരെ നേടിയിട്ടുള്ള മല്ലപ്പള്ളി C.M.S ഹൈസ്കൂളിന് ഇന്ന് ആ പാരമ്പര്യം നിലനിർത്താൻ കഴിയുന്നില്ല. 1952-ൽ റഷ്യ സന്ദർശിച്ച ഇന്ത്യൻ വോളിബോൾ ടീമിന്റെ വൈസ് ക്യാപ്റ്റനായിരുന്ന മല്ലപ്പള്ളി വർക്കി, 1966-ൽ ഷില്ലോങ്ങിൽ വച്ച് നടന്ന നാഷണൽ സ്കൂൾസ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന് ഇദം പ്രഥമമായി കിരീടം നേടിയ ടീമിന്റെ ക്യാപ്റ്റനായിരുന്ന N. വിശ്വനാഥൻ തുടങ്ങി നാഷണൽ സ്കൂൾസ് ടീമിലും കേരള സ്റ്റേറ്റിനും വേണ്ടി വോളിബോൾ കളിച്ച നിരവധിപേർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. വോളിബോൾ രംഗത്ത് മല്ലപ്പള്ളിക്കുണ്ടായിരുന്ന പഴയ പ്രതാപവും ആധിപത്യവും വീണ്ടെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സമഗ്രമായ ഒരു പദ്ധതി രൂപപ്പെടുത്തേണ്ടതാവശ്യമാണ്.

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും വർദ്ധിപ്പിച്ച് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പാഠ്യപാഠ്യാനുബന്ധരംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നവരെ ആദരിക്കുന്നതിനും നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനത്തിൽ സാമ്പത്തിക സഹായം നല്കുന്നതിനും പഞ്ചായത്തു തലത്തിൽ കൂടുതൽ നടപടികൾ ആവശ്യമാണ്. കായിക രംഗത്തെ മല്ലപ്പള്ളിയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഒരു പൊതു സ്റ്റേഡിയം അനിവാര്യമായിത്തീർന്നിരിക്കുകയാണ്.

ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ദ്വിതീയ വിവര ശേഖരത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## നിർദ്ദേശങ്ങൾ

1. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഓരോ L. P സ്കൂളിനോടും അനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക.
2. പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികളെടുക്കുന്നതിന് പ്രേരണകൾ നല്കുക.
3. സ്കൂളുകളിൽ പഠനത്തിനാവശ്യമായ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുക.
4. ലൈബ്രറി, ലാബോറട്ടറി ഇവ ഇല്ലാത്ത സ്കൂളുകളിൽ ആരംഭിക്കുന്നതിനും നിലവിലുള്ളതിനെ നവീകരിച്ച് കുട്ടികൾക്ക് ഉപയോഗയോഗ്യമാക്കുന്നതിനും വേണ്ട ശ്രമങ്ങൾ നടത്തുക.
5. കുടിവെള്ളം, വൈദ്യുതി, ഫർണിച്ചറുകൾ, മൂത്രപ്പുര, കക്കൂസ് എന്നിവ എല്ലാ സ്കൂളിനും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ജീർണ്ണാവസ്ഥയിലായ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി ബലപ്പെടുത്തുന്നതിനും ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾക്ക് അവ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
6. അപാകതകൾ പരിഹരിച്ച് ഉച്ചക്കഞ്ഞി വിതരണം ഫലപ്രദമായി നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യുക.
7. പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ നേട്ടങ്ങൾ കൈവരിക്കുന്നവർക്ക് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുകയും നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

### പഞ്ചായത്തിലെ സ്കൂളുകളിൽ 91 മുതൽ 96 വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | 595 | 571 | 590 | 640 | 615 | 657 |
| 2 | Govt V..H.S.S കീഴ്വായ്പൂര് | 409 | 398 | 396 | 379 | 351 | 426 |
| 3 | മുരണി .U.P.S. | 149 | 151 | 147 | 144 | 143 | 154 |
| 4 | Govt U.P.S പരിയാരം | 82 | 81 | 83 | 85 | 75 | 66 |
| 5 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | 454 | 428 | 400 | 395 | 391 | 383 |
| 6 | St. തോമസ് L.P.S പുതുശ്ശേരി | 73 | 83 | 82 | 62 | 58 | 66 |
| 7 | C.M.S.L.P.S കിഴക്കേക്കര | 91 | 92 | 81 | 88 | 82 | 81 |
| 8 | M.T.L.P.S കീഴ്വായ്പൂർ | 50 | 51 | 54 | 30 | 32 | 42 |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | 72 | 73 | 76 | 88 | 85 | 71 |
| 10 | M.T.L.P.S ഈന്തനോലി | 105 | 106 | 112 | 106 | 106 | 93 |
| 11 | M.T.L.P.S. പരിയാരം | 131 | 126 | 113 | 110 | 101 | 113 |
| 12 | C.M.S.L.P.Sകീഴ്വായ്പൂർ -S | 113 | 112 | 107 | 105 | 106 | 86 |
| 13 | St. മേരീസ് L.P.S മല്ലപ്പള്ളി | 101 | 123 | 128 | 122 | 115 | 118 |
| 14 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | 121 | 123 | 128 | 122 | 115 | 118 |
| | ആകെ | 2546 | 2504 | 2458 | 2443 | 2338 | 2438 |

## അക്കാദമിക് നിലവാരം

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | 30% ൽ താഴെ | 30-40% | 40-50% | 50-60% | 60%ന് മുകളിൽ | ആകെ കുട്ടികം |
|---|---|---|---|---|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | 76 | 95 | 166 | 197 | 123 | 657 |
| 2 | Govt V..H.S.S കീഴ്വായ്പൂര് | 241 | 93 | 39 | 30 | 23 | 426 |
| 3 | മുരണി .U.P.S. | | | | | | 154 |
| 4 | Govt U.P.S പരിയാരം | 17 | 15 | 22 | 12 | - | 66 |
| 5 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | 12 | 44 | 70 | 100 | 157 | 383 |
| 6 | St. തോമസ് L.P.S പുതുശ്ശേരി | | | | | | 66 |
| 7 | C.M.S.L.P.S കിഴക്കേക്കര | 40 | 14 | 7 | 13 | 7 | 81 |
| 8 | M.T.L.P.S കീഴ്വായ്പൂർ | 17 | 9 | 4 | 5 | 7 | 42 |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | | | | | | 71 |
| 10 | M.T.L.P.S ഈന്തനോലി | 53 | 7 | 11 | 11 | 12 | 113 |
| 11 | M.T.L.P.S. പരിയാരം | | | | | | 93 |
| 12 | C.M.S.L.P.Sകീഴ്വായ്പൂർ -S | 48 | 4 | 12 | 11 | 11 | 86 |
| 13 | St. മേരീസ് L.P.S മല്ലപ്പള്ളി | 14 | 16 | 16 | 20 | 16 | 82 |
| 14 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | 30 | 40 | 30 | 10 | 8 | 118 |

## S.S.L.C വിജയശതമാനം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | 39 | 48 | 53 | 59 |
| 2 | Govt V..H.S.S കീഴ്വായ്പൂര് | 33 | 43 | 54 | 20.3 |

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ലൈബ്രറി | ലാബോറട്ടറി | പഠനോപകരണങ്ങം | റേഡിയോ | മാതൃസംഗമം സജീവം | PTA സജീവം | അദ്ധ്യയന ദിവസങ്ങം |
|---|---|---|---|---|---|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആണ് | ആണ് | 189 |
| 2 | Govt V..H.S.S കീഴ്വായ്പൂര് | ,, | ,, | ,, | ഇല്ല | ,, | ,, | 195 |
| 3 | മുരണി .U.P.S. | | | | | | | 195 |
| 4 | Govt U.P.S പരിയാരം | ,, | ,, | ,, | ഉണ്ട് | ആണ് | അല്ല | 194 |
| 5 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ആണ് | ആണ് | 195 |
| 6 | St. തോമസ് L.P.S പുതുശ്ശേരി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ,, | ,, | 194 |
| 7 | C.M.S.L.P.S കിഴക്കേക്കര | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | അല്ല | 194 |
| 8 | M.T.L.P.S കീഴ്വായ്പൂർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ,, | ,, | 195 |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | ,, | ,, | ,, | ,, | ,, | ആണ് | 190 |
| 10 | M.T.L.P.S ഈന്തനോലി | ഉണ്ട് | ,, | ,, | ,, | ,, | അല്ല | 189 |
| 11 | M.T.L.P.S. പരിയാരം | ,, | ഉണ്ട് | ,, | ,, | ,, | ,, | 196 |
| 12 | C.M.S.L.P.Sകീഴ്വായ്പൂർ -S | ,, | ഇല്ല | ,, | ,, | ,, | ,, | 196 |
| 13 | St. മേരീസ് L.P.S മല്ലപ്പള്ളി | ഇല്ല | ,, | ,, | ,, | ,, | ,, | 195 |
| 14 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | ,, | ,, | ,, | ഉണ്ട് | അല്ല | ആണ് | 194 |

## ഭൗതിക സാഹചര്യങ്ങം

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | മൂത്രപുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | കളി സ്ഥലം | ആകെ ഭൂമി |
|---|---|---|---|---|---|---|---|---|
| 1 | C.M.S.H.S മല്ലപ്പള്ളി | 657 | 3 | 4 | ഉണ്ട് | ഉണ്ട് | 2 ഏക്കർ | 3 .50 ഏക്കർ |
| 2 | Govt V..H.S.S കീഴ്വായ്പൂര് | 426 | 3 | 1 | ഉണ്ട് | ഉണ്ട് | 1ഏക്കർ | 2 .50 ഏക്കർ |
| 3 | മുരണി .U.P.S. | 154 | | | | | | |
| 4 | Govt U.P.S പരിയാരം | 66 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | 20 സെന്റ് | 70 സെന്റ് |
| 5 | St..ഫിലോമിനാസ് U.P.S മല്ലപ്പള്ളി | 383 | 2 | 2 | ഉണ്ട് | ഉണ്ട് | 15 സെന്റ് | 2.50 ഏക്കർ |
| 6 | St. തോമസ് L.P.S പുതുശ്ശേരി | 66 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30 സെന്റ് |
| 7 | C.M.S.L.P.S കിഴക്കേക്കര | 81 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | |
| 8 | M.T.L.P.S കീഴ്വായ്പൂർ | 42 | 2 | ഇല്ല | ഭാഗികം | ഇല്ല | 20 സെന്റ് | 55 സെന്റ് |
| 9 | C.M.S.L.P.S മല്ലപ്പള്ളി വെസ്റ്റ് | 71 | 1 | 1 | ഉണ്ട് | ,, | ഇല്ല | 22 സെന്റ് |
| 10 | M.T.L.P.S ഈന്തനോലി | 113 | 1 | ഇല്ല | ഭാഗികം | ,, | 15 സെന്റ് | 45 സെന്റ് |
| 11 | M.T.L.P.S. പരിയാരം | 93 | 1 | ,, | ഉണ്ട് | ,, | 10 സെന്റ് | 36 സെന്റ് |
| 12 | C.M.S.L.P.Sകീഴ്വായ്പൂർ -S | 86 | 1 | ,, | ,, | ,, | 20 സെന്റ് | 50 സെന്റ് |
| 13 | St. മേരീസ് L.P.S മല്ലപ്പള്ളി | 82 | ഇല്ല | ,, | ,, | ,, | 25 സെന്റ് | 50 സെന്റ് |
| 14 | I.K.M.C.M.S.L.P.S മല്ലപ്പള്ളി | 118 | 1 | 1 | ഇല്ല | ,, | ഇല്ല | |

8. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികംക്ക് സൗജന്യ ട്യൂഷൻ നല്കുന്നതിന് വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെ ഉപയോഗപ്പെടുത്തുക.

9. സ്കൂംം തലത്തിൽ ഇന്ന് നിലവിലിരിക്കുന്ന പ്രമോഷൻ സമ്പ്രദായം നിലവാരത്തകർച്ചക്ക് ഇടയാക്കുന്നതിനാൽ ഓരോ ക്ലാസ്സ് തലത്തിലും ഗ്രഹിക്കേണ്ട മിനിമം വസ്തുതകളെങ്കിലും പഠിച്ചിട്ട് ജയിക്കാനർഹത ലഭ്യമാകത്തക്കവിധം പ്രമോഷൻ സമ്പ്ര ദായം നവീകരിക്കുക.

10. ഈ പഞ്ചായത്തിലെ ഏക സാങ്കേതിക പരിശീലന സ്കൂളാ യ കീഴ്വായ്പൂർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളി ന്റെ ശോചൃാവസ്ഥ പരിഹരിക്കുക.

11. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പാരാ മെഡിക്കൽ സ്കൂംം, വനിതാ പോളി ടെക്നിക്, Govt. .I.T.I, സഹകരണ കോളജ്,എഞ്ചിനീയറിംഗ് കോളജ്, ടെയിലറിങ് & ഗാർമെന്റ് മേക്കിങ് പരിശീലന സ്ഥാപ നങ്ങം എന്നിവ താലൂക്ക് കേന്ദ്രമായ മല്ല പ്പള്ളി കേന്ദ്രീകരിച്ച് ആരംഭിക്കുക.

12. വോളിബോംം രംഗത്ത് മല്ലപ്പള്ളിക്ക് നഷ്ടമായ പാരമ്പര്യം വീണ്ടെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികം സ്വീക രിക്കുകയും കായികരംഗത്തെ സമഗ്രവളർച്ചക്ക് സഹായമാകും വിധം ഒരു പൊതു സ്റ്റേഡിയം നിർമ്മിക്കുക യും ചെയ്യുക.

13. പ്രീ മെട്രിക്ക് ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും കെട്ടി ടവും ആരംഭിക്കുക.

14. രണ്ട് ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ നടപടി ഉണ്ടാക്കുക.

# പൊതുജനാരോഗ്യവും കുടിവെള്ളവും

ജനങ്ങളുടെ ആരോഗ്യസംരക്ഷണം എന്നത് ഏതൊരു ക്ഷേമരാഷ്ട്രവും പ്രാധാന്യം കൊടുക്കുന്ന മേഖലയാണല്ലോ. ശുചിത്വം, പോഷണം, വ്യായാമം, ശുദ്ധവായു, ശുദ്ധജലം, ആരോഗ്യകരമായ പാർപ്പിട സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം പൊതുജനാരോഗ്യത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്. ആരോഗ്യമെന്നതുകൊണ്ട് നാം വിവക്ഷിക്കുന്നത് കേവലം അസുഖത്തിന്റെയോ വൈകല്യത്തിന്റെയോ അഭാവം മാത്രമല്ല, ശാരീരികവും, മാനസികവും, സാമൂഹികവുമായ സമ്പൂർണ്ണമായ ക്ഷേമാവസ്ഥയാണ്. ഈ അർത്ഥത്തിൽ ആരോഗ്യവാന്മാരായ പൗരന്മാർ ഏതൊരു സമൂഹത്തിന്റെയും വിലമതിക്കാനാവാത്ത സമ്പത്താണ്.

ഒരു വ്യക്തിയുടെ വളർച്ചയും പുരോഗതിയും പാരമ്പര്യത്തെയും, സാഹചര്യത്തെയും ആശ്രയിച്ചാണിരിക്കുന്നത് എന്ന് പറയാറുണ്ടല്ലോ. പാരമ്പര്യത്തെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിലും സാഹചര്യത്തെ സ്വാധീനിക്കുവാനും മെച്ചപ്പെടുത്താനും കഴിയും. ആഹാരം, വിശ്രമം, വിനോദം, വ്യായാമം, രോഗപ്രതിരോധം എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ശാരീരിക വളർച്ചയെ സ്വാധീനിക്കാൻ സാധിക്കും. ഈ രംഗത്തെ പ്രധാന ഏജൻസി പൊതുജനാരോഗ്യ കേന്ദ്രങ്ങളാണല്ലോ. ചികിത്സാരംഗത്തും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ആരോഗ്യബോധവൽക്കരണത്തിലും എല്ലാം മുൻകാലങ്ങളെയപേക്ഷിച്ച് നമ്മുടെ നാട് വളരെ മുന്നേറിയിരിക്കുന്നു. എന്നാൽ നമ്മുടെ പോഷകസാഹചര്യം വിലയിരുത്തുവാനും, ഭക്ഷണരീതി ക്രമീകരിക്കുവാനും, ലഭ്യമായ പോഷക വസ്തുക്കൾ തെരെഞ്ഞെടുക്കുവാനും മറ്റുമുള്ള ശാസ്ത്രീയ രീതി ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായി വികസിപ്പിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. ഭക്ഷണ രീതിയിലും ആരോഗ്യസംരക്ഷത്തിലും അഭിലക്ഷണീയമായ ഒരു പരിവർത്തനം വരുത്തുവാൻ ഇതുമൂലം സാധിക്കും. ശാരീരികാരോഗ്യത്തിന്റെ പരിരക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെ, ജനങ്ങളുടെ മാനസികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കലാസാംസ്കാരിക പ്രവർത്തനങ്ങൾ, ആത്മീക സംഗമങ്ങൾ, വിനോദയാത്രകൾ തുടങ്ങി ഒരു പ്രദേശത്തെ ജനതയുടെ മാനസികോല്ലാസത്തിനും വളർച്ചയ്ക്കും സഹായകമാകുന്ന നിരവധി ഘടകങ്ങളുടെ ഏകോപനവും പരിപോക്ഷണവും ആവശ്യമാണ്.

ശരിയായ ഭക്ഷണ ശീലങ്ങൾ, കാര്യമായ വ്യായാമം. ശുചിത്വം എന്നിവ നടപ്പാക്കാൻ കഴിഞ്ഞാൽ തന്നെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമായി. രോഗാണുക്കൾക്ക് വളരാൻ കാരണമാകുന്ന സാഹചര്യങ്ങളെ തടയാനുള്ള നടപടികളുണ്ടാവണം. ഇന്ന് കാണപ്പെടുന്ന കൂടുതൽ രോഗങ്ങളും ജലസംബന്ധിയായ കാരണങ്ങൾ കൊണ്ടാണ്. ഇത് ഇല്ലാതാക്കാൻ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതയും പരിസര ശുചീകരണവും ഉറപ്പാക്കിയെ മതിയാകൂ. മഞ്ഞപ്പിത്തം, പിള്ളവാതം, വയറുകടി, സന്നിപാത ജ്വരം തുടങ്ങിയ പല പകർച്ചവ്യാധികളും, കുടിവെള്ളത്തിലൂടെയും ആഹാരത്തിലൂടെയും പകരുന്നവയാണല്ലോ. ആരോഗ്യകരമായ ജീവിതസാഹചര്യങ്ങൾക്ക് പല പകർച്ചവ്യാധികളെയും ഒഴിവാക്കാൻ കഴിയും. എന്നാൽ ഈ ആധുനികയുഗത്തിലും പല പ്രദേശങ്ങളിലും ജനങ്ങൾ ഇക്കാര്യത്തിൽ അപകടകരമായ നിസംഗത പുലർത്തുന്നുണ്ട്. ഇത് നമ്മുടെ പഞ്ചായത്തിലുമുണ്ട്.

മല്ലപ്പള്ളി പഞ്ചായത്തിൽ, ഒരു കാലത്ത് നാട്ടുവൈദ്യന്മാർ ആധിപത്യം പുലർത്തിയിരുന്ന ചികിത്സാരംഗത്ത് ഇന്ന് വിവിധ തരം ചികിത്സാരീതികളും നിലവിലുണ്ട്. എന്നാൽ ഭൂരിപക്ഷം ആളുകളും അലോപ്പതി ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. 80 വർഷത്തോളം പഴക്കമുള്ള മല്ലപ്പള്ളി ഗവ. ആശുപത്രിയുടെ ആരംഭം ഈ രംഗത്തെ ശ്രദ്ധേയമായ ഒരു നാഴികക്കല്ലായിരുന്നു. കൊല്ലവർഷം 1080 മാണ്ട് കന്നി മാസം 12-ാം തീയതിയാണ് മല്ലപ്പള്ളിയിൽ ഒരു ആശുപത്രി സ്ഥാപിച്ചു കിട്ടുന്നതിനുള്ള അപേക്ഷ ആദ്യമായി അധികാര സ്ഥാനത്തേക്ക് അയച്ചത്. എന്നാൽ വീണ്ടും ചില വർഷങ്ങൾക്ക് ശേഷം 1092 ചിങ്ങം 16-ാം തീയതിയാണ് ഒരു താല്ക്കാലിക കെട്ടിടത്തിൽ ആശുപത്രി ആരംഭിച്ചത്. അന്ന് തിരുവിതാംകൂറിൽ ഡർബാർ ഫിസിഷ്യനായിരുന്ന ഡോ. ഫർക്കിൻസ് സായിപ്പ് അവർകൾ ആയിരുന്നു ഉദ്ഘാടകൻ. ഡോക്ടർക്കും പത്നിക്കും ഗജവീരന്മാരുടെ അകമ്പടിയോടെ ഉജ്ജ്വല സ്വീകരണമാണ് നല്കിയത്. പ്രജാസഭാമെമ്പറന്മാർ, വക്കീൽന്മാർ, ഉന്നത ബിരുദധാരികൾ, ശ്രീമാൻ മാമ്മൻ മാപ്പിള( മനോരമ) എഴുമറ്റൂർ തമ്പുരാൻ തുടങ്ങിയവർ ക്ഷണിക്കപ്പെട്ടവരുടെ കൂട്ടത്തിൽ പെടുന്നു. മല്ലപ്പള്ളി ആശുപത്രിയിലെ ആദ്യ ഡോക്ടർ വട്ടപ്പറമ്പിൽ നാരായണൻ വല്യത്താൻ ആയിരുന്നു.

ആതുരാലയങ്ങൾ നന്നേ വിരളയായിരുന്ന ഒരു കാലത്ത് ഈ ദേശവാസികളുടെ ആരോഗ്യ പരിരക്ഷയെക്കരുതി, പൊതു പ്രവർത്തകനായ ചില നാട്ടുകാർ നേതൃത്വം നൽകി പടുത്തു യർത്തിയ ഈ ആശുപത്രി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്ന് കമ്മ്യൂണിറ്റി കേന്ദ്രമായും തുടർന്ന് ഒരു താലൂക്ക് ആശുപത്രിയുടെ പദവിയിലും എത്തി നില്ക്കുന്നു. എന്നാൽ പുരോഗതികൾ കടലാസിലൊതുങ്ങുന്ന ഈ ആശുപത്രിക്ക് ദുരിതത്തിന്റെ കഥകളാണ് പറയാനധികവും. നിലവിൽ നാലു ഡോക്ടർമാരുടെ തസ്തികയാണുള്ളത്. എന്നാൽ രണ്ടുപേരുടെ സേവനം മാത്രമാണ് ലഭ്യമാകുന്നത്. രാത്രികാലങ്ങളിൽ ഡോക്ടർമാരില്ല. ആകെ യുള്ള 13 സ്റ്റാഫിൽ ഒരു ഹെഡ് നേഴ്സും, മൂന്നു നഴ്സുമാരും രണ്ട് നഴ്സിംഗ് അസിസ്റ്റന്റുമാരും ബാക്കി പാരാമെഡിക്കൽ സ്റ്റാഫുമാണ്. രാത്രി ഡോക്ടർമാരില്ലാത്തതും, വെളളവും വെളിച്ചവും പലപ്പോഴും മുടങ്ങുന്നതും, ഐ. പി. വിഭാഗത്തിന്റെ മുടക്കത്തിന് കാരണമാകുന്നു. എക്സ്-റേ മെഷിൻ സ്ഥാപിക്കാൻ കെട്ടിടം തീർത്തെങ്കിലും മെഷിൻ പ്രവർത്തിപ്പിച്ചിട്ടില്ല.

ആശുപത്രിക്കു സമീപമുള്ള കാർട്ടേഴ്സിന്റെ പരിസരമെല്ലാം കാടുകയറി, കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നു. വർഷങ്ങളായി, ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് പല സംഘടനകളും വ്യക്തികളും ആവശ്യപ്പെടുന്നുണ്ട്. നേരത്തെയുണ്ടായിരുന്ന പോസ്റ്റ് മോർട്ടം നടത്താനുള്ള സംവിധാനവും ഇല്ലാതായിരിക്കുന്നു. ഈ പ്രദേശത്തെ സാധാരണ ജനങ്ങളുടെ പ്രധാനപ്പെട്ട ഒരു ആരോഗ്യപരിപാലന കേന്ദ്രം എന്ന നിലയിൽ ഈ ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഈ താലൂക്കാശുപത്രിയുടെ കീഴിൽ മുരണിയിലും കീഴ്വായ്പൂരും ഓരോ സബ് സെന്റർ പ്രവർത്തിക്കുന്നുണ്ട്.

ഇതു കൂടാതെ ഒരു ഗവ: ആശുപത്രിയും ഒരു ഗവ: ഹോമിയോ ഡിസ്പെൻസറിയും കീഴ്വായ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ ജോർജ് മാത്തൻ മിഷൻ ആശുപത്രിയും നിർമ്മലാ ഹോസ്പിറ്റൽ, വട്ടശ്ശേരിൽ W.A ചെറിയാൻ മെമ്മോറിയൽ ആശുപത്രിയും പ്രവർത്തിക്കുന്നു. എന്നാൽ വളരെ ആളുകൾ ചികിത്സ തേടി സമീപ പട്ടണങ്ങളിലെ സ്വകാര്യ ആശുപത്രികളെയും സമീപിക്കാറുണ്ട്.വിദേശമലയാളികളുടെ സഹായത്തോടെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് മല്ലപ്പള്ളിയിൽ വളരെയേറെ സാദ്ധ്യതയാണുള്ളത്. നിലവിലുള്ള സർക്കാർ ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്താൻ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. കൂടുതൽ ഡോക്ടർമാരെയും മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കേണ്ടത് അത്യാവശ്യമാണ്. സ്ത്രീരോഗ വിദഗ്ധർ താലൂക്കാശുപത്രിയിലെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ ആരോഗ്യ പ്രവർത്തകർ സന്നദ്ധരാകേണ്ടതാണ്. സംസ്ഥാന ബജറ്റിന്റെ 17 ശതമാനം ആരോഗ്യ രക്ഷയ്ക്ക് ചെലവാക്കുന്ന കേരളത്തിൽ, സാധാരണക്കാരന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെയാണ്. എന്നാൽ സർക്കാർ ആശുപത്രികൾക്ക് നിരവധി പരാധീനതകൾ ഉണ്ട്. പൊതുജനങ്ങളുടെ സഹകരണവും ക്രിയാത്മകമായ ഇടപെടലും ഈ രംഗത്ത് അനിവാര്യമാണ്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വളരെ പ്രസക്തിയുണ്ട്. ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ്വർക്കർമാരും സുമൂഹ്യപ്രവർത്തകരും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ജനങ്ങൾ താല്പര്യം കാണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇന്ന് സാധാരണ ജനങ്ങളിൽ പോലും ദൃശ്യമാകുന്ന വിമുഖത മാറുകയും ഒരു പുതിയ ജനകീയ വീക്ഷണം ഉണ്ടാവുകയും ആവശ്യമാണ്.

## നിലവിലുള്ള ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ

| Sl.No. | സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | താലൂക്ക് ആശുപത്രി | 1 |
| 2 | ആയുർവേദാശുപത്രി | 1 |
| 3 | ഹോമിയോ ഡിസ്പെൻസറി | 1 |
| 4 | മാതൃശിശുസംരക്ഷണ കേന്ദ്രം | 2 |
| 5 | പ്രൈവറ്റ് ആശുപത്രി | 3 |
| 6 | പ്രൈവറ്റ് ഡിസ്പെൻസറി | 1 |
| 7 | പ്രൈവറ്റ് ഹോമിയോ ഡിസ്പെൻസറി | 6 |
| 8 | പ്രൈവറ്റ് ആയുർവേദ ഡിസ്പെൻസറി | 6 |
| 9 | പ്രൈവറ്റ് ദന്തൽ ക്ലിനിക്ക് | 4 |
| 10 | പാരമ്പര്യ ആയുർവേദ ചികിത്സാലയം | 4 |

ഇന്ന് പരക്കെ ഉണ്ടാകുന്ന പല രോഗങ്ങൾക്കും കാരണം പരിസരമലിനീകരണവും ശുചിത്വത്തിന്റെ അഭാവവുമാണ്. കുട്ടികൾ വളരെ വേഗം അനാരോഗ്യത്തിന് വിധേയരാകുന്നു. ബാക്ടീരിയൽ ഇൻഫെക്ഷൻ, സംക്ഷണക്കുറവ്, വയറിളക്കം, ശ്വാസകോശാണുബാധ തുടങ്ങി ശിശു മരണങ്ങൾക്ക് നിരവധി കാരണങ്ങൾ ഉണ്ടാവാം.

ശുദ്ധജല ദൗർലഭ്യം, ശുചിത്വമില്ലായ്മ, അന്ധവിശ്വാസങ്ങൾ എന്നീ ഘടകങ്ങളും മരണ നിരക്ക് വർദ്ധിപ്പിക്കുന്നു. പകർച്ച വ്യാധികളുടെ നിയന്ത്രണം, പരിസ്ഥിതി ശുചീകരണം, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണം എന്നിവയ്ക്ക് പ്രാമുഖ്യം കൽപ്പിക്കുന്ന ഒരു കർമ്മ പദ്ധതിയാണ് നടപ്പിലാക്കേണ്ടത്. കുട്ടികൾക്കു വേണ്ടി ഡിഫ്തീരിയ, വില്ലൻചുമ, റ്റെറ്റനസ്, പോളിയോ, ക്ഷയം, ടൈഫോയിഡ് എന്നിവയ്ക്ക് എതിരെ നടത്തുന്ന കുത്തിവെയ്പുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## പരിസര ശുചിത്വം

പൊതുജനാരോഗ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പരിസരശുചിത്വമാണ്. വ്യവസായ വൽക്കരണത്തിന്റെ ഭാഗമായ പരിസരമലിനീകരണം ഈ പ്രദേശത്തെ വളരെയൊന്നും ബാധിക്കുന്നില്ല. എന്നാൽ ഈ ഗ്രാമപഞ്ചായത്ത് ഒരു താലൂക്ക് ആസ്ഥാനമെന്ന നിലയിൽ ശുചിത്വകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അത്യാവശ്യം വേണ്ടത് മതിയായ കക്കൂസ് സൗകര്യങ്ങളാണ്. പഞ്ചായത്തിലെ 25% ആൾക്കാർക്ക് ഈ അടിസ്ഥാന സൗകര്യം ഇല്ലാത്തവരാണ്. സാമ്പത്തിക പരാധീനതയും, സ്ഥലപരിമിതിയും തടസ്സങ്ങളാണെങ്കിലും ശരിയായ ബോധവൽക്കരണത്തിന്റെ അഭാവവും, ആരോഗ്യ സംബന്ധമായ അജ്ഞതയുമാണ് പ്രധാന കാരണങ്ങൾ എന്ന് കാണാം.

താലൂക്കാസ്ഥാനമായ മല്ലപ്പള്ളി ടൗണിൽ മാർക്കറ്റ്, ബസ് സ്റ്റാൻഡ്, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ മുതലായവയുള്ളതിനാൽ പരിസരമലിനീകരണം രൂക്ഷമാണ്. ഇപ്പോൾ പഞ്ചായത്ത് സ്വീപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ടൗണിൽ ചിലയിടങ്ങളിൽ വീപ്പകൾ സ്ഥാപിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഓടകൾ വൃത്തിയാക്കുകയും കീടനാശിനികൾ തളിക്കുകയും ചെയ്യുന്ന ജോലി കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ സ്വകാര്യ വ്യക്തികളുടെ സ്ഥലത്തേക്കാണ് നിക്ഷേപിക്കുന്നത്. മാലിന്യങ്ങൾ ഇടുന്നതിനും അവ കമ്പോസ്റ്റ് വളമായി മാറ്റുന്നതിനുമുള്ള സ്ഥിരമായ ഒരു സ്ഥലവും പദ്ധതിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ടൗണിലെ ഹോട്ടലുകളിലെയും, വ്യാപാരസ്ഥാപനങ്ങളിലെയും മലിന വസ്തുക്കളും മലിന ജലവും തോടുകളിലേക്കും, മണിമലയാറ്റിലേക്കും ഒഴുക്കിവിടുന്നത് ഗുരുതരമായ പരിസരമലിനീകരണമാണ് സൃഷ്ടിക്കുന്നത്. ലക്ഷം വീട് കോളനികളിൽ മതിയായ കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്തതും ഗുരുതരമായ ഒരു പ്രതിസന്ധിയാണ്. സമീപവാസികളുടെ സ്ഥലവും പൊതു നിരത്തുകളും വിവേചനരഹിതമായി മലിനപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചു വരുന്നത് ഒരു പരിഷ്കൃത സമൂഹത്തിനും ഗുണകരമാവില്ല. സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. പുതിയ പഞ്ചായത്തു കമ്മിറ്റി നിലവിൽ വന്നതിനു ശേഷം മല്ലപ്പള്ളി ബസ്റ്റാൻഡിൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളെയും ബന്ധിപ്പിച്ച് വിപുലമായ ഒരു ശുചിത്വ പരിപാലന പരിപാടി ഉണ്ടാവേണ്ടതാവശ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് നഗരവൽക്കരണ പ്രവണതയും ജനസംഖ്യാ വർദ്ധനവും മൂലം പ്രശ്നങ്ങൾ രൂക്ഷമാകുന്നതിന് മുമ്പു തന്നെ വിപുലമായ ബോധവൽക്കരണ പരിപാടികൾ ഉണ്ടാവണം. ശുചീകരണ പ്രവർത്തനത്തിന് കൂടുതൽ ജീവനക്കാരെ സ്ഥിരമായി നിയമിക്കണം.

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 257 | 13241 | 34 | 3577 |
| 1994-95 | 208 | 11742 | 37 | 3216 |
| 1995-96 | 188 | 12670 | 33 | 3434 |

'മല്ലപ്പള്ളി പഞ്ചായത്ത് ക്ലീൻ പഞ്ചായത്ത്' എന്ന രീതിയിൽ ഒരു പദ്ധതിക്ക് തുടക്കം കുറിക്കാവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ, ബേക്കറികൾ, തട്ടുകടകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. ഇവിടെ ജോലി ചെയ്യുന്നവരുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്. നിയമ ലംഘകരിൽ നിന്ന് പിഴ ഈടാക്കുകയും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുവാനായി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കാവുന്ന കൂടുതൽ കാര്യങ്ങളുണ്ട്. ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ചേർന്ന് 'ഹെൽത്ത് കാർഡ്' സംവിധാനം നടപ്പിലാക്കിയാൽ തുടർ ചികിത്സകൾക്ക് സൗകര്യമാണ്. പൊതു ആരോഗ്യനില മെച്ചപ്പെടുത്താൻ മദ്യപാനം, പുകവലി, വെറ്റില മുറുക്കൽ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാം. സ്ഥിരമായ ഒരു കായിക പരിശീലന കേന്ദ്രം തുടങ്ങാവുന്നതാണ്. ചുരുക്കത്തിൽ, വികസനത്തിലേക്കുള്ള ആദ്യ ചുവട് ആരോഗ്യപരമായ ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിലൂടെ എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാനാവും.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ കുട്ടികളുടെയും, അമ്മമാരുടെയും, പ്രായമായവരുടെയും പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും, അവരുടെ ആരോഗ്യപരവും മാനസികവും, സാമൂഹികവുമായ സുസ്ഥിതിക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുക.
2. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും പരിസരമലിനീകരണം തടയുകയും ചെയ്യുക. പൊതുസ്ഥലങ്ങൾ, മാർക്കറ്റ്, നിരത്തുകൾ, കോളനികൾ എന്നിവിടങ്ങളിലെ ശുചിത്വ കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

## രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)

| വർഷം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷപ്പിടിത്തം | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | 103 | 16570 | 1988 | 3811 | 6296 | - | 4475 | 16570 |
| 1993-94 | 248 | 17109 | 2053 | 744 | 450 | - | 13862 | 17109 |
| 1994-95 | 314 | 15203 | 1824 | 3496 | 5777 | - | 4106 | 15203 |
| 1995-96 | 45 | 17241 | 2065 | 3966 | 6552 | - | 4658 | 17241 |

3. മല്ലപ്പള്ളിയിലെ മത്സ്യചന്ത നടക്കുന്ന ഭാഗം വൃത്തിയായി സൂക്ഷിക്കാനുള്ള ക്രമീകരണം ചെയ്യുക.
4. ഹോട്ടലുകളിൽ പഴകിയ ഭക്ഷണസാധനങ്ങൾ വിൽക്കുന്നത് കർശനമായി തടയുക. ഹോട്ടലുകൾ വൃത്തിയായി സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
5. മണിമലയാറ്റിലും, മഞ്ഞത്താനം പുഞ്ചയിലും മത്സ്യബന്ധനത്തിന് സ്ഫോടക വസ്തുക്കളും വിഷപദാർത്ഥങ്ങളും ഉപയോഗിക്കുന്നത് തടയുക.
6. കൊതുകു നിവാരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
7. മല്ലപ്പള്ളി താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. PHC യ്ക്ക് ഇപ്പോൾ സബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ ഓരോ സബ് സെന്റർ തുടങ്ങുക.
8. പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലവും, പാർക്കും നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുക.
9. കോളനികളിൽ ഒരു പൊതു കക്കൂസെങ്കിലും നിർമ്മിക്കുക. ശുചിത്വകാര്യത്തിലുള്ള ബോധവൽക്കരണം ഊർജ്ജിതമാക്കുക.
10. ആരോഗ്യ പ്രവർത്തകരുടെ ഭവന സന്ദർശന പരിപാടി കാര്യക്ഷമമാക്കുക.
11. നിലവിലുള്ള കിണറുകളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കുക.
12. രോഗനിർണയത്തിനും ബോധവൽക്കരണത്തിനുമുള്ള മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.



## കുടിവെള്ളം

പൊതുജനാരോഗ്യത്തിന്റെ മേഖലയിൽ ഏറ്റവും പ്രധാന പ്പെട്ട വിഷയമാണ് ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത. മല്ലപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ പഞ്ചായത്തിലുള്ള കിണറുകളിൽ ഒരു നല്ല ശതമാനവും മാർച്ച, ഏപ്രിൽ, മെയ് മാസങ്ങളിൽ വറ്റിപ്പോകുന്നവയാണ്. വേനൽക്കാലത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ഒരു വലിയ പ്രശ്നം തന്നെയാണ്. സ്വന്തമായി കിണറുകൾ ഇല്ലാത്ത വീടുകളും ഉണ്ട്.

ഒരു പ്രദേശത്തെ ജീവിതവും വികാസവും ജലത്തെയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ധമനികളിലെ രക്തത്തിന്റെ സാന്നിദ്ധ്യം പോലെ ജീവന്റെ നിലനില്പിനു തന്നെ അത്യന്താപേക്ഷിതമായ കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടത് അനിവാര്യമായ ഒരാവശ്യമാണല്ലോ. ധാരാളം കൊച്ചു കൊച്ചു മലകൾ ഉള്ള ഒരു പ്രദേശമാണ് മല്ലപ്പള്ളിയെങ്കിലും മലയിടുക്കുകളോ, വിസ്തൃതമായ മലയടിവാരങ്ങളോ, ജലസംഭരണ ശേഷിയുള്ള ജലസ്രോതസ്സുകളോ കുറവാണ്. മണിമലയാറ് ഈ ഗ്രാമത്തിലൂടെ വടക്കുതെക്കായി ഒഴുകുന്നുണ്ടെങ്കിലും, മണൽ വാരൽ മൂലം ജലനിരപ്പ് താഴുന്നതിനാൽ നദീതീരത്തുള്ള കിണറുകളിൽ പോലും വേനൽക്കാലത്ത് ജലം ലഭ്യമല്ല. എന്നാൽ മണിമലയാറ്റിൽ വേനൽക്കാലത്തുപോലും ജലഗതാഗതത്തിനുതകുന്ന വിധത്തിൽ ധാരാളം ജലം ഉണ്ടായിരുന്ന കാലമുണ്ട്.

ജലലഭ്യതയുടെ പ്രധാന അടിസ്ഥാനം ഭൂഗർഭ ജലത്തിന്റെ അളവാണല്ലോ. വേനൽക്കാലത്ത്, ഭൂഗർഭജലം താഴുന്നു. വന നശീകരണം, കുളങ്ങൾ നികത്തുന്നത്, വ്യാപകമായ റബ്ബർ കൃഷി, മണിമലയിലെ അനിയന്ത്രിതമായ മണൽ വാരൽ തുടങ്ങി നിരവധി കാരണങ്ങൾ ഭൂഗർഭജലത്തിന്റെ അളവ് കുറയാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രകൃതിയിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ച് നിർത്തുന്നതിലൂടെ മാത്രമേ ഭൂഗർഭജലത്തിന്റെ അളവ് ഉയർത്താൻ കഴിയൂ. സംരക്ഷണ ഭിത്തി കെട്ടാത്ത തുറസായ കിണറുകൾ മലിനീകരണത്തിന് കാരണമാണ്. ചപ്പുചവറുകളും മാലിന്യങ്ങളും നദിയിലുപേക്ഷിക്കുന്നതും ആശാസ്യമല്ല. ചുരുക്കത്തിൽ, ലഭ്യമായ ജലസ്രോതസുകൾ തന്നെ മലിനീകരണ ഭീഷണി നേരിടുന്നവയാണ്.

## ശുദ്ധജല വിതരണ പദ്ധതി

മല്ലപ്പള്ളി ടൗണിലെ ശുദ്ധജലവിതരണത്തിനു വേണ്ടി 1967ൽ ഒരു ചെറിയ പദ്ധതി തുടങ്ങുകയുണ്ടായി. പിന്നീട് എല്ലാ വാർഡുകളിലും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടെ 45.56 ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടെ ഇപ്പോഴത്തെ പദ്ധതി 1989 ജനുവരിയിൽ പണി ആരംഭിച്ചു. 1993 ൽ ഇത് പൂർത്തിയായ പ്പോം 99 ലക്ഷം രൂപാ ചെലവായി. 13-1-1993 ലാണ് ഇപ്പോഴ ത്തെ പദ്ധതി ഉത്ഘാടനം ചെയ്തത്.

### മല്ലപ്പള്ളി ശുദ്ധജല പദ്ധതി പൊതുവിവരണം

| പദ്ധതിയുടെ പേര് | ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി |
|---|---|
| Source | മല്ലപ്പള്ളി പാലത്തിനു സമീപം മണിമലയാറ്റിലെ കിണർ |
| പമ്പ് സെറ്റ് കപ്പാസിറ്റി | ഗ്രൗണ്ട് ലവൽ റിസർവോയർ കൈപ്പറ്റ |
| കപ്പാസിറ്റി | 2,80,000 ലിറ്റർ |
| പൈപ്പ് ലൈനുകളുടെ ആകെ നീളം | 32mm മുതൽ 200mm വരെയുള്ള 60 കി.മീ |
| പൊതുടാപ്പുകം | 134 |
| ഹൗസ് കണക്ഷനുകം | 635 |

നിലവിലുള്ള ജലവിതരണ പദ്ധതി എല്ലാ വാർഡുകംക്കും പര്യാപ്തമല്ല. നിലവിലുള്ള ടാങ്കിന് സമീപമായി മറ്റൊരു ഓവർഹെഡ് ടാങ്ക് അത്യാവശ്യമാണ്. 6,7,8,9 വാർഡുകളിലെ ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് പരയ്ക്കത്താനം പദ്ധതിക്ക് പ്രത്യേകശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ പദ്ധതി യുദ്ധ കാലാടിസ്ഥാനത്തിൽ പണി പൂർത്തിയാക്കേണ്ടിയിരിക്കുന്നു. 8-ാം വാർഡിൽ ചേക്കേകടവിൽ പമ്പുസെറ്റ് സ്ഥാപിച്ച് 9-ാം വാർഡിൽ ചേന്ദമലയിൽ ഓവർഹെഡ് ടാങ്ക് പണിയുക, 1-ാം വാർഡിൽ പാക്കാനം കയത്തിൽ പമ്പുസെറ്റ് സ്ഥാപിച്ച് ഇരുമ്പു കുഴി കുന്നിൽ ടാങ്ക് പണിയുക. 5-ാം വാർഡിൽ ചീരാകുന്നിൽ ടാങ്ക് പണിയുക തുടങ്ങിയ നിർദ്ദേശങ്ങം രൂപപ്പെട്ടു വന്നിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടിക്കിട്ടണമെന്നും അഡീഷണൽ ടാപ്പ് സ്ഥാപിക്കണമെന്നുമുള്ള ആവശ്യം എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

## പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡുകം

### വാർഡ് 1

1. പറതാനത്തുപടി - അപ്പക്കോട്ടുപടി - കരയ്ക്കൽ പടി
2. പറതാനത്തുപടി - കീച്ചേരിപടി
3. പട്ടേരിപടി - കുമ്പുക്കഴപടി
4. പരിയാരം ലക്ഷംവീടു കോളനി (ടാപ്പ്)

### വാർഡ് 2

1. കൈപ്പറ്റകോളനി റോഡ്
2. മാങ്ങാക്കുഴി - നടമല റോഡ്
3. തീയേറ്റർ പടി - വാളക്കുഴി റോഡ്
4. പ്ലാവുങ്കൽ പടി - കൈപ്പറ്റ റോഡ്
5. നെല്ലിമൂട് എൽ. പി. എസ്. (ടാപ്പ്)

### വാർഡ് 3

1. തോട്ടുങ്കൽ പടി - കുത്തുകല്ലുങ്കൽ പടി
2. ചിറ്റേടത്തു പടി - ചേറ്റേടത്തുപടി
3. പ്ലാച്ചിറ പടി - ഞാറക്കോട്ടു പടി
4. കൈപ്പറ്റ - ചെറിയപാലയ്ക്കൽ പടി
5. അരീക്കൽ - പുല്ലേപ്പടി വരെ
6. അരീക്കൽ - പൊയ്കേപടി വരെ
7. വല്യകണ്ടത്തിൽ പടി - കുമ്പുക്കുംപടി
8. ഞാറക്കോട്ടു പടി - വാഴേപറമ്പിൽ പടി

### വാർഡ് 4

1. മല്ലപ്പള്ളി ജംഗ്ഷൻ - പാതിക്കാട് (Via) മന്ദത്തുപടി
2. വലിയപുരയിടത്തിൽ പടി - പണ്ഡ്യാലക്കൽ പടി
3. പുതുക്കുളം കോളനി ബ്രാഞ്ച് റോഡ്
4. വൈ. എം. സി. എ - ഇരുപ്പയ്ക്കൽ

### വാർഡ് 5

1. ചേർത്തോട്ടുകവല - പുല്ലാട്ടുപടി
2. മുരണി - തിരുമാലിട (ടാപ്പുകം)
3. പള്ളിപ്പടി - ചീരാക്കുന്ന് - പുതിയിടത്തു പടി
4. പന്ത്രണ്ടുപറ - പള്ളിപടി
5. മുരണി ക്ഷേത്രം - യു.പി.എസ്.

### വാർഡ് 6

1. പനവേലിമല - കോളനി
2. പയറ്റുകാല
3. ചേർത്തോട്ട് സെറ്റിൽമെന്റ്
4. ജോർജ് മാത്തനാശുപത്രി - പരുത്തിപാലം

### വാർഡ് 7

1. പാടിമൺ - കൊറ്റൻകുടി
2. ഈന്തനോലി - മണ്ണുംപുറം
3. കൊറ്റൻകുടി - പെരുമ്പ്രാമാവ്
4. കൊറ്റൻകുടി - മണ്ണും പുറം
5. കീഴ്വായ്പൂര് (Via) കോലറക്കുന്ന് മണ്ണുംപുറം
6. പുത്തൻപുരയ്ക്കൽ പടി - കീഴ്വായ്പൂര് St.പാഴ്സനേജ്
7. കീഴ്വായ്പൂര് - സൊസൈറ്റി പടി - പൗവ്വത്തിപടി
8. വാഴേപടി -കളർമണ്ണിൽ പടി
9. കൊറ്റൻകുടി - മണ്ണും പുറം (P.W.D Road )
10. കൊറ്റൻകുടി - O.L.H Colony മണിക്കുഴി
11. തൈക്കൂട്ടത്തിൽ പടി - ചമ്പക്കരപടി (Via) വല്യമണ്ണ് കോളനി

### വാർഡ് 8

1. പെരുമ്പ്രാമാവ് - മുണ്ടഴി
2. കിഴക്കേക്കര - ഐകുന്ന്
3. സമരമുക്ക് - പാറത്തോട്
4. തോട്ടുകല്ലുങ്കൽ പടി - പാറത്തോട്
5. മണ്ണും പുറം - പാറത്തോട്
6. സി. എം. എസ്. പള്ളിപ്പടി - പാറത്തോട്

7. നെയ്തേലിപടി - ചാക്കമറ്റം
8. കീഴ്വായ്പൂര് - പടുതോട്
9. മേലൂട്ടുപടി - ചേക്കേകടവ്

വാർഡ് 9

1. എക്കളത്തിൽ പടി - പാറത്തോട്
2. കരിമ്പിൻ കുഴി - കോയിക്കമാങ്കൽ
3. നാരകത്താനി - നെയ്തേലി
4. വേലംപറമ്പ് - ശീതക്കുളം
5. ചേന്ദമല - കോയിക്കമാക്കൽ - എക്കളത്തിൽ പടി
6. എക്കളത്തിൽ പടി -ചാക്കമറ്റം
7. തേപ്പുകല്ലുങ്കൽ പടി - പടുതോട്
8. കുക്കനോലി - വേങ്ങത്താനം
9. എക്കളത്തിൽ - വലിയതോടത്തിൻ പടി
10. ശീതക്കുളം - വേങ്ങത്താനം

മല്ലപ്പള്ളിയിൽ നിലവിലുള്ള ജലവിതരണ പദ്ധതി എല്ലാ വാർഡുകൾക്കും പര്യാപ്തമല്ല. മല്ലപ്പള്ളി ഈസ്റ്റിലെ ശുദ്ധ ജലവിതരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് പരയ്ക്കത്താനം പദ്ധതിയ്ക്ക് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണ്. ശുദ്ധജല ക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ എല്ലാ വാർഡിലുമുണ്ട്. ചേക്കേ കടവിൽ ഒരു പമ്പ്സെറ്റ്, ചേന്ദമലയിൽ ഓവർ ഹെഡ് ടാങ്ക്, എന്നിവ ആവശ്യങ്ങളുടെ പട്ടികയിൽ വരുന്നവയാണ്. 1-ാം വാർഡിൽ ഇരുമ്പുകുഴികുന്നിൽ ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് പാക്കാനം കയത്തിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കാമെന്ന ഒരു നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. അഞ്ചാം വാർഡിൽ ചീരക്കുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക. (ഓവർ ഹെഡ് ടാങ്ക്)

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. മണിമലയാറ്റിൽ പലയിടങ്ങളിൽ തടയണകൾ നിർമ്മിക്കുക.
2. മഴക്കാലത്ത് ലഭിക്കുന്ന പ്രകൃതിജലം സംഭരിച്ചു നിർത്താൻ ജല സംഭരണികൾ നിർമ്മിക്കുക.
3. ശുദ്ധജല പദ്ധതിയുടെ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.
4. നിലവിലുള്ള വാട്ടർ ടാങ്കുകളുടെ സംഭരണശേഷി വർദ്ധിപ്പി ക്കുക.
5. വെള്ളം ശുദ്ധീകരിക്കുന്ന സംവിധാനം കാര്യക്ഷമമാക്കണം.
6. ജലവിതരണ മേഖലയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
7. മരങ്ങൾ വെച്ചുപിടിപ്പിക്കുവാനുള്ള പ്രോത്സാഹനം നല്കുക.
8. പൊതു കിണറുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക.
9. ജലസമ്പത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക.
10. ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന വിവിധ നിർദ്ദേശങ്ങൾ പരിഗണിക്കുക.
11. സഖ്യം കോളനിയിൽ നിലവിലുള്ള ജലവിതരണം മെച്ചപ്പെ ടുത്തുക. ( V-ാം വാർഡ്)



ഏതൊരു പ്രദേശത്തിന്റെയും വളർച്ചയുടെ നാഡീ ഞരമ്പുകളാണ് ഗതാഗതം. മല്ലപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം റയിൽമാർഗ്ഗമോ, ജലമാർഗ്ഗമോ ഗതാ ഗതം സാദ്ധ്യമല്ല. ഏക അവലംബം റോഡുകളാണ്. അതു കൊണ്ടു തന്നെ റോഡുകളുടെ വികസനവും, സംരക്ഷണവും പുതിയ റോഡുകളുടെ നിർമ്മാണവും ആവശ്യമായിരിക്കുന്നു. സാമാന്യം ഭേദപ്പെട്ട റോഡ് ശൃംഖല ഈ പഞ്ചായത്തിലുണ്ട്. അതുകൊണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തെക്കാം ഉള്ള റോഡുകളുടെ വികസനവും സംരക്ഷണവുമാണ് അത്യാവശ്യമായിട്ടുള്ളത്.

പഞ്ചായത്തിൽ ആകെ റോഡ് 90 കി. മീറ്റർ ആണുള്ളത്. ഇതിൽ 21 കി. മീ P.W.D റോഡുകളാണ്. പഞ്ചായത്തിലെ റോഡുകളുടെ വിവരം വിശദമായി അനുബന്ധമായി ചേർത്തിരിക്കുന്നു. റോ ഡിന്റെ ആകെ നീളം, ടാർ ചെയ്ത ദൂരം, മൺറോഡ്, മെറ്റൽ ചെയ്ത ദൂരം, വീതി എന്നിവ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം റോഡുകളും ടാർ ചെയ്യണമെന്ന നിർദ്ദേശമാണ് ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്നത്. പഞ്ചായത്തിന്റെയോ, ഗവണ്മന്റിന്റെയോ ശേഷിക്ക് അതീതമായ വിധത്തിലാണ് ഈ ആവശ്യങ്ങം. അതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ ചർച്ചകം നടത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതായുണ്ട്.

## മല്ലപ്പള്ളി - റാന്നി - ശബരിമല റോഡ്

ഈ റോഡ് ശബരിമല വികസനവുമായി ബന്ധപ്പെടുത്തി വീതികൂട്ടുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർ ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതാണ്. വടക്കൻ മേഖലയിൽ നിന്നും വരുന്ന അയ്യപ്പഭക്തന്മാർക്ക് പമ്പയിൽ കുറഞ്ഞ സമയം കൊണ്ട് എത്തിച്ചേരാൻ ഈ റൂട്ട് ഉപകരിക്കും.

## റോഡു വികസനം : പ്രശ്നങ്ങം, സാദ്ധ്യതകം

റോഡു നിർമ്മാണമാണ് യഥാർത്ഥ വികസനം എന്ന ധാരണ പൊതുവെ നിലവിലുണ്ട്. ചെറുതും വലുതുമായ എല്ലാ റോഡുകളും ടാർ ചെയ്യണമെന്നാണ് ഓരോരുത്തരുടെയും ആവശ്യം. വികസന മേഖലയിൽ റോഡുകളുടെ പങ്ക് ചെറുതല്ല. എന്നാൽ കാർഷിക, വ്യാവസായിക മേഖലയിലും, ആരോഗ്യപരിപാലനരംഗത്തും കുടിവെള്ള വിതരണത്തിനും, വൈദ്യുതീകരണത്തിനും ഭീമമായ തുക ചെലവു ചെയ്യേണ്ട അവസ്ഥ ഇന്നുണ്ട്. ഒരു കി. മീറ്റർ റോഡ് പുതുതായി ടാറിങ് നടത്താൻ ഇന്നത്തെ എസ്റ്റിമേറ്റ് പ്രകാരം 5 ലക്ഷം രൂപാ ചെലവാകും. എല്ലാ വാർഡുകളിലുമുള്ള പ്രധാനപ്പെട്ട റോഡുകം മുഴുവൻ ടാർ ചെയ്യാൻ വേണ്ടിവരുന്ന തുക എത്ര ഭീമമാണെന്ന് ഊഹിക്കാമല്ലോ.



# അനുബന്ധം A

## നിലവിലുള്ള റോഡുകൾ

| വാർഡ് | കോഡ് | റോഡിന്റെ പേര് | മൺറോഡ് | മെറ്റൽ ചെയ്തദൂരം | ടാർ ചെയ്തദൂരം | ആകെദൂരം | വീതി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| W. I | 0101 | അപ്പക്കോട്ടുപടി - തെക്കേമുറിപടി റോഡ് | 0.700 | - | - | 0.580 | 4.00 |
| | 0102 | തേലമണ്ണിൽ പടി - മാടക്കല റോഡ് | 0.660 | - | - | 0.660 | 4.00 |
| | 0103 | മൂശാരിക്കവല - തേലമണ്ണിൽ പടി റോഡ് | 0.570 | - | - | 0.570 | 4.00 |
| | 0104 | കാവിൻപുറം - വാക്കനോലി റോഡ് | 0.520 | - | - | 0.520 | 5.00 |
| | 0105 | വാക്കനോലി - പാറക്കടവ് റോഡ് | 1.035 | - | - | 1035 | 6.00 |
| | 0106 | ഇടത്തിട്ടപടി -തുരുത്തിമേപ്രത്ത് റോഡ് | 0.650 | - | - | 0.650 | 4.40 |
| | 0107 | കരയ്ക്കൽപടി - O.L.H.S കോളനി റോഡ് | 0.390 | - | 0.700 | 1090 | 4.00 |
| | 0108 | O.L.H.S കോളനി - ചേക്കൽ കടവ് ടാർ റോഡ് | - | - | 0.700 | 700 | 5.00 |
| | 0109 | കുമ്പിക്കഴപ്പടി - പട്ടേരി പടി റോഡ് | 0.600 | - | - | 0.600 | 4.00 |
| | 0110 | കാവിൻപുറം - ചേക്കേകടവ് റോഡ് | 0.130 | - | 0.800 | 0.930 | 4.00 |
| | 0111 | തേരടപ്പുഴ പടി - വാക്കനോലി റോഡ് | 0.620 | - | 0.830 | 1450 | 5.00 |
| | 0112 | മല്ലപ്പള്ളി ജംഗ്ഷൻ - പൂവനക്കടവ് റോഡ് | - | - | - | 0.090 | 4.00 |
| W. II | 0201 | വെളുത്തമോടയിൽപടി - നടമല റോഡ് | 0.690 | - | - | 0.690 | 4.50 |
| | 0202 | വെളുത്തമോടയിൽപടി - കൈപ്പറ്റ റോഡ് | 0.690 | - | - | 0.690 | 4.00 |
| | 0203 | പ്ലാവുങ്കൽപടി - ബ്ലോക്കുപടി റോഡ് | 0.900 | - | - | 0.900 | 4.00 |
| | 0204 | പുതിയപറമ്പിൽപടി - കിഴക്കേൽ പടി റോഡ് | 0.200 | - | - | 0.200 | 3.00 |
| | 0205 | ആശാരി പടി - C.S.I പള്ളിപ്പടി റോഡ് | 0.220 | - | - | 0.220 | 3.00 |
| | 0206 | മൂശാരിക്കവല - N.E.S ബ്ലോക്ക് - വാഴേപ്പറമ്പ് പടി റോഡ് | - | - | 2.000 | 2.000 | 6.00 |
| | 0207 | പോസ്റ്റാഫീസ് (വാളക്കുഴി പടി) - കൈപ്പറ്റ റോഡ് | - | - | 0.855 | 0.855 | 8.00 |
| | 0208 | പുത്തൻ പുരയ്ക്കൽ പടി - വാളക്കുഴി പടി റോഡ് | 0. 415 | - | - | 0.415 | 7.00 |
| | 0209 | മൂശാരിക്കവല - ചെങ്കല്ല് - നെല്ലിമൂട് റോഡ് | 0.600 | - | - | 0.600 | 5.50 |
| | 0210 | നടമല - നെല്ലിമൂട് റോഡ് | 1.600 | - | - | 1.600 | 5.00 |
| | 0211 | കൈപ്പറ്റ കോളനി റോഡ് | 0.800 | - | - | 0.800 | 3.50 |
| | 0212 | മൂശാരിക്കവല - മടുക്കോലി റോഡ് | 0.150 | - | - | 0.150 | 3.50 |
| W. III | 0301 | നെല്ലിമൂട് -കുത്തുകല്ലുങ്കൽപടി (തോട്ടുങ്കൽ പടി) റോഡ് | 0.840 | - | - | 0.840 | 4.00 |
| | 0302 | നെല്ലിമൂട് - പനയമ്പാല തോട് റോഡ് | 0.850 | - | - | 0.850 | 4.00 |
| | 0303 | ചിറ്റെഴം - ചേറ്റുതടം റോഡ് | 0.630 | - | - | 0.630 | 4.00 |
| | 0304 | ഞാറക്കോട് പടി - വെട്ടോലി - നെടുങ്ങാടപ്പള്ളി റോഡ് | 1.290 | - | - | 1.290 | 4.00 |
| | 0305 | അരീക്കൽ - പുല്ലിയിൽ പടി റോഡ് | 0.500 | - | - | 0.500 | 4.00 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | 0306 | വെട്ടോലി - മങ്കുഴി റോഡ് | 0.320 | - | - | 0.320 | 4.00 |
| | 0307 | ഞാറക്കോട്ട് പടി - ചേറ്റുതടം റോഡ് | 0.745 | - | - | 0.745 | 4.00 |
| | 0308 | വാഴേപ്പറമ്പ് - ചേറ്റുതടം റോഡ് | 0.700 | - | - | 0.700 | 4.00 |
| | 0309 | വെട്ടോലി - പ്ലാച്ചിറ റോഡ് | 0.225 | - | - | 0.225 | 4.00 |
| | 0310 | നെടുങ്ങാടപ്പള്ളി ഫെഡറൽ ബാങ്ക് - പാലത്തുങ്കൽ റോഡ് | 0.400 | - | - | 0.400 | 4.00 |
| | 0311 | ചെറിയ പാലയ്ക്കൽ - കൈപ്പറ്റ റോഡ് | 0.900 | - | - | 0.900 | - |
| | 0312 | അരീക്കൽ - പന്നേലിമണ്ണിൽ റോഡ് | - | - | - | 0.500 | 5.00 |
| | 0313 | വല്യകണ്ണത്തിൽ പടി - കുമ്പുളുങ്കൽ പടി | 0.500 | - | - | 0.300 | 4.00 |
| W. IV | 0401 | Y.W.C.A - മഞ്ഞത്താനം (കരുന്നപ്പുഴ) റോഡ് | 1.110 | - | - | 1.110 | 4.50 |
| | 0402 | മഞ്ഞത്താനം - പാതിക്കാട് റോഡ് | 1.360 | - | - | 1.360 | 4.00 |
| | 0403 | കൊച്ചിക്കുഴിപടി-വലിയപുരയിടം-വെളുത്തമോടയിൽപടി | 1.000 | - | - | 1.000 | 3.50 |
| | 0404 | നെടുങ്ങാടപ്പള്ളി - കോൺവെന്റ് പുതുക്കുളം റോഡ് | 0.040 | - | 0.560 | 0.600 | 3.50 |
| | 0405 | കൊച്ചിക്കുഴിപ്പടി - മഞ്ഞത്താനം ലക്ഷം വീട് കോളനി റോഡ് (വടക്കേക്കരപ്പടി - ലക്ഷംവീട്) | 0.400 | - | - | 0.400 | 3.50 |
| | 0406 | മോടയിൽ പടി - അടേക്കാവ് റോഡ് (കുരുന്ന പടി - മോടയിൽ പടി) റോഡ് | 0.700 | - | - | 0.700 | 4.00 |
| | 0407 | കുരുമ്പപ്പുഴപ്പടി -കൊച്ചിക്കുഴിപ്പടി റോഡ് | 0.650 | - | - | 0.650 | 3.50 |
| | 0408 | ഗ്രാസ്സ് ഫാക്ടറിപ്പടി - പാലയ്ക്കാമണ്ണിൽ പടി റോഡ് | - | - | 0.200 | 0.200 | 4.50 |
| | 0409 | നെടുങ്ങാടപ്പള്ളി - പുതുക്കുളം കോളനി ബ്രാഞ്ച് റോഡ് | 0.250 | - | - | 0.250 | 3.00 |
| | 0410 | മഞ്ഞത്താനം -ലക്ഷം വീട് കോളനി റോഡ് | 0.200 | - | - | 0.200 | 2.50 |
| | 0411 | പ്ലാവുങ്കൽ പടി - പണ്ടിയാലപ്പടി റോഡ് | 1.075 | - | - | 1.075 | 4.00 |
| | 0412 | ദേവൻകര -പമ്പ് ഹൗസ് റോഡ് | 0.090 | - | - | 0.090 | 3.00 |
| | 0413 | കൊച്ചിക്കുഴിപ്പടി - നൂഴ്യമുറിപ്പടി | 0.400 | - | - | 0.400 | 3.50 |
| | 0503 | മുരണി - വായ്പൂര് റോഡ് | 1.150 | - | - | 1.150 | 5.00 |
| | 0504 | പന്നിക്കുഴിപടി - മങ്ങാട്ടു പടി റോഡ് | 0.900 | - | - | 0.900 | 8.00 |
| | 0505 | കിഴക്കേക്കുറ്റ് പടി - അമ്പുക്കയത്ത്പടി - അശ്വതിമന്ദിരം റോഡ് | 0.430 | - | - | 0.430 | 4.00 |
| | 0506 | മുരണി -വടക്കേടത്തു കടവ് റോഡ് | 0.400 | - | - | 0.400 | 4.00 |
| | 0507 | മുരണി - പാറേപ്രയാറ്റ് - മുതുമരം റോഡ് | 0.890 | - | - | 0.890 | 5.00 |
| | 0508 | ചേർത്തോട് പടി - പരുത്തിമല മുരണി റോഡ് | 1.200 | - | - | 1.200 | 4.00 |
| | 0509 | ഹൈസ്കൂൾ ജംഗ്ഷൻ - മുരണി റോഡ് | 1.500 | - | - | 1.500 | 4.00 |
| | 0510 | ഹൈസ്കൂൾ ജംഗ്ഷൻ - മുള്ളൻകുഴി റോഡ് | - | - | 1.000 | 1.000 | 4.00 |
| | 0511 | പുതിയിടത്തു പടി -കോയിക്കുന്നുംപുറം റോഡ് | - | - | - | - | - |
| | 0512 | പുതിയ മാത്തിപ്പടി - പുളിക്കൽപടി റോഡ് | - | - | - | - | - |
| | 0513 | പരുത്തിമലപ്പള്ളി - പന്ത്രണ്ടുപറപ്പടി റോഡ് | - | - | - | - | - |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| W. VI | 0601 | C.M.S. ചർച്ച് -പരുത്തിപ്പാലം റോഡ് | 1.100 | - | - | 1.100 | 4.00 |
| | 0602 | തൈക്കൂട്ടത്തിൽ പടി -അമ്പിയിൽ പടി റോഡ് | 0.600 | - | - | 0.600 | 4.00 |
| | 0603 | മുരണി കാളച്ചന്ത - മുതുമരം - പാടിമൺ റോഡ് | 0.900 | - | - | 0.900 | 4.00 |
| | 0604 | ഒരുപ്രാമണ്ണിൽ പടി -പളളിപ്പടി റോഡ് | 0.690 | - | - | 0.690 | 4.00 |
| | 0605 | കോലമാക്കൽ പടി - പാടിമൺ റോഡ് | 0.300 | - | - | 0.300 | 4.00 |
| | 0606 | കോലമ്മാക്കൽ പടി -പയറ്റുകാലാ കോളനി റോഡ് | - | - | 0.450 | 0.450 | 3.00 |
| | 0607 | കരയോഗപ്പടി -പനവേലിക്കുന്ന് (ചാലുങ്കൽ - ചേർത്തോട്) റോഡ് | - | - | - | 1.150 | 3.50 |
| | 0608 | കാട്ടാമല - മുതുമരം റോഡ് | - | - | - | 0.450 | 4.00 |
| | 0609 | ജേക്കബ് റോഡ് | 0.760 | - | 0.800 | 1.560 | 8.00 |
| | 0610 | ചേർത്തോട് - മണ്ണൽ പടി (പോസ്റ്റാഫീസ്- ചേർത്തോട്) റോഡ് | 0.500 | - | - | 0.500 | 4.00 |
| | 0611 | മന്നത്തു പടി -പളളിക്കടവ് റോഡ് | 0.525 | - | - | 0.525 | 4.00 |
| | 0612 | അമ്പിയിൽ പടി - കൊല്ലാത്തോട്ടത്തിൽ പടി | 0.275 | - | - | 0.275 | 4.00 |
| W. VII | 0701 | പരയ്ക്കത്താനംപളളിപ്പടി - പറയൻകുന്ന് -പൊട്ടൻകുളം റോഡ് | 0.900 | - | - | 0.900 | 4.00 |
| | 0702 | മാവിളപ്പടി - മഠത്തുംകുന്നേൽ പടി റോഡ് | 0.270 | - | - | 0.270 | 3.70 |
| | 0703 | കൊച്ചുരപ്പ് - പെരുമ്പാറ(കടവന്താനം) റോഡ് | 0.300 | - | - | 0.300 | 4.80 |
| | 0704 | ഈന്തനോലി - മണ്ണുംപുറം റോഡ് | 1.290 | - | - | 1.290 | 4.00 |
| | 0705 | കൊറ്റൻകുടി - പളളിമുക്ക് - പെരുമ്പ്രാമാവ് റോഡ് | 0.300 | - | 0.600 | 0.930 | 4.50 |
| | 0706 | മണ്ണുംപുറം - കൊറ്റൻകുടി - ആറ്റുകുഴി (കൊറ്റൻകുടി - കുഴിവേലി) റോഡ് | 1.170 | - | - | 1.170 | 4.00 |
| | 0707 | കുഴിവേലിപ്പടി - മാർത്തോമാ- മരുവത്തറപ്പടി - കോലറ റോഡ് | 0.600 | - | - | 0.600 | 4.00 |
| | 0708 | ചെന്നയ്ക്കാട്ട് പടി - പൗവ്വത്തിപ്പടി റോഡ് | 0.160 | - | - | 0.160 | 3.50 |
| | 0709 | കളർമണ്ണിൽ പടി- വാഴേപ്പറമ്പ് പടി | 0.900 | - | - | 0.900 | 6.00 |
| | 0710 | എക്കളത്തിൽപ്പടി - കീച്ചേരിപ്പടി റോഡ് | - | - | - | - | - |
| W. VIII | 0801 | കീഴ്വായ്പൂര് - പടുതോട് റോഡ് | 1.200 | - | 0.300 | 1.200 | 4.00 |
| | 0802 | ചേക്കേക്കടവ് - കീഴ്വായ്പൂര് റോഡ് | 0.450 | - | - | 0.450 | 4.00 |
| | 0803 | പെരുമ്പ്രാമാവ് - പാറത്തോട് റോഡ് | - | - | 0.315 | 0.315 | 5.00 |
| | 0804 | സമരമുക്ക് - പാറത്തോട് റോഡ് | 0.680 | - | 0.200 | 0.780 | 3.50 |
| | 0805 | തേപ്പുകല്ലുങ്കൽ പടി - പാറത്തോട് റോഡ് | 0.910 | - | - | 0.910 | 3.50 |
| | 0806 | മണ്ണുംപുറം - പാറത്തോട് റോഡ് | 0.450 | - | 0.300 | 0.750 | 4.00 |
| | 0807 | കിഴക്കേക്കര M.T.L.P.S. - താന്നിക്കുളത്ത് പടി റോഡ് | 0.400 | - | - | 0.400 | 3.70 |
| | 0808 | C.S.I.പളളിപ്പടി - കുളത്തുങ്കൽ പടി റോഡ് | 0.600 | - | - | 0.600 | 3.50 |
| | 0809 | സ്റ്റോർമുക്ക് - കണ്ണന്താനം പടി | 0.910 | - | - | 0.910 | 3.50 |
| | 0810 | നെയ്തേലിപ്പടി - ഐക്കുന്ന് | 0.900 | - | - | 0.900 | 4.00 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| W. IX | 0901 | എക്കളത്തിൽ പടി - പാറത്തോട് റോഡ് | 1.150 | - | - | 1.150 | 8.00 |
| | 0902 | കരിമ്പിൻകുഴി - കോയിക്കമാവുങ്കൽ പടി റോഡ് | 0.750 | - | - | 0.750 | 4.00 |
| | 0903 | നാരകത്താനി - നെയ്തേലിപ്പടി റോഡ് | 1.280 | - | - | 1.280 | 5.00 |
| | 0904 | വേലംപറമ്പ് - ശീതക്കുളം റോഡ് | 0.470 | - | - | 0.470 | 3.50 |
| | 0905 | ചേന്നമല - കോയിക്കമാവുങ്കൽ - എക്കളത്തിൽ പടി റോഡ് | 0.930 | - | - | 0.930 | 4.00 |
| | 0906 | തയ്യിൽ പടി - ചാക്കമറ്റം റോഡ് | 0.550 | - | - | 0.550 | 4.20 |
| | 0907 | തേപ്പുകല്ലുങ്കൽ പടി - പടുതോട് റോഡ് | 1.150 | - | - | 1.150 | 4.50 |
| | 0908 | പാറത്തോട് - വേലംപറമ്പ് റോഡ് | 0.500 | - | - | 0.500 | 3.50 |
| | 0909 | മൂക്കനോലി - വേങ്ങത്താനം റോഡ് | 1.150 | - | - | 1.150 | 4.00 |
| | 0910 | പള്ളിപ്പടി -പുതുപ്പറമ്പിൽ പടി റോഡ് | 1.280 | - | - | 1.280 | 4.00 |

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | നീളം KM | വീതി Metre | ബസ് സർവ്വീസ് |
|---|---|---|---|---|---|
| 1. | കോട്ടയം - കോഴഞ്ചേരി (നെടുങ്ങാടപ്പള്ളി മുതൽ പടുതോട് പാലം വരെ) | P.W.D | 9 | 13 | ഉണ്ട് |
| 2. | പൂവനക്കടവ് - ചെറുകോൽപ്പുഴ (C.M.S. ജംഗ്ഷൻ മുതൽ കൊറ്റംകുടി വരെ) | P.W.D | 5 | 13 | ഉണ്ട് |
| 3. | തിരുവല്ല - മല്ലപ്പള്ളി (ജംഗ്ഷൻ മുതൽ മൂശാരിക്കവല വരെ) | P.W.D | 1.260 | 8 | ഉണ്ട് |
| 4. | മൂശാരിക്കവല - കോമളം (കാവിൻപുറം വരെ) | P.W.D | 1.450 | 8 | ഉണ്ട് |
| 5. | തിരുവല്ല - മല്ലപ്പള്ളി (മങ്കുഴിപ്പടി മുതൽ നെല്ലിമൂട്) | P.W.D | 1.584 | 8 | ഉണ്ട് |
| 6. | ഓസ്റ്റിൻ റോഡ് (കീഴ്വായ്പൂർ സ്റ്റോർമുക്ക് - കൊറ്റംകുടി) | P.W.D | 3.400 | 8 | ഉണ്ട് |
| 7. | ക്രോസ് ജംഗ്ഷൻ - തുണ്ടിയംകുളം | P.W.D | 0.800 | 8 | ഉണ്ട് |
| 8. | തേലമൺ - പുല്ലുകുത്തി | P.W.D | 0.800 | 8 | ഉണ്ട് |
| 9. | പൂവനക്കടവ് - ചേലക്കൊമ്പ് (ബസ് സ്റ്റാൻഡു മുതൽ പാതിക്കാടുപള്ളിപടി വരെ) | P.W.D | 1.500 | 8 | ഉണ്ട് |
| 10. | ചേർത്തോടു കവല - കാവനാൽകടവ് | P.W.D | 1.900 | 8 | ഉണ്ട് |

| വാർഡ് | റോഡിന്റെ പേര് |
|---|---|
| 2 | നെല്ലിമൂട് - നടമല |
| 2 | മൂശാരിക്കവല-N.E.S ബ്ലോക്ക്-വാഴേൽപറമ്പിൽപടി |
| 2 | വാളക്കുഴിപടി - കൈപ്പറ്റ |
| 1 | കാവിൻപുറം - ചേക്കേൽകടവ് - ലക്ഷംവീട് |
| 1 | തേരടപ്പുഴ - വാക്കനോലി |
| 4 | നെടുങ്ങാടപള്ളി കോൺവെന്റ് - പുതുക്കുളം |
| 4 | ഗവ: ആശുപത്രി പടി - മാരിക്കൽ - കൊച്ചുപറമ്പ് |
| 5 | തിരുമാലിട ക്ഷേത്രം - മുരണി |
| 5 | പുതിയിടത്തുപടി - കോയിക്കകുന്നുംപുറം |
| 5 | ഹൈസ്കൂൾ ജംഗ്ഷൻ - മുള്ളൻകുഴി കോളനി |
| 6 | കോലമ്മാക്കൽ പടി - പയറ്റുകാലാ കോളനി |
| 6 | ജേക്കബ് റോഡ് |
| 7 | കൊറ്റംകുടി - പരയ്ക്കത്തോനം - പെരുമ്പ്രാമാവ് |
| 8 | കീഴ്വായ്പൂർ - പടുതോട് |
| 8 | പെരുമ്പ്രാമാവ് - പാറത്തോട് |
| 8 | സമരമുക്ക് - പാറത്തോട് |

മുൻപ് പല സ്കീമുകളിലായി ഭാഗികമായും പൂർണ്ണമായും ടാർ ചെയ്ത റോഡുകളുടെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. ഇവയിൽ പലതും ഇപ്പോഴും സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നു.

## പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധാരാളമുണ്ട്. മിക്ക നിർദ്ദേശങ്ങളും നിലവിലുള്ള നടപ്പാതകൾ വീതികൂട്ടി റോഡുകളാക്കണം എന്നാണ്. പുതിയ റോഡു കൾ നിർമ്മിക്കുമ്പോഴും പഴയ റോഡുകൾ നന്നാക്കുമ്പോഴും നമ്മുടെ ഭൂപ്രകൃതിയനുസരിച്ച് പാറകൾ പൊട്ടിച്ചു മാറ്റേണ്ടി വരുന്നത് ഒരു പ്രശ്നമാണ്.

| വാർഡ് | ഉദ്ദേശിക്കുന്ന പേര് |
|---|---|
| 1 | തെക്കേമുറി - വെള്ളയ്ക്കൽ (ആറ്റുതീരം വഴി) |
| 1 | പൂവനക്കടവ് -വടക്കൻകടവ് ('') |
| 1 | ചേക്കേൽപടി- കല്ലുപാലം വഴി കോളജ് |
| 4 | വല്യപുരയിടത്തിൽ പടി - ആറാട്ടുപുഴ |
| 5 | അഞ്ചുതെങ്ങിൽ പടി - [illegible] |
| 5 | അഞ്ചുതെങ്ങിൽ പടി - തടത്തേൽ |
| 5 | ആറ്റുകടവ് - പുത്തുകല്ല് പടി |
| 5 | താന്നിക്കൽ പടി - പരുത്തിമലപള്ളിപടി |
| 5 | ശ്രീമന്ദിരം പടി - പച്ചനാം മുറി |
| 5 | ശങ്കര വിലാസം - പ്രാറ്റേടത്തു പടി |
| 6 | മേത്രയിൽ പടി - പയറ്റുകാലാ |
| 7 | തടത്തേപ്പടി - പൊട്ടൻകുളം (Via)കുഴിവേലിപടി |
| 7 | പൊട്ടൻകുളം-തൈക്കൂട്ടത്തിൽപടി(Via) ആറ്റുകുഴി |

ഈ സാഹചര്യത്തിൽ എല്ലാ റോഡുകളും ടാർ ചെയ്യണമെന്ന ആവശ്യം എപ്രകാരം നിറവേറ്റാൻ കഴിയുമെന്ന് ഗൗരവമായി ചിന്തിക്കണം.

റോഡിന്റെ വീതി കുറവ്, ഓടകളുടെ അഭാവം, ലോറികളുടെയും മറ്റും അമിതമായ വേഗം, ടാറിംഗിന്റെ ഗുണനിലവാരമില്ലായ്മ, മല്ലപ്പള്ളി ടൗണിൽ ഫുട്പാത്തുകളുടെ അഭാവം, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, കാലാകാലങ്ങളിൽ അറ്റകുറ്റപണിയില്ലായ്മ, ജംഗ്ഷനുകളിൽ ബംബുകളുടെയും ട്രാഫിക് സിഗ്നലുകളു ടെയും അഭാവം, നിരത്തു വക്കിലെ പാർക്കിങ്ങ്, അലക്ഷ്യമായ ഡ്രൈവിങ്ങ് എന്നിവയും റോഡിന്റെ രക്ഷയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ഓടകൾ നികത്തി തങ്ങളുടെ വീട്ടിലേക്ക് വഴി നിർമ്മിക്കുന്ന അനുഭവങ്ങളും ധാരാളമുണ്ട്.

## പ്രാദേശിക ഗതാഗതസൗകര്യങ്ങൾ

മല്ലപ്പള്ളി ടൗണിലും, കീഴ്വായ്പൂരിലുമാണ് യാത്രയ്ക്കും ചരക്കു ഗതാഗതത്തിനുമുള്ള വാഹനങ്ങൾ വാടകയ്ക്ക് ലഭിക്കുന്നത്.

മല്ലപ്പള്ളിയിൽ 3 ടൂറിസ്റ്റ് ബസുകളും വാനും, 50 ടൂറിസ്റ്റ് ടാക്സികളും, 100 ഓട്ടോറിക്ഷാകളും, 30 ടെമ്പോകളും ലോറികളും, 45 ജീപ്പുകളും ലഭ്യമാണ്. ദിനംതോറും പുതിയ വാഹനങ്ങൾ റോഡിലേക്കെത്തിച്ചേരുന്നതോടെ ഗതാഗതക്കുരുക്ക് മല്ല പ്പള്ളി ടൗണിൽ നിത്യ സംഭവമാണ്. ടാക്സികൾക്കും, ഓട്ടോകൾ ക്കും മറ്റു വാഹനങ്ങൾക്കും പ്രത്യേകം പ്രത്യേകം സ്റ്റാൻഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ടൗണിൽ ട്രാഫിക് സിഗ്നലുകളും വൺവേയും അത്യാവശ്യമാണ്. പുതിയ ബസ് ഷെൽറ്ററുകളും ബസ്സ്റ്റോപ്പുകളും നിർമ്മിക്കണം.

മല്ലപ്പള്ളിയിൽ പഞ്ചായത്തിന്റെ ചുമതലയിൽ ഒരു ബസ് സ്റ്റാൻഡ് പ്രവർത്തിക്കുന്നു. ദിനംപ്രതി ഏകദേശം നൂറോളം ബസുകൾ ഈ സ്റ്റാൻഡിൽ എത്തിച്ചേരുന്നു. സ്റ്റാൻഡിന് ഇപ്പോഴുള്ള സ്ഥലം അപര്യാപ്തമാണ്.

താലൂക്ക് ആസ്ഥാനമായ മല്ലപ്പള്ളി പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് KSRTC സബ്ഡിപ്പോ അടിയന്തിരാവശ്യമാണ്. താലൂക്ക് ആസ്ഥാനവുമായി ബന്ധപ്പെടാൻ ജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് സ്വകാര്യ ബസുകളെയാണ്. റൂട്ട് പെർമിറ്റുകൾ ഉണ്ടെങ്കിലും, സന്ധ്യക്കുശേഷം സർവ്വീസ് നടത്തുന്നതിൽ സ്വകാര്യ ബസുടമകൾ വിമുഖത കാട്ടുന്നു. ആയതിനാൽ വ്യാപാര സ്ഥാപനങ്ങൾ സന്ധ്യയോടുകൂടി അടച്ചുപൂട്ടുന്നു. KSRTC സബ് സ്റ്റേഷൻ നിലവിൽ വരികയും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും മാത്രമാണ് ഇതിനുള്ള പോംവഴി. ശബരിമല തീർത്ഥാടനം, ചെറുകോൽപ്പുഴ, മാരാമൺ, കുളത്തൂർമൂഴി, മല്ലപ്പള്ളി, കറുത്തവടശ്ശേരിക്കടവ് കൺവൻഷനുകൾ, ശിവരാത്രി മഹോത്സവം, പുതുപ്പള്ളി, മണർകാട്, പരുമല പെരുനാളുകൾ, എന്നിവയോടനുബന്ധിച്ച് സ്പെഷ്യൽ സർവ്വീസുകൾ ലാഭകരമായി നടത്തുവാനും തീർത്ഥാടകരുടെ യാത്രാക്ലേശം പരിഹരിക്കുവാനും കഴിയും.

## നിർദ്ദേശം

KSRTC സബ്ഡിപ്പോയ്ക്കുള്ള സ്ഥലം ടൗണിന് സമീപത്തായി ലഭിക്കുമെന്ന് ഒന്നാം വാർഡിലെയും നാലാം വാർഡിലെയും ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

## കടത്ത്

ഈ പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ കാവനാൽകടവ് പാറക്കടവ്, ചേക്കേൽകടവ് എന്നീ സ്ഥലങ്ങളിലാണ് കടത്ത് വള്ളങ്ങൾ സർവ്വീസ് നടത്തുന്നത്. മുരണിയിൽ കടത്ത് വള്ളക്കാരനില്ല. പഞ്ചായത്ത് നിയമപ്രകാരം കടത്തുവള്ളങ്ങൾ പഞ്ചായത്തിന് നാളിതുവരെ വിട്ടുകിട്ടിയിട്ടില്ലാത്തിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

## നിർദ്ദേശങ്ങൾ

കടത്തനടി കടവ് - കോയിക്കൽ കടവ്, ചീരാക്കടവ് - മനത്ത് കടവ് എന്നിവിടങ്ങളിൽ പുതിയ കടത്തുവള്ളങ്ങൾ ആവശ്യമാണ്. മാളിയിക്കകടവിൽ യാത്രാ സൗകര്യത്തിന് സ്റ്റെപ്പ് ആവശ്യമാണ്.

## ഊർജ്ജം

മല്ലപ്പള്ളി പഞ്ചായത്തിൽ 1958 ലാണ് പുരോഗതിയുടെ അടിസ്ഥാന ഘടകമായ വൈദ്യുതി ആദ്യമായി എത്തിയത്. വെണ്ണിക്കുളം സെക്ഷന്റെ കീഴിലായിരുന്നു ആദ്യം ഓഫീസ് പ്രവർത്തിച്ചിരുന്നത്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും വാർഡുകളുടെ എല്ലാ ഭാഗത്തും ഇന്നും വൈദ്യുതി എത്തി ച്ചേർന്നിട്ടില്ല എന്നതാണ് സത്യം. വൈദ്യുതി മേജർ സെക്ഷന്റെ കീഴിൽ മല്ലപ്പള്ളിയിൽ അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ ഓഫീസും അസി. എഞ്ചിനീയർ ഓഫീസും കീഴ്വായ്പൂരിൽ സബ് എഞ്ചിനീയർ ഓഫീസും പ്രവർത്തിക്കുന്നു. 7, 8, 9 വാർഡുകളിലെ ഉപഭോക്താക്കൾ വായ്പൂര് അസി. എഞ്ചിനീയർ ഓഫീസിന്റെ പ്രവർത്തനപരിധിയിലാണ്. ഇത് പലപ്പോഴും ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

1990 ൽ മല്ലപ്പള്ളിയിൽ 110 KV സബ് സ്റ്റേഷന്റെ പണി ആരംഭിച്ചെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വൈദ്യുതി മേഖലയിൽ അടിയന്തിരമായി മല്ലപ്പള്ളിക്ക് പൂർത്തീകരിക്കുവാൻ കഴിയേണ്ട പദ്ധതിയാണിത്. പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും വർദ്ധിച്ചു വരുന്ന മുഴുവൻ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുവാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനും കഴിയണമെങ്കിൽ സബ് സ്റ്റേഷന്റെ പണി പൂർത്തിയാകണം.

എല്ലാ ഗ്രാമസഭകളിലും തെരുവു വിളക്കുകളെപറ്റിയുള്ള പരാതികൾ ധാരാളമായി ഉയർന്നു വന്നു. പുതിയ വിളക്കുകൾ സ്ഥാപിക്കുവാനും സ്ഥാപിച്ചവ കത്തിക്കുവാനും ആളുകൾ ആവശ്യപ്പെടുന്നു. ഒരു വർഷം 1,44,000 രൂപയോളം തെരുവു വിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിലേക്ക് നൽകുന്നുണ്ട്. എന്നാൽ നൽകുന്ന തുകയ്ക്കനുസരിച്ച് ബൾബുകൾ കത്തുന്നില്ല.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. ആവശ്യാനുസരണം തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
3. മുഴുവൻ കോളനി പ്രദേശങ്ങളും വൈദ്യുതീകരിച്ചിട്ടില്ല.
4. മരച്ചില്ലകൾ യഥാസമയം മുറിച്ചു മാറ്റുന്നില്ല.
5. രൂക്ഷമായ വോൾട്ടേജ് ക്ഷാമം മിക്ക വാർഡുകളിലും അനുഭവപ്പെടുന്നു.

### നിർദ്ദേശങ്ങൾ

1. 110 KV സബ് സ്റ്റേഷന്റെ പണി ഉടൻ പൂർത്തീകരിക്കണം.
2. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും പൂർണ്ണമായി വൈദ്യുതി എത്തിക്കുന്നതിന് 50 കി. മീ വൈദ്യുതി ലൈൻ പുതിയതായി സ്ഥാപിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഉപഭോക്താക്കളെ പഞ്ചായത്തിലുള്ള ഓഫീസുകളുടെ നിയന്ത്രണത്തിലാക്കേണ്ടതാണ്.
4. മല്ലപ്പള്ളി ടൗണിൽ 25 സോഡിയം വേപ്പർ ലൈറ്റുകളും പ്രധാന ജംഗ്ഷനുകളിൽ ട്യൂബ് ലൈറ്റുകളും സ്ഥാപിക്കുക.
5. തെരുവു വിളക്കുകൾ രാത്രി മുഴുവൻ കത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
6. വൈദ്യുതി ബോർഡിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ജനകീയ ഇടപെടലുകൾ ഉണ്ടാകുന്നതിനുള്ള സമിതികൾ രൂപീകരിക്കുക.

# മാർക്കറ്റ്

മല്ലപ്പള്ളി പഞ്ചായത്തിലെ പ്രധാന കാർഷിക മല ഞ്ചരക്ക് വിളകൾ റബർ, കുരുമുളക്, കശുവണ്ടി, കൊക്കോ, നാളികേരം തുടങ്ങിയവയാണ്. പഞ്ചായത്തിന്റെ അധീനത യിൽ മല്ലപ്പള്ളി ശ്രീകൃഷ്ണ വിലാസം പബ്ലിക് മാർക്കറ്റും കീഴ്വായ്പൂര് പബ്ളിക് മാർക്കറ്റും ഉണ്ട്. ഒരു കന്നുകാലി ചന്ത സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. മല്ലപ്പള്ളി യിലുള്ള മാർക്കറ്റ് താലൂക്കിലെ ഏറ്റവും വലിയ മാർക്കറ്റാ ണ്. എന്നാൽ അതിനു തക്ക സൗകര്യങ്ങൾ ഇനിയും ഉണ്ടാ കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. മല്ലപ്പള്ളി, കീഴ്വായ്പൂര് മാർക്കറ്റുകളിൽ സ്ഥിരം സ്റ്റാളു കൾ കെട്ടി വിപണ സൗകര്യം വർദ്ധിപ്പിക്കുക.
2. മത്സ്യ കച്ചവടക്കാർക്കു വേണ്ടി മേൽക്കൂരയുള്ള ഷെഡ് സ്ഥാപിച്ച് തറ കോൺക്രീറ്റ് ചെയ്യുക.
3. ഒരു ആധുനിക സ്ളോട്ടർ ഹൗസ് മല്ലപ്പള്ളി ചന്തയിൽ സ്ഥാപിക്കുക.
4. ഇപ്പോൾ നാളികേരം, വാഴക്കുല എന്നിവയുടെ വ്യാപാരം മല്ലപ്പള്ളി ടൗണിലാണ് നടക്കുന്നത് . ഇതുമൂലം ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്. ഇവയുടെ വിപണനത്തിനു വേണ്ടി പ്രത്യേക സൗകര്യം ഉണ്ടാക്കുക.
5. വാഴവിത്ത് കച്ചവടത്തിന്റെ ഒരു വലിയ കേന്ദ്രമായി മല്ല പ്പള്ളി മാറികൊണ്ടിരിക്കുകയാണ്. ഇതിന്റെ വ്യാപാരത്തിനു വേണ്ടിയും പ്രത്യേക സൗകര്യം ഒരുക്കണം.
6. ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും സഹകരണ മേഖലയിൽ സംവിധാനം ഏർപ്പെടുത്തുക.
7. നെല്ലിമൂട്, നാരകത്താനി, പാടിമൺ എന്നിവിടങ്ങളിൽ അന്തിചന്തകൾ സ്ഥാപിക്കുക.
8. കൊക്കോ സംഭരണത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കി നേരിട്ടു സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
9. കാർഷിക വിളകൾക്ക് മാർക്കറ്റിൽ ഏർപ്പെടുത്തിയിരിക്കു ന്ന ടോൾ ഒഴിവാക്കുക.
10. മല്ലപ്പള്ളി മാർക്കറ്റിൽ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് പുതിയ സ്റ്റാളുകൾ പണിയുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും



നമ്മുടെ രാജ്യത്ത് എട്ട് പഞ്ചവത്സര പദ്ധതികളും കഴിഞ്ഞെങ്കിലും പാർപ്പിട പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരു ഭാഗത്ത് ആധുനിക രീതിയിലുള്ള അംബരചുംബികളായ മണിമാളികകളും അനുദിനം ഉയർന്നു പൊങ്ങുമ്പോൾ മറുഭാഗത്ത് പെറ്റുക്കുടിലുകളും ചേരികളും നമ്മുടെ സാമൂഹ്യ വ്യവസ്ഥയുടെ വ്യത്യസ്തമുഖങ്ങൾ ചിത്രീകരിക്കുന്നു. ഈ അന്തരം നാം കൊട്ടിഘോഷിക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതിയ്ക്കെതിരെയുള്ള വെല്ലുവിളിതന്നെയാണ്.

മല്ലപ്പള്ളി പഞ്ചായത്തിൽ പാർപ്പിട പ്രശ്നം പട്ടണ പ്രദേശങ്ങളിലെപ്പോലെ രൂക്ഷമല്ല. പട്ടണ പ്രദേശങ്ങളുടെ മുഖമുദ്രയായ ചേരികൾ കണ്ടെത്തുവാൻ പറ്റില്ല. എന്നാൽ സ്വന്തമായി വീടില്ലാത്ത ഒരു ചെറിയ വിഭാഗം ആളുകൾ ഇവിടെയുണ്ട്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികൾ മൂലം പാർപ്പിട പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. 1971-72 കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയുടെ ഭാഗമായി നിലവിൽ വന്ന കോളനികൾ ചില ഭവനരഹിതർക്കെങ്കിലും ആശ്വാസമായിട്ടുണ്ട്.

എന്നാൽ സാധാരണക്കാരായ ജനങ്ങൾക്ക് ഭവന നിർമ്മാണം വളരെയധികം ദുഷ്ക്കരമായിത്തീർന്നിരിക്കുകയാണ്. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി, മണൽ, ഇഷ്ടിക എന്നിവയ്ക്കെല്ലാം അഭൂതപൂർവ്വമായ വിലവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

'2000-ാ മാണ്ടോടെ എല്ലാ കുടുംബത്തിനും പാർപ്പിടം' എന്നതാണ് നമ്മുടെ ലക്ഷ്യം. 20308 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 4032 കുടുംബങ്ങൾ ഉണ്ട്. സ്വന്തമായി ഭവനങ്ങൾ ഇല്ലാത്ത നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുള്ളപ്പോൾ തന്നെ. 1099 ഒറ്റനില കെട്ടിടങ്ങളും 283 ഇരുനില കെട്ടിടങ്ങളും ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇരുനിലയിൽ കൂടുതൽ ഉള്ള കെട്ടിടങ്ങളും ഉണ്ട്.

ഗൾഫ് പണം, നാണ്യവിളകളിൽ നിന്നുള്ള വരുമാനം, മോടി കൂടിയ വീടിനെ മാന്യതയുടെ പ്രതീകമായി കാണൽ ഇവയൊക്കെ കാരണം ആർഭാടം നിറഞ്ഞ വീടുകളാണ് പുതിയ വീടുകളിലധികവും. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിൽ താല്പര്യം കാണുന്നില്ല. വീടിന്റെ മോടിയിലും, ജീവിത ശൈലിയിലെ ആർഭാടത്തിലും അന്തസു കാണാൻ ശ്രമിക്കുന്ന അന്തസാര ശൂന്യത നിലനില്ക്കുന്നു എന്നു വേണം കരുതാൻ. ആവശ്യത്തെക്കാളുപരി ആഡംബരത്തിന് മുൻതൂക്കം കൊടുക്കുന്ന കോൺക്രീറ്റ് സൗധങ്ങൾ പുരോഗതിയുടെ ലക്ഷണമായി വിവേകമതികൾ കരുതുമെന്ന് തോന്നുന്നില്ല.

അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വീടുകൾ കോളനികളിൽ ഏറെയുണ്ട്. കക്കൂസുകളുടെ അപര്യാപ്തത, ശുദ്ധജല ദൗർലഭ്യം എന്നിവ കോളനികളിലെ പ്രധാന പ്രശ്നങ്ങളാണ്. വൈദ്യുതി, ടാർ ചെയ്ത റോഡുകൾ, വിജ്ഞാന വിനോദ കേന്ദ്രങ്ങൾ എന്നിവയും കോളനികൾക്കത്യാവശ്യമാണ്.

ഗതാഗത സൗകര്യം കൂടുതലുള്ളയിടത്ത് വീടു വയ്ക്കാനുള്ള അമിതാവേശം മൂലം റോഡ് സൗകര്യമുള്ളയിടത്ത് സ്ഥലത്തിന് വളരെ വില വർദ്ധിച്ചിട്ടുണ്ട്. ഭൂമിയ്ക്ക് ഏഴായിരം മുതൽ എഴുപതിനായിരം വരെ വിലയുണ്ട് ചിലയിടങ്ങളിൽ.

## കെട്ടിടങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ - വാർഡ് തിരിച്ച്

| വാർഡ് നമ്പർ | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകൾ ഉള്ള | തരംതിരിച്ച് | | | | വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവയുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 688 | 31 | 189 | 325 | 76 | 34 | 33 |
| II | 769 | 45 | 171 | 396 | 48 | 51 | 58 |
| III | 421 | 21 | 124 | 215 | 29 | 25 | 7 |
| IV | 626 | 55 | 121 | 216 | 35 | 124 | 75 |
| V | 750 | 39 | 168 | 384 | 45 | 90 | 24 |
| VI | 613 | 43 | 78 | 336 | 56 | 68 | 32 |
| VII | 524 | 20 | 94 | 280 | 95 | 21 | 14 |
| VIII | 577 | 16 | 101 | 397 | 35 | 8 | 20 |
| IX | 470 | 13 | 53 | 278 | 68 | 9 | 49 |
| ആകെ | 5438 | 283 | 1089 | 2827 | 487 | 430 | 312 |

## I.R.D.P സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| I | 89 | 3 | 16 | 01 | 13 | 76 |
| II | 128 | 8 | 35 | 05 | 30 | 98 |
| III | 63 | 2 | 13 | 01 | 10 | 53 |
| IV | 45 | 13 | 23 | 11 | 18 | 27 |
| V | 167 | 55 | 47 | 19 | 40 | 127 |
| VI | 152 | 34 | 42 | 11 | 38 | 114 |
| VII | 84 | 13 | 45 | 20 | 40 | 44 |
| VIII | 120 | 25 | 51 | 18 | 49 | 71 |
| IX | 109 | 25 | 39 | 08 | 35 | 74 |

നാട്ടിലെ മറ്റ് വീടുകളോട് മത്സരിച്ചു മത്സരിച്ചാണ് വീടുപണി ഇത്രയും ചെലവുള്ളതായി മാറിയത്. സ്വാഭാവികമായും കെട്ടിട സാമഗ്രികൾക്കുണ്ടായ വില വർദ്ധന ഒരു വശത്ത്. സിമന്റിനും, കമ്പിക്കും, മണലിനും മറ്റും ഒരു ന്യായീകരണവുമില്ലാതെ യാണ് വില കൂടുന്നത്. അതുകൊണ്ട് ചെലവു കുറയ്ക്കാൻ ശരിക്കും പ്രായോഗികമായ മാർഗ്ഗങ്ങൾ അവലംബിക്കണം. അതുപോലെ തന്നെ, കാലാവസ്ഥ പരിഗണിക്കാതെയുള്ള പുത്തൻ കെട്ടിട നിർമ്മാണ ശൈലി അപകടം പിടിച്ചതാണ്. കേരളീയ വാസ്തു ശില്പ കലയുടെ തനതു സംഭാവനയായ നാലുകെട്ടുകൾ ഇന്ന് നഷ്ട പ്രതാപത്തിന്റെ സ്മരണ മാത്രമാണ്. പഴയ വാസ്തു ശില്പകലയോട് സ്നേഹാദരങ്ങളുള്ള ചിലർ പഴയ നാലുകെട്ടുകൾ വില യ്ക്കു വാങ്ങി ചില്ലറ ആധുനികവല്ക്കരണങ്ങൾ നടത്തി താമസിക്കുന്നുണ്ട്. എന്നാൽ നൂറ്റാണ്ടുകളുടെ അനുഭവത്തിലൂടെ ഉരുത്തിരിഞ്ഞു വന്ന കേരളീയ ശില്പകല യെ വിസ്മരിച്ച് പണിതുയർത്തിയതും പൊങ്ങച്ചത്തിന്റെ പ്രതീകങ്ങളായ കോൺക്രീറ്റ് കെട്ടിടങ്ങൾ ചൈതന്യരഹിതമായ എടുപ്പുകൾ മാത്രമായി അവശേഷിക്കുന്നു. കാറ്റിന്റെ ദിശയും, സ്ഥലത്തിന്റെ കിടപ്പും പരിഗണിക്കാത്ത അത്തരം പല മന്ദിരങ്ങളും ശാരീരിക, മാനസിക അനാരോഗ്യവാന്മാരുടെ തടവറകളായി മാറുന്നു.

തീർച്ചയായും സമ്പത്തിന്റെ മോശമായ ഈ പ്രകടനപരതയില്ലാതെ താമസിക്കാൻ കൊള്ളാവുന്ന വീടുകൾ നിർമ്മിക്കാനാവും. ചെലവു കുറഞ്ഞ വീടുകൾക്കുണ്ടായ പ്രചാരം മലയാളിയുടെ പുതിയ തിരിച്ചറിവിനെയാണ് കാണിക്കുന്നത്. ആവശ്യത്തിനും സൗകര്യത്തിനും യോജിച്ച ചെറിയ വീടുകൾ - പ്രകൃതിയെ പേടിപ്പിക്കുന്ന വീടിനേക്കാൾ, പ്രകൃതിയോട് ചേർന്നു നില്ക്കുന്ന സ്നേഹം നിറഞ്ഞ വീടുകളുണ്ടാവണം.

നമ്മുടെ പഞ്ചായത്തിലും ബേക്കർ ശൈലിയിലുള്ള ചെലവു കുറഞ്ഞ വീടുകൾ - കാണാനും താമസിക്കാനും കൊള്ളാവുന്നയാണ് ഇനിയും ഉണ്ടാവേണ്ടത്.

ഗ്രാമവികസന വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെയും ബ്ലോക്കു വികസന ഓഫീസ്, ഗ്രാമ പഞ്ചായത്തോഫീസ് എന്നിവിടങ്ങളിലൂടെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം ലഭിക്കുന്നുണ്ട്. കൂടാതെ കേരള ഹൗസിംഗ് ബോർഡ്, വാണിജ്യ ബാങ്കുകൾ എന്നിവയും വായ്പ ലഭ്യമാക്കുന്നുണ്ട്. പട്ടികജാതി, പട്ടിക വർഗ്ഗ വകുപ്പ് തുടങ്ങിയ വകുപ്പുകളും ഭവന നിർമ്മാണ രംഗത്ത് സഹായം നൽകുന്നു.

മല്ലപ്പള്ളി പഞ്ചായത്തിലെ കെട്ടിട നിർമ്മാണ തൊഴിലാളികളിൽ പ്രത്യേക വൈദഗ്ദ്ധ്യം ലഭിച്ചവരും അല്ലാത്തവരുമുണ്ട്. ഇതിൽ 85% തമിഴ് നാട്ടിൽ നിന്നുള്ള കുടിയേറ്റക്കാരും ബാക്കി സ്വദേശികളുമാണ്. കൂടുതൽ വൈദഗ്ദ്ധ്യമുള്ള കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സേവനം ആവശ്യമാണ്.

കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പന നടത്തുന്ന 15ൽ പരം സഹകാര്യ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. ടൗണിന് സമീപത്തായി ചില ഇഷ്ടികക്കളങ്ങളും ചില വർഷങ്ങളായി പ്രവർത്തിക്കുന്നു. മണൽ വാരൽ തൊഴിലാളികൾ ഏറ്റവും ഉയർന്ന കൂലി ലഭിക്കുന്നവരുടെ വിഭാഗത്തിൽ പെടുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിനിരക്കിൽ കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ട്.

കൂലി നിരക്കിലെ വർദ്ധനവും കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കാരണം സർക്കാർ വായ്പാ പദ്ധതികളും വർദ്ധിപ്പിക്കേണ്ടതാണ്. അതുപോലെ വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടുകയും ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

1. വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പത്ത് മുഴുവൻ മണിമാളികകളുടെ നിർമ്മാണത്തിന് വിനിയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. ക്രിയാത്മകമായ മേഖലകളിൽ പണം നിക്ഷേപിക്കാൻ താല്പര്യം കാണിക്കാത്തതുമൂലം കാർഷിക, വ്യാവസായിക മേഖലയിലെ ഉൽപാദനം മുരടിച്ചു വരുന്നു, വൻവീടുകൾ പലതും ആഢംബരമാസമില്ലാത്തവയുമാണ്.
2. നിർമ്മാണരംഗത്തെ തൊഴിലാളികളുടെ വർദ്ധിച്ച കൂലി നിരക്കും, കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവും ഒരു ഭീഷണി തന്നെയാണ്.
3. തൊഴിലാളികളിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. വൈദഗ്ദ്ധ്യമുള്ള തദ്ദേശിയർ ഈ രംഗത്ത് കൂടുതലായുണ്ടാകേണ്ടിയിരിക്കുന്നു.
4. ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് ശാസ്ത്രീയമായ മാനദണ്ഡം ആവശ്യമാണ്.
5. കോളനികളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വീടുകൾ നിരവധിയാണ്.
6. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ ഉണ്ടാവണം.

### ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ( I.R.D.P സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 19 | 0 | 0 | 0 | 19 |
| II | 22 | 07 | 06 | 01 | 15 |
| III | 23 | 04 | 03 | 01 | 19 |
| IV | 19 | 01 | 00 | 01 | 18 |
| V | 30 | 20 | 20 | NIL | 10 |
| VI | 21 | 16 | 16 | NIL | 05 |
| VII | 26 | 09 | 08 | 01 | 17 |
| VIII | 25 | 09 | 09 | NIL | 16 |
| IX | 39 | 06 | 03 | 03 | 36 |

7. കൂടുതൽ കെട്ടിട നിർമ്മാണ സാമഗ്രികളും പ്രാദേശികമായി ഉത്പാദിപ്പിക്കേണ്ടിയിരിക്കുന്നു.

## സാദ്ധ്യതകൾ

1. ഭവന നിർമ്മാണരംഗത്ത് ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരവും പ്രോത്സാഹനവും നല്കുക.
2. ഭവന നിർമ്മാണത്തിന് ധനസഹായം നല്കുന്ന സഹകരണ സ്ഥാപനങ്ങൾ കൂടുതലായി രൂപീകരിക്കുക.
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.( സിമന്റ് , കമ്പി മുതലായവ)
4. സർക്കാർ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
5. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയുടെ തുക വർദ്ധിപ്പിക്കുക.
6. കെട്ടിട നിർമ്മാണ വസ്തുക്കൾ കൂടുതൽ ഉണ്ടാക്കുകയും മിതമായ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ആരംഭിക്കുക.
7. ഭവനരഹിതർക്ക് വീടുകൾ നൽകുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി ഏറ്റെടുക്കുക.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ക്ഷേമപദ്ധതികളാണ് അവയിൽ പ്രധാനം. ഇതുകൂടാതെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷൻ, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷൻ ഇവയും പ്രവർത്തിക്കുന്നുണ്ട്.

എന്നാൽ ഇത്തരം പല പദ്ധതികളെപ്പറ്റിയും സാധാരണ ജനങ്ങൾക്ക് വേണ്ട അറിവില്ല. അർഹതപ്പെട്ട പലർക്കും അവ ലഭിക്കുന്നുമില്ല. ഉദ്യോഗസ്ഥതലത്തിലും ഇക്കാര്യത്തിൽ അലംഭാവം ഉള്ളതായി പറയപ്പെടുന്നു.

I.R.D.P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 957 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 178 എണ്ണമാണ്. നാളിതുവരെ 311 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്.

## ട്രൈസം

ഗ്രാമവികസന വകുപ്പിൽ നിന്നും 18 നും 35 നും മദ്ധ്യേ പ്രായമുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് കേന്ദ്ര സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന പരിശീലന പദ്ധതിയാണിത്. ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർ പഞ്ചായത്തിലെ മിക്ക വാർഡുകളിലുമുണ്ട്. സ്പ്രേ പെയിന്റിംഗ്, ലാബ് ടെക്നീഷ്യൻ, മോട്ടോർ വൈൻഡിംഗ്, പ്ലംബിംഗ്, ഹാൻഡിക്രാഫ്റ്റ്, കംബോസിംഗ്, പ്രിന്റിംഗ് ടെക്നോളജി, വീവിംഗ്, സൈക്കിൾ റിപ്പയറിംഗ്, ടി.വി ആന്റ് റേഡിയോ മെക്കാനിസം തുടങ്ങി നിരവധി മേഖലകളിലാണ് പരിശീലനം നൽകിയത്. എന്നാൽ പരിശീലനം ലഭിച്ചവരിൽ ഒരു ചെറിയ വിഭാഗം മാത്രമേ സ്വയം തൊഴിൽ കണ്ടെത്തുന്നുള്ളൂ. പരിശീലനം നേടിയവരുടെ വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| II | സ്പ്രേ പെയിന്റിംഗ് | 1 | - | 1 | NIL |
| III | ലാബ് ടെക്നീഷ്യൻ | 1 | - | 1 | NIL |
| IV | മോട്ടോർ വൈൻഡിംഗ് | 1 | - | 1 | NIL |
| V | 1, പ്ലംബിംഗ് | 2 | - | 2 | NIL |
| | 2, ഹാൻഡി ക്രാഫ്റ്റ്സ് | 1 | - | 1 | NIL |
| | 3, കമ്പോസിംങ് and പ്രിന്റിംങ്ങ് ടെക്നോളജി | 1 | - | 1 | NIL |
| VI | 1, ലാബ് ടെക്നീഷ്യൻ | 2 | - | 2 | NIL |
| | 2, ഹാൻഡി ക്രാഫ്റ്റ്സ് | 1 | - | 1 | NIL |
| | 3, വീവിംങ്ങ് | 1 | - | 1 | NIL |
| VII | പ്രിന്റിംങ്ങ് & കമ്പോസിംങ് | 1 | - | 1 | NIL |
| VIII | സൈക്കിൾ റിപ്പയറിംങ്ങ് | 1 | 1 | - | NIL |
| | അപ്ഹോൾസ്റ്ററി | 1 | - | 1 | NIL |
| | ടി.വി. & റേഡിയോ മെക്കാനിസം | 1 | - | - | NIL |
| | പവർലൂം വീവിംങ്ങ് | 4 | - | 1 | 4 |
| IX | പ്ലംബിംഗ് | 2 | - | 2 | - |

D.W.R.C.A പദ്ധതിപ്രകാരം 2-ാം വാർഡിൽ 1993-94 വർഷം ആരംഭിച്ച ഒരു കൂൺ കൃഷി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിനും ഇത്തരം ചില പരിപാടി കൾ ഉണ്ട്. എന്നാൽ അഭിരുചിയ്ക്കനുസരിച്ച് പരിശീലനം ലഭിക്കേണ്ടവരെ തെരഞ്ഞെടുക്കാത്തതുകൊണ്ടും പരിശീലനാനന്തരം സ്വയം തൊഴിൽ കണ്ടെത്താൻ ആവശ്യമായ മൂലധനസഹായം ലഭിക്കാത്തതുകൊണ്ടും പരിശീലനം പ്രയോജനരഹിതമായി തീരുന്നു. പരിശീലന കാലത്തെ വേതനം മാത്രം ലക്ഷ്യമാക്കി വരുന്നവരുമുണ്ട്.

വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്താകയാൽ എല്ലാവർക്കും ബന്ധപ്പെടാൻ കഴിയുന്നില്ല. ഇതിന്റെ പ്രവർത്തനം വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

## ക്ഷേമ പദ്ധതികൾ

1. വാർദ്ധക്യകാലപെൻഷൻ
2. വിധവാ പെൻഷൻ
3. വികലാംഗ പെൻഷൻ
4. കർഷകത്തൊഴിലാളി പെൻഷൻ
5. തൊഴിലില്ലായ്മവേതനം

ഇങ്ങനെയുള്ള നിരവധി ക്ഷേമപദ്ധതികളിൽ നിന്നും ആനുകൂല്യം ലഭിക്കുന്നവർ ഉണ്ടെങ്കിലും അർഹരായ എല്ലാവർക്കും ഇത്തരം പദ്ധതികളിൽ നിന്നുള്ള പ്രയോജനം ലഭിക്കേണ്ടിയിരിക്കുന്നു.

I.R.D.P സർവ്വേ പ്രകാരം കക്കൂസുകൾ നിർമ്മിച്ചതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് വിലപ്പെട്ട സേവനം കാഴ്ചവെയ്ക്കാൻ കഴിയുന്ന സ്ഥാപനങ്ങളായ അംഗൻവാടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കനത്ത ഫീസ് ഈടാക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ അയയ്ക്കാൻ താഴ്ന്ന വരുമാനക്കാർക്ക് സാധിക്കില്ല. ഈ സാഹചര്യത്തിൽ ഓരോ വാർഡിലും അംഗൻവാടികൾ സ്ഥാപിച്ച് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാവശ്യമാണ്.

## പൊതുവിതരണ കേന്ദ്രം

റേഷനിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചുമതലയിൽ ഒരു മാവേലി സ്റ്റോർ സജീവമായി പ്രവർത്തിക്കുന്നുണ്ട്. രണ്ടു റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ട്. രണ്ട് പെട്രോൾ ബങ്കുകളും, ഒരു ഗ്യാസ് ഏജൻസിയും (ഇൻഡോർ) പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ട്രൈസം പദ്ധതിയിലൂടെ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ കണ്ടെത്താൻ പ്രായോഗിക പരിപാടികൾ നടപ്പാക്കുക.
2. വൃദ്ധജനസംരക്ഷണത്തിന് വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.
3. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുക.
4. തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുക.
5. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വരെ കണ്ടുപിടിക്കാനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുക.

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം ( I.R.D.P സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം(1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 32 | 3 | 3 | 29 |
| II | 48 | 10 | 9 | 31 |
| III | 39 | 4 | 4 | 31 |
| IV | 28 | 1 | 1 | 26 |
| V | 57 | 5 | 4 | 27 |
| VI | 78 | 0 | 0 | 62 |
| VII | 66 | 0 | 0 | 40 |
| VIII | 75 | 5 | 4 | 61 |
| IX | 95 | 0 | 0 | 89 |

ഭവന നിർമ്മാണ പദ്ധതി അനുവദിച്ച് നൽകിയ എല്ലാ കുടുംബങ്ങൾക്കും വീടിനോടൊപ്പം സാനിട്ടറി കക്കൂസുകൾ നൽകിയിട്ടുണ്ട്. ടി പദ്ധതി അനുസരിച്ചും C.R.S.P പദ്ധതിയനുസരിച്ചും ആകെ ഓരോ വാർഡുകളിലും നൽകിയിട്ടുള്ള കക്കൂസുകളുടെ എണ്ണം കുറച്ചാണ് ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിരിക്കുന്നത്.

## സംസ്ക്കാരം

മഹത്തായ ഒരു സംസ്ക്കാരത്തെളിമ മല്ലപ്പള്ളിയിലെ ജനതതിക്ക് അവകാശപ്പെടാനുണ്ട്. സാക്ഷരതയുടെ ഈറ്റില്ലമായ മല്ലപ്പള്ളിയിൽ, രാജ്യത്തെമ്പാടും വർഗ്ഗീയ കലാപങ്ങൾ കെട്ടഴിഞ്ഞു വീണപ്പോൾ അതിന്റെ പേരിൽ ഒരു ചെറിയ അപശബ്ദം പോലും ഇവിടെ ഉയർന്നില്ലായെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. തികഞ്ഞ ഗൗരവബുദ്ധിയോടെ ആത്മസംയമനം പാലിക്കാൻ കഴിഞ്ഞുവെന്നത് മല്ലപ്പള്ളിയിലെ ജനസമൂഹത്തിന്റെ ഉന്നതമായ സാംസ്ക്കാരിക ബോധം ഒന്നുകൊണ്ടു മാത്രമാണ് ജാതിമതവർഗ്ഗീയ ചിന്തകളെക്കാൾ പ്രാധാന്യം മാനവികതയ്ക്ക് ഈ നാട് നല്കുന്നുവെന്നതിന് ഇതിൽ കൂടുതൽ തെളിവെന്തിന്?

മല്ലപ്പള്ളിയിലെ പ്രഥമ വിദ്യാകേന്ദ്രം 1867ൽ സ്ഥാപിതമായ മല്ലപ്പള്ളി ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആണ്. അരനൂറ്റാണ്ടിനുശേഷം 1920 ആയപ്പോഴേക്കും ഈ സ്ഥാപനം സി. എം. സ്. ഇംഗ്ലീഷ് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ഇതിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. കെ.വി. മത്തായി സാർ (കൊച്ചിക്കുഴി) ആയിരുന്നു. ഇതേതുടർന്ന് നിരവധി വിദ്യാലയങ്ങൾ ഈ പ്രദേശത്ത് ഉടലെടുത്തു.

നാട്ടിലെ കലാഭിരുചിയുള്ള പലയാളുകളും കാക്കാരശി നാടകം, പുരാണ സംഗീത നാടകങ്ങൾ എന്നിവ കൂടെക്കൂടെ സ്റ്റേജുകളിൽ അവതരിപ്പിച്ചിരുന്നെങ്കിലും അതൊന്നും ഒരു നാടകസംഘമായി പരിണമിച്ചില്ല എന്ന ഒരു കുറവ് ആ രംഗത്തുണ്ടായി. അന്നവർ കളിച്ച 'കോവിലൻ ചരിത്രം' 'കരുണ', എന്നീ സംഗീതനാടകങ്ങളുടെ മധുരം നിറഞ്ഞ ഓർമ്മകൾ പഴയ തലമുറയുടെ മനസ്സിൽ ഇന്നും നിറഞ്ഞുനില്ക്കുന്നു. ആ അഭിരുചിയുടെ ചുവടുമറക്കാത്ത പിൻതലമുറ കലാസാംസ്ക്കാരിക രംഗത്ത് വളർച്ചയുടെ പടവുകൾ ചവുട്ടിക്കയറുകയാണ്. എഴുപതുകളിൽ രൂപം കൊണ്ട 'ശ്രീകലാ 'തീയേറ്റേഴ്സ് ശ്രദ്ധേയങ്ങളായ സാമൂഹ്യപ്രശ്നങ്ങളെ പ്രമേയങ്ങളാക്കി ഒരു ഡസൻ നാടകങ്ങൾ രംഗത്തവതരിപ്പിച്ചു. പക്ഷേ ഒരു ദശാബ്ദത്തിനുള്ളിൽ ആ കലാസമിതി വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ അണഞ്ഞു പോയി. പിന്നീട് പലരും ഒരു കലാസമിതി രൂപീകരിക്കാൻ തീവ്രമായ ശ്രമം തന്നെ നടത്തുകയുണ്ടായി. ശ്രമങ്ങളൊന്നും പൂവണിയുകയുണ്ടായില്ല.

മല്ലപ്പള്ളിയുടെ ഹൃദയഭാഗത്തായി പഞ്ചായത്തുവക സാംസ്ക്കാരിക നിലയവും വായനശാലയും സ്ഥിതി ചെയ്യുന്നു. ടി.വി. കേബിൾ ടി.വി എന്നിവയുടെ സ്വാധീന വലയത്തിൽ പെട്ട ചെറുപ്പക്കാർ ഇന്ന് പുസ്തകപാരായണത്തോട് വൈമുഖ്യം പ്രകടിപ്പിക്കുന്ന അവസ്ഥ നിലനില്ക്കുന്നു. കാട്ടാമലയിലുള്ള ഹരിജൻ കോളനിയിൽ ടി.വി. സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ മൂന്നു ഗ്രന്ഥശാലകളും ഒപ്പം കലാസാംസ്ക്കാരിക ക്ലബുകളും സ്ഥിരമായി പ്രവർത്തിക്കുന്നു. മൂന്ന് അമേച്ചർ നാടകസംഘങ്ങളുടെ പ്രവർത്തനവും കലാസാംസ്ക്കാരിക രംഗത്ത് ചൂണ്ടിക്കാണിക്കാനുണ്ട്.

നാടൻകലകളായ ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, തേക്കു പാട്ട്, മുടിയാട്ടം, പരുന്തുകളി മുതലായ മദ്ധ്യതിരുവിതാംകൂറിലെ പ്രാചീനകലാരൂപങ്ങളെ നിരീക്ഷണത്തിനും, പരീക്ഷണത്തിനും വിധേയമാക്കി പഠനാർഹമാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള 'കൈരളിഗവേഷണ കലാസമിതി' മല്ലപ്പള്ളി പഞ്ചായത്തിന്റെ 5-ാം വാർഡിലെ മുള്ളൻകുഴി കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. ഈ കലാസമിതി AIR ലും PRD യിലും നാടൻകലാരൂപങ്ങൾ അവതരിപ്പിക്കുകയും പല മത്സരങ്ങളിലും പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

മഹാന്മാരുടെയും രാഷ്ട്രതന്ത്രജ്ഞന്മാരുടെയും പാദ സ്പർശങ്ങളാൽ ഈ ഗ്രാമം ധന്യമാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും രാഷ്ട്രശില്പിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു 1952 ൽ മല്ലപ്പള്ളി സന്ദർശിച്ചിരുന്നു. അന്ന് ബാലികയായ ഇന്ദിരാപ്രിയദർശിനിയും ഒപ്പം ഉണ്ടായിരുന്നു. മല്ലപ്പള്ളി പാലത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കാനായി രാജപ്രമുഖനായിരുന്ന ശ്രീചിത്തിരതി രുനാൾ ബാലരാമവർമ്മ മഹാരാജാവ് മല്ലപ്പള്ളിയിൽ എഴു ന്നള്ളുകയുണ്ടായി. ഈ പാലമാണ് മല്ലപ്പള്ളി ഗ്രാമപ്രദേശ ത്തിന്റെ മുഖഛായ മാറ്റി ഇതിനെയൊരു ടൗണിന്റെ സ്വഭാ വം കൈക്കൊള്ളുവാൻ സഹായിച്ചത്. അന്നത്തെ പി.ഡബ്ലിയു.ഡി മന്ത്രിയായിരുന്ന ശ്രീ. കെ. ആർ. ഇലങ്കത്തും മല്ലപ്പള്ളി സന്ദർശിച്ച കൂട്ടത്തിൽ പെടുന്നു.

സാംസ്ക്കാരിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ നടുനായകത്വം വഹിച്ചിരുന്ന സ. എ.കെ.ജിയുടെ ഒളിവു ജീവിതകാലത്ത് മല്ലപ്പള്ളിയിലും ചുരുങ്ങിയ നാൾ താമസി ച്ചിരുന്നു. സ്വാതന്ത്ര്യസമരം കൊടുമ്പിരികൊണ്ട നാളുക ളിൽ ഈ പ്രദേശത്തെ പ്രബലമായ രാഷ്ട്രീയ പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നു. കോൺഗ്ര സ് പാർട്ടി കൂടാതെ സി. പി. ഐ.(എം), കേരളാ കോൺ ഗ്രസ്, സി.പി.ഐ, കോൺഗ്രസ് (എസ്), ജനതാദൾ, എൻ.ഡി.പി, ബി.ജെ.പി, എന്നീ രാഷ്ട്രീയപാർട്ടികൾ ഇവിടെ വേരുറപ്പിക്കുകയുണ്ടായി. ഇന്ന് ഈ പാർട്ടികളുടെ യൊക്കെ യുവജനസംഘടനകളും പ്രവർത്തനരംഗത്തുണ്ട്. എങ്കിലും രാഷ്ട്രീയപരമായ സംഘട്ടനങ്ങളോ ഏറ്റുമുട്ടലുക ളോ ഇവിടെ ഒരിക്കൽ പോലും ഉണ്ടായിട്ടില്ല എന്ന് അഭിമാ ന പൂർവ്വം എടുത്തുപറയേണ്ടിയിരിക്കുന്നു. മതപരമോ, രാഷ്ട്രീയപരമോ ആയ കാര്യങ്ങളിലൊന്നിലും യാതൊരു വിധമായ ശത്രുതാമനോഭാവവും പകയും വച്ചുപുലർത്താ ത്ത ഒരു ജനത, രാഷ്ട്രീയ ഏറ്റുമുട്ടലുകൾ ഈ ഗ്രാമത്തിന് അന്യമാണെന്ന് വിളംബരം ചെയ്യുന്ന ഒരു സമൂഹം അതി ന്റെ ഉദാത്തവും ഉൽകൃഷ്ടവുമായ സാംസ്ക്കാരിക ബോധ ത്തെയാണ് പ്രകടമാക്കുന്നത്.

നമ്മുടെ നാടിൻ നന്മയുടെ ഊർജ്ജ സ്രോതസായി നിലകൊണ്ടിട്ടുള്ള ആധ്യാത്മിക ചൈതന്യത്തിന്റെ ഉറവ ഇന്നിയും വറ്റിപ്പോയിട്ടില്ല എന്നു വേണം കരുതുവാൻ. ആദ്യ കാലത്ത്, ഭൗതികജീവിതത്തിന്റെ സുഖസൗഭാഗ്യങ്ങളുപേ ക്ഷിച്ച് ആത്മീയ സൗരഭം തേടിപ്പോയ മലങ്കര സഭാ ഭാസു രൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ് തി രുമേനി ഈ ഗ്രാമത്തിന്റെ ശുക്രനക്ഷത്രമായി ഇന്നും ജനഹൃ ദയങ്ങളിൽ പ്രകാശം ചൊരിഞ്ഞു നിൽക്കുന്നു. മദ്ധ്യകേരള ഇടവകയുടെ മേധാവി ആയിരുന്ന ബിഷപ്പ് മോടയിൽ എം. സി. മാണി ഈ പന്ഥാവിലെ മറ്റൊരു മാർഗ്ഗദീപമാണ്.

അതുപോലെ തന്നെ സർക്കാർ ജോലി ഉപേക്ഷിക്കു കയും നന്നേ ചെറുപ്പത്തിൽ തന്നെ ലൗകിക ജീവിതസുഖ ങ്ങളാകെ പരിത്യജിച്ച് കാഷായ വസ്ത്രത്തിന്റെ വിശുദ്ധി യിൽ ഇന്ദ്രിയാഭിമുഖ്യങ്ങളെ തളച്ചിടുകയും ആർഷഭാരത ഋഷി പരമ്പരയുടെ കണ്ണിയാകുകയും ചെയ്ത സന്യാസി ശ്രേഷ്ഠൻ സ്വാമി സിദ്ധാനന്ദയും മല്ലപ്പള്ളി ഗ്രാമത്തിന്റെ ആദ്ധ്യാത്മിക തേജസ്സിന്റെയും ആർഷസംസ്ക്കാരത്തിന്റെ യും പ്രതീകമായി പരിലസിക്കുന്നു.

## പഞ്ചായത്തിലെ ആരാധനാലയങ്ങൾ

### വാർഡ് -1

1. സെന്റ് ആൻഡ്രൂസ് മാർത്തോമാ ചർച്ച് പരിയാരം
2. സെന്റ് സേവ്യേഴ്സ് മലങ്കര കത്തോലിക്കാ പള്ളി മല്ലപ്പള്ളി
3. ശാരോൻ ഫെലോഷിപ്പ് മല്ലപ്പള്ളി
4. ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ
5. ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, പരിയാരം
6. രക്ഷാസൈന്യം

### വാർഡ് 2

1. സെന്റ് ജോൺസ് ബഥനി ഓർത്തഡോക്സ് വലിയപള്ളി മല്ലപ്പള്ളി
2. സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് കൈപ്പറ്റ
3. സി. എസ്. ഐ ചർച്ച് കൈപ്പറ്റ
4. എസ്. എൻ. ഡി.പി മന്ദിരം മല്ലപ്പള്ളി
5. ഇൻഡ്യൻ പെന്തക്കോസ്തു മിഷൻ മല്ലപ്പള്ളി
6. സിലോൺ പെന്തക്കോസ്തു മിഷൻ മല്ലപ്പള്ളി
7. സുവാർത്താ സെന്റർ

### വാർഡ് 3

1. സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, നെല്ലിമൂട്
2. മാർ ഗ്രിഗോറിയോസ് ചാപ്പൽ
3. സെഹിയോൻ മാർത്തോമാ ചർച്ച്, മല്ലപ്പള്ളി
4. ബ്രദറൺ അസംബ്ലി ഹാൾ
5. ഇൻഡ്യൻ പെന്തക്കോസ്തു ഹാൾ

### വാർഡ് 4

1. സെന്റ് അത്തനേഷ്യസ് കത്തോലിക്കാ പള്ളി, ഇരുപ്പയ്ക്കൽ
2. ശ്രീ ശുഭാനന്ദാശ്രമം, പുതുക്കുളം
3. ദി പെന്തക്കോസ്തു മിഷൻ
4. മല്ലപ്പള്ളി ദൈവസഭ

### വാർഡ് 5

1. തിരുമാലിട മഹാദേവ ക്ഷേത്രം
2. സെന്റ് ആൻഡ്രൂസ് ഹോളി ഇമ്മാനുവേൽ സി.എസ്.ഐ ചർച്ച്
3. സെന്റ് ജെയിംസ് ഓർത്തഡോക്സ് ചർച്ച്, മുരണി
4. കവലയിൽ ഭഗവതി ക്ഷേത്രം, മുരണി
5. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ
6. ഇൻഡ്യൻ പെന്തക്കോസ്തു
7. എസ്. എൻ. ഡി. പി കാട്ടാമല

### വാർഡ് 6

1. വെങ്ങലശേരി പള്ളി
2. വി.ആർ.സി.എസ്. ചേർത്തോടു കവല
3. മല്ലപ്പള്ളി മാർത്തോമാ ചർച്ച്

വാർഡ് 7

1. നടരാജ സ്വാമി ക്ഷേത്രം പൗവ്വത്തിപ്പടി
2. സെന്റ് തോമസ് മാർത്തോമാ ചർച്ച് പരയ്ക്കത്താനം
3. ബ്രദറൺ അസംബ്ലി ഹാൾ
4. ബാപ്റ്റിസ്റ്റ് ചർച്ച്

വാർഡ് 8

1. ഈശ്വരമംഗലം മഹാദേവക്ഷേത്രം, കീഴ്വായ്പൂര്
2. കിഴക്കേടത്ത് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, കീഴ്വായ്പൂര്
3. യറുശലേം മാർത്തോമാ പള്ളി
4. സെന്റ് ആൻഡ്രൂസ് സി.എസ്.ഐ ചർച്ച്
5. ശാരോൺ ഫെലോഷിപ്പ്
6. ഇവാഞ്ചലിക്കൽ ചർച്ച്
7. ആത്മബോധോദയ സംഘം
8. എസ്. എൻ. ഡി. പി ബ്രാഞ്ച്

വാർഡ് 9

1. സെന്റ് തോമസ് മാർത്തോമാ ചർച്ച്
2. സെന്റ് പോൾസ് മാർത്തോമാ ചർച്ച്
3. സി.എസ്.ഐ ചർച്ച്, നാരകത്താനി
4. സാൽവേഷൻ ആർമി

മനുഷ്യൻ വേട്ടയാടി നടന്ന കാലഘട്ടത്തിൽ നിന്ന് കുടുംബം എന്ന വ്യവസ്ഥിതിയിലേക്ക് ജീവിതരീതി മാറിയ കാലത്തും സ്വയം ചിന്തിക്കാനും തീരുമാനമെടുക്കാനുമുള്ള സ്ത്രീകളുടെ അവകാശം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് പുരുഷനോടൊപ്പം ഏതു രംഗത്തും അവസര സമത്വം ഉള്ളവളാണ് സ്ത്രീ. നമ്മുടെ ഭരണഘടന അത് ഉറപ്പു നല്കുന്നുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ സ്ത്രീകൾക്ക് വർദ്ധിച്ച പ്രാതിനിധ്യമാണുള്ളത്.

വിദ്യാഭ്യാസമാണ് ഇന്നത്തെ സ്ത്രീകളുടെ ശക്തി സ്രോതസ്. വസന്തകാലത്തിലെ സുഗന്ധ വാഹിനിയായ പുലർകാല മാരുതനെപ്പോലെ, സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും ഉണർവ്വിന്റെ തൂവൽസ്പർശമായി മാറാൻ ആധുനിക വനിതയ്ക്ക് സാധിക്കുന്നു. കലാ-സാമൂഹിക രംഗങ്ങളിലും, ശാസ്ത്ര - സാങ്കേതിക രംഗങ്ങളിലും, രാഷ്ട്രീയ - ഭരണ മേഖലകളിലുമെല്ലാം സ്ത്രീ തന്റെ പ്രാഗത്ഭ്യം തെളിയിച്ചു കഴിഞ്ഞു. എന്നാൽ, എല്ലാ സ്ത്രീകൾക്കും ഇതൊക്കെ സാധിക്കുന്നു എന്നർത്ഥമില്ല. മുൻ നിരയിലേക്ക് വരുന്നവർ ഒരു ചെറിയ ശതമാനം മാത്രമാണ്.

സ്ത്രീയുടെ സാമൂഹ്യ പദവി - അവളുടെ വിദ്യാഭ്യാസം, സാമ്പത്തിക ഭദ്രത തുടങ്ങി പല ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ ആധുനികതയുടെ പരിവേഷമുള്ള ഈ കാലഘട്ടത്തിലും സ്ത്രീകൾക്കെതിരെ യുള്ള ആക്രമം, വിവിധതരം ചൂഷണ രീതികൾ, ഉപഭോഗസംസ്കാരത്തിന്റെ വേലിയേറ്റം തുടങ്ങി അനേകം സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ വെല്ലുവിളികളായിത്തന്നെ അവശേഷിക്കുന്നു. മാത്രമല്ല, ലിംഗപരമായ വേർതിരിവിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ത്രീകൾക്ക് അവരർഹിക്കു ന്ന സ്ഥാനം സമൂഹത്തിൽ നിന്നും ലഭിക്കുന്നില്ല എന്ന ഫെമിനിസ്റ്റുകളുടെ വാദം പ്രസക്തവുമാകുന്നു.

നമ്മുടെ രാജ്യം വികാസത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ എത്തിയിരിക്കുന്നു. പരിവർത്തനത്തിന്റെ സദ്ഫലങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനുള്ള രാജപാതയാണ് സ്ത്രീ വിദ്യാഭ്യാസം.

ഭാഗ്യത്തിന് കേരളത്തിൽ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് സ്ത്രീകളുടെ സാക്ഷരതാ ശതമാനം ഉയർന്നു നില്ക്കുന്നു. 1991-ലെ സെൻസസ് പ്രകാരം അഖിലേന്ത്യാ തലത്തിൽ സ്ത്രീകളുടെ സാക്ഷരത ശതമാനം 39.42 ആണെങ്കിൽ കേരളത്തിൽ 86.17 ആണ്. പത്തനംതിട്ട ജില്ലയിൽ 91.12% മാണ്. എന്നാൽ മല്ലപ്പള്ളിയിൽ സ്ത്രീകളുടെ സാക്ഷരതാ ശതമാനം 98 ലധികമാണെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. സമീപ പ്രദേശങ്ങളിലും അയൽ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമാദ്ധ്യപികമാരായി പ്രവർത്തിച്ച നിരവധി മഹിളകൾ മല്ലപ്പള്ളിയിലുണ്ട്. വിസ്താരഭയത്താൽ പേരുകൾ വിട്ടുകളയുന്നു.

ഭാരതത്തിലെ സ്ത്രീകളുടെ പദവി അവരുടെ വളർച്ചയുടെയും തളർച്ചയുടെയും കഥയാണ്. യുദ്ധത്തിൽ പോലും പുരുഷനെ സഹായിച്ച ചരിത്രം ഇന്ത്യൻ വനിതയ്ക്കുണ്ട്. എന്നാൽ കാലചക്രത്തിന്റെ കറക്കത്തിൽ സ്ത്രീയുടെ സ്ഥാനം കുറഞ്ഞു വന്നു. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി ' എന്ന 'മനുസ്മൃതി' വാക്യം ചൂഷണത്തിനുള്ള അനുവാദമായി ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു. സ്ത്രീകൾക്കെതിരായ അക്രമത്തിന്റെയും പീഡനത്തിന്റെയും

## സ്ത്രീകളുടെ സാക്ഷരതാ നിരക്ക്

| സ്ത്രീസാക്ഷരതാ ശതമാനം | |
|---|---|
| ഇന്ത്യയിൽ | 39.42 |
| കേരളത്തിൽ | 86.17 |
| പത്തനംതിട്ട ജില്ല | 91.12 |
| മല്ലപ്പള്ളി പഞ്ചായത്ത് | 98.57 |

കഥകം പത്രത്താളുകളിൽ ദിവസവും പ്രത്യക്ഷപ്പെടുന്നു. തമസാ നദിയുടെ തീരത്തുനിന്ന്, അരുതരുത് കാട്ടാളാ എന്നു പറഞ്ഞ വാത്മീകിയുടെ നാട്ടിൽ കാട്ടാളന്മാർ അഴിഞ്ഞാടുന്നു. ശ്രീബുദ്ധനും, മഹാവീരനും, സിക്കു ഗുരു ഗോവിന്ദ സിംഗും ഈ മണ്ണിൽ നിന്നു കൊണ്ടരുളിയ മഹദ്വചനങ്ങളം കാലത്തിന്റെ മഹാപ്രവാഹത്തിൽ ഇന്നെവിടെ? മഹാത്മജി വിമോചന കാഹളം മുഴക്കിയ, ജയപ്രകാശ് നാരായണൻ വിപ്ലവത്തിന്റെ യാഗശാലയാക്കിയ ഈ മണ്ണിലും, മനുഷ്യ ജീവൻ പിച്ചിച്ചീന്തുന്ന കൊള്ളക്കാർ സ്ത്രീകളുടെ നേരെയുള്ള ക്രൂരതകളം നിർത്തിയിട്ടില്ല.

സ്ത്രീകളം സമൂഹത്തിന് ഒരു ഭാരമായി കണക്കാക്കുന്ന പ്രദേശങ്ങളിൽ പല കാരണങ്ങളാൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞു വരുന്നത് കാണാം.

പെൺശിശുഹത്യയെപ്പറ്റി പല മഹിളാ പ്രസിദ്ധീകരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടല്ലോ. സ്ത്രീ പുരുഷ അനുപാതം അഖിലേന്ത്യാതലത്തിൽ 1000 ന് 937 ആണെങ്കിൽ കേരളത്തിൽ 1000: 1036 ആണ്. (1991 സെൻസസ്) പത്തനംതിട്ട ജില്ലയിൽ 1000: 1062 എന്നതാണ് നിരക്കെങ്കിൽ മല്ലപ്പള്ളി പഞ്ചായത്തിൽ ഈ അനുപാതം ഇതിലും കൂടുതലാണ്. സ്വാമി വിവേകാനന്ദൻ കേരളീയ വനിതകളെക്കുറിച്ച് ഒരിക്കൽ പറഞ്ഞതു പോലെ, സംസ്കാരസമ്പന്നരായ സ്ത്രീകളാണ് ഈ നാടിന്റെ വൈശിഷ്ട്യം എന്ന് നാമും വിശ്വസിക്കുന്നവരാണ്.

എന്നാൽ മല്ലപ്പള്ളിയിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തൃപ്തികരമല്ല. പരമ്പരാഗത തൊഴിലുകളം ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സേവന മേഖലകളിലും, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരായ സ്ത്രീകളം ഉണ്ടെങ്കിലും അവരുടെ എണ്ണവും താരതമ്യേന കുറവാണ്. തൊഴിൽ മേഖലയിൽ പുരുഷന്മാരും സ്ത്രീകളും തമ്മിൽ കൂലിയിലുള്ള അന്തരം നിലനില്ക്കുന്നുണ്ട്. എന്നാൽ അതൊരു വിവേചനമായി പലരും പരിഗണിക്കാറില്ല.

സ്വയം തൊഴിൽ കണ്ടെത്തിയ സ്ത്രീകളും പരിമിതമായി മാത്രമേയുള്ളു. ബഹുഭൂരിപക്ഷം പേരും ഗൃഹഭരണം മാത്രമായി ഒതുങ്ങിക്കഴിയുന്നവരാണ്. കൂലിയിലെ അന്തരം കർഷകതൊഴിലാളി മേഖലയിൽ വളരെ പ്രകടമാണ്.

തൊഴിൽ മേഖലകളിൽ പ്രവർത്തിക്കാത്തവരും വീടുകളിൽ രാപകൽ ജോലിചെയ്യുന്നവരാണ്. അവരുടെ അദ്ധ്വാനം ശാസ്ത്രീയമായി പുന:ക്രമീകരിച്ചാൽ ഉത്പാദനക്ഷമമായ പല മേഖലകളിലും അവർക്ക് കാര്യമായ സംഭാവന ചെയ്യുവാൻ സാധിക്കും. വിശ്രമത്തിനും വിനോദത്തിനും സമയം ലഭിക്കാതെ ജീവിതകാലം മുഴുവൻ അടുക്കളയുടെ ഇരുട്ടറയിൽ ഹോമിക്കപ്പെടുന്ന ഗ്രാമീണ വനിതകളം ഒരു പുതുയുഗപിറവി മോഹിക്കുന്നവരാണ്.

വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളം പോലും സാമ്പത്തിക സ്വാശ്രയത്വം ഇല്ലാത്തതിനാൽ ആശ്രിതരായി കഴിയേണ്ടി

## സ്ത്രീ-പുരുഷ അനുപാതം

| പ്രദേശം | അനുപാതം |
|---|---|
| അഖിലേന്ത്യാ തലത്തിൽ | 1000: 937 |
| കേരളത്തിൽ | 1000:1036 |
| പത്തനംതിട്ട ജില്ലയിൽ | 1000: 1062 |
| മല്ലപ്പള്ളി പഞ്ചായത്തിൽ | 1000: |

## കൂലിയിലെ അന്തരം

കർഷകതൊഴിലാളി കൂലിനിരക്ക്

| വർഷം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1985 | 20 | 30 |
| 1990 | 25 | 45 |
| 1995 | 40 | 65 |
| 1996 | 50 | 80 |

വരുന്ന ദുസ്ഥിതിയുണ്ട്.ദ്രുതഗതിയിലുള്ളതും, നീതിപൂർവ്വകവുമായ വികസനം ലക്ഷ്യമിടുന്ന ഒരു സമൂഹത്തിന് ഇത് ആശാസ്യമല്ല. കൃഷിപ്പണി, കൂലിപ്പണി, ചെറുകിട കച്ചവടം തുടങ്ങിയവയിലൂടെ ഉപജീവനം നടത്തുന്ന സ്ത്രീകളും ഇവിടെയുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം സ്ത്രീകളെയും ഉത്പാദനമേഖലകളുമായി ബന്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് അടിയന്തിരമായി ചെയ്യേണ്ടതാണ്.

ആരോഗ്യസംബന്ധമായ നിരവധി പ്രശ്നങ്ങളം സ്ത്രീകളം അഭിമുഖീകരിക്കുന്നു. പൊതുജനാരോഗ്യരംഗത്ത് പൊതുവെ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റം സ്ത്രീകളുടെ ആരോഗ്യപരിപാലന കാര്യത്തിലും പ്രതിഫലിക്കേണ്ടതാണ്. പ്രതിരോധ ചികിത്സാ രംഗത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സേവനം ലഭ്യമാണ്. ശിശുമരണ നിരക്ക് ഈ പഞ്ചായത്തിൽ കുറവാണ്. പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരെ സംബന്ധിച്ച കണക്ക് സൂചിപ്പിക്കുന്നത് 20 ൽ താഴെ പ്രായമുള്ള വിവാഹിതരുടെ എണ്ണം വളരെ കുറവാണെന്നാണ്.

ദമ്പതിമാരിൽ, കുടുംബാസൂത്രണമാർഗ്ഗങ്ങളം സ്വീകരിക്കുന്നത് കൂടുതലും സ്ത്രീകളാണ്. കുടുംബക്ഷേമമാർഗങ്ങളെപ്പറ്റി മിക്കവരും ബോധവതികളാണ്. മൂന്നിൽ കൂടുതൽ കുട്ടികളുള്ള അമ്മമാർ ഈ പഞ്ചായത്തിൽ കുറവാണ്.

സമീപ പ്രദേശങ്ങളേക്കാളം മല്ലപ്പള്ളിയിൽ വിദ്യാഭ്യാസ സൗകര്യങ്ങളം ലഭ്യമായിരുന്നെങ്കിലും സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ മുൻകാലങ്ങളിൽ വനിതാ പ്രാതിനിധ്യം കുറവായിരുന്നു. ഗൃഹജോലികളിൽ മാത്രം വ്യാപൃതരായി അവർ കഴിഞ്ഞു. അപൂർവ്വമായി മാത്രമേ പുറത്ത് സഞ്ചരിച്ചിരുന്നുള്ളു. ശാലീനമായ വേഷവിധാനത്തോടെ, കുലീനസ്ത്രീകളായി ജീവിച്ച ഒരു മുൻതലമുറയാണ് ഇവിടെയുള്ളത്. വിദ്യാസമ്പന്നരും, വിനീതരുമായ അവരിൽ പലരെയും കുറിച്ചുള്ള ഓർമ്മകളം ഒളിമങ്ങാതെ ഇന്നാട്ടുകാരിൽ ഇന്നും അവശേഷിക്കുന്നു. ബി.എ ക്കാരുടെ നാട് എന്നറിയപ്പെട്ട മല്ലപ്പള്ളിയിലെ, തന്റേടികളായ പുരുഷകേസരികളുടെ പിന്നിൽ പ്രചോദനമായി എന്നും നിലകൊണ്ട ധീരരായ

## പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം)

| വയസ് | ദമ്പതികളുടെ എണ്ണം |
|---|---|
| 15-19 | 24 |
| 20-24 | 358 |
| 25-29 | 606 |
| 30-34 | 587 |
| 35-39 | 413 |
| 40-44 | 169 |

## ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ അമ്മമാരെ സംബന്ധിച്ച വിവരങ്ങൾ

| അമ്മമാരുടെ എണ്ണം | കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ എണ്ണം |
|---|---|
| 1 കുട്ടി - 407 | 1കുട്ടി -163 |
| 2 കുട്ടികൾ -1017 | 2 കുട്ടികൾ - 883 |
| 2 ൽ കൂടുതൽ -629 | 2 ൽ കൂടുതൽ - 533 |

മഹിളകളുടെ ചിത്രം - കാലത്തിന്റെ കരിമ്പാറയിൽ കൊത്തിയ കാലഹരണപ്പെടാത്ത ശില്പം പോലെ മിഴിവേറിയതാണ്. കുലീനതയുടെ പ്രതീകമായി വർത്തിച്ച അവരുടെ നനവാർന്ന മിഴികൾ ദീർഘദർശനം ചെയ്ത നന്മ ഈ നാടിനിയും നേടേണ്ടിയിരിക്കുന്നു.

ഇവിടെ, തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഹേളിക്കപ്പെടുന്നില്ലെങ്കിലും അവരുടെ മുന്നേറ്റം ഇന്നും വേണ്ട വിധം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. സ്വയം തൊഴിൽ സംരംഭങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയിൽ വനിതകൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കേണ്ടതാണ്. സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ കൂടുതൽ സ്ത്രീകൾ മുന്നോട്ടു വരേണ്ടതാണ്. രാഷ്ട്രീയ രംഗത്ത് നേതൃസ്ഥാനത്തേക്ക് വന്ന വനിതകളിൽ ശ്രീമതി. പി. എം. തങ്കമ്മ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് മല്ലപ്പള്ളി പഞ്ചായത്ത് 3-ാം കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് എന്ന നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇന്ന് വനിതാ പ്രാതിനിധ്യം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു.

വനിതാക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിരവധി സംഘടനകളും കേന്ദ്രങ്ങളും ഇന്ന് ഈ പഞ്ചായത്തിലുണ്ട്. Y.W.C.A, ഖാദിഗ്രാമോദ്യോഗ് ഭവന്റെ നേതൃത്വത്തിൽ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന വനിതാ തൊഴിൽ പരിശീലന കേന്ദ്രം, കറി പൗഡർ നിർമ്മിക്കുന്ന SPO Products എന്ന സ്ഥാപനം, 1-ാം വാർഡിലെ 'വികാസ് തയ്യൽ പരിശീലന കേന്ദ്രം', 2-ാം വാർഡിലെ L.Y.M.S, പ്രണവം വനിതാ വേദി, മാർ സേവേറിയോസ് വനിതാ ഹോസ്റ്റൽ, 10-ാം വാർഡിൽ പ്രവർത്തിക്കുന്ന പ്രീ- മെട്രിക്ക് ഹോസ്റ്റൽ, 5-ാം വാർഡിൽ കൈത്തറി നെയ്ത്തു കേന്ദ്രം,പുലരി വനിതാ സൊസൈറ്റി, 6-ാം വാർഡിലെ ദൈവപരിപാലന ഭവനം, 4-ാം വാർഡിൽ 'സങ്കേതം' സെന്റ് ഫിലോമിനോസ് ഓർഫനേജ് തുടങ്ങി വനിതകൾ നേതൃ ത്വം നല്കി പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന 12 ലധികം ബ്യൂട്ടി പാർലറുകൾ ധാരാളം പെൺകുട്ടികൾക്ക് തൊഴിലവസരം നല്കുന്നു. മാറിവരുന്ന സൗന്ദര്യസങ്കല്പങ്ങൾ ഈ ഗ്രാമത്തിലും അതിന്റെ അനുരണനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. പുഷ്പകൃഷി തൊഴിലായി സ്വീകരിച്ച ചുരുക്കം ചില വനിതകളെങ്കിലുമുണ്ട്. മല്ലപ്പള്ളി മണൽപ്പുറത്ത് ഒരുക്കുന്ന പുഷ്പമേളയിൽ അവർ പങ്കെടുക്കാറുമുണ്ട്.

കന്യാസ്ത്രീകൾ നടത്തുന്ന മാർ സേവേറിയോസ് വനിതാ ഹോസ്റ്റൽ, C.S.I സഭയുടെ മേൽനോട്ടത്തിലുള്ള ശിശുസംരക്ഷണ കേന്ദ്രം,(ക്രൈസ്), മാർത്തോമാ സഭയുടെ ആഭിമുഖ്യത്തിലുള്ള 'സങ്കേതം'- ഇവയെല്ലാം വനിതാ പങ്കാളിത്തം വിജയകരമായി പ്രാവർത്തികമാക്കുന്ന പ്രസ്ഥാനങ്ങളാണ്. സ്ത്രീകൾ നടത്തുന്ന ടെലിഫോൺ ബൂത്തുകൾ ഈ പഞ്ചായത്തിൽ നിരവധിയാണ്. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 80 ശതമാനത്തിലധികം വനിതാ ജീവനക്കാരാണുള്ളത്. സർക്കാരാഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വനിതകൾ പരിമിതമായിട്ടെങ്കിലുമുണ്ട്. സ്വയം വാഹനമോടിച്ച് ജോലിസ്ഥലത്തെത്തുന്ന വനിതകളെയും അപൂർവ്വമായിട്ടെങ്കിലും കാണാം. ഉത്സവങ്ങളിലും കൺവൻഷനുകളിലും മറ്റും ഉത്സാഹത്തോടെ പങ്കെടുക്കുന്ന വനിതകൾപോലും സാമൂഹ്യ-സാംസ്കാരികരംഗങ്ങളിൽ പ്രവർത്തിക്കാൻ വിമുഖത കാട്ടുന്നു.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, സ്ത്രീപീഡനം മൂലമുള്ള മരണങ്ങൾ എന്നിവ ഇവിടെ കുറവാണ് എന്നതിൽ നമുക്കാശ്വസിക്കാം. കായികരംഗത്ത് മികവ് പുലർത്തി, സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെട്ട വനിതകളും ഇവിടെയുണ്ട്. സന്ദർഭത്തിന്റെയും സാഹചര്യത്തിന്റെയും ചുറ്റുക്കുറവുകൾ മൂലം അംഗീകരിക്കപ്പെട്ടവരെക്കാൾ പരിഗണിക്കപ്പെടാതെ പോയവരുണ്ട്. രോഗങ്ങളുടെയും, ഏകാന്തതയുടെയും, മഹാദു:ഖങ്ങളുടെയും കൂരിരുട്ടിലും ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം സ്വപ്നം കാണുന്ന വരില്ലാതിരിക്കുമോ? പ്രസാദാത്മകത യാണ് - അനേക വർഷങ്ങൾ ജ്ഞാനദു:ഖങ്ങൾ പങ്കുവെച്ച മഹാമനീഷികളെയെല്ലാം നയിച്ചതെന്ന തിരിച്ചറിവോടെയാണ് നാം പ്രശ്നങ്ങളെ അപഗ്രഥിക്കേണ്ടതും പുതിയ വഴികൾ തേടേണ്ടതും -

## പ്രശ്നങ്ങൾ

- രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രശ്നമാണ്
- കാര്യക്ഷമമായ തൊഴിൽ പരിശീലനത്തിന്റെ അഭാവം
- ചില മേഖലകളിൽ കൂലിനിരക്ക് കുറവാണ്. ഉദാ: പാറമട സ്ത്രീതൊഴിലാളികൾ
- മദ്യപന്മാരായ ഭർത്താക്കന്മാർ ഇന്നും ഭീഷണിയാണ്
- പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ സൗകര്യങ്ങൾ കുറവാണ്.
- തൊഴിൽ നിയമങ്ങളെപ്പറ്റി വേണ്ട പരിജ്ഞാനമില്ല.
- സർക്കാർ വായ്പാ പദ്ധതികളെക്കുറിച്ച് അജ്ഞരാണ്.
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക ഞെരുക്കം
- സ്ത്രീകൾക്ക് ഇന്നും ആത്മവിശ്വാസക്കുറവുണ്ട്.
- പാഠ്യേതരമേഖലയിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
- ശാസ്ത്രീയാവബോധവും, വായനാശീലവും കാര്യക്ഷമമല്ല.
- പല കാരണങ്ങളാൽ വീടു പുലർത്തേണ്ട മുഴുവൻ ഉത്തരവാദിത്വവും വഹിക്കേണ്ടിവരുന്നവരുണ്ട്.
- ആരോഗ്യ, മാനസിക പ്രശ്നങ്ങൾ അലട്ടുന്ന നിരവധി സ്ത്രീകളുണ്ട്.
- സ്ത്രീധന സമ്പ്രദായം ഒരു സാമൂഹ്യ പ്രശ്നമാണ്.
- സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാൻ വിമുഖത കാട്ടുന്നു.

## സാദ്ധ്യതകൾ /നിർദ്ദേശങ്ങൾ

- വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തണം.
- Ready made garments, അടുക്കളത്തോട്ടം, പുഷ്പകൃഷി കരകൗശലരംഗം, കോഴിവളർത്തൽ, കൂൺകൃഷി, ഓട്ടോ ഡ്രൈവിംഗ് തുടങ്ങി നിരവധി മേഖലകളിൽ പരിശീലനം നല്കാനുള്ള സംവിധാനമുണ്ടാക്കണം.
- Homenursing , കുടുംബപരിപാലനം, തുടങ്ങിയവയിൽ പരിശീലനം നല്കുന്ന Certificate കോഴ്സുകൾ ആരംഭിക്കണം.
- വനിതാ യൂണിറ്റുകൾ നിർമ്മിക്കുന്ന സാധനങ്ങൾക്ക് വിപണി കണ്ടെത്തണം.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
- പണിയെടുക്കുന്ന സ്ത്രീകൾക്ക് വൈകിയാലും വീട്ടിലെത്താൻ എല്ലായിടത്തും വഴിവിളക്കുകൾ ഉണ്ടാവണം.
- പഞ്ചായത്തു തലത്തിൽ വനിതാ പ്രശ്നപരിഹാരസെൽ ഉണ്ടാവണം.
- വനിതകൾ മാത്രമായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
- സ്ത്രീകൾക്കായി പ്രത്യേക നേതൃത്വ പരിശീലന കളരികൾ സംഘടിപ്പിക്കുക.
- മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ സേവനം മെച്ചപ്പെടുത്തുക.
- വനിതകളുടെ വിശ്രമത്തിനും, വിനോദത്തിനും ആവശ്യമായ കേന്ദ്രങ്ങൾ ഉണ്ടാകണം.
- വിലവിവരപ്പട്ടിക സ്ഥാപിക്കുകയും, ഉപഭോക്താവെന്ന നിലകളിൽ വഞ്ചിക്കപ്പെടാതിരിക്കാനുള്ള സഹായങ്ങൾ നല്കുകയും ചെയ്യുക.
- Working women's hostel കൾ ആരംഭിക്കുക.
- സ്ത്രീകൾക്കായുള്ള സെമിനാറുകൾ, കൗൺസലിംഗ്, മാർഗ്ഗ നിർദ്ദേശക ക്യാമ്പുകൾ ഇവ ഉണ്ടാകണം.
- സ്ത്രീകൾക്കായുള്ള ഗ്രാമക്കൂട്ടങ്ങൾ ഉണ്ടാവണം.
- ലൈബ്രറി പുസ്തകൾ വീട്ടിൽ ലഭിക്കത്തക്ക Door-to-door വിതരണ സംവിധാനം വേണം.
- സ്ത്രീകൾക്കായുള്ള ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- ദാരിദ്ര്യനിർമ്മാർജ്ജനം മുഖ്യലക്ഷ്യമായിക്കണ്ട് കൂടുതൽ പേർക്ക് തൊഴിൽ കണ്ടെത്തണം.
- സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാൻ സന്നദ്ധരായ വനിതകൾക്ക് വേണ്ട പ്രോത്സാഹനം നല്കണം.

# സഹകരണമേഖല

മല്ലപ്പള്ളി പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം വേരോടുന്നത് സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞതിനു ശേഷം ആണ്. ദേശീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരുന്നവർ വിവിധതരം സഹകരണ സംഘങ്ങം രൂപീകരിച്ചു. 2-7-1958 ൽ തെക്കേമണ്ണിൽ റ്റി. ഐ. ജോർജിന്റെ നേതൃത്വത്തിൽ 41 അംഗങ്ങളോടുകൂടി രൂപീകൃതമായ മല്ലപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നം A 21 ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ക്രഡിറ്റ് സഹകരണ സംഘം. 3 റേഷൻ കടകം ഭംഗിയായി ഈ സംഘം നടത്തിയിരുന്നു. 1980 നോട് കൂടി ഈ സഹകരണ സംഘത്തിന്റെ പ്രവർത്തനം അവസാനിച്ചു. 16-11-1962 ൽ കീഴ്വായ്പൂരിൽ മല്ലപ്പള്ളി ഈസ്റ്റ് സർവ്വീസ് സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചു. കീഴ്വായ്പൂര്, മുട്ടത്തുമൺ, പുന്നമറ്റം, മുരണി എന്നീ കരകം പ്രവർത്തന പരിധി ആയി രജിസ്റ്റർ ചെയ്ത ഈ സംഘത്തിന് 160 അംഗങ്ങളും 5420 രൂപാ ഓഹരിമൂലധനവും ഉണ്ടായിരുന്നു. പുത്തൂത്തറ ശ്രീ. എം. ലൂക്ക് ആയിരുന്നു പ്രഥമ പ്രസിഡന്റ്. ആദ്യത്തെ ഹോണററി സെക്രട്ടറി ശ്രീ. റ്റി.കെ. മത്തായിയും ശമ്പളം പറ്റുന്ന ആദ്യത്തെ സെക്രട്ടറി ശ്രീ. റ്റി. പി. വേലുപ്പിള്ളയും ആയിരു ന്നു. നാരകത്താനി ക്ഷീരോല്പാദന സഹകരണസംഘമാ ണ് പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ച ക്ഷീര വ്യവസായ സഹകരണ സംഘം. വ്യവസായ വകുപ്പിന്റെ കീഴിൽ ആരം ഭിച്ചിട്ടുള്ള 11 സഹകരണസംഘങ്ങളിൽ വികാസ് മഹിളാ സഹകരണ സംഘം ഒഴികെ ഉള്ളതിനെപ്പറ്റി യാതൊരു വിവ രവും ലഭ്യമല്ല. ബാക്കി 10 സഹകരണ സംഘങ്ങളുടെയും പ്രവർത്തകർ ആരേന്നോ റിക്കാർഡുകം എവിടെയെന്നോ അറിവില്ല. സ്കൂം സഹകരണ സംഘങ്ങം ഭംഗിയായി പ്രവർത്തിച്ചു വരുന്നു. ഹൗസിംഗ് സഹകരണ സംഘം മല്ലപ്പള്ളി പഞ്ചായത്തിൽ മാത്രമായി 31 പേർക്കായി 1264000 രൂപാ ഭവനനിർമ്മാണത്തിനായി വിതരണം ചെയ്തിട്ടുണ്ട്. തിരുവല്ലാ ഭൂവികസ ബാങ്ക് ഈ പഞ്ചായ ത്തിൽ 22 പേർക്കായി നാലു ലക്ഷം രൂപാ വിതരണം ചെയ്തിട്ടുണ്ട്. മല്ലപ്പള്ളി പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേരു വിവര പട്ടിക താഴെ ചേർക്കുന്നു. (ചിലവ പ്രവർത്തനം ആരംഭിച്ച തീയതിയും നമ്പരും വ്യക്തമല്ലാത്തതിനാൽ ആയവ ചേർത്തിട്ടില്ല)

## സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

1947 നു ശേഷം പല സംഘങ്ങളും ഈ പഞ്ചായ ത്തിൽ രജിസ്റ്റർ ചെയ്തതായി കാണുന്നു. എന്നാൽ വ്യവ സായ വകുപ്പിന്റെയും ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളിൽ വികാസ് മഹിളാ സഹകരണ സംഘം മാത്രമേ പ്രവർത്തിക്കുന്നുള്ളു. സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘ ങ്ങളിൽ മല്ലപ്പള്ളി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ഒഴികെ എല്ലാം ഭംഗിയായി പ്രവർത്തിക്കുന്നു.

മല്ലപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മല്ലപ്പള്ളി ഹരിജൻ സർവീസ് സഹകരണ സംഘം നന്നായി പ്രവർത്തിക്കുന്നതിന് തടസ്സമായി നില്ക്കുന്നത് മുൻകമ്മിറ്റി വിതരണം നടത്തിയ ലോണുകളാകുന്നു. പിരിഞ്ഞു കിട്ടാനുള്ള രണ്ടു ലക്ഷം രൂപാ എടുത്തതായി ആരും സമ്മതിക്കുന്നില്ല.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഓരോ മേഖലയും പ്രത്യേകം എടുത്ത് അവയുടെ പ്രശ്നങ്ങം പരിശോധിയ്ക്കേണ്ടതായിട്ടു ണ്ട്. സഹകരണ മേഖലയെ പ്രധാനമായും കാർഷികം, ക്ഷീരോല്പാദനം, വ്യവസായം, വിപണനം, വിദ്യാഭ്യാസം, എന്നിങ്ങനെ തരംതിരിച്ച് വിലയിരുത്തേണ്ടിയിരിക്കുന്നു.

## കാർഷികമേഖല

കാർഷിക രംഗത്തു പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനം മല്ലപ്പള്ളി സർവ്വീസ് സഹകരണബാങ്കാണ്. 1962 ൽ ആരംഭിച്ച ഈ സംഘത്തിന്റെ പേര് മല്ലപ്പള്ളി ഈസ്റ്റ് സഹകരണ സംഘം എന്നായിരുന്നു. 160 അംഗങ്ങളുമായി സമാരംഭിച്ച ഈ സംഘത്തിൽ ഇന്ന് 4095 അംഗങ്ങം ഉണ്ട്. ഇവരിൽ നിന്നായി 1092645 രൂപാ ഓഹരി മൂലധനമായി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. അംഗങ്ങളിൽ നിന്നായി മാത്രം രണ്ടരക്കോടി രൂപാ ഡിപ്പോസിറ്റും ബാങ്കിനുണ്ട്. ലോണിനത്തിൽ ഒന്നരക്കോടി രൂപാ പിരിഞ്ഞു കിട്ടാനുണ്ട്.ബാങ്കിന് മല്ലപ്പള്ളി, പാടിമൺ എന്നീ സ്ഥലങ്ങളിൽ ബ്രാഞ്ചുകം ഉണ്ട്. കൃഷിക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകം വിതരണം നടത്തി വരുന്നു. കർഷകർക്കാവശ്യമായ വളം, കീടനാശിനികം ഇവ ന്യായമായ വിലയ്ക്ക് വിതരണം നടത്തി വരുന്നു. ബാങ്ക് ഒരു മാവേലി സ്റ്റോറും നടത്തുന്നുണ്ട്. അംഗങ്ങംക്കായി വിവിധയിനം വായ്പകംക്കു പുറമേ I.R.D.P പോലെയുള്ള പദ്ധതി വായ്പകളും വിതരണം നടത്തി വരുന്നു. അംഗങ്ങം ക്കായി ചിട്ടികം നടത്തുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു. ഇതിനു പുറമേ നമ്മുടെ പഞ്ചായത്തു കൂടി പ്രവർത്തന മേഖലയായി ഒരു കാർഷിക വികസന ബാങ്ക് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ പ്രയോജനം വേണ്ട രീതിയിൽ ഈ പ്രദേശത്തെ കർഷകനു ലഭിക്കുന്നില്ല.

### പ്രശ്നങ്ങം

1. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ആളുകംക്ക് ബാങ്കിൽ എത്തുന്നതിനും ബാങ്കിന്റെ സേവനം ലഭ്യമാക്കുന്നതിനും ബുദ്ധിമുട്ടുകം നേരിടുന്നു.
2. പഞ്ചായത്തിലെ ജനങ്ങളുടെ വർദ്ധിച്ചു വരുന്ന ഉപഭോഗ ആവശ്യങ്ങം പരിഹരിക്കുന്നതിന് തനതായ പദ്ധതികം ആവിഷ്കരിച്ചു നടപ്പാക്കിക്കാണുന്നില്ല.
3. വായ്പാപേക്ഷകർ കുറവാണ്
4. വർദ്ധിച്ചു വരുന്ന ജോലി ഭാരം ലഘൂകരിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ബാങ്കിൽ ഇല്ല.

### സാദ്ധ്യതകം

1. ദുർബല വിഭാഗങ്ങംക്കായി കൂടുതൽ പദ്ധതികം ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്.
2. മല്ലപ്പള്ളി ടൗണിൽ ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കേണ്ടതാണ്.
3. പഞ്ചായത്തിന്റെ മുഴുവൻ ജനങ്ങംക്കും എളുപ്പം ബാങ്കിന്റെ സേവനം എത്തിക്കുന്നതിന് കൂടുതൽ ബ്രാഞ്ചുകം തുറന്നു പ്രവർത്തിക്കാവുന്നതാണ്.

## ക്ഷീര വ്യവസായം

ക്ഷീരവ്യവസായ രംഗത്തു നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് വളരെയൊന്നും മുമ്പോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോം നമ്മുടെ പഞ്ചായത്തിൽ നാലു ക്ഷീരോല്പാദക സഹകരണ സംഘങ്ങം പ്രവർത്തിക്കുന്നു. ഇവയുടെ പേരു വിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്. 680 കർഷകർ മാത്രമേ സംഘത്തിൽ അംഗങ്ങളായിട്ടുള്ളു. നാലു സംഘങ്ങളും കൂടി ഒരു വർഷം 268321 ലിറ്റർ പാൽ സംഭരിക്കുന്നു.

### പ്രശ്നങ്ങം

1. സഹകരണ സംഘങ്ങളിൽ വളരെ കുറച്ചു കർഷകരെ അംഗങ്ങളായി ചേർന്നിട്ടുള്ളു.
2. കർഷകർ അവരുടെ ഉല്പന്നങ്ങം പൊതു വിപണിയിൽ വിൽക്കാൻ ആഗ്രഹിക്കുന്നു.
3. കർഷകർക്കാവശ്യമായ കാലിത്തീറ്റയും, ഔഷധങ്ങളും ന്യായവിലയ്ക്ക് ലഭ്യമാകുന്നില്ല.
4. വർദ്ധിച്ചു വരുന്ന കാലിരോഗ മരുന്നുകളുടെ വില കർഷകനെ അലട്ടുന്നു.
5. ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ വേതനം ദയനീയമാണ്.

### സാദ്ധ്യതകം

1. കർഷകന് പാലിന് കൂടുതൽ വില കൊടുക്കണം.
2. തടസ്സമായി നില്ക്കുന്ന നിയമങ്ങം മാറ്റിക്കൊണ്ട് എല്ലാ ക്ഷീരകർഷകരെയും സംഘത്തിൽ അംഗങ്ങളാക്കണം.
3. കാലികംക്കാവശ്യമായ തീറ്റ, ഔഷധം എന്നിവ ന്യായ വിലയ്ക്ക് സംഘങ്ങളിൽ കൂടി കർഷകർക്ക് വിതരണം നടത്തണം.
4. കൃത്രിമബീജസങ്കലനം നടത്തുന്നതിനു യോഗ്യത ലഭിച്ചിട്ടുള്ള സംഘം ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണം.
5. സഹകരണ നിയമം 80-ാം വകുപ്പ് ജീവനക്കാർക്ക് ബാധക മാക്കണം.

## വ്യവസായം

പതിനൊന്നു (11) സഹകരണ സംഘങ്ങം വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ ഒരു സംഘം ഒഴികെ ഒന്നും പ്രവർത്തിക്കുന്നില്ല.

### പ്രശ്നങ്ങം

1. ഇപ്പോം നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങം ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല.
2. സ്വന്തമായ ആസ്ഥാനം ഇല്ല.

### സാധ്യതകം

1.നിലവിലുള്ള സംഘങ്ങംക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച വായ്പകളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും അവ വിനിയോഗിച്ചത് എങ്ങനെയെന്നു പരിശോധിക്കുകയും ചെയ്യുക.
2. വനിതകംക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതകം ലഭ്യമാകുന്നതിനു വേണ്ടി ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ വിപണന സഹകരണ സംഘം രൂപീകരിക്കുക.
3. റബ്ബറിൽ നിന്നും ഉല്പന്നങ്ങം നിർമ്മിക്കുന്നതിനു ഒരു വ്യവസായ സഹ:സംഘം രൂപീകരിക്കുക.

## മാർക്കറ്റിംഗ്

നമ്മുടെ പഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്ന മാർക്കറ്റിംഗ് സംഘങ്ങം ഒന്നും തന്നെയില്ല.

## ഭവന നിർമ്മാണ സഹകരണ സംഘം

7-3-1980 ൽ മല്ലപ്പള്ളി ആസ്ഥാനമാക്കി രൂപീകരിച്ചതാണ് A 694-ാം നമ്പർ മല്ലപ്പള്ളി വില്ലേജ് ഭവന നിർമ്മാണ സഹ.സംഘം. 29 അംഗങ്ങളായി രൂപീകരിച്ച ഈ സംഘത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. റ്റി.ഐ. ജോർജ് ആയിരുന്നു. ഇപ്പോം 496 അംഗങ്ങളും 483300 രൂപാ ഓഹരി മൂലധനവും ഉള്ള ഈ സംഘത്തിന്റെ പ്രവർത്തന പരിധി മല്ലപ്പള്ളി താലൂക്കിലെ പുറമറ്റം ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളും ഉംപ്പെടുന്നു.

നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തന പരിധിയായുള്ള തിരുവല്ലാ താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ഈ പഞ്ചായത്തിൽ കാര്യമായി പ്രവർത്തിക്കുന്നില്ല.

### സാധ്യതകൾ

1. തികച്ചും കാർഷികമേഖലയായ മല്ലപ്പള്ളി പഞ്ചായത്തിന്റെ വളർച്ചയ്ക്ക് ഉതകുമാറ് ഒരു മാർക്കറ്റിംഗ് സംഘം രൂപീകരിക്കുക.
2. പഴം പച്ചക്കറി രംഗത്തു സംഘം സജീവമായി ഇടപെടണം.
3. മേൽത്തരം വിത്തുകളും കാർഷിക ഉപകരണങ്ങളും വിതരണം സംഘം മുഖേന വിതരണം ചെയ്യണം.
4. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാൻ ആവശ്യമായ ഗോഡൗൺ സൗകര്യം ലഭ്യമാക്കണം.

## കൺസ്യൂമർ രംഗം

മല്ലപ്പള്ളി സർവീസ് സഹകരണബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു കൺസ്യൂമർ വിഭാഗം മല്ലപ്പള്ളിയിൽ ആരംഭിക്കണം.

## സ്കൂൾ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ 22-7-58 ൽ തന്നെ ഒരു സ്കൂൾ സഹകരണസംഘം രൂപീകരിച്ചു. മല്ലപ്പള്ളി C.M.S. High School സഹകരണസംഘമാണിത്.

വളരെ നല്ല രീതിയിൽ വ്യാപാരം നടത്തിയിരുന്ന ഒരു സംഘമാണിത്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്തിരുന്നു. ഇന്നതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു. പഞ്ചായത്തിലെ നാലു സ്കൂൾ സഹകരണസംഘങ്ങളിലെയും പ്രവർത്തനം തൃപ്തികരമല്ല.

### സാധ്യതകൾ

1. ഓരോ വർഷവും സ്കൂളിൽ ചേരുന്ന വിദ്യാർത്ഥികളെ സംഘത്തിൽ അംഗങ്ങളാക്കണം.
2. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ എല്ലാ സാധനങ്ങളും സംഘം വഴി വിതരണം ചെയ്യണം.

### സഹകരണമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ ചെയ്യേണ്ടവ

1. ഒരു പഴം പച്ചക്കറി സംഘം രൂപീകരിച്ച് കർഷകർക്ക് ആവശ്യമായ നല്ലയിനം വിത്തുകളും ഉപകരണങ്ങളും കൊടുക്കുകയും ഉല്പന്നങ്ങൾ സംഭരിക്കുകയും ചെയ്യുക.
2. കെട്ടിട മെയിന്റനൻസ് സഹകരണ സംഘം രൂപീകരിക്കുക.
3. നിലവിലുള്ള മല്ലപ്പള്ളി ഹരിജൻ സഹകരണ സംഘം ശക്തിപ്പെടുത്തി ഹരിജനങ്ങൾക്ക് തൊഴിൽ കൊടുക്കുന്നതിന് ഉതകുമാറാകുന്ന വ്യവസായങ്ങൾ ഏറ്റെടുക്കണം.
4. മല്ലപ്പള്ളി മാർക്കറ്റ് നിയന്ത്രിയ്ക്കുന്നതിനു വേണ്ടി മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.
5. റബ്ബർ ബോർഡ്, I.C.D.P, N.C.D.C എന്നിവയുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി, തിരുവല്ലാ താലൂക്കു റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ TRM. ലാറ്റക്സ് ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന ലാറ്റക്സ് ഉപയോഗപ്പെടുത്തി ബലൂൺ, ഗ്ലൗസ്, ബുഷുകൾ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുക. മല്ലപ്പള്ളി പഞ്ചായത്തിൽ പ്രവർത്തനം നടത്തിയിരുന്ന മല്ലപ്പള്ളി കാനിംഗ് സഹ:സംഘത്തിന്റെ പേരിൽ മല്ലപ്പള്ളി മൂശാരി ക്കവലയിൽ ഉള്ള 25 സെന്റ് സ്ഥലത്ത് ഇങ്ങനെ ആരംഭിക്കുന്ന സംഘത്തിന്റെ ആസ്ഥാനം രൂപപ്പെടുത്താവുന്നതാണ്. അതല്ലെങ്കിൽ മല്ലപ്പള്ളി കാനിംഗ് സഹ:സംഘം പുനരുദ്ധരിപ്പിച്ച് കൂടുതൽ അംഗങ്ങളെ ചേർത്തു ബൈലോഭേദഗതി ചെയ്ത് വ്യവസായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി മുൻകൈ എടുക്കേണ്ടതാണ്. വസ്തുവിന്റെ തണ്ടപ്പേർ നമ്പർ റ്റി. പി. A 88 എന്നാകുന്നു.
6. ഒരു സെറികൾച്ചറൽ സഹ:സംഘം രൂപീകരിക്കാവുന്നതാണ്.
7. വർദ്ധിച്ചു വരുന്ന പാർപ്പിട പ്രശ്നത്തിനായി കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുവാൻ മല്ലപ്പള്ളി ഭവന നിർമ്മാണ സഹ:സംഘം മുൻപോട്ടു വരേണ്ടതാണ്.

## വനിതാ സഹകരണ സംഘങ്ങൾ

മല്ലപ്പള്ളി പഞ്ചായത്തിൽ വനിതകൾക്കായി മാത്രം പ്രവർത്തിക്കുന്ന ഏക സഹകരണ സംഘമാണ് വികാസ് മഹിളാ സഹകരണസംഘം. ഈ സംഘത്തിന്റെ പ്രവർത്തനം മല്ലപ്പള്ളി പഞ്ചായത്തു മുഴുവൻ വ്യാപിപ്പിക്കേണ്ടതാണ്. വനിതകൾ പഞ്ചായത്തിന്റെ വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ നല്കുവാൻ കഴിയുന്നവരാണ്. അവർക്ക് സമൂഹത്തിൽ ഉള്ള സ്ഥാനവും സാമ്പത്തിക പുരോഗതിയിൽ അവരുടെ പങ്കും പരിശോധിച്ചാൽ അവരുടെ സഹകരണസംഘം അർഹിക്കുന്ന നിലവാരത്തിൽ എത്തിയിട്ടില്ലായെന്നു കാണാം. ഓരോ ഗ്രാമീണ കുടുംബത്തിന്റെയും സാമ്പത്തിക ഉന്നമനവും സ്വയം പര്യാപ്തതയും ലക്ഷ്യമാക്കിക്കൊണ്ട് വിവിധ ഏജൻസികളെ പങ്കാളികളാക്കി വികസന പരിപാടികൾ സമയബന്ധിതമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അവരുടെ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് കുടുംബജീവിതം സുരക്ഷിതമാക്കുന്നതിനും തൊഴിൽ അധിഷ്ഠിതമാക്കുന്നതിനും തൊഴിൽ അധിഷ്ഠിതമായ സഹകരണസംഘം ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കേന്ദ്രകൃഷി - ഗ്രാമ വികസന മന്ത്രാലയത്തിന്റെ വിവിധ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കണം. വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. 15- 20 പേർ അടങ്ങുന്ന സഹകരണ വനിതാ ഗ്രൂപ്പുകൾക്ക് വേണ്ട പരിശീലനം ട്രൈസം പദ്ധതിയനുസരിച്ച് ലഭിക്കും. പണിശാല നിർമ്മാണത്തിനുള്ള സഹായം, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സഹായം ഇവയെല്ലാം ഏർപ്പാടാക്കിക്കൊടുക്കുന്നുണ്ട്.

ഖാദി കമ്മീഷന്റെ കീഴിൽ വനിതാ സംഘങ്ങൾക്ക് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ ചിലതാണ് പപ്പട നിർമ്മാണം, മസാല നിർമ്മാണം എന്നിവ. ഹരിയാനയിലും (നിവാരി ജില്ല), ഉത്തർപ്രദേശിലും(ആഗ്ര) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വുമൻസ് കോ-ഓപ്പറേറ്റീവ് മൊബിലൈസേഷൻ പ്രോജക്ട് ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ബാറ്റാ ഷൂ കമ്പനി പോലുള്ള കമ്പനികൾ ജോലികളുടെ കോൺട്രാക്ട് ഈ സഹകരണസംഘങ്ങൾക്ക് നല്കിവരുന്നു.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ 15-20 പേർ അടങ്ങുന്ന യൂണിക് സംഘങ്ങളുണ്ടാക്കി അവയെ സ്പോൺസർ ചെയ്യുവാനുള്ള സന്നദ്ധത സാമൂഹ്യ സംഘടനകളും, മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കും ഏറ്റെടുക്കുക.
2. വികാസ് മഹിളാ സഹകരണ സംഘത്തിന്റെ ലിങ്ക് സഹകരണ സംഘങ്ങളാക്കി യൂണിക് സംഘങ്ങളെ മാറ്റുക.

| ക്രമ നമ്പർ | വിഭാഗം | നമ്പർ | സംഘത്തിന്റെ പേര് | തുടങ്ങിയ വർഷം | പ്രവർത്തന പരിധി |
|---|---|---|---|---|---|
| 1 | വായ്പാ സംഘങ്ങം | എ 21 | മല്ലപ്പള്ളി വില്ലേജ് സർവ്വീസ് സഹ. സംഘം | 2-7-58 | മല്ലപ്പള്ളി പഞ്ചായത്ത് 1,2,3, വാർഡുകം |
| 2 | '' | എ155 | മല്ലപ്പള്ളി സർവ്വീസ് സഹ. ബാങ്ക് | 16-11-62 | മല്ലപ്പള്ളി പഞ്ചായത്ത് |
| 3 | ക്ഷീരോത്പാദനം | പി.റ്റി18(D) | നാരകത്താനി ക്ഷീരോത്പാദക സഹ. സംഘം | 7-1-87 | മല്ലപ്പള്ളി പഞ്ചായത്ത് 8,9 വാർഡുകം |
| 4 | '' | പി.റ്റി40(D) | മല്ലപ്പള്ളി ഈസ്റ്റ് ക്ഷീരോത്പാദക സഹ. സംഘം | 12-2-88 | മല്ലപ്പള്ളി പഞ്ചായത്ത് 4,5 വാർഡുകം |
| 5 | '' | പി.റ്റി48(D) | മല്ലപ്പള്ളി പരിയാരം ക്ഷീരോത്പാദക സഹ. സംഘം | 4-4-88 | മല്ലപ്പള്ളി പഞ്ചായത്ത് 1,2 വാർഡുകം |
| 6 | '' | പി.റ്റി22(D) | കൊറ്റൻകുടിക്ഷീരോത്പാദക സഹ. സംഘം | | മല്ലപ്പള്ളി പഞ്ചായത്ത് 6,7 വാർഡുകം |
| 7 | വ്യവസായം | എ 47 | മല്ലപ്പള്ളി ബ്ലോക്ക് വില്ലേജ് ഇൻഡസ്ട്രിയൽ സഹ. സംഘം | | |
| 8 | '' | S.I.N.D.എ21 | കീഴ്വായ്പൂർ വർക്ക്മെൻ വ്യവസായ സഹ. സംഘം | | കീഴ്വായ്പൂർ കര |
| 9 | '' | P.T.25 | മല്ലപ്പള്ളി ടയർ റീട്രെയിഡിംഗ് സഹ. സംഘം | | |
| 10 | '' | P.T.28 | മല്ലപ്പള്ളി മോഡൽ വനിതാ സഹ. സംഘം | | |
| 11 | '' | C.I.N.D.A 85 | മല്ലപ്പള്ളി കുടിൽ വ്യവസായ സഹ. സംഘം | | |
| 12 | '' | S.I.N.D.A 24 | വികാസ് മഹിളാ സഹ. സംഘം | | |
| 13 | '' | K.V.I.N.D.A 112 | കീഴ്വായ്പൂർ വ്യവസായ സഹ. സംഘം | | |
| 14 | '' | A (H) 5 | മല്ലപ്പള്ളി ഹരിജൻ കൈത്തറി നെയ്ത്ത് വ്യവസായ സഹ. സംഘം | | |
| 15 | സ്കൂം സഹ. സംഘം | A 331 | കീഴ്വായ്പൂർ ഗവ: ഹൈസ്കൂം സഹ. സംഘം | 23-3-74 | |
| 16 | '' | A 585 | പാതിക്കാട് ഗ്രൂപ്പ് യു.പി. സ്കൂം സഹ. സംഘം | 12-5-76 | |
| 17 | '' | A 28 | മല്ലപ്പള്ളി സി.എം.എസ് ഹൈസ്കൂം സഹ. സംഘം | 22-7-58 | |
| 18 | '' | A626 | മല്ലപ്പള്ളി സെൻട്രൽ യു. പി. സ്കൂം സഹ. സംഘം | 2-7-76 | |
| 19 | ഹൗസിംങ്ങ് | എ 694 | മല്ലപ്പള്ളി ഹൗസിങ്ങ് സഹ. സംഘം | 7-3-80 | |
| 20 | പലവക | പി.റ്റി.111 | മല്ലപ്പള്ളി മോട്ടോർ ട്രാൻസ്പോർട്ട് സഹ. സംഘം | 7-2-94 | |
| 21 | '' | എ 700 | മല്ലപ്പള്ളി പഞ്ചായത്ത് ഹരിജൻ സഹ. സംഘം | 8-5-80 | |
| 22 | '' | പി.റ്റി.35 | മല്ലപ്പള്ളി സഹകരണ എംപ്ലോയീസ് സഹ. സംഘം | 8-7-87 | |
| 23 | വ്യവസായം | | മല്ലപ്പള്ളി ഖാദി വ്യവസായ സഹ. സംഘം | | |
| 24 | '' | C.I.N.D.A 62 | മല്ലപ്പള്ളി കാനിംഗ് അലൈഡ് ഇൻഡസ്ട്രിയൽ സഹ. സംഘം | 6-1-60 | |
| 25 | '' | | മല്ലപ്പള്ളി ബുക്ക് ബൈന്റിംഗ് സഹ. സംഘം | | |
| 26 | | P459/96 | അഗ്രി - ഹോർട്ടി കൾച്ചറൽ സൊസൈറ്റി, മല്ലപ്പള്ളി | 17-12-96 | |

# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ദുർബലരായ പട്ടികജാതി പട്ടിക വർഗ്ഗത്തെ കൂടി സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ആനയിച്ചാൽ മാത്രമേ ദേശീയ പുരോഗതി യഥാർത്ഥമാകു. ഇതിലേക്ക് ഗവൺമെന്റ് ഒട്ടേറെ പദ്ധതി കൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. എന്നാൽ ഉദ്ദേശിച്ചത്ര പുരോഗതി നേടിയെടുക്കാൻ ഈ സമൂഹത്തിന് കഴിഞ്ഞിട്ടില്ല.

പദ്ധതികളെക്കുറിച്ചും, അവനേടിയെടുക്കുന്ന രീതികളെക്കുറിച്ചുമുള്ള അവരുടെ അറിവില്ലായ്മയും , പദ്ധതികളുടെ നടത്തിപ്പിലുള്ള കാലതാമസവും അപാകതയുമൊക്കെ അതിന് കാരണങ്ങളായി നമ്മുടെ മുമ്പിൽ അവശേഷിക്കുന്നു.

മറ്റുള്ളവരുടെ സാമൂഹിക പുരോഗതിക്ക് അനുപാതികമായ പുരോഗതി ഈ സമൂഹത്തിന് നേടി കൊടുക്കേണ്ടത് ഒരു ദേശീയ പ്രശ്നം മാത്രമല്ല ഒരു മാനുഷിക പ്രശ്നം കൂടിയാണെന്ന്, പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവരെ ആനയിക്കേണ്ട പുരോഗതിയുടെ മുഖ്യപാതകം **വിദ്യാഭ്യാസം, സാമ്പത്തികം, സാമൂഹ്യം, സാംസ്ക്കാരികം** എന്നീ നിലകളിലാണ്.

നിലവിലുള്ള ആനുകൂല്യങ്ങളം ലഭ്യമാക്കുന്നതിന് ജാതി/മതം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എല്ലാ തുറകളിലും അനിവാര്യമാണ്. റവന്യൂ അധികൃതരാണ് ജാതി/മതം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൊടുക്കുവാൻ അധികാരപ്പെട്ടവർ. അവരവർ ഉൾപ്പെട്ട സബ്ജാതി സമുദായം സാക്ഷിപ്പെടുത്തിയാൽ മാത്രം റവന്യൂ അധികൃതർ ജാതി/മത സർട്ടിഫിക്കറ്റ് നല്കിയാൽ മതിയെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗം

| ക്രമ നമ്പർ | പട്ടികജാതി/ പട്ടികവർഗ്ഗം | സബ്ജാതി/ സമുദായം |
|---|---|---|
| 1 | പുലയ-പുലയൻ<br>ചേരമർ - ചേരമർ | K.P.M.S<br>(കേരള പുലയർ മഹാസഭ)<br>A.K.P.M.S<br>അഖിലകേരള പുലയർ മഹാസഭാ etc. |
| 2 | പറയ -സാംബവ | സാംബവ മഹാസഭ<br>Reg. No.314<br>മല്ലപ്പള്ളി ടൗൺ ശാഖ |
| 3 | പതിയാൻ -മണ്ണാൻ | അഖിലകേരള മണ്ണാൻ മഹാസഭാ |
| 4 | വേലൻ | ഭാരത വേല മഹാസഭ |
| 5 | പാണൻ | പാണർ മഹാസഭ |
| 6 | ഉള്ളാടൻ<br>(പട്ടികവർഗ്ഗം) | അഖിലകേരള ഉള്ളാട മഹാസഭാ |

പട്ടിക 2

കോളനികളിൽ വീട്, കക്കൂസ്, വൈദ്യുതി

| ക്രമ നമ്പർ | വാർഡ് | കോളനി/അധിവാസ കേന്ദ്രം | കുടുംബം എണ്ണം | അംഗ സംഖ്യ | വീടില്ലാത്തവർ | കക്കൂസ് ഇല്ലാത്തവർ | വയറിംഗ് ഗ്രാന്റ് അർഹർ |
|---|---|---|---|---|---|---|---|
| 1 | 1 | പരിയാരം | 13 | 57 | 7 | 11 | 10 |
| 2 | 2 | കൈപ്പറ്റ | 9 | 54 | 6 | 5 | 8 |
| 3 | 4 | മഞ്ഞത്താനം | 13 | 69 | 11 | 14 | 6 |
| 4 | 4 | പുതുക്കുളം | 19 | 91 | 7 | 12 | 13 |
| 5 | 5 | മുള്ളൻകുഴി (സഖ്യം കോളനി) | 52 | 281 | 9 | 27 | 10 |
| 6 | 5 | കാട്ടാമല | 29 | 242 | 5 | 17 | 11 |
| 7 | 5 | പരുത്തിമല | 15 | 86 | 5 | 7 | 3 |
| 8 | 6 | പയറ്റുകാല | 37 | 260 | 7 | 24 | 12 |
| 9 | 6 | പനവേലിക്കുന്ന് | 21 | 103 | 3 | 11 | 5 |
| 10 | 7 | മണിക്കുഴിലക്ഷംവീട് | 13 | 142 | 25 | 30 | 10 |
| 11 | 7 | വല്യമണ്ണിൽ മല | 18 | 93 | 15 | 18 | 12 |
| 12 | 8 | ഐക്കുന്ന് | 15 | 85 | 5 | 15 | 11 |
| 13 | 9 | കരിനിലംകുഴി | 45 | 178 | 30 | 35 | 18 |
| 14 | 9 | വേങ്ങത്താനം | 13 | 97 | 10 | 10 | 9 |

അവലംബം :ഗ്രാമസഭാ ചർച്ചകൾ

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 15% പട്ടികജാതി - പട്ടികവർഗ്ഗക്കാരാണ്. ഈ പഞ്ചായത്തിൽ മുള്ളൻകുഴി സഖ്യംകോളനി, പയറ്റുകാലാ കോളനി, കാട്ടാമല കോളനി, പുതുകുളം കോളനി എന്നീ മേജർ കോളനികളും പട്ടികജാതിക്കാർ 80% വരുന്ന മണിക്കുഴി, പരിയാരം, മഞ്ഞത്താനം, കരിനിലംകുഴി എന്നീ ലക്ഷം വീടുകോളനികളും സെറ്റിൽമെന്റ് കോളനികളുടെ ലിസ്റ്റിൽപ്പെട്ടിട്ടുള്ള വല്യമണ്ണിൽമല, പനവേലിക്കുന്ന്, പരുത്തിമല, വേങ്ങത്താനം എന്നീ കോളനികളും 4 സെന്റ് കോളനിയായ കൈപ്പറ്റ കോളനിയും ഉണ്ട്.

ഈ പഞ്ചായത്തിലെ 14 കോളനികളിലായി താമസിക്കുന്നവർ കൂടാതെ ഒറ്റപ്പെട്ടുതാമസിക്കുന്നവരും വീട്, കക്കൂസ്, ഇവ ഇല്ലാത്തവരുമായ ആളുകളുടെ ലിസ്റ്റ് ചേർക്കുന്നു.

| വാർഡ് | വീട് ഇല്ലാത്തവർ | കക്കൂസ് ഇല്ലാത്തവർ |
|---|---|---|
| 1 | 5 | 14 |
| 2 | 7 | 24 |
| 3 | 5 | 15 |
| 4 | 20 | 30 |
| 5 | 25 | 30 |
| 6 | 25 | 25 |
| 7 | 25 | 26 |
| 8 | 20 | 30 |
| 9 | 25 | 30 |

അവലംബം :ഗ്രാമസഭാ ചർച്ചകൾ

ഈ പഞ്ചായത്ത് പ്രദേശത്ത് താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങൾ ഉണ്ട്.

| ക്രമ നമ്പർ | പേര് | ഉദ്ദേശലക്ഷ്യം |
|---|---|---|
| 1. | മല്ലപ്പള്ളി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം M.A 700 | സർവ്വീസ് |
| 2. | മല്ലപ്പള്ളി പട്ടികജാതി കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം M.A(H) 5 | കൈത്തറി നെയ്ത്ത് |
| 3. | മല്ലപ്പള്ളി പട്ടികജാതി വനിത റെഡിമെയ്ഡ് ഗവൺമെന്റ് വ്യവസായ സഹകരണ സംഘം M. PTA 14 | റെഡിമെയ്ഡ് അച്ചടി |
| 4. | മല്ലപ്പള്ളി ആട്ടോമൊബൈൽ ആൻഡ് ടയർ റീ-ട്രേഡിംഗ് വ്യവസായ സഹകരണസംഘം PTA 25 | വാഹന സർവ്വീസ് ടയർ റീട്രേഡിംഗ് വർക്ക് ഷോപ്പ് |

മുകളിൽ പറയുന്ന സർവ്വീസ് സഹകരണ സംഘം ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പട്ടികജാതിക്കാരിൽ നിന്നും അന്യത്രമായി നില്ക്കുന്ന അവസ്ഥയാണുള്ളത്.

## കോളനി റോഡുകൾ

മുള്ളൻകുഴി സഖ്യം കോളനി, പയറ്റുകാലാ കോളനി, കാട്ടാമല കോളനി, പുതുക്കുളം കോളനി എന്നിവിടങ്ങളിൽ റോഡ് ടാറിംഗ് നടത്തിയിട്ടുള്ളതാണ്. മുള്ളൻകുഴി, പയറ്റുകാല കോളനി റോഡുകൾ റീ ടാറിംഗ് ചെയ്യേണ്ടതുണ്ട്.

### പൂർത്തികരിക്കാത്ത റോഡുകൾ

| | പേര് | ദൂരം |
|---|---|---|
| 1. | പാടിമൺ പാറേപ്രാട്ട് - പരുത്തിമല റോഡ് | 1 കി.മീ |
| 2. | പാടിമൺ - വല്യമൺ മലറോഡ് | 3/4 കി.മീ |
| 3. | ചാലുങ്കൽ - പനവേലിക്കുന്ന് റോഡ് | 1.5 കി.മീ |
| 4. | പെരുമ്പ്രാമ്മാവ് - വേങ്ങത്താനം എരുളത്തിപ്പടി - കരിമ്പിൻ കുഴി റോഡ് | 1.5 കി. മീ |
| 5. | പരിയാരം യു.പി. സ്കൂൾ ജംഗ്ഷൻ - ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വഴി - പരിയാരം ലക്ഷം വീട് കോളനി റോഡ് | 2 കി. മീ |
| 6. | വെള്ളത്തമോടയിൽ പടി - മഞ്ഞത്താനം കോളനി റോഡ് | 1.5 കി. മീ |
| 7. | മുള്ളൻ കുഴി സഖ്യം കോളനി - അപ്രോച്ച് റോഡ് - കോളനികുന്ന് റോഡ് - ചെട്ടിയാരു പടി | 1/2 കി.മീ |

## തൊഴിൽ

കാർഷിക മേഖലയിലെ തൊഴിൽ തീർത്തും കുറഞ്ഞ സാഹചര്യത്തിൽ തൊഴിലാളികൾ മരാമത്തു പണികൾ, ലോഡിംഗ് & അൺ ലോഡിംഗ്, മേഖലയിലാണ് ചേക്കേറുന്നത്. കെട്ടിട നിർമ്മാണ ജോലികളിൽ ബിരുദധാരികൾ വരെ പണിയെടുക്കുന്നുണ്ട്.പട്ടികജാതി കോളനികളിൽ വനിതകൾക്ക് ഉപതൊഴിൽ കണ്ടെത്തുന്നതിന് ബ്രോയിലർ കോഴി- ബ്രൊയിലർ ആട് - മുട്ടക്കോഴി വളർത്തൽ, പശു വളർത്തൽ പച്ചക്കറിത്തോട്ടങ്ങൾ എന്നിവ ആരംഭിക്കുന്നതിന് പദ്ധതി കൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസം

നിരക്ഷരർ കുറവു തന്നെ. വിദ്യാഭ്യാസമുള്ളവരാണ് ഏറെയും. അഭ്യസ്ഥ വിദ്യരുടെയും തൊഴിൽരഹിതരുടെയും എണ്ണം വർദ്ധിച്ചു വരുന്നു.

ഇവരുടെ അഭിരുചിക്ക് അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തുവാൻ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്.

പയറ്റുകാല കോളനിയിൽ C.D. ബ്ലോക്കിന്റെ ബാലവാടി ഉണ്ട്. എന്നാൽ മറ്റു പല കോളനികളിൽ നേഴ്സറി/ ബാലവാടികൾ,കെയർ സെന്റർ മുതലായവ യൊന്നും തന്നെയില്ല. ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമുള്ള ഉന്നതനിലവാരം പുലർത്തുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കേണ്ടതാണ്.

## സാങ്കേതിക വിദ്യാഭ്യാസ തൊഴിലധിഷ്ഠിത സൗകര്യം

1980 മുതൽ മല്ലപ്പള്ളിയിൽ പ്രവർത്തിച്ചു വരുന്നതും പട്ടികജാതി - മറ്റ് ഇതര വനിതകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽമേഖല കണ്ടെത്താവുന്ന തയ്യൽ എംബ്രോയിഡറി എന്നിവയ്ക്ക് പരിശീലനം നൽകുന്ന ഏക സ്ഥാപനമാണ് എൽ.വൈ.എം.എസ്. എസ്. ഐ.റ്റി.സി. ഇവിടെ മറ്റ് ട്രേഡുകൾ കൂടി ആരംഭിക്കേണ്ടതുണ്ട്. സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്ക് കോളനി അടിസ്ഥാനത്തിൽ സൗജന്യ ട്യൂഷൻ പദ്ധതി പട്ടികജാതി വികസനവകുപ്പിൽ നിന്നും ആരംഭിക്കാവുന്നതാണ്.

## പ്രീ - മെട്രിക് ഹോസ്റ്റൽ

ഈ ഹോസ്റ്റലിലെ അന്തേവാസികൾ കൂടുതൽ മാർക്ക് വാങ്ങി S.S.L.C. പരീക്ഷ പാസാകുന്നുണ്ട്. ഈ ഹോസ്റ്റലിലെ അന്തേവാസികൾ പഠിക്കുന്ന C.M.S. ഹൈസ്കൂളിന് 1996 മാർച്ചിൽ, പട്ടികജാതി കുട്ടികൾക്കിടയിൽ ഉന്നതനിലവാരം പുലർത്തി മാർക്ക് കരസ്ഥമാക്കി കൊടുത്തതിന് പ്രോത്സാഹന സമ്മാനം 20000 രൂപയും ട്രോഫിയും ഗവൺമെന്റ് നല്കിയിരുന്നു.ഹോസ്റ്റലിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണി കഴിപ്പിച്ച് ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

### കുടിവെള്ളവും കക്കൂസും

പട്ടികജാതിക്കാരുടെ കോളനികളിൽ കക്കൂസിന്റെ അപര്യാപ്തത ഏറെയാണ്. കുടിജലത്തിന് വർഷത്തിൽ 6 മാസം ദീർഘദൂരം നടന്നു പോകേണ്ട കോളനികളാണ് പുതുക്കുളം പയറ്റുകാല, കാട്ടാമല, വല്യമൺമല, വേങ്ങത്താനം എന്നിവ. മല്ലപ്പള്ളി വാട്ടർ സപ്ലൈയിൽപെട്ട പരയ്ക്കത്താനം സ്കീം വേഗം പൂർത്തിയാക്കി കുടിജലക്ഷാമം പരിഹരിക്കുന്നതോടൊപ്പം കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും ഒന്നോ രണ്ടോ കോളനികളെ ബന്ധിപ്പിച്ച് കൃഷിക്കുള്ള വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നതിന് പദ്ധതിആവിഷ്കരിച്ചു നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഏറ്റവും കൂടുതൽ കുടിജലപ്രശ്നമനുഭവിക്കുന്ന കോളനികളിൽ കൃഷിവകുപ്പിന്റെ കാർഷിക ജലസേചന പദ്ധതി കൂടി നടപ്പിലാക്കുവാൻ ഇടയായാൽ ജലക്ഷാമത്തിൽ നിന്ന് മോചനം ലഭിക്കുന്നതാണ്.

## പാർപ്പിടം

പല കോളനികളിലും സ്വന്തം പേരിൽ പട്ടയം ഇല്ലാത്തതിനാൽ (വസ്തു കൈവശവും - താമസവും ഉണ്ടെങ്കിലും)പല പാവപ്പെട്ട കുടുംബങ്ങൾക്കും പഞ്ചായത്ത്/ ബ്ലോക്ക് മുഖേനയുള്ള സൗജന്യഭവന നിർമ്മാണ ധനസഹായം ലഭിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഭൂരഹിത - ഭവനരഹിതരായ 128 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഭൂരഹിത ഭവനരഹിത - പുനരുദ്ധാരണ പദ്ധതി കൂടാതെ സംസ്ഥാന ഗവൺമെന്റിൽ നിന്നും ധനസഹായങ്ങൾ ലഭ്യമാക്കുന്ന പക്ഷം ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഗ്രാമസഭകളിൽ ഈ വിഷയം സജീവ ചർച്ചക്കും പരിഗണനക്കും വിധേയമായിട്ടുണ്ട്. കോളനികളിൽ നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് പട്ടയം ലഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## വീടുകളുടെ കേടുപാടുതീർക്കൽ

വർഷങ്ങൾക്കുമുമ്പ് പണിതുകൊടുത്ത ലക്ഷംവീടുകളും, പട്ടികജാതി വികസന വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും അനുവദിച്ചുകൊടുത്തിട്ടുള്ള ഒട്ടുമിക്ക വീടുകളും നിലും പൊത്തുന്ന സ്ഥിതിയിലാണ്. അവ പുതുക്കി പണിയേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. കോളനികളിലും ഒറ്റപ്പെട്ട് താമസിക്കുന്നതുമായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും തി കച്ചും അപര്യാപ്തമാണ്.
2. സാക്ഷരരാണ്. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികളം കൊഴിഞ്ഞു പോകുന്നു. S.S.L.C ക്ക് പരാജയപ്പെടുന്നവരുടെ സംഖ്യകളം വർദ്ധിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസമുള്ളവർ നന്നേ കുറവാണ്.
3. കുലതൊഴിൽ പൂർണ്ണമായി നഷ്ടപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഥാനത്ത് വന്നിട്ടുള്ള പുതിയ തൊഴിൽ മേഖലയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.
4. എല്ലാവർക്കും വീട് ഇല്ല.
5. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവർ കുന്നുംപ്രദേശങ്ങളിലാണ് പാർക്കുന്നത്. അവരിൽ അപൂർവ്വം ചിലർക്ക് കിണറുണ്ടെങ്കിലും ഒന്നിലും ആറുമാസത്തിൽ കൂടുതൽ വെള്ളമില്ല. കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
6. കോളനികളം മിക്കതിലും വൈദ്യുതി എത്തി ചേർന്നിട്ടി ല്ല. വൈദ്യുതി എത്തിചേർന്നിട്ടുള്ള കോളനിയിൽ എല്ലാ ഭാഗത്തും വൈദ്യുതി എത്തിച്ചേർന്നിട്ടുമില്ല. എല്ലാ വീടുകളംക്കും വൈദ്യുതി കണക്ഷൻ ഇല്ല.
7. കക്കൂസ് എല്ലാവർക്കും ഇല്ല.
8. പൊതു ശ്മശാനം ഉപയോഗിക്കുന്നതിന് പൊതുവേ വൈമുഖ്യം കാട്ടുന്നു.
9. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
10. ആരോഗ്യ സംരക്ഷണ സംവിധാനം കാര്യക്ഷമമല്ല.
11. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സകളം പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
12. വീട്, ഓടുമേച്ചിൽ, വയറിംഗ്, വീട് മെയന്റൻസ് എന്നീ ഗ്രാന്റുകളം ലഭിക്കുന്നില്ല.
13. മിശ്രവിവാഹ ദമ്പതികൾക്ക് ധനസഹായം ലഭിക്കുന്നില്ല
14. ഗവൺമെന്റും, കോർപ്പറേഷനുകളും, അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് നിലവിലുള്ള ധനസഹായങ്ങളം ലഭ്യമാകുന്നില്ല.
15. സമീപപ്രദേശത്തുള്ള വായനശാലകളം ഉപയോഗപ്രദമാക്കുന്നില്ല.
16. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന പട്ടിക ജാതി പട്ടികവർഗ്ഗങ്ങളുടെ സർവ്വീസ് മേഖലകളെ ലക്ഷ്യമാക്കിയും സ്ഥാപിച്ചിട്ടുള്ള മറ്റ് സഹകരണ സംഘങ്ങൾക്കും ധനസഹായം ലഭ്യമാകുന്നില്ല.
17. കടക്കെണിയിൽ പെട്ടുപോകുന്നു.
18. മദ്യ ലഹരിയോടുള്ള ആസക്തി പറയത്തക്ക വിധത്തിൽ കുറയുന്നില്ല.

### നിർദ്ദേശങ്ങൾ

1. മല്ലപ്പള്ളി പഞ്ചായത്തിലും സമീപ പ്രദേശത്തുമുള്ള ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നേഴ്സറി, L.K.G, U.K.G, High School തലങ്ങളിൽ പഠിക്കുന്നതിനും S.S.L.C തോറ്റവർക്ക് തുടർന്നു പഠിക്കുന്നതിനുമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുക.
2. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനും ഗവൺമെന്റിന് നിവേദനം നല്കുക.
3. കാർഷിക മേഖല അഭിവൃത്തിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
4. കുലപരമായ തൊഴിലായ പായ്നെയ്ത്ത്, കൊട്ട, മുറം, പരമ്പ്, എന്നിവയുടെ നിർമ്മാണം കുടിൽ വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
5. പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുക. അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അതിന് എല്ലാവിധ സഹായവും നല്കുക.
6. ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും എല്ലാ വിധസഹായങ്ങളും നല്കി പ്രോത്സാഹിപ്പിക്കുക.
7. പാറമട തൊഴിൽ ആരംഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ധനസഹായം നല്കുക.
8. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് സ്വന്തമായി തൊഴിൽ ചെയ്യുന്നതിന് സൗകര്യങ്ങളും ധനസഹായവും അനുവദിക്കുക.
9. വീടില്ലാത്തവർക്കെല്ലാം വീട് അനുവദിക്കുന്നതിന് പദ്ധതി രൂപീകരിക്കുക.
10. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് മല്ലപ്പള്ളി വാട്ടർ സപ്ലൈ ലൈൻ എല്ലാ കോളനിയിലേക്ക് നീട്ടുകയും, വാൽവുകളം സ്ഥാപിച്ച് ഉയർന്ന പ്രദേശത്തെ വിതരണം കാര്യക്ഷമമാക്കുകയും ചെയ്യുക.
11. ഉയർന്ന സ്ഥലത്ത് വാട്ടർ സപ്ലൈ കിട്ടുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന 'പരക്കത്താനം' സ്കീമിന്റെ പണി ത്വരിതപ്പെടുത്തുകയും, ആവശ്യമായ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയെ പ്രേരിപ്പിക്കുകയും ചെയ്യുക.
12. വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത കോളനികളിലും, വൈദ്യുതി എത്തിയ കോളനികളിൽ എല്ലായിടത്തും നീട്ടുന്നതിനും ആവശ്യമായ ഒരു സ്കീം തയ്യാർ ചെയ്ത് S.C.P യിൽ പെടുത്തി നടപ്പാക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്യുക.
13. വയറിംഗ് ഗ്രാന്റ് അർഹരായവർക്ക് അനുവദിക്കുക.
14. കക്കൂസ് എല്ലാവർക്കും കൊടുക്കുവാൻ ഒരു പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട എജൻസിയോട് അഭ്യർത്ഥിക്കുക.
15. പഞ്ചായത്ത് പൊതു ശ്മശാനം ഉപയോഗിക്കാൻ വൈമുഖ്യത കാട്ടുന്നതിന്റെ കാരണം ആരാഞ്ഞ് സമുദായ സംഘടനയുടെ സഹകരണത്തിൽ ബോധവൽക്കരണം നടത്തുക.
16. വീട് മെയിന്റൻസ് ഗ്രാന്റ് അനുവദിക്കുക.
17. മുൻ കാലങ്ങളിൽ ഗ്രാന്റ് അനുവദിച്ച് നിർമ്മിച്ചിട്ടുള്ളതും ഇപ്പോൾ തികച്ചും ജീർണ്ണാവസ്ഥയിലുമുള്ള വീടുകൾക്ക് പകരം വീട് നിർമ്മിക്കാൻ ധനസഹായം അനുവദിക്കുക.
18. മദ്യ നിരോധന പ്രസ്ഥാനത്തിൽ പ്രശംസനീയമായി പ്രവർത്തിക്കുന്നവർക്ക് ഗ്രാന്റുകളം ഏർപ്പെടുത്തുക.

## വിഭവ സമാഹരണം



Administration is finance എന്നാണല്ലോ പറയുന്നത്. ദേശീയ തലത്തിലും സംസ്ഥാനതലത്തിലുമെന്നപോലെ പഞ്ചായത്തു തലത്തിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പണം ഒഴിച്ചുകൂടാൻ പാടില്ലല്ലോ. മുഖ്യമായും ചെറുകിട കർഷകർ വസിക്കുന്ന മല്ലപ്പള്ളി പഞ്ചായത്തിൽ ആധുനിക സമൂഹത്തിനു വേണ്ട ജീവിത സൗകര്യങ്ങൾ തുലോം കുറവാണ്. മല്ലപ്പള്ളി താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് എന്ന നിലയ്ക്ക് ഒരു മുനിസിപ്പാലിറ്റിയുടെ തന്നെ സൗകര്യങ്ങൾ ഇവിടെ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ അത്യാവശ്യ സൗകര്യങ്ങൾ പോലും ഇവിടെയില്ലെന്നതാണു സത്യം. പഞ്ചായത്തിലെ നൂറോളം റോഡുകളിൽ മിക്കവയും കുണ്ടും കുഴികളും കല്ലും നിറഞ്ഞ വയായതിനാൽ സഞ്ചാരയോഗ്യമല്ല. വഴിവിളക്കുകൾ ചുരുക്കം ചില റോഡുകളിൽ മാത്രം. കുടിവെള്ളത്തിന്റെ കാര്യത്തിലും സ്ഥിതി തൃപ്തികരമല്ല. ഈ അടിസ്ഥാനാവശ്യങ്ങൾ സാധിക്കുന്നതിനു തന്നെ കോടിക്കണക്കിനു രൂപ മുടക്കേണ്ടി വരും.

കർഷകരിൽ ഭൂരിപക്ഷവും പിന്നോക്കാവസ്ഥയിലുള്ളവരാണ്. എടുത്തുപറയത്തക്ക വ്യവസായങ്ങളൊന്നും പഞ്ചായത്തിലില്ല. ഈ സ്ഥിതിയിൽ പഞ്ചായത്തിന്റെ ഭാരിച്ച സാമ്പത്തികാവശ്യങ്ങൾ സാധിക്കുന്നതിനുള്ള വിഭവങ്ങൾ സമാഹരിക്കയെന്നത് അനായാസം സാധിക്കാവുന്ന കാര്യമല്ല. ഇപ്പോഴുള്ള ധനാഗമമാർഗ്ഗങ്ങൾ ശരിക്കു പ്രയോജനപ്പെടുത്തുകയും പുതിയവ കണ്ടെത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ തനതായ വരുമാനങ്ങളും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന വിവിധ ഗ്രാന്റുകളും ചേർന്നതാണ് പഞ്ചായത്തിന്റെ ഫണ്ട്. തനതായ വരുമാനങ്ങളിൽ പ്രധാനപ്പെട്ടവ കെട്ടിടനികുതി, തൊഴിൽ നികുതി, കെട്ടിട വാടക, ചന്ത, ഇറച്ചിക്കട, ബസ് സ്റ്റാൻഡ്, ആറ്റുമണൽ ഇവയുടെ ലേലത്തിൽ നിന്നു കിട്ടുന്ന തുകകൾ ഇവയാണ്. സർക്കാരിൽ നിന്നു ലഭിക്കുന്ന പ്രധാനപ്പെട്ട ഗ്രാന്റുകൾ വാഹന നികുതി വിഹിതം, വസ്തു കൈമാറ്റ നികുതി വിഹിതം, അടിസ്ഥാന നികുതി വിഹിതം, ഗ്രാമീണ റോഡ് മെയിന്റനൻസിനുള്ള ഗ്രാന്റ്, അൺടൈഡ് ഫണ്ട്, ജെ. ആർ. വൈ.ഫണ്ട്, വിനോദ നികുതി തുടങ്ങിയവയാണ്. ഇപ്പറഞ്ഞ ഇനങ്ങളിൽ 1995-96 ൽ പഞ്ചായത്തിനു ലഭിച്ച തുകകളുടെ കണക്ക് പട്ടികയിൽ കൊടുക്കുന്നു.

പഞ്ചായത്തു വകയായി ബസ്സ്റ്റാൻഡും ഷോപ്പിംഗ് കോംപ്ലെക്സും പണിയുന്നതിന് 1980 ൽ സംസ്ഥാനഗ്രാമ വികസന ബോർഡിൽ നിന്നും 549971 രൂപ വായ്പയെടുക്കുകയുണ്ടായി. നിശ്ചിത സമയത്ത് പണം കൃത്യമായി തിരിച്ചടക്കാൻ കഴിഞ്ഞില്ല. കുടിശികയ്ക്കു പിഴപ്പലിശയോടു കൂടി ഈടാക്കുന്നതിനാൽ ഈ തുക അനേക മടങ്ങു വർദ്ധിച്ചു. ഇന്നും വൻതുക ബാക്കി നിൽക്കുന്നു.

| ഇനം | രൂപ |
|---|---|
| കെട്ടിട നികുതി | 4,34,332 |
| തൊഴിൽ നികുതി | 1, 53, 503 |
| ലൈസൻസ് ഫീസ് | 5,359 |
| ചന്തലേലം | 20,790 |
| ഇറച്ചിക്കടലേലം | 13,000 |
| ബസ്സ്റ്റാൻഡ് | 45,637 |
| മണൽലേലം | 2,05,675 |
| കെട്ടിട വാടക | 2,04,944 |
| വിനോദനികുതി | 11,830 |
| [illegible] ഗ്രാന്റുകൾ | |
| വാഹനനികുതി വിഹിതം | 96,101 |
| വസ്തു കൈമാറ്റ നികുതി | 1,84,041 |
| ഗ്രാമീണ റോഡ് മെയിന്റനൻസ് | 20,511 |
| അൺ ടൈഡ് ഫണ്ട് | 2,47,000 |
| ജെ. ആർ. വൈ | 2,27,627 |

1995-96 ലെ പ്രധാന ചെലവിനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | രൂപ |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ചെലവ് (ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവ്, ect.) | 476053 |
| നിർമ്മാണ പ്രവർത്തനങ്ങൾ (റോഡ്, കെട്ടിടം, ect.) | 559470 |
| വൈദ്യുതീകരണം (തെരുവു വിളക്കുകൾ ഉൾപ്പെടെ) | 124636 |
| വിദ്യാഭ്യാസം (ലൈബ്രറി, നഴ്സറി സ്കൂൾ) | 30949 |
| സാമൂഹ്യക്ഷേമം (കേരളോത്സവം, വനവൽക്കരണം ect.) | 22089 |
| പൊതുജനാരോഗ്യം (വാട്ടർ അതോറിറ്റിയിൽ അടച്ചത്, സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം ect) | 9097 |

ഈ വായ്പയുടെ ഒരു സംക്ഷിപ്ത വിവരണം താഴെ ചേർക്കുന്നു.

| | |
|---|---|
| 1980 ൽ വായ്പയെടുത്ത തുക | Rs.549971 |
| തിരിച്ചടച്ച തുകകൾ | |
| 1982-83 | Rs.272772 |
| 1986-87 | Rs.200000 |
| 1987-88 | Rs.400000 |
| 1988-89 | Rs.100000 |
| 1989-90 | Rs.203184 |
| 1990-91 | Rs.198307 |
| 1991-92 | Rs.389027 |
| 1992-93 | Rs.206714 |
| 1993-94 | Rs.372221 |
| 1996 | Rs.300000 |
| ബാക്കി തിരിച്ചടക്കാനുള്ളത് | Rs.1069113 |

പതിനാറു വർഷങ്ങൾക്കുള്ളിൽ 2642225 രൂപ തിരിച്ചടച്ചെങ്കിലും 1069113 രൂപ ബാക്കി നിൽക്കുന്നു.ഇതിൽ നിന്നും ഒരു കാര്യം മനസ്സിലാക്കാം. ഗ്രാമീണ വികസന ബോർഡ് പലിശ കണക്കാക്കുന്ന രീതി നീതീകരിക്കത്തക്കതല്ല. ബോർഡിന്റെ ലക്ഷ്യം ഗ്രാമങ്ങളെ വികസിപ്പിക്കലാണോ നശിപ്പിക്കലാണോ എന്നു സംശയിച്ചു പോകുന്നു.

ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടകയിനത്തിൽ ആണ്ടിൽ 213192 രൂപ കിട്ടുന്നുണ്ട്. ഓരോ തുക കൂടി ശിക ആയില്ലായിരുന്നെങ്കിൽ ഈ വാടകകൊണ്ട് വായ്പ അടച്ചു തീർക്കാമായിരുന്നു. ഇപ്പോൾ അതു സാധിക്കാത്ത സ്ഥിതിയാണ്.

## നിർദ്ദേശങ്ങൾ

1. കാർഷിക പ്രധാനമായ ഈ പഞ്ചായത്തിൽ കൂടുതൽ നികുതികൾക്കു സാധ്യതയില്ല. ലഭ്യമായ ഫണ്ട് പൂർണ്ണമായും ഉദ്ദേശിക്കുന്ന കാര്യങ്ങൾക്കു ഉപയോഗപ്പെടുന്നു എന്നുറപ്പുവരുത്തുകയാണു വേണ്ടത്.

2. കെട്ടിട നികുതി കുറെക്കൂടി യുക്തിസഹവും നീതിപൂർവ്വകവും ആക്കാവുന്നതാണ്. വാടകയുടെ നിശ്ചിത ശതമാനം നികുതിചുമത്തുക, അല്ലെങ്കിൽ നിർമ്മാണചെലവിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുക- ഇതാണ് ഇന്നു ചെയ്യുന്നത്. വാടകയുള്ള കെട്ടിടങ്ങൾക്ക് അതിന്റെ അടിസ്ഥാനത്തിൽ തന്നെ നികുതിചുമത്താവുന്നതാണ്. എന്നാൽ നിർമ്മാണച്ചെലവിന്റെ അടിസ്ഥാനത്തിൽ നികുതിചുമത്തുന്നത് പക്ഷപാതത്വത്തിനും അഴിമതിക്കും ഇടയാക്കുന്നുണ്ട്. വാടകയില്ലാത്ത കെട്ടിടങ്ങൾക്ക് താവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നത് നികുതിനിർണ്ണയത്തിലെ അഴിമതി ഒഴിവാക്കാൻ സഹായിക്കും. ഇങ്ങനെയുള്ള കെട്ടിടങ്ങൾക്ക് സ്ലാബു സമ്പ്രദായം നടപ്പിലാക്കത്തക്കവണ്ണം നിയമം ഭേദഗതി ചെയ്യണം. ഉദാഹരണത്തിന് 500 ച. അടി വരെയുള്ള കെട്ടിടങ്ങൾക്ക് ഒരു നിരക്ക്, 500 മുതൽ 1000 ച.അടി വരെ വിസ്തീർണ്ണമുള്ളവർക്ക് കുറെകൂടി ഉയർന്ന നിരക്ക്, 1000 ച. അടിക്കു മുകളിലുള്ളവയ്ക്ക് അതിലും ഉയർന്ന നിരക്ക് ഇപ്രകാരം സ്ലാബ് സമ്പ്രദായം നടപ്പിലാക്കാം.

3. പഞ്ചായത്തിലെ മരാമത്തു പണികൾക്ക് പഞ്ചായത്തിന്റെ താല്പര്യമനുസരിച്ച് യോഗ്യരായ എൻജിനിയർമാരെ കൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കി പണി നടത്താൻ സംവിധാനം നൽകേണ്ടതാണ്.

4. പഞ്ചായത്തിലെ സാധാരണ റോഡുകൾ( ടാർ ചെയ്യാത്തവ) നന്നാക്കുന്നതിന് ഒരു റോഡിന് 5000 രൂപ വരെയാണു നൽകുന്നത്. ആയത് 25000 രൂപയായി വർദ്ധിപ്പിക്കുക നീളക്കൂടുതലുള്ള റോഡുകൾക്ക് ഈ തുക തീരെ പര്യാപ്തമല്ല. ഈ തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനു പുറമേ, ഈ പണികൾക്കോ കോൺട്രാക്ടർമാരെ ഏല്പിക്കാതെ ഓരോ വാർഡിലുമുള്ള ഒരു സമിതിയെ ഏല്പിക്കണം.

തുക മുഴുവൻ ഈ സമിതിയെ ഏല്പിച്ചാൽ റോഡിലെയും ഓടകളിലെയും കല്ലുകൊണ്ടു പൊട്ടിച്ചു മാറ്റി റോഡുകൾ വൃത്തിയാക്കും. പിന്നീട് രണ്ടു വർഷത്തേക്ക് ഈ റോഡുകളിൽ ഒരു പണിയും നടത്തേണ്ടിവരില്ലെന്നാണ് അനുഭവം തെളിയിക്കുന്നത്. ഓരോ വാർഡിലും ലഭ്യമായ മാനവശേഷി ഇവിടെ ഉപയോഗിക്കുകയും ചെയ്യാം. ഇതിന് പ്രത്യേക എസ്റ്റിമേറ്റോ ബില്ലോ ഉണ്ടാക്കേണ്ട കാര്യമില്ല.

5. പഞ്ചായത്തിലെ വെജിറ്റബിൾ മാർക്കറ്റിൽ ചെറിയ സ്റ്റാളുകൾ നിർമ്മിച്ചാൽ കച്ചവടക്കാർക്കു വാടകക്കുകൊടുക്കാവുന്നതാണ്. ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിൽ ഒരു നില കൂടി പണിതാലും വാടകക്കു കൊടുക്കാവുന്നതാണ്. ഇതിനു വേണ്ടി ബാങ്കുകളിൽ നിന്നും വായ്പയെടുക്കാൻ പഞ്ചായത്തിന് പൂർണ്ണസ്വാതന്ത്ര്യം ഉദാരമാക്കേണ്ടതാണ്.

6. റബ്ബർ റോളർ ഉപയോഗിക്കുന്നവർക്ക് നികുതി ഈടാക്കാം.

7. റബ്ബർ കർഷകരുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം നൽകുക.

8. പാറമടയിൽ നിന്നും പോകുന്ന ഒരു ലോഡിന് കുറഞ്ഞത് 5 രൂപ പഞ്ചായത്തിലേക്ക് നൽകുക.

9. പാറമടക്ക് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഏർപ്പെടുത്തുക.

10. പഞ്ചായത്തതിർത്തിയിൽ നിന്നും തടി വെട്ടിക്കൊണ്ടു പോകുന്നതിന് ഫീസ് ഏർപ്പെടുത്തുക.

11. റിയൽ എസ്റ്റേറ്റ് ഇടപാടുകാർക്ക് ലൈസൻസ് നൽകുകയും റോയൽറ്റി ഈടാക്കുകയും ചെയ്യുക.

12. പരസ്യ നികുതി ഈടാക്കുക.

13. വിനോദ നികുതി വർദ്ധിപ്പിക്കുക.

14. ആധാരമെഴുത്തുകാർക്കും , S.T.D ബൂത്തുകാർക്കും തൊഴിൽ നികുതിയും, ലൈസൻസും ഏർപ്പെടുത്തുക.

15. ടൗൺഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക.

16. കന്നുകാലി ചന്ത ആരംഭിക്കുക.

17. മാർക്കറ്റ് ലേലങ്ങളിൽ ഉറപ്പെടാത്തതായ താൽക്കാലിക കച്ചവടക്കാരിൽ നിന്നും ഫീസ് ഈടാക്കുക.

18. ബ്യൂട്ടി പാർലറുകൾക്ക് ഫീസ് ഈടാക്കുക.

' ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കണം. ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങളുള്ള ഓരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. ഓരോ ഗ്രാമവും എല്ലാ കാര്യങ്ങളും നടത്തത്തക്ക വിധം സ്വയം പര്യാപ്തമായിരിക്കണം. '

# ആൽബം

നാട്ടുകൂട്ടം ഉത്ഘാടനവും കേരളപിറവി ദിനാഘോഷവും
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (1-11-1995)

S. S. L. C അവാർഡ് ദാനം - '96

പുനരർപ്പണ ദിനം (1-11-96)
നെല്ലിമൂട് - പനയമ്പാല റോഡിന്റെ പുനരുദ്ധാരണം

സംസ്ഥാന അദ്ധ്യാപക അവാർഡ് നേടിയ T. K നരേന്ദ്രൻ നായർക്ക്
പഞ്ചായത്ത് കമ്മറ്റിയുടെ സ്വീകരണം

പുനരർപ്പണ ദിനം (1-11-96)
നെയ്തേലിപ്പടി - ഐക്കുന്ന് റോഡ് ഉത്ഘാടനം

ജനകീയാസൂത്രണം പഞ്ചായത്ത്തല റിസോഴ്സ് പേഴ്സൺസിന്റെ പരിശീലന ക്യാമ്പ്
ഉത്ഘാടനം T. S ജോൺ M. L. A

മല്ലപ്പള്ളി പഞ്ചായത്ത് ഓഫീസിലെത്തിയ ടി. എസ്. ജോൺ എം.എൽ. എ യ്ക്ക് സ്വീകരണം

കർഷക ദിനം ഉത്ഘാടനം പി. ജെ. കുര്യൻ എം. പി (1-11-96)

# വിശ്വസ്തതയോടെ

പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന തെരഞ്ഞെടുപ്പിനെതുടർന്ന് 1996 ഒക്ടോബർ 4 ന് പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. പുതിയ ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് വമ്പിച്ച പ്രതീക്ഷയാണുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണ സംവിധാനത്തിനു തന്നെ പല മാറ്റങ്ങളുമുണ്ടായി. ഭരണസമിതിയിൽ മൂന്നിൽ ഒരു ഭാഗം വനിതകൾ വന്നത് സ്ത്രീകൾക്ക് ലഭിച്ച അംഗീകാരത്തിന്റെ പ്രതീകമായിരുന്നു. സ്റ്റാൻഡിങ് കമ്മിറ്റിയേയും അതിന്റെ ചെയർമാനേയും തെരെഞ്ഞെടുത്തത് പുതിയ ഒരു അനുഭവമായിരുന്നു. വിദ്യാലയങ്ങൾ, ആശുപത്രികൾ, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്തിന് ചില നിയന്ത്രണാധികാരങ്ങൾ ലഭ്യമായി. ആകെക്കൂടി പരിശോധിക്കുമ്പോൾ എന്തോ ചില മാറ്റങ്ങളുടെ പ്രതീതി ജനിപ്പിക്കാൻ പഞ്ചായത്ത് രാജ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ തുടർന്നുള്ള നാളുകളിൽ പഞ്ചായത്തുകൾക്ക് കഴിഞ്ഞു എന്ന് അവകാശപ്പെടാനില്ല. മുഖ്യമായും രണ്ട് പ്രശ്നങ്ങളാണ് ഇതിന് വിഘാതമായി നില്ക്കുന്നതെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടു. ഒന്നാമതായി അധികാരങ്ങൾ താഴേക്ക് പങ്കിട്ടു കൊടുക്കാനും വികസന പ്രവർത്തനങ്ങൾ വേഗതയിൽ നടത്താനും തടസ്സമായി നില്ക്കുന്ന നിയമത്തിലെ ചില വ്യവസ്ഥകളും ചട്ടങ്ങളും, ഇതിന്റെ ഭാഗമായുള്ള ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ സമീപനവും. രണ്ടാമതായി, വികസന പ്രവർത്തനങ്ങൾ നടത്തിക്കാനാവശ്യമായ സമ്പത്ത് പഞ്ചായത്തുകൾക്ക് വീതിച്ചു നല്കാൻ സർക്കാരിനു കഴിയാതെ വന്നത്. ഗ്രാന്റുകളും മറ്റും ലഭിക്കാത്തതുമൂലം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പ്രവർത്തിച്ചു മുന്നേറാൻ കഴിയാതെ വന്നു.

ഈ സാഹചര്യത്തിലാണ് ജനകീയ ആസൂത്രണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കാൻ കേരളസർക്കാർ തീരുമാനിച്ചത്. ഒൻപതാം പഞ്ചവത്സര പദ്ധതിയെ ജനകീയ പദ്ധതിയാക്കി മാറ്റാനും അതിനു മുന്നോടിയായി നടക്കേണ്ട ആസൂത്രണം ജനകീയ ആസൂത്രണമാക്കി മാറ്റാനും തീരുമാനിച്ചു. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന ആകെ തുകയുടെ 40% വരെ ത്രിതലപഞ്ചായത്തു രാജ് സ്ഥാപനങ്ങൾക്ക് വിഭജിച്ചു നല്കാൻ സർക്കാർ തീരുമാനിച്ചത് ഈ രംഗത്ത് സുപ്രധാനമായ കാൽവയ്പ്പാണ്.

കഴിഞ്ഞ ഒക്ടോബർ 4 മുതൽ ഇന്നു വരെയുള്ള പ്രവർത്തനങ്ങളിലൂടെ ഒന്നു കണ്ണോടിക്കുവാൻ ആഗ്രഹിക്കുന്നു. സത്യപ്രതിജ്ഞാ ചടങ്ങ് തന്നെ പഞ്ചായത്ത് രാജ് സംവിധാനത്തോടുള്ള ജനങ്ങളുടെ കാഴ്ചപ്പാട് വ്യക്തമാക്കി. കൊടിയുടെ നിറവ്യത്യാസങ്ങൾക്കതീതമായി വർഗ്ഗ ചിന്തകൾക്കെതിരെ അവിടെ മുഴങ്ങിയ ശംഖനാദം കഴിഞ്ഞ പതിനാലു മാസങ്ങളിലെ പ്രവർത്തനങ്ങളിലും സൗന്ദര്യം നഷ്ടപ്പെടാതെ നിലനിർത്താൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

കോളനികളിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹരിക്കുവാൻ കഴിയുന്നവക്ക് ഉടൻ പരിഹാരം കാണുന്നതിനും വേണ്ടി എല്ലാ വാർഡുകളിലും 'നാട്ടുകൂട്ടം' സംഘടിപ്പിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുത്തു. ഇതിന്റെ ഉത്ഘാടനം 1995 നവംബർ 1 ന് മുള്ളൻകുഴി സഖ്യം കോളനിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. മേരി തോമസ് മാടോലിൽ നിർവ്വഹിച്ചു. ഇതിനോടനുബന്ധിച്ച് കേരളപിറവി ദിനാഘോഷം ജില്ലാ പഞ്ചായത്ത് മെമ്പർ ലീനാ ഫിലിപ്പ് ഉത്ഘാടനം ചെയ്തു.

ഗ്രാമീണ കലാ-കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപം നൽകിയിട്ടുള്ള കേരളോത്സവം പൊതുജനങ്ങളുടെ നിർലോഭമായ സഹായസഹകരണം കൊണ്ട് രണ്ട് തവണ നടത്തുവാൻ കഴിഞ്ഞു. തൃശൂരിൽ നടന്ന സംസ്ഥാന തല മത്സരങ്ങളിലും നമ്മുടെ യുവകലാകായിക താരങ്ങൾ പങ്കെടുത്തു.

എസ്. എസ്. എൽ. സി. പരീക്ഷയിൽ പഞ്ചായത്തിർത്തിയിൽ പെട്ട സ്കൂളുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കു കരസ്ഥമാക്കിയ വിദ്യാർത്ഥിക്കും, പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥിക്കും കാഷ് അവാർഡുകൾ സമ്മാനിച്ചു. ശ്രീ. ടി. എസ്. ജോൺ എം.എൽ. എ യാണ് അവാർഡുകൾ വിതരണം ചെയ്തത്.

സ്കൂൾ വർഷാരംഭത്തിൽ തന്നെ പഞ്ചായത്തിലെ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ യോഗം വിളിച്ചു ചേർത്തു. സ്കൂളുകളിലെ പ്രശ്നങ്ങളെക്കുറിച്ച് ചെയ്തു. ഉച്ചക്കഞ്ഞി വിതരണത്തിന് പഞ്ചായത്തിൽ നിന്നും ഒരു കുട്ടിക്ക് 10 പൈസ എന്നുള്ള ധനസഹായം 25 പൈസ ആയി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

പഞ്ചായത്തിലെ നിർദ്ധനരായ സ്കൂൾ കുട്ടികൾക്ക് 100 കുടകൾ വിതരണം ചെയ്തു.

അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡു നേടിയ ഈ പഞ്ചായത്ത് സ്വദേശിയും എഴുമറ്റൂർ Govt. H.S.S പ്രിൻസിപ്പാളുമായ ശ്രീ. T. K. നരേന്ദ്രൻ നായരെ പഞ്ചായത്തു കമ്മറ്റി അനുമോദിച്ചു. പഞ്ചായത്തിന്റെ ഉപഹാരം അദ്ദേഹത്തിനു സമർപ്പിച്ചു.

ജപ്പാൻ ജ്വരം എന്ന മാരക രോഗത്തിനെതിരെ ഒൻപതു വാർഡുകളിലും മല്ലപ്പള്ളി ജൂണിയർ ചേംബറിന്റെ സഹകരണത്തോടെ നടത്തിയ ഹോമിയോ പ്രതിരോധ ചികിത്സ പൂർണ്ണമായിരുന്നു.

പഞ്ചായത്തിലെ കുടിനീർക്ഷാമം രൂക്ഷമായപ്പോൾ പ്രസിഡന്റിനും പ്രവർത്തകർക്കും ടൗണിൽ നിരാഹാരം അനുഷ്ഠിക്കേണ്ടി വന്നു. കക്ഷി - രാഷ്ട്രീയ വ്യത്യാസമില്ലാതെ മുഴുവൻ ആളുകളും സമരത്തിനു പിന്നിൽ അണിനിരന്നതിനാൽ സമരം വിജയിപ്പിക്കുവാൻ കഴിഞ്ഞു.

ഫെബ്രുവരിയിൽ പഞ്ചായത്ത് ദിനം സമുചിതമായി ആചരിക്കുവാൻ കഴിഞ്ഞു. റോട്ടറി ഹാളിൽ നടന്ന ചടങ്ങിൽ ഡോ. വർഗീസ് ജോർജ് ക്ലാസ്സെടുത്തു.

1996 നവംബർ 1ന് കർഷകദിനം സമുചിതമായി ആചരിച്ചു. പ്രൊഫ. പി.ജെ. കുര്യൻ, എം.പി തെരഞ്ഞെടുത്ത കർഷകരെ പൊന്നാടയണിയിച്ച് ആദരിച്ചു. നവമ്പർ 1 ന് പുനരർപ്പണ ദിനത്തിൽ ജനകീയ പങ്കാളിത്തത്തോടെ 8-ാം വാർഡിൽ നെയ്തേലി പടിക്കൽ നിന്നും ഐക്കുന്നിലേക്ക് ഒരു പുതിയ റോഡു നിർമ്മിച്ചു. 3-ാം വാർഡിലും, 7-ാം വാർഡിലും ഓരോ റോഡുകളുടെ പുനരുദ്ധാരണ പണികൾ നടത്തി.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ചില നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനും ചിലത് പൂർത്തീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ളത് അനവധിയാണ്, സംശയമില്ല.

മല്ലപ്പള്ളി ബസ്സ്റ്റാൻഡിൽ ഒരു മൂത്രപ്പുര ഇല്ല എന്നുള്ളത് വളരെ നാളുകളായി ഒരു പോരായ്മയായിരുന്നു. 1.60 ലക്ഷം രൂപാ ചെലവിൽ ഒരു കംഫർട്ട് സ്റ്റേഷൻ പണി പൂർത്തിയാക്കി, നവംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചു. ബസ് സ്റ്റാൻഡിൽ പുതിയ ലൈറ്റുകൾ സ്ഥാപിച്ചു. 50,000 രൂപാ മുടക്കി മല്ലപ്പള്ളി മാർക്കറ്റിന്റെ വിപുലീകരണത്തിന് തുടക്കം കുറിച്ചു. മാർക്കറ്റ് വിപുലീകരണത്തിന് D. R . D.A യിൽ നിന്നും എം.എൽ. എ യുടെ ശ്രമഫലമായി 4 ലക്ഷം രൂപാ കൂടി അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ആഫീസ് കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ഗവൺമെന്റിൽ നിന്നും ഇക്കാര്യത്തിന് 3 ലക്ഷം രൂപാ അനുവദിച്ചു. മല്ലപ്പള്ളിയിൽ ഒരു ടൗൺ ഹാൾ നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണല്ലോ. വില്ലേജ് ആഫീസിനു സമീപത്തായി ടൗൺ ഹാളും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ശ്രീ. ടി. എസ്. ജോൺ എം.എൽ.എ ഇതിന് വേണ്ട നിർദ്ദേശവും നേതൃത്വവും നൽകി വരുന്നു. ഇതിന് പി.ജെ. കുര്യൻ എം.പി യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ബൃഹത്തായ ഈ പദ്ധതിക്ക് 75 ലക്ഷം രൂപാ കുറഞ്ഞത് വേണ്ടി വരും. പൊതുജനങ്ങളുടെ നിർലോഭമായ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. J R Y പദ്ധതിയിൽ ലഭിച്ച തുക കൊണ്ട് ജേക്കബ് റോഡിന്റെ ടാറിങ്ങ് ( 1 ലക്ഷം രൂപ) പണ്ടാലക്കൽ പടി പവ്വോത്തികുന്നേൽപടി ബണ്ട് - കം - റോഡ് (1 ലക്ഷം രൂ) ചേക്കേൽകടവ് നിർമ്മാണം (15,000 രൂ) കാവിൻ പുറം - ചേക്കേൽ കടവ് റോഡ് (25,000 രൂ) എന്നീ പണികൾ നടന്നു വരുന്നു. പ്രത്യേക ഗ്രാന്റായി ലഭിച്ച തുക കൊണ്ട് നെടുങ്ങാടപ്പള്ളി കോൺവെന്റ് - പുതുക്കുളം കോളനി റോഡ്, (60,000 രൂ)എക്കളത്തിൽ പടി - പാറത്തോട് (1.10 ലക്ഷം) എന്നീ റോഡുകളുടെ ടാറിങ്ങ് പണി ചെയ്തു. V.T.C ഗ്രാന്റുപയോഗിച്ച് പണിയുവാൻ തീരുമാനിച്ച ഞാറക്കോട്ടു പടി - ചേറ്റുതടം റോഡ് കോൺക്രീറ്റിംങ്ങ് (50,000 രൂ) കീഴ്വായ്പൂര് - കോലറകുന്ന് റോഡ് കോൺക്രീറ്റിങ്ങ് (50,000 രൂ) പരുത്തിപ്പാലം പാടത്ത് തോട് നിർമ്മാണം (50,000 രൂ) മുരണി -ശങ്കരവിലാസം റോഡ് (25000 രൂപ)എന്നിവയിൽ ചിലത് പണി ആരംഭിച്ചു കഴിഞ്ഞു. P.W.D ഗ്രാന്റായി ലഭിച്ച 1.24 ലക്ഷം രൂപാ ഉപയോഗിച്ച് നടമല - മാങ്ങാക്കുഴി റോഡ് ടാർ ചെയ്യുവാനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ഇതിനു പുറമെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് 1.65 ലക്ഷം രൂപാ കഴിഞ്ഞ ഒരു വർഷം ചെലവഴിച്ചിട്ടുണ്ട്. 1.80 ലക്ഷം രൂപായുടെ പുനരുദ്ധാരണ ജോലികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തിരുമാലിട ക്ഷേത്രം - മുരണി റോഡ്, വെളുത്തമോടയിൽപടി - മഞ്ഞത്താനം ലക്ഷം വീടു കോളനി എന്നീ റോഡുകൾക്ക് ഓരോ ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഞാറക്കോട്ടു പടി - വെട്ടോലി റോഡ് (3 ലക്ഷം) കരിപ്പേലി പടി - കരയ്ക്കൽ പടി(75,000 രൂപ) പരുത്തിപ്പാലം - ഹൈസ്കൂൾ ജംഗ്ഷൻ റോഡ് (1.50 ലക്ഷം) , കീഴ്വായ്പൂര് ഗവൺമെന്റ് ഹൈസ്കൂൾ റോഡ് (1 ലക്ഷം) എന്നീ റോഡുകളുടെ വികസനത്തിനും തുക അനുവദിച്ചിട്ടുണ്ട്. മണ്ണുംപുറത്തുള്ള ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രത്തിന് കെട്ടിടം പണിയുവാൻ M P ഫണ്ടിൽ നിന്നും 85,000 രൂപ അനുവദിച്ചിട്ടുണ്ട്. നടമല - നെല്ലിമൂട്, ഗവ: ആശുപത്രിപടി - മാരിക്കൽ, പാടിമൺ -മണ്ണുംപുറം - കരിമ്പിൻകുഴി - നാരകത്താനി, നെയ്തേലിപ്പടി - നാരകത്താനി എന്നീ 3 റോഡുകൾ PWD ഏറ്റെടുക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ചെയ്തു തീർക്കുവാനുള്ള ജോലികൾ അനവധിയാണ്. താലൂക്ക് ആസ്ഥാനമെന്ന നിലയിൽ സമസ്ത മേഖലയിലും സമഗ്രമായ വികസനം ആവശ്യമാണ്.

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾ പലതും പരിഹരിക്കുവാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ മുഴുവൻ പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞു എന്നു വരികയില്ല. എന്നാൽ വിവിധ മേഖലകളിൽ വന്നിച്ച മാറ്റങ്ങൾ വരുത്തി തീർക്കുവാൻ നമുക്കു കഴിയും.

നിരവധി പേരുടെ നിസ്വാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ വികസന രേഖ തയ്യാറാക്കുവാൻ നമുക്കു കഴിഞ്ഞത്. പഞ്ചായത്തിന്റെ സാമൂഹ്യ ചരിത്രം തയ്യാറാക്കുവാൻ വേണ്ടി പഴമക്കാരായ പലരെയും സമീപിച്ച് ചർച്ച നടത്തി. പൂർവ്വകാല സംഭവങ്ങൾ അറിയുന്നതിനുവേണ്ടി പല രേഖകളും പരിശോധിച്ചു. ഇതിൽ ചേർത്തിരിക്കുന്ന സ്ഥിതിവിവര കണക്കുകൾ സർക്കാരിന്റെ വിവിധ ആഫീസ് രേഖകൾ, പഞ്ചായത്ത് രേഖകൾ, ദ്വിതീയ വിവര ശേഖരണം തുടങ്ങിയവയിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്. തെറ്റുകൾ കടന്നു കൂടാതിരിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും സമയപരിമിധി മൂലം പാളിച്ചകൾ സംഭവിച്ചിട്ടുണ്ടാവാം.

മൂന്നാംഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി രൂപീകരണം നടക്കും. ഇതിനു വേണ്ടി വികസന സെമിനാറിൽ വെച്ചു തന്നെ വിവിധ കർമ്മ സമിതികൾ രൂപീകരിക്കുന്നതാണ്. ഒന്നും രണ്ടും ഘട്ടങ്ങൾ വിജയകരമായി നടത്തിയ പ്രവർത്തകർ തുടർന്നു നടക്കുന്ന എല്ലാ പരിപാടികളും വിജയിപ്പിക്കുവാൻ രംഗത്തിറങ്ങുമെന്ന കാര്യത്തിൽ സംശയമില്ല.

ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാവരോടും ഞങ്ങൾക്കുള്ള സ്നേഹാദരവുകൾ അറിയിക്കുന്നു. പരസ്പരസഹായത്തിന്റെയും സേവന സന്നദ്ധതയുടെയുമായ ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ പാത വെട്ടിത്തുറക്കുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. നാളിതു വരെയുള്ള ജനങ്ങളുടെ സഹകരണം മേലിലും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുകയാണ്.

എല്ലാവിധ സഹായസഹകരണങ്ങൾക്കും നന്ദി

വിശ്വസ്തതയോടെ
ഒപ്പ്
കുഞ്ഞു കോശി പോൾ
(പ്രസിഡന്റ്)

'ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതാവണം. എന്നാൽ മാത്രമേ അവയെ പുനരുദ്ധരിക്കാൻ പറ്റൂ. വൻതോതിലുള്ള വ്യവസായവത്കരണം പ്രത്യക്ഷമായോ പരോക്ഷമായോ ഗ്രാമീണരെ ചൂഷണം ചെയ്യുന്നതിന് വഴിതെളിക്കും. അതുകൊണ്ട് ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവണം. ഗ്രാമങ്ങളുടെ ആവശ്യത്തിനു വേണ്ട സാധനങ്ങൾ അവിടെതന്നെ നിർമ്മിക്കണം. അങ്ങനെയുള്ള ഗ്രാമീണ വ്യവസായങ്ങൾക്ക് വേണ്ട യന്ത്രങ്ങളും ഉപകരണങ്ങളും ഗ്രാമവാസികൾ ഉണ്ടാക്കുകയും ഉപയോഗിക്കുകയും വേണം. മറ്റുള്ളവരെ ചൂഷണം ചെയ്യുന്നതിന് ആവക സാധനങ്ങൾ പ്രയോജനപ്പെടുത്തരുത്.'

4215

KERALA INSTITUTE OF LOCAL ADMINISTRATION LIBRARY 0581

# അധികാരം ജനങ്ങളിലേക്ക്

# ഒന്നാം പദ്ധതി
# ജനകീയ പദ്ധതി

Printed at : Graphic Systems ,Mallappally ✆ 682260